KOTTAYAM PUBLIC LIBRARY

Call No MAD Acc. No 12588

Author കൃഷ്ണപിഷാരോടി, ആറ്റൂർ

Title ഉണ്ണുനീലി സന്ദേശം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

12588

# ഉണ്ണുനീലീസന്ദേശം

ഒരു പ്രാചീനപദ്യകൃതി

[പരിഷ്കരിച്ചപതിപ്പ്]

(അവതാരികയോടും വ്യാഖ്യാനത്തോടും
ടിപ്പണിയോടും കൂടിയതു്)

വ്യാഖ്യാതാ

**ആററൂർ കൃഷ്ണപ്പിഷാരോടി**

ടിപ്പണി

**ശ്രീ. ആർ നാരായണപണിക്കർ.**

ബി. വി. ബുക്ഡിപ്പോ & പ്രിൻറിങ് വർക്ക്സ്,
തിരുവനന്തപുരം—1.

1955.

1131] [വില 2 രു. 12 ണ.

B. V. BOOK DEPOT, TRIVANDRUM

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

ബി. വി. ബുക്കഡിപ്പോവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജ
നിർമ്മിതമാകുന്നു.

ഏഴാം പതിപ്പ് 1131

തിരുവനന്തപുരം
ബി. വി. പ്രിൻറിങ്ങ് വർക്ക്സിൽ അച്ചടിച്ചത്.

പകർപ്പവകാശം ബി. വി. ബുക്ക്ഡിപ്പോ ഉടമസ്ഥന്.

12588

ഒന്നാം പതിപ്പിൻെറ

# മുഖവുര

‘ഉണ്ണുനീലിസന്ദേശം’ എന്ന പ്രാചീനകൃതിയെ ഇതാ ഞങ്ങൾ പുസ്തകരൂപേണ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥത്തെ കേരളീയർ വേണ്ടപോലെ ആദരിക്കുമെന്നാണു് ഞങ്ങളുടെ ഉത്തമവിശ്വാസം. ഭാഷാസാഹിത്യലോകത്തിൽ ഇത്തരം കൃതികൾക്കു് ഒരു പ്രത്യേകസ്ഥാനമുണ്ടെന്നു് സഹൃദയന്മാർ സമ്മതിക്കുന്ന സംഗതിയാണു്.

മുൻപു് ‘രസികരഞ്ജിനി’ മാസികയിൽ ഖണ്ഡശഃപ്രസിദ്ധപ്പെടുത്തിയിരുന്ന ഈ കൃതിയെ ഒന്നായിച്ചേർത്തു് പുസ്തകരൂപേണ പ്രസിദ്ധീകരിക്കുന്നതിന്നു് അനുവാദംതന്ന മഹാമഹിമശ്രീ കൊച്ചി 9-ാംകൂറു് രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിനോടും, ഇതിൻെറ പ്രൂഫ് തിരുത്തി സഹായിച്ച ശ്രീമാൻ എ. ഗോപാലമേനോൻ എം. എ. ബി. കോം. അവർകളോടും, ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന സരസഗംഭീരമായ അവതാരികയും, വ്യാഖ്യാനവും എഴുതിത്തന്ന പണ്ഡിതശ്രേഷ്ഠൻ ആററൂർകൃഷ്ണപ്പിഷാരോടി അവർകളോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദിയെ ഈ സന്ദർഭത്തിൽ പ്രദർശിപ്പിച്ചുകൊള്ളുന്നു.

പ്രകാശകൻ.

# ഉണ്ണുനീലീസന്ദേശം

## പ്രസ്താവന.

1

അമൃതകരകരോടീസ്വർദ്ധുനീബദ്ധചൂഡം
തിരളൊളിതിരുനീറാമംഗരാഗാഭിരാമം
കരകലിതകപാലം മംഗളപ്പിംഗളാക്ഷം
മലമകൾമുലപൂണുംദൈവതംവെൽവുതാക്.

അമൃതകരൻ (ചന്ദ്രൻ) കരോടി (തലയോട്ട്) സ്വർദ്ധുനീ (ഗംഗ) ഇവയോട്ടുകൂടി ബദ്ധയായ (കെട്ടിയ) ചൂഡ=തലമുടി (ജടയെന്നു സാരം) യോട്ടുകൂടിയവനും തിരളുന്ന ഒളി (മിന്നുന്നപ്രകാശം) യുള്ള തിരുനീറായ (ഉത്തഭസ്മം) അംഗരാഗംകൊണ്ടു അഭിരാമനും കരത്തിൽ കലിതമായ (ധരിച്ച) കപാലത്തോട്ടുകൂടിയവനും മംഗളസ്വരൂപനും പിംഗളമായ (അഗ്നിജ്വാലയുടെ നിറമുള്ള) അക്ഷി (മൂന്നാം തൃക്കണ്ണെന്നു സാരം) യുള്ളവനുമായ, മലമകൾ മുലപൂണും ദൈവതം=പാർവ്വതീകുചങ്ങൾ പുൽകുന്ന ദേവൻ (ശിവൻ), വെൽവുത്=ജയിപ്പൂത്, ആക=ഭവിക്കട്ടെ, ജയിക്കട്ടെ എന്നർത്ഥം.

2

ശ്രീകണ്ഠസ്സ്വയമാനയായ് കരിണിയായ്
കാന്ത്യാമലക്കന്നിതാ—
നാബദ്ധപ്രണയേന ചേർന്നിരുവരും
തമ്മിൽക്കളിച്ചോരുനാൾ
ഉണ്ടാനോരുകരീന്ദ്രചാരുവദനം
വന്ദിച്ചു ഞാൻ കോലിനേൻ
മുണ്ടെക്കൽത്തകുമുണ്ണുനീലിവിഷയേ
സന്ദേശകർണ്ണാമൃതം.

ശ്രീകണ്ഠഃ=ശ്രീകണ്ഠൻ (ശിവൻ) സ്വയം=തന്നെത്താൻ (സ്വേച്ഛപ്രകാരം) ആനയായി മലക്കന്നി=മലമകൾ (പാർവ്വതി) താൻ

കാന്ത്യ=കാന്തിയോട്ടകൂടിയ, കരിണി (പിടിയാന) യായി, ഇരുവരും ആബദ്ധമായ (വർദ്ധിച്ച) പ്രണയത്തോടെ തമ്മിൽചേന്ന്, കളിച്ചോരുനാൾ=ക്രീഡിച്ച കാലത്തു്, ഉണ്ടാനോര=ഉണ്ടായൊരു, കരീന്ദ്രചാരുവദനം=കരീന്ദ്രൻെറ (ഗജശ്രേഷ്ഠൻെറ) വദനംപോലെ ചാരു (മനോഹരം) ആയ വദന (മുഖ) മുള്ളവനെ (ഗണപതിയെ എന്നു സാരം) വന്ദിച്ച്, മുണ്ടക്കൽ (മുണ്ടക്കൽ എന്ന പേരായ ഗൃഹത്തിൽ) തങ്കം=ചേരുന്ന (വസിക്കുന്ന എന്നത്ഥം) ഉണ്ണുനീലിവിഷയെ=ഉണ്ണുനീലിയാകുന്ന വിഷയത്തിൽ (ആ വിഷയം അടിസ്ഥാനമാക്കി എന്നത്ഥം) സന്ദേശകണ്ണാമൃതം=സന്ദേശകാവ്യത്തെ (കണ്ണാമൃതമെന്നതു് ഭാഷയായോ മണിപ്രവാളമായോ ഉള്ള കാവ്യത്തിന്നു മുൻകാലത്തുണ്ടായിരുന്ന പേരാണു്) ഞാൻ കോലിനേൻ=കയ്യൊള്ളുന്നു, നിമ്മിക്കുന്നു എന്നു സാരം.

3

ഇന്ദുക്ഷീരാഭിരാമാമടിതൊഴുതുഗിരാ-
　　ന്നായികാമായവണ്ണം
മന്ദപ്രജ്ഞോപിമാരജ്വരപരവശനായ്-
　　ക്കോലിഃനേൻ ഞാനിദാനീം
കണ്ടിക്കാർക്കൂന്തൽകാലിൽത്തടവിനമടവാർ
　　നായികാം വാഴ്ത്തുവാനായ്
മുണ്ടെക്കൽക്കെൻറുമാക്കം കരുതിനമറിമാൻ
　　കണ്ണിയാമുണ്ണുനീലീം.

ഇന്ദുക്ഷീരാഭിരാമാം=ചന്ദ്രനെപ്പോലെയും ക്ഷീരംപോലെയും അഭിരാമയായ [ധവളവണ്ണയായ എന്നു സാരം] ഗിരാംനായികാം=വാഗ്ദേവിയെ [സരസ്വതി] അടിതൊഴുതു ഞാൻ, മന്ദപ്രജ്ഞഃ അപി=അല്പജ്ഞനാണെങ്കിലും, മാരജ്വരപരവശനായ്=കാമപീഡയിൽ അകപ്പെട്ടവനായിട്ടു് (ഉണ്ണുനീലിയെപ്പുകഴ്ത്തികൊണ്ടു ഒരു സന്ദേശകാവ്യമുണ്ടാകണമെന്നു് അവളുടെ തോഴിയായ ഭാര്യ നിർബന്ധിക്കുന്നതു് അനുസരിക്കാതിരിപ്പാൻ കഴിയാത്തവനായിട്ടു്

എന്നു ഭാവം) കണ്ടിക്കാർകുന്തൽ = കരിഞ്ഞണ്ടിപോലെ കറുത്ത തലമുടി; കാലിൽ തടവിക്കൊണ്ടുള്ള മടവാർ നായികാം = ഉത്തമസ്ത്രീയായ, മുണ്ടക്കൽക്കെൻറമാക്കം കരുതിന മറിമാൻകണ്ണിയാമുണ്ണുനീലീം = മുണ്ടയ്ക്കൽ ഗൃഹത്തിലേയ്ക്കു് എന്നും ആക്കാം (അഭിവൃദ്ധിയെ) കരുതിയിട്ടുള്ള (ഏതൊരു സ്ത്രീ നിമിത്തം മുണ്ടയ്ക്കൽഗൃഹം എന്നും ഉത്കൃഷ്ടമായിക്കരുതപ്പെട്ടുന്നുവോ അവൾ എന്നർത്ഥം) മറിമാൻകണ്ണിയായ ഉണ്ണുനീലിയെ വാഴ്ത്തുവാനായി, ഇദാനീം = ഇപ്പോൾ, കോലിനേൻ = സ്വീകരിക്കുന്നു.

4

പൂമാതിൻ നയനാന്തഭൃംഗനളിനീ,
ഭൂമേസ്സുധാ ദീപികാ,
പൂണാരം മണികണ്ഠവെൺപലമഹീ-
പാലൈകചൂഡാമണേഃ,
പൂവമ്പൻ കുലദേവതാ, പുകൾ മികു-
മ്മുണ്ടയ്ക്കലൻപുറെറഴും
പൂമാലക്കുഴലുണ്ണുനീലി തിരുനാൾ
നീണാൾ വിളങ്ങീടുക.

പൂമാതിന്റെ (ലക്ഷ്മീദേവി) നയനാന്തം (കടക്കൺ) ആകുന്ന ഭൃംഗത്തിന്നു നളിനിയും താമരപ്പൊയ്ക ഭൂമിക്കു് (സുധാദീപികയും (അമൃതമയമായ ദീപം) മണികണ്ഠൻ എന്ന വെമ്പല മഹീപാലൈക ചൂഡാമണിക്കു് = വെമ്പലനാട്ടു രാജശ്രേഷ്ഠനു്, പൂണാരവും = പൂണുന്ന (ധരിക്കുന്ന) ആരവും (ഹാരവും) (വെണ്മനാട്ടുരാജാവിന്റെ രാജധാനിക്കടുത്തു് അങ്ങനെയൊരു സ്ത്രീരത്നമുള്ളതു് ആ രാജാവിനു പോലും ഉത്കർഷകാരണമാകയാൽ ഒരലങ്കാരമായിരിക്കുന്നുവെന്നു് അഭിപ്രായം) പൂവമ്പന്റെ കുലദേവതയും, പുകൾമികന്ന (വളരുന്ന) മുണ്ടയ്ക്കൽ അൻപുറവു് = സസന്തോഷം ചേർന്നു് എഴുന്ന പൂമാലക്കുഴലും = പൂമാല മുടിയിൽ ധരിച്ചവളും ആയ, ഉണ്ണുനീലിതിരുനാൾ = മാന്യയായ ഉണ്ണുനീലി, നീണാൾ = വളരെക്കാലം, വിളങ്ങീടുക = ശോഭിക്കട്ടെ.

5

വെള്ളിക്കുൻറിന്നഭീഷ്ടംവെളുവെളെ*വിളയി-
പ്പിക്കുമക്കീർത്തിപാർമേ-
ലല്ലിത്താർമാതിനെക്കൊണ്ടയിവിളിപണിചെ-
യ്യിക്കുമാസ്താംപ്രലാപഃ
ഇല്ലത്തിന്നുന്നതിന്തേ വിതരതു നിതരാ-
മാകയാലുണ്ണുനീലീ
ചൊല്ലിൻേറനെങ്കിൽ നീ കേട്ടരുളുക ദയിതേ!
സൂക്തിരത്നം മദീയം.

വെള്ളിക്കുൻറിന്ന്=കൈലാസത്തിന്ന്, അഭീഷ്ടം വെളുവെളെ =അധികമധികം വെളുപ്പോടേ, വിളയിക്കുന്ന ആ കീർത്തി(ഏതൊരു കീർത്തി വെള്ളിക്കുന്നിന്നുപോലും അധികം വെളുപ്പു നല്കുവാൻ തക്ക വെളുപ്പുള്ളതോ ഉണ്ണുനീലിയുടെ ആ കീർത്തി എന്നർത്ഥം) പാർമേൽ =ഭൂമിയിൽ, അല്ലിത്താർമാതിനെക്കൊണ്ട് (ശ്രീഭഗവതിയെ കൊണ്ട്) വിളിപണി=ഭൃത്യപ്രവൃത്തി ചെയ്യിക്കും (ഉണ്ണുനീലി എന്ന പേർ പറയുമ്പോഴയ്ക്കുതന്നെ അവിടെ ശ്രീ ഭഗവതി വിളയാടും എന്നു സാരം) പ്രലാപഃ ആസ്താം=അധികം പറയുന്നതു് ഇരിക്കട്ടെ (എന്തിന് അധികം പറയുന്നു എന്നർത്ഥം) ആകയാൽ ഉണ്ണുനീലി, തേ=നിൻെറ [കവി സൗഭാഗ്യയോടു പറയുന്നതാകയാൽ അവളുടെ എന്നു സാരം] ഇല്ലത്തിന്ന്=ഗൃഹത്തിന്ന്, ഉന്നതിം=അഭിവൃദ്ധിയെ വിതരതു = നൽകട്ടെ [ഉണ്ണുനീലി നിൻെറ ഗൃഹത്തിലേക്കു വേണ്ട അഭിവൃദ്ധി നല്കട്ടെ എന്നർത്ഥം. ഈ കാവ്യം അവൾക്കു കാഴ്ചവെയ്ക്കുമ്പോൾ അവൾ നിനക്കു ധാരാളം സമ്മാനംതരട്ടെ എന്നു സാരം] എങ്കിൽ ചൊല്ലുന്നേൻ=എന്നാൽ ഇനി പറഞ്ഞുതുടങ്ങാം. ഹേ ദയിതേ! മദീയം സൂക്തിരത്നം=എൻെറ നല്ല കവിത, നീ കേട്ടരുളുക = കേട്ടുകൊണ്ടാലും.

---

* വെളുവെള എന്നു പാഠാന്തരം രണ്ടും അർത്ഥമൊന്നുതന്നെ. നാടോടിഭാഷയാണു്.

# പൂർവസന്ദേശം

1

തണ്ടാർമാതാണ്ടഴകുപൊഴിയുമ്മിക്ക മുണ്ടയ്ക്കൽമേവും
വണ്ടാർകോലക്കുഴലികൾശിഖാമുണ്ണുനീലീമുദാരാം
കൊണ്ടാടിക്കൊണ്ടരുണമണിവാകൊണ്ടുകൊണ്ടാത്ത-
[രാഗം
പണ്ടേപ്പോലെപരമനുഭവം കോ പി കാമീ ജഗാമ.

തണ്ടാർമാതു് = ശ്രീഭഗവതി, ആണ്ടു് = വസിച്ചു്, അഴകുപൊഴിയും = അഴകുപൊഴിയുന്ന, മിക്ക = മികച്ച മുണ്ടയ്ക്കൽ മേവുന്ന, വണ്ടാർകോലക്കുഴലികൾ ശിഖയും=നല്ല വണ്ടുകളെപ്പോലെകറുത്ത ധാരാളമുള്ള തലമുടിയോടുകൂടിയവരിൽ [മനോഹരികളിൽ] ഉത്തമയും, ഉദാരയും (ഉത്കൃഷ്ട) ആയ ഉണ്ണുനീലിയെ, കൊണ്ടാടി കൊണ്ടു് = ലാളിച്ചുകൊണ്ടു്, അരുണമണിവാ = പവിഴംപോലെ തുടുത്ത അധരം, കൊണ്ടുകൊണ്ടു് = വീണ്ടും വീണ്ടും ആസ്വദിച്ചും കൊണ്ടു്, പണ്ടേപ്പോലെ=വളരെക്കാലമായി പതിവുള്ളതുപോലെ, പരം അനുഭവം=ശ്രേഷ്ഠമായ സുഖാനുഭവത്തെ, കോ പി കാമീ= ഭാഗ്യവാനായ ഒരു കാമി, ജഗാമ=പ്രാപിച്ചു.

2

വക്ഷോദേശേ സുരതകലഹവ്യാകുലാന്താം വഹന്തം
യക്ഷീ കാചിൽ പുനരമുമുറങ്ങിൻറനേരം നിനായ
ദക്ഷാചാലെച്ചതിയിൽ മദനോന്മാദിനീദക്ഷിണാശാം
രക്ഷോരാജന്നിളയസഹജാ ലക്ഷ്മണം രാക്ഷസീവ.

പുനഃ = പിന്നെ, സുരതകലഹവ്യാകുലാം = രതിക്രീഡാധിക്യത്താൽ പരവശയായ, താം=അവളെ (ഉണ്ണുനീലിയെ) വക്ഷോദേശേ = മാറിടത്തിൽ, വഹന്തം=വഹിക്കുന്ന (ഇതിനാൽ വിപരീത രതി

വ്യഞ്ജിക്കുന്നു) അമും=ഇവനെ (മുൻപറഞ്ഞ കാമിയെ, ഉറങ്ങിൻറ നേരം=ഉറങ്ങുന്ന സമയത്തു്, മദനോന്മാദിനീ=കാമാർത്തയും, ദക്ഷാ=സമർത്ഥയും ആയ, കാചിൽ യക്ഷീ=ഒരു യക്ഷി, ലക്ഷ്മണം = ലക്ഷ്മണനെ, രക്ഷോരാജന്നു്=രാവണനു്, ഇളയ സഹജാ=ഇളയസഹോദരിയായ, രാക്ഷസീ ഇവ=രാക്ഷസി (ശൂർപ്പണഖ) എന്നപോലെ, ചതിയിൽ, ദക്ഷിണാശാം=തെക്കോട്ടു്, ചാലെ നിനായ=ചാലവേ കൊണ്ടുപോയി.

3

സ്യാനന്ദൂരേ ബ്ത പുരവരേ ചെൻറനേരത്തുണർന്നാ-
നാനന്ദത്തോടിഹ വിരഹിതോ വേറിരുന്നുണ്ണുനീലീം
ശോകോന്മാദാ മനസി കനമുണ്ടാകിലും മന്ത്രശക്ത്യാ
മുക്തോ ദൈവാൽ പുനരവളുടേ കയ്യിൽനിന്നേഷകാമീ.

സ്യാനന്ദൂരപുരവരേ=സ്യാനന്ദൂരം (തിരുവനന്തപുരം) എന്ന ഉത്തമനഗരത്തിൽ ചെന്നനേരത്തു്, ഉണ്ണുനീലീം=ഉണ്ണുനീലിയോടു്, വേറിരുന്നു് വേർപിരിഞ്ഞതിനാൽ, ഇഹ = ഈ ലോകത്തിലെ, ആനന്ദത്തോടു്, വിരഹിതഃ=വേർപിരിഞ്ഞവനായിട്ടു, ഉണർന്നാൻ. ബത = കഷ്ടം! ശോകോന്മാദം = ശോകംനിമിത്തമുള്ള പരിഭ്രമം, മനസി = മനസ്സിൽ, കനം = അധികമായി, ഉണ്ടാകിലും, ഏഷഃ കാമീ=ഈ കാമി, മന്ത്രശക്ത്യാ=മന്ത്രശക്തിയാൽ, അവളുടെ കയ്യിൽ നിന്നു്, ദൈവാൽ=ഭാഗ്യംനിമിത്തം, പുനഃ=പിന്നെ, മുക്തഃ=മുക്തനായി (വിട്ടുപോകുന്നു).

4

അല്ലിത്താർമാതണയെ മരുവും പത്മനാഭന്റെപാദേ
മെല്ലത്താണങ്ങവനവനിയിൽപ്പയ്യവേ ചെന്റിരുന്നാൻ
അല്ലൽപ്പെട്ടാൻ പ്രിയസഹചരീം വേറിരുന്നേററമേറ്റാൻ
മുല്ലപ്പൂവിൻപരിമളമെഴും തെൻറൽ തിണ്ണെന്റുപോലെ.

അല്ലിത്താർമാതു്=ലക്ഷ്മീദേവി, അന്നയെ=സമീപത്തിൽ മരുവുന്ന, പദ്മനാഭന്നു്=തിരുവനന്തപുരം ക്ഷേത്രത്തിലെ പദ്മനാഭ

മൂൎത്തിക്കു്, ഉപാന്തേ=സമീപപ്രദേശത്തായി, അവൻ മെല്ലെത്താണു് അങ്ങവനിയിൽ=ആ അവനിയിൽ (ഭൂമിയിൽ), പശ്ശ്വവേ=പതുക്കെ ചെന്നിരുന്നാൻ. പ്രിയസഹചരീം = പ്രിയയായ പത്നിയെ, വേറിരുന്നു്=വേൎപിരിഞ്ഞിരുന്നതിനാൽ, ഏററം അല്ലൽപെട്ടാൻ=പരിതപിച്ചു. മുല്ലപ്പൂവിന്റെ പരിമളത്തോടുകൂടിയ തെന്റൽ=ഇളങ്കാറു്, തിയ്യെന്റപോലെ=തീയെന്നപോലെ ഇളങ്കാററു വീശിയപ്പോൾ, ഏറാൻ=ഏറു. തീയേററാലെന്നപോലെ ദുഃഖം അനുഭവിച്ചു.

5

അമ്മേ! ദേശംപുനരിവിടമേതേതുനാടെന്റുമെല്ലാം
ദിങ്മോഹാൎത്തം പുനരവനുടേ ചിത്തമുന്മൂലയന്ത്യാഃ*
നന്മയ്ക്കായ്നീ നിഖിലജഗതാം പത്മനാഭാ! മുരാരേ!
ചിമ്മീടാതേ തിരുനയനമെന്റുദ്ഗതാ വന്ദിവാചഃ.

'അമ്മേ' എന്നതു് അയ്യോ, അഹോ എന്നിവയെപ്പോലെ ഒരു വ്യാക്ഷേപകം. ദേശം പുനഃ=സ്ഥലമാകട്ടെ, ഇവിടം ഏതു്? നാടു ഏതു്? എന്നുമെല്ലാം=എന്നും മററുമെല്ലാം, ദിങ്മോഹാൎത്തം= ദിഗ്ഭ്രമംകൊണ്ടു പരവശമായ അവനുടെ, ചിത്തം=മനസ്സിനെ, ഉൻമൂലയന്ത്യാഃ=ഉൻമൂലനം ചെയ്യുന്നവയായിട്ടു് (ദിങ്മോഹത്തെ തീൎത്തുകൊണ്ടു് എന്നു ഭാവം) "ഹേ പത്മനാഭ! മുരാരേ! നീ നിഖിലജഗതാം=എല്ലാ ലോകങ്ങളുടേയും നന്മയ്ക്കായി. തിരുനയനം ചിമ്മീടാതെ=ചിമ്മാതിരുന്നാലും" എന്നു്, വന്ദിവാചഃ = വന്ദികളുടെ (സ്തുതിപാഠകന്മാരുടെ) പ്രഭാതത്തിൽ (പള്ളിയുണൎത്തുന്നവരുടെ എന്നു സാരം) വാക്കുകൾ, ഉദ്ഗതാ=ഉദ്ഗതകളായി (പുറപ്പെട്ടു).

6

കാളുംപോലേ കുസുമധനുഷോ ഹന്ത പൂങ്കോഴി ക്രൂകീ
ചോളുംപോലേ ചിതറി വിളറീതാരകാണാം നികായം

* ഉന്മൂലയന്ത്യഃ എന്നു പാഠാന്തരം.

താളംപോല പുലരിവനിതയ്ക്കാഗതൌ ചന്ദ്രസൂര്യൌ
നാളംപോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ.

വന്ദികളുടെ സ്തുതിപ്രകാരത്തെത്തന്നെ ചുരുക്കത്തിൽ കാണിക്കുന്നതാണ് 6-ം 7-ം ശ്ലോകങ്ങൾ. കുസുമധന്വഷഃ = പുഷ്പചാപൻെറ (കാമൻ) കാളം=കാഹളംപോലെ, പൂങ്കോഴി = പൂവൻകോഴി, ക്രൂകീ ഹന്ത=ആശ്ചര്യം, താരകാണാം നികായഃ=നക്ഷത്രങ്ങളുടെ സമൂഹം, ചോളംപോലെ=ചോളപ്പൊരിപോലെ, ചിതറി, വിളറീ = വിളർപ്പുനിറത്തോടുകൂടിയതായിത്തീൎന്നു. ചന്ദ്രസൂര്യൌ= ചന്ദ്രസൂര്യന്മാർ, പുലരിവനിതയ്ക്ക്=പ്രഭാതദേവതയാകുന്നസ്ത്രീക്കുള്ള, താളംപോലെ = കുഴിത്താളങ്ങളോ എന്നു തോന്നുന്നവിധത്തിൽ, ആഗതൌ=ആഗതന്മാരായി (ആയിത്തീൎന്നു) (കറുത്ത പഞ്ചമിദിവസത്തിലെ പ്രഭാതത്തെയാണു വൎണ്ണിക്കുന്നതെന്നു 35-ാം ശ്ലോകത്താൽ സ്പഷ്ടമാകും. അതിനാൽ ചന്ദ്രൻ കുറെ ഉയൎന്നും സൂര്യൻ താഴ്ന്നും ഇരിക്കുന്നുഎന്ന സംഗതിയും താളോത്പ്രേക്ഷാസ്വാരസ്യവും ഗ്രഹിച്ചുകൊൾക) ഭൃംഗരാജിഃ = വണ്ടിൻകൂട്ടം, നാളംപോലെ=ദീപജ്വാലയ്ക്കുമുകളിലേ കാണുന്ന ധൂമംപോലെ, നളിനകഹരാത്=താമരപ്പൂവിൻെറ അകത്തുനിന്ന്, ഉദ്ഗതാ=മേല്പോട്ടു വന്നുതുടങ്ങി.

7

നീലക്കുൻറിൻമണിമകുടവദ്ദൃശ്യതേ ഭാനുബിംബം
ചാലെത്താണു കടലിലണിവെണ്ടിങ്കൾ നാലൊൻറു-
[പോരാ
കാലത്തെയ്ക്കുംവെയിലെറുകയിൽപ്പെട്ടപാടിൻറതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുററമ്പുമെൻതമ്പിരാനേ.

നീലക്കുന്നിൻെറ = നീലവൎണ്ണമായിക്കാണുന്ന ഉദയാചലത്തിൻെറ, മണിമകുടവൽ = രത്നകിരീടംപോലെ, ഭാനുബിംബഃ= സൂര്യബിംബം, ദൃശ്യതേ = കാണപ്പെടുന്നു. അണിവെണ്ടിങ്കൾ=ഭംഗിയുള്ള ചന്ദ്രൻ കടലിൽ, ചാലെ = നന്നായി, നാലൊന്നു = നാലിലൊരു ഭാഗം താണു. പോരാ=നാലിലൊരു ഭാഗമല്ല അതിലധികവും താണു എന്നൎത്ഥം. അല്ലെങ്കിൽ, അണിവെണ്ടിങ്കൾ കടലിൽ

ചാലെത്താനു. നാലൊന്നുഃപോരാ=ചന്ദ്രനു നാലിലൊരംശം കുറവാണു് എന്നൎത്ഥം. കൃഷ്ണപക്ഷമിച്ചന്ദ്രനാകയാൽ നാലിലൊരംശം കുറവായിരിക്കുന്നു എന്നു താത്പൎയ്യം. നാലൊന്നു പോരാത്ത ചന്ദ്രൻ പതുക്കെ കടലിലേയ്ക്കു താണുതുടങ്ങി എന്നു വന്നുകൂടുന്നു സാരം. കാലത്തു് എയ്യും = ഏൽക്കുന്ന വെയിൽ, എറകയിൽ=നെറുകയിൽ, വെട്ടംകൊണ്ടു പാടുന്നതും, വേലപ്പെണ്ണിൻെറ=കടൽക്കന്യയുടെ, മുലയിൽ, ഇതം ഉറ്റ് = ഹിതത്തോടേ, അമ്പും = വസിക്കുന്നു, എൻ തമ്പിരാനേ കേൾ=അവിട്ടുന്നു കേൾക്കണേ.

8

എൻെറല്ലാംകേട്ടവനൊരുനറുങ്ങാശംസിക്കിൻെറനേരം
കൻെറിച്ചെങ്ങും കുയിൽനിനദവും കൂവുമക്കാവുതോറും
ഒൻെറിച്ചുച്ചൈരയുഗശരനോടാൎത്തുവണ്ടിൻനിനാദൈ-
രെൻെറല്ലഃപ്പോഴൊരുപട്ടുകുലക്കാരിവന്നാൻ വസന്തം.*

എൻെറല്ലാം=എന്നെല്ലാം കേട്ടു് അവൻ ഒരു നറുങ്ങ്=അല്പം മാത്രം, ആശംസിക്കുന്നനേരം, കുന്നിച്ചു്=ഉച്ചത്തിൽ, എങ്ങും കുയിൽനിനദവും=കുയിലിൻെറ ശബ്ദവും, കൂവും=നീണ്ടു മുഴങ്ങിക്കൊണ്ടിരിക്കുന്ന, ആ കാവുതോറും=ഉദ്യാനംതോറും, അയുഗശരൻ=കാമൻ, വണ്ടിൻനിനാദൈഃ=വണ്ടുകളുടെ നാദങ്ങളെക്കൊണ്ടു്, ഉച്ചൈഃ=ഉറക്കെ, ഒന്നിച്ചു്=ഒന്നായി (ഇടവിടാതെ എന്നൎത്ഥം), ഒട്ട്=കുറെ, ആൎത്തു (വണ്ടുകളുടെ ശബ്ദത്തെ കാമൻെറ ആൎപ്പുവിളിയായി കല്പിച്ചിരിക്കുന്നു). എന്നല്ല=എന്നുതന്നെയല്ല, അപ്പോൾ ഒരു പട്ടു കൊലക്കാരി=കഠിനമായി കൊലചെയ്യുന്നവനായ, വസന്തം=വസന്തവും വന്നാൻ.

9

തേന്മാവിന്മേൽപ്പുരട്ടുതകുലംഭൃംഗമാലാ പലാശേ
മാരംകൂരമ്പുളചുഴലവും ചെമ്പകക്കാവുതോറും

* വസന്തൻ എന്നു പാഠാന്തരം.

തെൻറൽകൻറുണ്ടിനിയബകുളേ കിംശുകേ കിംശുകാളീ
നാളീകത്താർനളിനിയിലവന്നെങ്ങുനോക്കാവൂതന്നു്

തേന്മാവിന്മേൽ പരഭൃതകുലം=കുയിൽക്കൂട്ടം, പലാശേ=പിലാശിന്മേൽ, ഭൃംഗമാലാ=വണ്ടിൻകൂട്ടം, ചെമ്പകക്കാവുതോറും ചുഴലവും=ചുററും, മാരൻകുരമ്പു്=കാമൻെറ കുരമ്പുകളായ മൊട്ടുകൾ, ഉള=ഉണ്ടു്, ഇനിയ = നല്ല, ബകുളേ=അശോകത്തിൽ അല്ലെങ്കിൽ ഇലഞ്ഞിയിൽ, തെന്നൽക്കുന്നു്=ഇളങ്കാററു ഉണ്ടു്, കിംശുകേ കിം= കിംശുകത്തിലോ (മുരുക്കു്), ശുകാളീ = കിളിക്കൂട്ടം, നളിനിയിൽ = താമരപ്പൊയ്കയിൽ, നാളീകത്താർ=താമരപ്പൂവു്, ഇങ്ങനെയല്ലാമിരുന്നതുകൊണ്ടു്, അന്നു്, അവനു് = ആ കാമിക്കു് എങ്ങു നോക്കാവൂതു്=നോക്കാൻ കഴിയും? ഒരേടത്തെയ്യും സമാധാനത്തോടെ നോക്കാൻ കഴിഞ്ഞില്ല.

10

കോകശ്രേണീവിരഹനിഹിതംതീനുറങ്ങെന്റെപോലേ
തുകിത്തുകിത്തുഹിനകണികാംതൂന്നപൂങ്കാവിലൂടേ
സ്തോകോന്മീലന്നളിനതെളിതേൻകാളക്രൂടാംബുകോരി-
ത്തേകിത്തോകപ്പവനനവനെച്ചെൻറുകൊൻറാൻ
[തദാനീം.

കോകശ്രേണീവിരഹനിഹിതം=ചക്രവാകക്കൂട്ടത്തിനുണ്ടായ വിരഹത്താൽ വളർന്നിട്ടുള്ള, തീനുറങ്ങു്=അഗ്നികണങ്ങളെ എന്നപോലെ, തുഹിന കണികാം=മഞ്ഞിൻതുള്ളി, തുകിത്തുകി=വീണ്ടും വീണ്ടും തൂകിക്കൊണ്ടു്, തൂന്ന = പരിപൂർണ്ണമായ പൂങ്കാവിലൂടേ ചെന്നു്, സ്തോകോന്മീലന്നളിനതെളിതേൻ കാളക്രൂടാംബു = അല്പം ഉന്മീലത്തായ (വിരിഞ്ഞ) നളിനത്തിൻെറ തെളിതേൻ (ശുദ്ധമധു) ആകുന്ന കാളക്രൂടവിഷജലം കോരി തേകീട്ടു്, തോകപ്പവനൻ=മന്ദമാരുതൻ അവനെ തദാനീം = ആ അവസരത്തിൽ, കൊന്നാൻ = കൊന്നമട്ടാക്കി.

11

സ്വസ്ഥാദ്ദേശാദിഷു ചലദൃശാംമാരണേവൈരിപുംസാം
ചിത്തോന്മേഷാദിഷു ചവിദുഷാംപാക്കിൽനല്ലോരുമന്ത്രം
തൃപ്പാപ്പൂർമൂപ്പഴകുപൊഴിയുംവീരനാതിച്ചവർമ്മൻ
മുൽപ്പാട്ടുണ്ടാംവിരുതുസഹസാതസ്യമൃത്യുഞ്ജയോഭൂൽ.

പാക്കിൽ=കണ്ടാൽ അല്ലെങ്കിൽ ഓത്താൽ, ചലദൃശാം=കാമിനികൾക്കു്, സ്വസ്ഥാദേശാദിഷു=കാമദേശം (കാമകലപനയുക്ക കീഴടങ്ങൽ എന്നു സാരം) മുതലായതിലും, വൈരിപുംസാം=ശത്രുപുരുഷന്മാൎക്കു്, മാരണേ = മാരണത്തിലും (നാശനം), വിദുഷാം=വിദ്വാന്മാൎക്കു്, ചിത്തോന്മേഷാദിഷു=മനസ്സിന്നുള്ള ഉന്മേഷംതുടങ്ങിയതിലും നല്ലൊരു മന്ത്രവും (മന്ത്രംപോലെ ശക്തിയുള്ള കാരണമായവൻ എന്നു സാരം) തൃപ്പാപ്പൂർ മൂപ്പും അഴകുപൊഴിയുന്ന വീരനും ആയ ആതിച്ചവർമ്മൻ=ആദിത്യവർമ്മരാജാവു്, മുൽപ്പാട്ടു് = മുൻഭാഗത്തു്, ഉണ്ടാം=ഉണ്ടായ (വന്നുചേൎന്ന), വിരുതു്=മിടുക്കു് (ആപത്തൊഴിപ്പാൻ വേണ്ട സാമൎത്ഥ്യമെന്നൎത്ഥം) സഹസാ=വേഗത്തിൽ, തസ്യ= അവന്നു്, മൃത്യുഞ്ജയഃ=മരണത്തെജ്ജയിക്കുന്നതായി, അഭൂൽ=ഭവിച്ചു.

12

കണ്ടാൻകണ്ടിപ്പൂരികുഴലിമാർമാരനെപ്പിന്നെ മൂന്നം
കൊണ്ടാടാവാച്ചിലഗുണഗണംചേൎന്നപുണ്യാംബുരാശിം
തണ്ടാർമാതുംകവിവനിതയും തണ്ടിയൻറൻറുപുൽകും
ചണ്ടാർവെൻറിക്കൊടിയെവെടിയിൻേറാക്കുകല്പാന്ത
[വഹ്നിം.

പിന്നെ മൂന്നം=മൂന്നാമതായി, കണ്ടിപ്പൂരി കുഴലിമാൎക്കു മാരനും കൊണ്ടാടാൻ (പുകഴ്ത്താൻ) ആവാത്ത (സാധിക്കാത്ത) ചില ഗുണഗണംചേൎന്ന പുണ്യാംബുരാശിയും തണ്ടാർമാതും (ലക്ഷ്മീദേവി= ഐശ്വൎയ്യം) കവിവനിതയും (സരസ്വതീദേവി=വിദ്യ) തണ്ടി=തേടി വന്നു്, അന്നന്നു പുൽകും = നിത്യവും ആശ്രയിക്കുന്ന, ചണ്ടാർ

വെൻറിക്കൊടിയും = ചാണ്ടാർക്കു് (ശത്രുക്കൾക്കു്) വെന്നിക്കൊടി (ജയധ്വജം) ആയവനും വെടിയുന്നവൎക്കു (വേർപിരിയുന്നവൎക്കു്) കല്പാന്തവഹ്നിയും (കല്പാന്തവഹ്നിപോലെ സന്താപകാരിഎന്നൎത്ഥം) ആയ ആ ആദിത്യവൎമ്മനെ കണ്ടാൻ=അവൻ കണ്ടു. ആദിത്യവൎമ്മനെ എന്നതു ചേൎക്കുക.

13

നീൎത്താനിന്ദൂപലമിവതെളിഞ്ഞാമ്പൽപോലേ-
[ചിരിച്ചാ
നാൎത്താൻവണ്ടിൻകുലമിവവളൎന്നാൻപയോരാശി-
[പോലേ
പീത്വാരൂപാമൃതമിളകിനാനേഷചെപ്പ്രോത്തു*പോലെ
ക്രുഷ്ഠാൻകാമീമദനനിവഃപാന്നാഗതേ വീരചന്ദ്രേ.

വീരചന്ദ്രേ=വീരനാകുന്ന ചന്ദ്രൻ (വീരൻ എന്ന പദം മുൻകാലങ്ങളിൽ ഇളമുറ വാഴുന്ന രാജാവിന്നുള്ള സ്ഥാനപ്പേരായിട്ടു കേരളത്തിൽ പറഞ്ഞുവരുന്നതിനാൽ ഇളയരാജാവാകുന്ന ചന്ദ്രൻ എന്നു വാച്യാൎത്ഥം. ആദിത്യവൎമ്മരാജാവു് എന്നു സാരം) പോന്നു് ആഗതേ=പോന്നുവന്നപ്പോൾ, ഏഷഃ കാമീ=ഈ കാമി, ഇന്ദൂപലം ഇവ=ചന്ദ്രകാന്തംപോലെ നീൎത്താൻ = അലിഞ്ഞുതുടങ്ങി. തെളിഞ്ഞു് ആമ്പൽപോലെ ചിരിച്ചാൻ. വണ്ടിൻകുലം ഇവ= വണ്ടിൻക്കൂട്ടംപോലെ ആൎത്താൻ. പയോരാശിപോലെ വളൎന്നാൻ. രൂപാമൃതം=രൂപാമൃതത്തെ (ആദിത്യവൎമ്മരാജാവിൻെറ ആകൃതിയാകുന്ന അമൃതത്തെ), പീത്വാ=പാനംചെയ്തിട്ടു് (വീണ്ടും വീണ്ടും നോക്കീട്ടു് എന്നും ആസ്വദിച്ചിട്ടു് എന്നും അൎത്ഥം), ചെർപ്പ്രോത്തുപോലെ=ചെമ്പോത്തു (ചകോരം) പോലെ, ഇളകിനാൻ. മദനൻ ഇവ=കാമൻ എന്നപോലെ, ക്രുഷ്ഠാൻ=കൂത്താടി.

14

താന്താനേവന്നയമുപഗതോദൈവയോഗാദിദാനീം
കാന്താചാന്താർമുലയിണപിരിഞ്ഞുള്ളതാപംവിഹന്തും.

* ചെപ്പത്തുപോല പാഠാന്തരം.

ഞാന്താനെൻറങ്ങവനുടനണഞ്ഞെത്തിനാനാത്തരാഗം
ചെന്താർമാതിൻകുലനിലയമാം വീരവേണടർകോന്നേ.

കാന്താ ചാന്താർ മുലയിണ = കാന്തയുടെ ചാന്ത് ആരുന്ന (ഉള്ള) മുലയിണ പിരിഞ്ഞിട്ടുള്ള താപം വിഹന്തും=തീർപ്പാനായി, ദൈവയോഗാൽ = ഭാഗ്യയോഗം നിമിത്തം, അയം = ഇദ്ദേഹം, ഇദാനീം =ഇപ്പോൾ, താന്താനേ=തന്നെത്താൻ വന്ന്, ഉപഗതഃ= പ്രാപ്തനായി (എത്തി) എന്നു വിചാരിച്ച് എന്നു ചേക്കണം. അവൻ ഞാൻ താൻ എന്ന്=ഞാൻതന്നെ എന്നു പറഞ്ഞുംകൊണ്ട് ഉടൻ ആത്തരാഗം=മമതയോടുകൂടി, ചെന്താർമാതിൻെറ(ശ്രീയുടെ), കുലനിലയം (സ്ഥിരവാസസ്ഥാനം) ആയ വീരവേണാടർകോനെ= ഇളയ വേണാട്ടു രാജാവിനെ അണഞ്ഞു എത്തിനാൻ. അദ്ദേഹത്തിൻെറ അടുത്തുചെന്നു എന്നു സാരം.

15

ആകല്പം വാണരുളുപകയക്കന്തകാഹന്തഭൂമി-
ക്കാകല്പം നീമുഴവർ*മണിയേ വാണിയും പൂവിൽമാതും
വീകിച്ചേവന്നഴകൊടു**പുണന്നീടുമാതിച്ചവർമ്മാ
മേഘത്തോട്ടംകൊടയിലിടയിൻറാരുകല്യാണസിന്ധോ.

പകയക്ക് = ശത്രുക്കൾക്ക് അന്തകനായവനേ! ആകല്പം= പ്രളയംവരെ വാണരുളുക. മുഴവർമണിയേ=ഗുണങ്ങൾ തികഞ്ഞവരിൽ രത്നമായവനേ, നീ ഭൂമിക്ക് ആകല്പം=ഭൂഷണംതന്നെ. ഹന്ത = ആശ്ചര്യം, വാണിയും പൂവിൽമാതും (ലക്ഷ്മീദേവി) വീകിച്ചേ=മേലേമേലെയായിത്തന്നെ വന്ന്, അഴകൊടു പുണന്നീടുന്ന ആദിത്യവർമ്മാ, കൊടയിൽ=ദാനത്തിൽ, മേഘത്തോട്ടം=മേഘത്തോടുപോലും, ഇടയുന്നോരു=മത്സരിക്കുന്നൊരു (മേഘം വർഷിക്കുന്നതിനെക്കാളധികം ധനം വർഷിക്കുന്നു എന്നർത്ഥം) കല്യാണസിന്ധോ = മംഗളങ്ങൾക്കിരിപ്പിടമായവനേ. രണ്ടു സംബോധനകളും 'നീ ആകല്പം വാണരുള്' എന്നതിനോടു തന്നെ യോജിപ്പിക്കുക.

---

* മുഴവർ പാഠം ** ആഗ്രഹത്തോടേ

16

എണ്ണിക്കൊള്ളാമ്പടയിലെഴനള്ളത്തുകൊല്ലത്തുനിന്റോ
കണ്ണിൽക്കൂടാതടയരുടൽക്കൂറാളിതോവാളനിന്റോ
വണ്ണിച്ചേററംഭുജഗശയനംകണ്ടുകൈക്കൂപ്പുവാനേ
പുണ്യത്തിന്റെപെരുമനവരംനിൻവരത്തെന്റമന്യേ.

കണ്ണിൽ=ദൃഷ്ടിയിൽ, കൂടാത=ഒതുങ്ങാത്ത, അടയരുടെ=ശത്രുക്കളുടെ, ഉടലിന് കൂറാളി=കൂറിടുന്നവനെ (മുറിച്ചു പങ്കിടുന്നവനേ) കീഴിൽ ഒതുങ്ങാത്ത ശത്രുക്കളെ വെട്ടിമുറിക്കുന്നവനേ എന്നു സാരം. പദം സംബോധനാന്തം. പടയിലെഴുന്നള്ളത്ത് = പടയാളി വേഷം ധരിച്ചുകൊണ്ടുള്ള എഴുന്നെള്ളത്ത്, അല്ലെങ്കിൽ സൈന്യത്തോടുകൂടിയ എഴുന്നെള്ളത്ത്. കൊല്ലത്തുനിന്നോ തോവാളനിന്നോ (എന്നു് എന്നു ചേർക്കുക), എണ്ണിക്കൊള്ളാം = ഞാൻ കരുതിക്കൊള്ളാം. കൊള്ളാം എന്നു സംഭാവനാത്ഥത്തിലുള്ള ക്രിയാപദം. കൊല്ലത്തു നിന്നോ തോവാളനിന്നോ ഉള്ള പടയിലെഴുന്നെള്ളത്തായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു എന്നത്ഥം. ഭുജഗശയനം=അനന്തശയനമൂർത്തിയേ കണ്ടു്, ഏററം വണ്ണിച്ച്=സ്തുതിച്ച്, കയ്ക്കൂപ്പുവാനേ=കയ്ക്കൂപ്പുവാൻ തന്നെയാണു്, പുണ്യത്തിന്റെ പെരുമ=വലിപ്പം (എന്റെ സുകൃത്തിന്റെ വലിപ്പമെന്നു ഭാവം) ന വരം=തീച്ചയായും, നിൻവരത്ത്=നിൻവരവു (ഇവിടേയ്ക്കുള്ള നിൻവരവ് എന്നു താല്പര്യം), എന്നുമന്യേ=ഞാൻ കരുതുന്നു. ഇതും സംഭാവനാത്ഥത്തിലുള്ള ക്രിയതന്നെ.

17

ആറല്ലോചൊല്ലുമരസരണൌ സംസ്കൃതപ്രാകൃതാനാം
മാറില്ലല്ലോപുനരതിൽനിനക്കിൻറമംഗല്യകീർത്തേ
ആറല്ലോമൂൻറവനിവിഷയേ ചേൻറ ഭാഷാവിശേഷം
വേറല്ല നീ പറകിലവയിററിങ്കലും വീരമെൌലേ.

അമരസാരണൈ = ദേവമാഗ്ഗത്തിൽ (ദേവഭാഷയെപ്പററിയേടത്തോളമെന്നത്ഥം), സംസ്കൃതപ്രാകൃതാനാം = സംസ്കൃതപ്രാകൃതങ്ങളുടെ ചൊല്ല് (സംസ്കൃതവും മാഗധി, പൈശാചി, ശൌരസേനി മുതലായ പ്രാകൃതങ്ങളുമായ ഭാഷകൾ എന്നത്ഥം) ആറല്ലോ= ആറുവിധം അല്ലോ. ഹേ മംഗല്യകീത്തേ അതിൽ നിനക്കു്, പുനഃ= ആകട്ടെ, ഇന്നു് മാറു് = എതിരു് (തുല്യൻ) ഇല്ലല്ലോ, അവനിവിഷയേ = ഭൂമിയിൽ, ചേന്ന = ഉണ്ടായതായി, ഭാഷാവിശേഷം = ഭാഷകളുടെ വകഭേദം, മൂന്നു് ആറു് = പതിനെട്ടു് അല്ലോ. ഹേ വീരമൌലേ! നീ അവയിററിങ്കലും അവയിലും, വേർ = പിരിഞ്ഞവൻ (ഇണക്കമില്ലാത്തവൻ) അല്ലേ = അല്ലതന്നെ.

18

രാജ്യാനാമങ്ങിനിയപതിനെട്ടിന്നുമിൻറായുധാനാം
വിദ്യാനാഞ്ചതാമപിപെരുമാൾവീരസംഗ്രാമധീര
നാലിന്നുമ്മററുവതിനുമിൻറക്കലാകൌശലാനാം
ഗ്രാമാണാഞ്ചശ്രീയമനുദിനം വാഴ്ത്തൂവോരാപ്തബന്ധോ.

രാജ്യാനാം = രാജ്യങ്ങളുടെ, ഇനിയ = നല്ല പതിനെട്ടിന്നും ആയുധാനാം വിദ്യാനാം ച = ആയുധങ്ങളുടേയും വിദ്യകളുടേയും ഇനിയ പതിനെട്ടിന്നും, ഹേ വീരസംഗ്രാമധീര = വീരനും യുദ്ധധീരനുമായവനേ, അല്ലെങ്കിൽ എളയ സംഗ്രാമധീരരാജാവേ (സംഗ്രാമധീരൻ എന്നതു് അക്കാലത്തെ മഹാരാജാവായ രവിവമ്മചക്രവത്തിക്കുള്ള ബിരുദനാമം), ഇന്നു് ത്വം അപി = അവിടുന്നും, പെരുമാൾ = പ്രഭുവാണല്ലോ. പതിനെട്ടു രാജ്യങ്ങളും, പതിനെട്ടുതരം ആയുധങ്ങളും, പതിനെട്ടുതരം വിദ്യകളും മഹാരാജാവിനെപ്പോലെ അവിടയ്ക്കും സ്വാധീനമാണല്ലോ എന്നത്ഥം. അക്കലാകൌശലാനാം= പ്രസിദ്ധ കലാവിദ്യകളുടേയും, ഗ്രാമാണാം ച = ഗ്രാമങ്ങളുടേയും, നാലിന്നും മററുവതിനും=പിന്നെ അറുപതിനും, അറുപത്തുനാലു കലാവിദ്യകൾക്കും കേരളത്തിലെ അറുപത്തുനാലു ഗ്രാമങ്ങൾക്കും എന്നർത്ഥം. ഹേ അനുദിനം വാഴ്ത്തൂവോരാപ്തബന്ധോ = ജനങ്ങൾ

എന്നും വാഴ്ത്തുന്ന ആപ്തമിത്രമേ, അവിടുന്ന് ആശ്രയം = ആശ്രയമാണല്ലൊ.

19

ശൗണ്ഡീ,വേണു,സ്തനി,ശബരികാ,പങ്കിതം,രാവണാങ്കെ,
സാരംഗം, നന്തുണി,നിറമെഴുന്തണ്ണി,വീണാ,പിനാകം
മററും വാദ്യോൽക്കരമനുതരിക്കിൻറവാദ്യാമൃതംതേ
കേൾപ്പൂണ്ടോവന്നിളയിലമരാധീശഗന്ധർവ്വസംഘാഃ

ശൌണ്ഡി = ഒരുതല വണ്ണംകുറഞ്ഞ ചെണ്ട, വേണു = ഓടക്കുഴൽ, സ്തനി= ഭേരിയുടെ വകഭേദം (തകിൽ), ശബരികാ = ചവുരി, പങ്കിതം = ഇട്ടമുടി, രാവണാങ്കെ = വീരാണം, സാരംഗം = വീണയുടെ വകഭേദം, (സാരംഗവീണ), നന്തുണി, നിറം = നന്മ, എഴുന്ന തണ്ണി = ജലതരംഗം, വീണ, പിനാകം ഇവയും മററും, വാദ്യോൽകരം = വാദ്യസമൂഹം, അനുതരിക്കിൻറ = അനുസരിക്കുന്ന, തേ വാദ്യാമൃതം = നിൻെറ വാദ്യാമൃതത്തെ, അമരാധീശഗന്ധർവ്വസംഘാഃ = അമരാധീശൻെറ (ദേവേന്ദ്രൻെറ) ഗന്ധർവ്വസംഘങ്ങൾ, ഇളയിൽ വന്ന്, കേൾപ്പൂണ്ടോ = കേൾക്കാറുണ്ടോ.

20

വട്ടത്തിൽച്ചേൎന്നടയരുടലിൽചേരുമച്ചോരിവെള്ളം
മുട്ടക്കോരിക്കഴുകുമെഴുപാറുംകുടിക്കുംപ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾകൊണ്ടുവേറിട്ടുകൂറി-
ട്ടൊട്ടൊട്ടേടംനൃപപറവരിന്നുംവിരുന്നുണ്മതുണ്ടോ.

ഹേ നൃപ, വട്ടത്തിൽച്ചേൎന്ന അടയരുടെ = ശത്രുക്കളുടെ, ഉടലിൽച്ചേരുന്ന, ആ ചോരിവെള്ളം = പ്രവഹിക്കുന്ന ചോര, മുട്ടക്കോരി = ധാരാളം കോരിയെടുത്തു, കഴുകു=കഴുകനും, എഴുപാറു= മട്ടക്കഴുകനും (രണ്ടും ഗൃദ്ധ്റവർഗ്ഗത്തിലെ ജാതിഭേദങ്ങൾ) കുടിക്കുന്ന വിധത്തിൽ പടയിൽ ഉടവാൾകൊണ്ടു വെട്ടിക്കീറി, വേറിട്ടുകൂറിട്ട് = വെവ്വേറെപ്പകുത്തിട്ടിട്ട്, ഒട്ടൊട്ടേടം = അൽപം അൽപം

ആശങ്ങൾ (പകിട്ടിട്ടുള്ളതിന്റെ അൽപാൽപഭാഗങ്ങൾ എന്നർത്ഥം) പാവർ = പക്ഷികൾ, ഇന്നും = ഇപ്പോഴും, വിരുന്നുണ്മതുണ്ടോ = സദ്യയുടെ മട്ടിൽ ഉത്സാഹത്തോടേ തിന്നുവരുന്നുണ്ടോ.

21

വ്യായാമങ്കൊണ്ടഴകിലുദിതാമോദമുച്ചൈശ്ശ്രവാവി–
ന്നായാസംചെയ്തമലതുരഗം നീ കരേറുംദശായാം
പ്രാണാപായംകരുതിന തുലിക്കൻപടക്കോപ്പിനെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാർത്തുചെൻറു.

വ്യായാമംകൊണ്ട് അഴകിൽ = ഭംഗിയെപ്പററിയടത്തോളം, ഉദിതാമോദം = സന്തോഷം ഉണ്ടാകത്തക്കവിധം (കാണുന്നവക്ക് എന്നർത്ഥം) ഉച്ചൈശ്ശ്രവാവിന് = ഇന്ദ്രാശ്വമായ ഉച്ചൈശ്ശ്രവസ്സിന്ന്, ആയാസം ചെയ്ത = ക്ലേശംചേർത്ത (ഉച്ചൈശ്ശ്രവാവിനെക്കാൾ അഴകുള്ള എന്നു സാരം), അമലതുരംഗം = നല്ല കുതിരയിൽ, നീ കരേറും ദശായാം പ്രാണാപായം കരുതിന, തുലിക്കൻപടക്കോപ്പിന്റെ = തുലിക്കസൈന്യത്തിന്റെ, എണ്ണം, ആ പൊടിച്ചാർത്ത് = ആ കുതിരഓട്ടുമ്പോളുണ്ടാകുന്ന പൊടിപടലംചെന്ന്, സുരപരിഷദാം = ദേവസഭകളെസ്സംബന്ധിച്ച് (ദേവസഭകളോട് എന്നർത്ഥം. കർമ്മത്തിൽഷഷ്ഠി) ചൊൽവുണ്ടല്ലോ = പറയാവുണ്ടല്ലോ.

22

മുററത്തല്ലോ നനു സുരപതേർന്നില്പതക്കല്പവൃക്ഷം
മുററിക്കേൾക്കുംവരസുരഭിയും വാരുണീഹോമധേനുഃ
ചെററിക്കൂറില്ലറികിലളകേശനുമീശനിരാശേ
ചുററുംനീയേവരിലുമിരവക്കിൻറു കല്യാണമേഘം.

അക്കല്പവൃക്ഷം = ഇഷ്ടദാനത്തിൽ പ്രസിദ്ധമായ കല്പവൃക്ഷം, സുരപതേഃ = ദേവേന്ദ്രന്റെ, മുററത്തല്ലോ നിൽപതു് = നിൽക്കുന്നതു്, മുററിക്കേൾക്കും = തികഞ്ഞു കേൾക്കുന്ന (ഇഷ്ടദാനശക്തി തികഞ്ഞതെന്നു പറഞ്ഞു വരുന്ന എന്നു താല്പര്യം). വരസുരഭിയും =

ശ്രേഷ്ഠയായ കാമധേനുവും, വാരുണീഹോമധേനു = വരുണന്റെ ഹോമപശുവാകുന്നു. അതാതു സ്ഥലത്തു ചെല്ലാൻ കഴിയുന്നവക്കേ കല്പവൃക്ഷവും സുരഭിയും ഇഷ്ടം ദാനംചെയ്യുന്നുള്ള എന്നു ഭാവം. ഈശേ നിരാശേ = ഈശൻ (ശിവൻ) നിരാശനായിരിക്കെ ഒന്നിലും ആഗ്രഹമില്ലാത്തവനായിരിക്കുന്നതിനാൽ, അളകേശനും=വൈശ്രവണനും, ചൊററു = അല്പമെങ്കിലും, ഇക്കുററു = ഇഷ്ടദാനത്തിലുള്ള താല്പര്യംഇല്ല. ശിവനു കൊടുപ്പാനേ വൈശ്രവണൻ ഒരുക്കമുള്ളു. അദ്ദേഹം നിരാശനുമാണു് എന്നു ഭാവം. എവരിലും = എല്ലാവരിലും വെച്ചു്, നീ ഇരവലക്കു് = യാചകന്മാക്കു് ഇന്നു ചുററം = എവിടെയും, കല്യാണ മേഘം = മംഗളവർഷം ചെയ്യുന്ന മേഘമാകുന്നു.

## 23

ഇത്ഥം നാനാകുശലമവനോടാപ്തിപൂർവ്വം വിചാരി-
'ച്ചാസ്ഥാലോകേ വിപുലമനസാ'മെൻറ മുല്പ്പെട്ടുകാട്ടി
പ്രാൎത്ഥിച്ചാൻതൻകരുമമവനെപ്രാൎത്ഥനീയാനുഭാവം
സ്വാൎത്ഥപ്രത്യൎത്ഥികളിലെവിടെക്കാമുകനാംവിവേകം.

ഇത്ഥം = ഇങ്ങനെ, നാനാകുശലം = പല കുശലങ്ങളും, അവനോടു്, ആപ്തിപൂർവ്വം = സ്നേഹബന്ധത്തോടേ, വിചാരിച്ചു=സംഭാഷണം ചെയ്തതിനു ശേഷം, 'ആസ്ഥാലോകേ വിപുലമനസാം' എന്നു തുടങ്ങിയ ശുകസന്ദേശപദ്യം.

ആസ്ഥാലോകേ വിപുലമനസാമന്യസാമാന്യമർത്ഥ്യേ-
ത്യൎത്ഥാനൎത്ഥോപഗമവിഗമേഷ്വൎത്ഥിതാചാതുരാണാം
ന്യക്ഷേണൈഷാനിജഗുരുതയാനേക്ഷതേ തദ്വിശേഷം
സാന്ദ്രാ തസ്മിന്നപിച സഹജം ദ്വന്ദ്വമേതദ്വയേഷു.

എന്ന ശുകസന്ദേശപദ്യമെന്നർത്ഥം. മുല്പ്പെട്ടു്=ആദ്യമായി, കാട്ടി= കാണിച്ചു് ("ആസ്ഥാലോകേ വിപുലമനസാം എന്നുണ്ടല്ലോ" എന്നു പറഞ്ഞുംകൊണ്ടു് എന്നർത്ഥം) തൻകരുമം = തന്നെസ്സംബന്ധിച്ച

കർമ്മത്തെ (തനിക്കു വേണ്ടിച്ചെയ്യേണ്ടതിനെ എന്നർത്ഥം), പ്രാർത്ഥനീയാനുഭാവം = അഭിലഷണീയമായ പ്രഭാവമുള്ളവനായ, അവനെ = ആ ആദിത്യവർമ്മരാജാവിനോട്ട്, പ്രാർത്ഥിച്ചാൻ = അപേക്ഷിച്ചു, അർത്ഥികളിൽ = യാചകന്മാരിൽവെച്ച്, കാമുകാനാം = കാമികൾക്കു്, സ്വാർത്ഥംപ്രതി = തൻകാര്യത്തെപ്പററി, വിവേകം = ഇന്നവരോട്ട് ഇന്നതേ പറയാവൂ എന്നുള്ള വകതിരിവു് എവിടെ, ഉണ്ടാകയില്ലല്ലോ എന്നർത്ഥം.

24

ആത്തത്രാണപ്രവണകരുണാവാരിധേകാമുകാനാംമേൽ—
നേത്രശ്രേണീമധുപനളിനീംവേറിരുന്നുണ്ണുനീലീം
വാത്തപ്പെട്ടേനിഹ വിരഹിണാംഞാൻതുലോമിൻറപാർ
ക്കീത്തിപ്പാനൊന്നരുതതുശരച്ചന്ദ്രികാചാരുകീത്തേ.

ഹേ ആത്തത്രാണപ്രവണ = ആത്തരക്ഷയിൽ പ്രത്യേകാസക്തിയുള്ളവനേ, കരുണാവാരിധേ, കാമുകാനാം = കാമുകന്മാൎക്കു്, നേത്രശ്രേണീ മധുപനളിനീം = നേത്രപംക്തിയാകുന്ന മധുപങ്ങൾക്കു് (വണ്ടുകൾ), നളിനി (താമരപ്പൊയ്ക) യായ ഉണ്ണുനീലീം = ഉണ്ണുനീലിയെ, വേറിരുന്നു് = വേർപിരിഞ്ഞിട്ട്, ഇന്നു്, പാർമേൽ = ഭൂമിയിലുള്ള വിരഹിണാം =വിരഹികളിൽ വെച്ചു്, ഞാൻ, ഇഹ = ഇവിടെ, തുലോം = ഏററവും, വാത്തപ്പെട്ടേൻ = കാലക്കേടിലകപ്പെട്ടിരിക്കുന്നു. ശരച്ചന്ദ്രികപോലെ മനോഹരമായ കീത്തിയുള്ളവനേ, അതു് = ആ സങ്കടം, കീത്തിപ്പാൻ = പറഞ്ഞറിയിപ്പാൻ, ഒന്നു് = ഒട്ടും, അരുതു് = സാധിക്കാത്തവിധമുള്ളതാകുന്നു.

25

സിന്ധുദ്വീപെന്റൊരുപുരവരംബിംബലീപാലകാനാം
കേൾപ്പുണ്ടല്ലോജതിഗവിദിതംമേദിനീസ്വർഗ്ഗഖണ്ഡം,
തസ്മിൻമാരന്നിനിയപടവീടുണ്ടുമുണ്ടെക്കലെമ്മോ*—
രില്ലംമല്ലക്ഷവലയദൃശാം പാരിലാരൂഢകീത്തി.

---

* എന്മോർ, പാഠാന്തരം

ജഗതി = ലോകത്തിൽ, മേദിനീസ്വർഗ്ഗഖണ്ഡം = മേദിനിയിൽ ഉള്ള സ്വർഗ്ഗഭാഗം എന്നു്; വിദിതം = പ്രസിദ്ധമായി, സിന്ധുദ്വീപു് = കടത്തുരുത്തു്, എന്നു്, ബിംബിലീപാലകാനാം = വെമ്പലനാട്ടു രാജാക്കന്മാരുടെ ഒരു, പുരവരം = ഉത്തമനഗരം, കേൾപ്പുണ്ടല്ലോ. തസ്മിൻ = അവിടെ, പാരിൽ = ഭൂമിയിൽ, മല്ലക്ഷവലയദൃശാം = തരുണമായ കരിംകുവളപ്പൂപോലെയുള്ള കണ്ണുള്ളവർക്കു് (സുന്ദരിമാർക്കു്), ആരൂഢകീർത്തി = വർദ്ധിച്ചകീർത്തി നേടിയതും (സുന്ദരിമാരെപ്പററിയേടത്തോളം കേൾവി കേട്ടതു് എന്നർത്ഥം) മാരന്നു് ഇനിയ = നല്ല പടവീടും ആയി മുണ്ടക്കൽ, എമ്മ = എന്നു പറയുന്ന, ഒരില്ലം = ഒരു ഗൃഹം, ഉണ്ടു്.

26

കാമോന്മാദാൽക്കനിവൊട്ടു ചമഞ്ഞുർവ്വശീനിർവ്വിശങ്കം
ഭൂമൌഭൂമീശ്വരനിൽമരുവീടിൻറനാൾവിക്രമാഖ്യേ
ഉണ്ടായീപോലഴകിലവൾപാകത്തുനിൻറത്യുദാരം
തണ്ടാർമാതിൻകുലനിലയമാം വംശമേതൽ പൃഥിവ്യാം.

ഉർവ്വശീ, കാമോന്മാദാൽ = കാമോന്മാദം നിമിത്തം, കനിവൊട്ടു്=നന്മയോടേ ചമഞ്ഞു് ആഭരണാദികൾ അണിഞ്ഞു്, അല്ലെങ്കിൽ കനിവൊട്ടു ചമഞ്ഞു് = കനിവുള്ളവളായിത്തീൎന്നു്, (ധൈൎയ്യമെല്ലാം പോയിട്ടു്) ഭൂമിയിൽ വിക്രമാഖ്യേ = വിക്രമാദിത്യൻ എന്നു പേരായ, ഭൂമീശ്വരനിൽ = രാജാവിൽ (രാജാവിൻെറ അടുക്കൽ) മരുവീടിൻെറ നാൾ = മരുവുന്ന കാലത്തു്, അവൾ പാകത്തുനിന്നു് = അവളുടെ ഭാഗത്തുനിന്നു് (അവൾ പക്കൽനിന്നു്), അത്യുദാരം = അത്യുൽകൃഷ്ടമായ, തണ്ടാർമാതിൻെറ (ശ്രീ ഭഗവതിയുടെ) കുലനിലയമാം (കുലഗൃഹമായ) ഏതൽ വംശം = ഈ വംശം, (മുണ്ടക്കൽ വംശമെന്നർത്ഥം) പൃഥിവ്യാം = ഭൂമിയിൽ, അഴകിൽ = അഴകോടേ, ഉണ്ടായീപോൽ = ഉണ്ടായതാണത്രേ. അങ്ങനെയാണു് ഐതിഹ്യമെന്നു താല്പൎയ്യം.

27

തസ്മിൻവംശേ തരുണനയനങ്ങൾക്കു പീയൂഷധാരാ
താരുണ്യാനാംജഗതിജനനീതാർചരന്നസ്ത്രശാലാ
താരാർമാതിന്നഭിമതസഖീതാമ്രബിംബാധരോഷ്ഠീ
താരാനാഥപ്രതിഭടമുഖീ തിണ്ണമെന്നുണ്ണുനീലീ.

തരുണന്മാരുടെ നയനങ്ങൾക്കു പീയൂഷധാരയും (അമൃതധാര) ജഗതി = ലോകത്തിൽ, താരുണ്യാനാം = താരുണ്യങ്ങൾക്കു് (യൌവനഭംഗികൾക്കു്) ജനനിയും (വിളനിലം) താർചരന്നു് = പുഷ്പശരന്നു് (കാമന്നു്) അസ്ത്രശാലയും, താരാർമാതിന്നു് (ശ്രീദേവിക്കു്) അഭിമതസഖിയും (ഇഷ്ടതോഴി)യും താമ്രബിംബാധരോഷ്ഠിയും (തുടുത്ത തൊണ്ടിപ്പഴത്തോടൊത്ത അധരോഷ്ഠമുള്ളവൾ) താരാനാഥപ്രതിഭടമുഖിയും (ചന്ദ്രനോടെതിൎക്കുന്ന മുഖമുള്ളവൾ) ആയ എന്റെ ഉണ്ണുനീലി, തസ്മിൻ വംശേ = ആ വംശത്തിൽ (ഉർവശിയിൽനിന്നുണ്ടായ വംശത്തിൽ) ആണു്, തിണ്ണം = നിശ്ചയം.

28

ഞാനുംതന്വീതിലകമവളുംക്രൂടിവാടാതകാന്ത്യാ
കാമക്രീഡാചപലവപുഷൌചേൎന്നുറങ്ങുംദശായാം
കല്യാണാംഗീംകഥമപിപിരിച്ചെങ്ങനേഞാനറിഞ്ഞീ-
ലെന്നെക്കൈക്കൊണ്ടപഗതവതീകാപിയക്ഷീ

[നിശായാം.

ഞാനും തന്വീതിലകമായ അവളുംക്രൂടി വാടാത = കുറയാത്ത, കാന്തിയോടെ, കാമക്രീഡാചപലവപുഷൌ = കാമക്രീഡ നിമിത്തം ഇളകിത്തളൎന്നശരീരത്തോടുക്രൂടിയവരായിട്ടു് ചേൎന്നുറങ്ങുന്ന അവസരത്തിൽ, എങ്ങനേ = എങ്ങനെയെന്നു്, ഞാൻ അറിഞ്ഞീല, നിശായാം = രാത്രിയിൽ, കാപിയക്ഷീ = ഒരു യക്ഷി, കഥമപി = ഒരുവിധത്തിൽ, കല്യാണാംഗീം പിരിച്ചു് = കല്യാണാംഗിയോടു പിരിച്ചു്,

എന്നെക്കൈയ്യേറ്റുകൊണ്ടു് = എടുത്തു്, അപഗതവതീ = പോന്നവളായി (കൊണ്ടുപോന്നു.)

29

കാതത്തിന്മേലുപരിഗഗനേ ചെൻറനേരത്തുണർന്നേൻ-
നാതപ്തോഞാനിഹവിരഹിതോവേറിരുന്നുണ്ണുനീലീം
പേടിച്ചേററംവിരവിൽനരസിംഹാഖ്യമന്ത്രംജപിച്ചേ-
നോടിപ്പോനാളവൾമുറയുമിട്ടങ്ങുകൈവിട്ടുനമ്മെ.

കാതത്തിന്മേൽ ഉപരി = ഒരു കാതത്തിലധികം മുകളിലായി, ഗഗനെ = ആകാശത്തിൽ, ചെന്ന നേരത്തു്, ഉണ്ണുനീലീം = ഉണ്ണുനീലിയോടു്, വേർപിരിഞ്ഞു് ഇഹ വിരഹിതഃ = ഇവിടെ വിരഹിയായി, ആതപ്തഃ = സന്തപ്തനായ, ഞാൻ ഉണർന്നേൻ അല്ലെങ്കിൽ ചെന്ന നേരത്തു് ഉണർന്നേൻ. ഇഹ = ഇവിടെ (ഉണർന്ന ദിക്കിലെന്നർത്ഥം) ഉണ്ണുനീലീം വേറിരുന്നു് വിരഹിതനായി ആതപ്തനായി എന്നുയോജിപ്പിക്ക, ഏററവും പേടിച്ചു്, നരസിംഹാഖ്യമന്ത്രം = നാരസിംഹം എന്നു പറഞ്ഞുവരുന്ന മന്ത്രം, വിരവിൽ=വേണ്ടവിധം ജപിച്ചേൻ. അവൾ = ആ യക്ഷിയും, ഇട്ടു് ഉറക്കെ നിലവിളിച്ചു്, നമ്മെ അങ്ങു കൈവിട്ടു് ഓടിപ്പോനാൾ = ഓടിപ്പോകയും ചെയ്തു.

30

താങ്ങിത്താങ്ങിത്തദനുമൃദുനാ മാരുതേനാനുയാതോ
മന്ദംമന്ദംപുനരഹമിഹൈകത്രദൈവാനുഗുണ്യാൽ
സമ്മൂഢംമാമിവിടമറിയിപ്പിച്ചിതംഭോജനാഭം
പാടിപ്പാടിപ്പുലരിപുകഴുംഗായകാനാം വചാംസി.

തദനു = അതിനുശേഷം, ദൈവാനുഗുണ്യാൽ = ദൈവാനുകൂല്യത്താൽ, മൃദുനാ മാരുതേന = മൃദുവായ വായുവിനാൽ, താങ്ങിത്താങ്ങി = താങ്ങിക്കൊണ്ടു് അഹം പുനഃ = ഞാനാകട്ടെ, മന്ദം മന്ദം = പതുക്കെപ്പതുക്കെ, ഇഹ ഏകത്ര = ഇവിടെ ഒരിടത്തു്, അനുയാതഃ = അനുയാതനായി, (പിന്തുടർന്നു എത്തിക്കപ്പെട്ടവൻ

ആയി) സമ്മൂഢം മാം = ദിഗ്ഭ്രമം നിമിത്തം അമ്പരന്ന എന്നെ അംഭോജനാഭം = പത്മനാഭനെ, പാടിപ്പാടി സ്തുതിച്ചുപാടി ക്കൊണ്ട്, പുലരി പുകഴും ഗായകാനാം = പ്രഭാതത്തെ വർണ്ണിക്കുന്ന ഗായകന്മാരുടെ, വചാംസി = വാക്കുകൾ, ഇവിടം അറിയിപ്പി ച്ചതു് = അറിയിച്ചു.

## 31

ദേവം നത്വാ ഭുജഗശയനം വാതിൽമാടത്തിൽമേവി-
ത്താവും പെണ്മാന്മിഴിയൊടുപിരിഞ്ഞേറെനീറീടുമെന്നെ
മേവുംപൂവില്ലവനുമുടനിക്കാലവും വെണ്ണിലാവും
ക്രൂവുംകോലക്കുയിലുമഴകിൽതെൻറലും കൊൻവതല്ലോ.

ദേവം ഭുജഗശയനം നത്വാ = ദേവനായ അനന്തശയനമൂർത്തി യെ നമസ്ക്കരിച്ചിട്ട്, വാതിൽമാടത്തിൽ, മേവി = വസിച്ച്, താവുന്ന (ശോഭിക്കുന്ന) പെണ്മാൻമിഴിയൊടു പിരിഞ്ഞ്, ഏറെ നീറീടുന്ന,(സന്തപിക്കുന്ന) എന്നെ മേവുന്ന (ബലംതികഞ്ഞ) പൂവി ല്ലവനും = കാമനും, ഉടൻ ഇക്കാലവും (വസന്തം) വെണ്ണിലാവും = വെളുത്ത നിലാവും, അഴകിൽ ക്രൂവുന്ന കോലക്കുയിലും (ഭംഗിയുള്ള കുയിൽ) തെൻറലും = ഇളങ്കാറും, കൊൻവതു് = കൊന്നമട്ടാക്കി, അല്ലോ.

## 32

മുണ്ടെക്കൽക്കിൻെറാരുതിലകമാമുണ്ണുനീലീവിയോഗം
കൊണ്ടിപ്പൂമന്മനസിജശരൈർജ്ജീവിതാപന്നമെന്നെ,
കണ്ടപ്പോഴഴകനിവൊടുമുണർത്തിപ്പുണർത്തിൻറനിന്നെ-
ക്കണ്ടിട്ടിപ്പോഴയിബത മഹാനന്ദമഭ്യേതിചേതഃ.

മുണ്ടക്കലിയ്ക്കു് ഇപ്പോൾ ഒരു തിലകമായിട്ടുള്ള ഉണ്ണുനീലി യുടെ വിയോഗംകൊണ്ട് ഈ പൂമന്മനസിജശരൈഃ = പുഷ്പമയവും ബലമുള്ളതുമായ കാമശരങ്ങളാൽ, ജീവിതാപന്നം = ജീവിതത്തിൽ ആപത്തലഞ്ഞവനായ എന്നെ കണ്ടപ്പോൾതന്നെ കനിവോടുക്കൂടി,

ഉണൎത്തിപ്പ് = ഉണൎച്ച ഉണ്ടാക്കൽ (ഉത്സാഹപ്പെടുത്തൽ) ഉണൎത്തിൻെറ = തെളിയിക്കുന്ന (ഉണ്ടാക്കിത്തീൎക്കുന്ന എന്നൎത്ഥം) നിന്നെക്കണ്ടിട്ട് ഇപ്പോൾ, ചേതഃ = മനസ്സ്, മഹാനന്ദം = മഹാനന്ദത്തെ, അഭ്യേതി ബത=ആശ്ചൎയ്യമായ വിധത്തിൽ പ്രാപിക്കുന്നു. അയി എന്നതു സംബോധന.

33

കാമാൎത്താനാം ഝടിതിമൃതസഞ്ജീവനംപോന്നിരക്കെ-
ന്റോമൽപ്പെണ്മാൻമിഴികൾമദനാതേറിനോംഞങ്ങ
[ളെൻറാൽ
നീയ്യേവേണംനരവരവിരഞ്ഞെങ്ങൾവാൎത്താമുണൎത്തി-
ക്കാമാപന്നാംകളഭഗമനാംപോററിപോററീടുവാനായ്.

കാമാൎത്താനാം = കാമാൎത്തന്മാൎക്ക്. ഝടിതി = വേഗത്തിൽ. മൃതസംജീവനമായിട്ടുള്ളതു്, പോന്നിരിക്ക എന്നു്= സമാധാനമുണ്ടാകത്തക്ക കാൎയ്യം ചെന്നു് പ്രാൎത്ഥിക്കുക (സമാധാനമുണ്ടാക്കുന്ന കാൎയ്യം ചെയ്‌വാനായി ആരോടെങ്കിലും അപേക്ഷിക്ക എന്നൎത്ഥം) യാണു്. എന്നു്, ഹേ ഓമൽപ്പെണ്മാന്മിഴികൾക്ക് (സുന്ദരിമാൎക്ക്) മദനൻ (കാമൻ) ആയിട്ടുള്ളവനെ, ഞങ്ങൾ = നാം; തേരിനോം = കരുതുന്നു, എന്നാൽ ഹേ! നരവര = രാജാവെ! പോററി = പ്രഭോ, എങ്ങൾ വാൎത്താം = എൻെറ വൎത്തമാനത്തെ, ഉണൎത്തി = അറിയിച്ചു്, കാമാപന്നാം = കാമനാൽ ആപത്തണഞ്ഞവളായ, കളഭഗമനാം = കളഭഗാമിനിയെ (ഉണ്ണുനീലിയെ) പോററീടുവാനായ് = രക്ഷിപ്പാനായി, നീയെ = നീതന്നെവേണം, മൃതസഞ്ജീവനം പോന്നിരിക്ക എന്ന പാഠത്തിൽ പോന്നിരിക്ക=ആൾ വന്നിരിക്കാ (കാമിയുടേയോ കാമിനിയുടേയോ അടുക്കൽനിന്നു് എന്ന ഭാവം)

34

എന്റാൽനീപോയ്യടമതിരയിൽച്ചെൻറുകണ്ടുണ്ണുനീലീ-
മൊന്റൊന്റേ മച്ചരിതമറിയിപ്പിച്ചുതേററീടുവാനം

12588



നൻ്റംനൻ്റായ്വരികതിരുവുള്ളംനിനക്കെന്നിലെന്നും
മന്നിൽ കീൎത്തിംമതുമതവിതച്ചീടുമാതിച്ചവൎമ്മാ.

എന്നാൽ നീ പോയി വടമതിരയിൽ = വടമധുര എന്നപേരുള്ളകടത്തിരുത്തിയിൽചെന്നു്, ഉണ്ണുനീലീം = ഉണ്ണുനീലിയെക്കണ്ടു്, മച്ചരിതം = എൻ്റെ വൎത്തമാനം, ഒൻ്റൊൻ്റേ = ഓരോന്നായി അറിയിപ്പിച്ചു്, അതും ഏറീടുവാനും=ബോദ്ധ്യം വരുത്താൻ, (ഉം എന്നതു് ഏ എന്ന നിപാതംപോലെ ഭാഷയിൽ ഭംഗിക്കുവേണ്ടിച്ചേൎത്തതാണു്. ഇതുപോലെ മററു സ്ഥലങ്ങളിലും കണ്ടുകൊൾക), എന്നും മന്നിൽ കീൎത്തിയെ, മതുമത = പൂൎത്തിയോടെ, വിതച്ചീടും = വിളയിക്കുന്ന ആദിത്യവൎമ്മാ നിനക്കു എന്നിൽ, തിരുവുള്ളം = കൃപ നൻ്റും നൻ്റായ് = വളരെയധികം നല്ലവണ്ണം വരിക.

35

അഞ്ചാംപക്കം വരമിതു തുലോം വാരവും വീരമൌലേ
നാളുംനൻ്റേനളിനവനിതെ*ക്കിമ്പനേമുമ്പിലേതു്,
മേടംവേണാടരിൽമകുടമേരാശിയുംവാഗധീശൻ
നാലാമേടത്തയമുപഗതോ'ഭൂതികാമാ'ഖ്യയോഗഃ.

ഹേ! വീരമൌലേ അഞ്ചാംപക്കം = പഞ്ചമീതിഥിയാണു് ഇന്നു് എന്നുചേൎക്കുക, ഇതുതുലോം വരം=ഉത്തമവുമാണു്, വാരവും= ആഴ്ചയും, തുലോം വരമാണു്, നാളും നൻ്റേ = നന്നുതന്നേ, നളിനവനിതയ്ക്കിമ്പനേ = ലക്ഷ്മീദേവിയുടെ പ്രിയനുതന്നെ (വിഷ്ണുവിന്നു് എന്നു വാച്യാൎത്ഥം. വിഷ്ണുദേവതാത്മകമായ തിരുവോണത്തിനു് എന്നൎത്ഥം), മുമ്പിലേതു് = മുമ്പിലത്തേതായ ഉത്രാടമാകുന്നു. വേണാടരിൽ മകുടമേ = വേണാട്ടുരാജവംശത്തിൽ ഉത്തമനായവനെ, രാശിയും = ഇപ്പോഴത്തെ ലഗ്നവും, മേടം = മേടമാകുന്നു. വാഗധീശൻ = വ്യാഴം, നാലാമേടത്തു് = ലഗ്നത്തിൻ്റെ നാലാം രാശിയിൽ (കൎക്കടകത്തിൽ എന്നൎത്ഥം) ആകുന്നു. ഭൂതികാമാഖ്യയോഗഃ = ഭൂതികാമ എന്നു പേരായ യോഗം, അയം ഉപഗതഃ = ഇതാ പ്രാപ്തമായിരിക്കുന്നു. ചന്ദ്രനിൽ വ്യാഴത്തിൻ്റെ ദൃഷ്ടിയുണ്ടായാൽ വരുന്ന

* ക്കമ്പനേ പാഠാന്തരം.

ഒരു യോഗത്തിനാണ് ഭൂതികാമയോഗമെന്ന പേർ. ചന്ദ്രൻ മകരത്തിലും വ്യാഴം കക്കടകത്തിലുമാകയാൽ ദൃഷ്ടി വരുന്നു. ശേഷം ജ്യോതിശ്ശാസ്ത്രത്തിൽനിന്നു ഗ്രഹിക്കേണ്ടതാണ്.

36

എന്റാൽ കേൾപ്പൂവഴിയിവിടെനിന്റക്കടെത്തെത്തലാന്തം
ചെന്റാൽമാലക്കുഴലികൾമണിക്കുണ്ടുണത്തിൻറതുംനീ
എല്ലാമേററംനവരമറിയിന്റോക്കുമിൻറുള്ളവണ്ണം
കേട്ടാൽവാട്ടം മനസി കുറയുംചെയ്യുമത്ഥാന്തരാണി.

എന്നാൽ ഇവിടെനിന്ന് അക്കടെത്തെത്തലാന്തം = അവിടെയുള്ള സ്ഥലംവരെ (അക്കടെ = അവിടം) വഴികേൾപ്പൂ = കേട്ടാലും. ചെന്നാൽ മാലക്കുഴലികൾ മണിക്കു് = സ്ത്രീരത്നമായ ഉണ്ണുനീലിക്കു്, ഉണത്തിൻറതും = അറിയിക്കുന്നതും (അറിയിക്കേണ്ടതും എന്നത്ഥം), നീ കേൾപ്പൂ ഇന്നു് എല്ലാം ഏററം നവരം = ഉത്തമമായി ശരിയായി അറിയുന്നോക്കു്, ഉള്ളവണ്ണം കേട്ടാൽ = മററൊരാൾ പറഞ്ഞു കേട്ടാൽ, മനസി = മനസ്സിൽ, വാട്ടം = കുറവു് (സംശയസ്പർശമെന്നത്ഥം) കുറയും. അത്ഥാന്തരാണി = മറവു പ്രയോജനങ്ങളേയും, ചെയ്യും = ഉണ്ടാകും, അതുകൊണ്ടു ഞാൻ പറവാൻ തുടങ്ങുന്നതാണു് എന്നു ഭാവം.

37

നാഭീപത്മംനിഖിലഭുവനംഞാറുപെറ്റാത്മയോനിം
നാഗേന്ദ്രന്മേൽബ്ബതമതുമതപ്പള്ളികൊള്ളുംപിരാനേ
നാഗാരാതിദ്ധ്വജനെനവരംമുമ്പിൽനീ കുമ്പിടേണ്ടും
നാൽവേതത്തിൻപരമപൊരുളാം നമ്മുടെ തമ്പിരാനെ.

നാഭീപത്മം = നാഭിയിലെ പത്മം, നിഖിലഭുവനം = എല്ലാ ലോകത്തെയും, ഞാറുപെറ്റ = വിളയിച്ചവനായ (ആരുടെ നാഭീപത്മം നിഖിലഭുവനത്തെയും വിളയിച്ചുവോ അവൻ എന്നത്ഥം.

വിഷ്ണുവിന്റെ നാഭിപത്മത്തിലുണ്ടായ ബ്രഹ്മാവാണല്ലോ സകല ലോകസൃഷ്ടികർത്താവ്). ആത്മയോനിം = സ്വയംഭൂവം (തനിക്കു താൻതന്നെ കാരണമായവൻ എന്നർത്ഥം. മറ്റൊരാളും കാരണമായിട്ടില്ലാത്തവൻ എന്ന ഭാവം. നിത്യൻ എന്ന സാരം), നാഗേന്ദ്രന്മേൽ = അനന്തന്മേൽ, ബത = ആശ്ചര്യമായവിധം, മന്ദമത = പൂർണ്ണമായി, പള്ളികൊള്ളും = ശയിക്കുന്ന, പിരാനെ = സ്വാമിയും, നാഗാരാതിധ്വജനെ = ഗരുഡധ്വജനും ആയ, നാൽവേതത്തിൽ പരമപൊരുളാം = നാലുവേദത്തിന്റെയും പ്രധാന സാരമാകുന്ന നമ്മുടെ തമ്പിരാനെ, നീ, നവരം = ശരിയായി, മുമ്പിൽ = ആദ്യം, കുമ്പിടേണ്ടും = വന്ദിക്കണം.

38

വേലപ്പെണ്ണിൻമുലയിൽമരുവും ചന്ദനാമോദരമ്യേ
ചാലച്ചീററംപെരുകിയുരുകീടിന്റ വിശ്വംഭരായാഃ
കോലക്കണ്ണിൻമുനകനമകംപുക്കുനിൻമാറിൽമന്ദം
നീലക്കല്ലാൽവിലസിനമണീ കൌസ്തുഭംവെൽവുതാക.

വേലപ്പെണ്ണിന്റെ (ലക്ഷ്മീദേവിയുടെ) മുലയിൽ മരുവുന്ന (അണിഞ്ഞിട്ടുള്ള) ചന്ദനത്തിന്റെ ആമോദംകൊണ്ട് (സുഗന്ധം) രമ്യമായ നിൻ മാറിൽ, ചാലച്ചീററംപെരുകി = ധാരാളമായി കോപം വർദ്ധിച്ച്, ഉരുകീടിന്റ = സന്താപപ്പെടുന്ന, വിശ്വംഭരായാഃ = ഭൂമിദേവിയുടെ, കോലക്കണ്ണിൻമുന = ഭംഗിയുള്ള കടാക്ഷം, കനം = നല്ലവണ്ണം (ബലത്തോടേ) അകംപുക്ക്, മന്ദം = അല്പമായി, നീലക്കല്ലാൽ വിലസിന = നീലക്കല്ലു ചേർന്നതുപോലെ ശോഭിക്കുന്ന, മണീകൌസ്തുഭം = കൌസ്തുഭരത്നം, വെൽവുതാക = ജയിക്കട്ടെ. ചന്ദനാഭോഗരമ്യേ എന്ന പാഠത്തിൽ ചന്ദനക്കുറി കൊണ്ടു രമ്യമായ എന്നർത്ഥം.

39

ക്ഷീരാംഭോധൌഭുജഗവരനാമെത്തമേലത്യുദാരം
താരാർമാതിൻകുളുർമുലയുഗംപൂണ്ടുപൂർണ്ണാനുരാഗം

പാരേഴിനും തുയിർകറവരപ്പോക്കുവാൻപള്ളികൊള്ളും
കാരുണ്യാബ്ധേ തവപദയുഗം പത്മനാഭാ തൊഴിന്റേൻ.

ക്ഷീരാംഭോധൌ = പാലാഴിയിൽ, ഭുജഗവരനാം = അനന്തനാകുന്ന മെത്തമേൽ, അത്യുദാരം = അത്യുൽകൃഷ്ടമായ വിധത്തിൽ, താർമാതിൻെറ (ലക്ഷ്മീദേവിയുടെ) കുളുർമുലയുഗത്തെ = വൃണ്ണമായ അനുരാഗത്തോടേ) പൂണ്ടു് = പുൽകിക്കൊണ്ടു്, പാരേഴിനും = ഏഴുലോകത്തിനും, തുയിർ=ദുഃഖം, കറവറ= കറവുകൂടാതെ പോക്കുവാനായി പള്ളികൊള്ളുന്ന, കാരുണ്യാബ്ധേ = പത്മനാഭാ, തവ = നിന്തിരുവടിയുടെ, പദയുഗത്തെ തൊഴുന്നേൻ.

40

മീനായ് വേദാൻകമഠവപുഷാമന്ദരം പന്റിയായ് പാർ
നാകാധീശം നരഹരിരുചാ മാററിനാ മാണിയായും
ഭൂഭൃദ്രക്ഷസ്സുരരിപുകുലം രാമനായ് കൃഷ്ണനായും
വെൻറാ വെൽവോൻകില ജഗദിദം കൽക്കിയായും
[നമസ്തേ.

മീനായ് = മത്സ്യരൂപം ധരിച്ചു്, വേദാൻ = വേദങ്ങളേയും, കമഠവപുഷാ = കൂർമ്മരൂപംകൊണ്ടു്, മന്ദരത്തെയും പന്നിയായി, പാർ = ഭൂമിയേയും, നരഹരിരുചാ = നരസിംഹാകൃതികൊണ്ടും, മാണിയായും = ബ്രഹ്മചാരിരൂപം (വാമനരൂപം) ധരിച്ചും, നാകാധീശം = ദേവേന്ദ്രനേയും, മാററിനാ = നീ വീണ്ടെടുത്തു. (മാററിനാ എന്നതു മധ്യമപുരുഷക്രിയാപദം) രാമനായ് = പരശുരാമരൂപം ധരിച്ചും ശ്രീരാമരൂപം ധരിച്ചും, കൃഷ്ണനായും = ശ്രീകൃഷ്ണരൂപം ധരിച്ചും, ഭൂഭൃദ്രക്ഷസ്സുരരിപുകുലം = ഭൂഭൃൽകുലത്തെയും (ക്ഷത്രിയവംശം) രക്ഷഃകുലത്തെയും (രാക്ഷസവംശം) സുരരിപുകുലത്തെയും (അസുരവംശം) വെൻറാ = നീ വെന്നു (നശിപ്പിച്ചു) കൽക്കിയായും, ഇദം ജഗൽ = ഈ ലോകത്തെ, വെൽവോൻകില = നീ മേലിൽ വെല്ലുമത്രേ. തേ = നിന്തിരുവടിക്കു്, നമഃ = നമസ്കാരം.

41

നീലസ്നിഗ്ദ്ധംഗഗനതലമാമ്മിക്കമേൽക്കട്ടിതൻകീഴ് —
പാലാർവെള്ളത്തിരനിരത്തരംചേൎന്നഭോഗീന്ദ്രഭോഗേ
മാർവ്വിൽതങ്ങുമ്മണിവരമഹാദീപികേപൂവിൽമാതി—
ന്നോമൽപ്പൂൺവായ് *ത്തെളിവിൽവിലസുംഭാഗ്യ
[സീമൻ നമസ്തേ.

നീലസ്നിഗ്ദ്ധം = നീലമായും സ്നിഗ്ദ്ധമായും ഇരിക്കുന്നതായ ഗഗനതലമാകുന്ന, മിക്ക (മികച്ച, വലിയ) മേൽക്കട്ടിയുടെ കീഴിൽ പാലാറിലെ (പാലാഴി എന്നു സാരം) വെളുത്ത തിരകളുടെ നിര (പംക്തി) തരംചേൎന്ന = തുല്യമായിട്ടുള്ള (വെള്ളത്തിരനിര ഏതിനോടു തുല്യമോ അതു് എന്നൎത്ഥം) ഭോഗീന്ദ്രഭോഗേ = സർപ്പരാജന്റെ ശരീരത്തിൽ, മാറിൽ, തങ്ങുന്ന (ധരിച്ച) മണിവരം, (കൌസ്തുഭം) ആകുന്ന മാറാദീപികയോടു (വലിയദീപം) കൂടിയ (തെളിവിൽ എന്നതിന്റെ വിശേഷമാണിതു്) പൂവിൽമാതിന്റെ (ലക്ഷ്മീദേവി) ഓമലായ (സുകുമാരമായ) പൂൺവായുടെ (പൂണുന്ന അധരത്തിന്റെ) തെളിവിൽ = പ്രകാശത്തിൽ വിലസുന്ന, ഭാഗ്യസീമൻ = ഭാഗ്യത്തിന്നു് അവധിയായുള്ളവനേ (അതിലധികം ഭാഗ്യം ഒരാൾക്കും ഇല്ലെന്നൎത്ഥം) തേ = അവിടേയ്ക്കു്, നമഃ = നമസ്കാരം.

42

വജ്രക്രൂരൈൎന്നഖരശിഖരൈൎദ്ദാരിതേദൈത്യവീര-
ന്മാർവ്വിൽത്തങ്ങുന്നൊടിയകുടരാൽചാർത്തുമമ്മൂർത്തിതന്നെ
ഭക്തത്രാണപ്രവണചരണാംഭോരുഹംനാരസിംഹം
പിന്നെക്കമ്പിട്ടരുളുകസഖേ തെക്കിനേൽത്തമ്പിരാനെ.

വജ്രക്രൂരൈഃ = വജ്രംപോലെ ക്രൂരങ്ങളായ, നഖരശിഖരൈഃ = നഖാഗ്രങ്ങൾ കൊണ്ടു്, ദാരിതേ = പിളൎക്കപ്പെട്ടതായ, ദൈത്യവീരൻ മാർവ്വിൽ = അസുരശ്രേഷ്ഠന്റെ (ഹിരണ്യകശിപു) മാറിൽ

* പൂൺപായ് എന്നു പാഠാന്തരം.

തങ്ങുന്ന, നെടിയകുടരാൽ = നീണ്ട കുടൽമാലയാൽ ചാർത്തുന്ന ആമൂർത്തിയും ഭക്തന്മാരുടെ ത്രാണനത്തിൽ (രക്ഷ) പ്രവണമായ (തൽപരമായ) പരന്നാംഭോരുഹത്തോടുകൂടിയവനും, നാരസിംഹം = നരസിംഹസ്വരൂപവും ആയ, തെക്കിനേൽത്തമ്പിരാനെ പിന്നെ ഹേ സഖേ, കുമ്പിട്ടരുളുക = വന്ദിച്ചാലും.

43

ഭേദാഭേദപ്രഗുണിതപുരാണേതിഹാസാഗമാനാം
കേദാരത്തെച്ചിരമടിതൊഴുന്നോർക്കു ചിന്താമണിം തം
വേദാന്നാലാക്കിന മുനിവരം വിശ്വവേദാന്തവേദ്യം
പാദാംഭോജംതൊഴുക തരസാ വീണു സർവ്വാംഗനാഥം.

ഭേദാഭേദപ്രഗുണിതങ്ങളായ (ചിലതു തമ്മിൽ ഭേദത്തോടുകൂടിയും ചിലതു തമ്മിൽ അഭേദത്തോടുകൂടിയും വർദ്ധിച്ചിട്ടുള്ള ഒരേ വിഷയത്തെത്തന്നെ പ്രതിപാദിക്കുന്ന പലതും പല വിഷയങ്ങളേയും പ്രതിപാദിക്കുന്ന പലതുമായിപ്പെരുകീട്ടുള്ള എന്നു സാരം) പുരാണേതിഹാസാഗമങ്ങൾക്കു (പുരാണങ്ങൾ, ഇതിഹാസങ്ങൾ) [ഭാരതാദികൾ] ആഗമങ്ങൾ [വേദാന്താദിശാസ്ത്രങ്ങൾ അല്ലെങ്കിൽ വേദങ്ങൾ ഇവയ്ക്കു് എന്നർത്ഥം] കേദാരത്തെ = വിളഭൂമിയും, അടി തൊഴുന്നോർക്കു്, ചിരം = വളരെക്കാലം, ചിന്താമണിയും, (ഇഷ്ടം സാധിപ്പിക്കുന്നവൻ എന്നർത്ഥം) തം = പ്രസിദ്ധനും, വിശ്വവേദാന്തവേദ്യം = എല്ലാ വേദാന്തശാസ്ത്രങ്ങളാലും അറിയപ്പെടാവുന്നവനും, സർവ്വാംഗനാഥം = സർവ്വാംഗങ്ങൾക്കും (എല്ലാ വേദാംഗങ്ങളായ വിദ്യകൾക്കും) നാഥനും (പ്രമാപകനും) ആയ, വേദാൻ നാലാക്കിന മുനിവരം = വേദങ്ങളെ നാലായിപ്പകുത്ത മഹർഷിശ്രേഷ്ഠനെ (വേദവ്യാസനെ) പാദാംഭോജത്തിൽ, തരസാ = വേഗത്തിൽ, വീണു (ദണ്ഡനമസ്കാരംചെയ്തു എന്നർത്ഥം) തൊഴുക. സർവ്വാംഗനാഥ എന്ന പാഠത്തിൽ അതു സംബോധന. എല്ലാ വേദാംഗവിദ്യകളിലും പ്രമാവകനായിത്തീർന്നതിനാൽ ആദിത്യവർമ്മരാജാവിനു സിദ്ധിച്ച ഒരു ബിരുദനാമമാണതു് എന്നും ധരിച്ചുകൊൾക.

44

വിഷ്വക്സേനം പ്രഥമമഥനീ ദീപശാലാന്തരാളേ
രാമം രാമാനുജമപി ഹനൂമന്തമന്തേ വണങ്ങി
രത്നോദഞ്ചൽകനകവളഭീമണ്ഡിതേ മണ്ഡപേ ചെ-
ന്റത്യാമോദാൽത്തൊഴുക വിനതാനന്ദനം നന്ദസൂനം.

അഥ പ്രഥമം = പിന്നെ ഒന്നാമതായി, വിഷ്വക്സേനനേയും, ദീപശാലാന്തരാളേ = ദീപശിലയുടെ അന്തർഭാഗത്തിൽ, രാമം = ശ്രീരാമനേയും, രാമാനുജം = ലക്ഷ്മണനേയും, അന്തേ = ഒടുവിൽ, ഹനൂമന്തം അപി = ഹനൂമാനേയും, വണങ്ങി, രത്നങ്ങളാൽ ഉദഞ്ചത്തുകളായ (തിളങ്ങിക്കൊണ്ടിരിക്കുന്ന) കനകവളഭികൊണ്ടു് (സ്വർണ്ണമയമായ മേക്കട്ടുകൊണ്ടു്) മണ്ഡിതമായ (അലംകൃതം) മണ്ഡപത്തിൽച്ചെന്നു്, അത്യാമോദത്തോടെ, വിനതാനന്ദനം = വിനതന്മാൎക്കു് (ഭക്തന്മാൎക്കു്) ആനന്ദകരനായ, നന്ദസൂനം = ശ്രീകൃഷ്ണനെ തൊഴുക. അല്ലെങ്കിൽ വിനതാനന്ദനം = വിനതാപുത്രനേയും (ഗരുഡൻ) നന്ദസൂനുവിനേയും തൊഴുക എന്നു യോജിപ്പിക്ക.

45

ഊയൽപ്പൂമെത്തയിൽമരുവുമക്കണ്ണനാമുണ്ണിതന്നെ-
ത്താലോലിച്ചുംതഴുകിയുമുടൻനിന്റുവൈകാതവണ്ണം
ചൂഡാഗ്രംകൊണ്ടണിമതിതൊടുംവാതിൽമാടം പുറപ്പെ-
ട്ടായ്യുംവീര്യംസ്വയമിവവലഞ്ഞിട്ടനീകമ്പിടമ്പിൽ.

ഊയൽപ്പൂമെത്തയിൽ = ഊഞ്ഞാലായിട്ടുള്ള പൂമെത്തയിൽ (തൊട്ടിയിൽ എന്നൎത്ഥം,) മരുവുന്ന ആ കണ്ണനാം ഉണ്ണിതന്നെ = വളരെ ശിശുവായ ശ്രീകൃഷ്ണനെ [ശ്രീകൃഷ്ണന്റെ ആ നിലയിലുള്ള വിഗ്രഹത്തെ എന്നൎത്ഥം], താലോലിച്ചും തഴുകിയും ഉടൻ= താലോലിച്ചു തഴുകിയതിന്നുശേഷം, നിന്നു വൈകാത്ത വിധത്തിൽ (വൈകിക്കാതെ എന്നു സാരം) ചൂഡാഗ്രംകൊണ്ടു് = താഴികക്കുടംകൊണ്ടു്, അണിമതിയെ (ചന്ദ്രനെ) തൊടുന്ന, വാതിൽമാടം = വാതിൽമാടത്തൂടെ പുറപ്പെട്ടു്, സ്വകം വീര്യം ഇവ= സ്വന്തമായ വീര്യമോ എന്നു

തോന്നുമാറുള്ള (സ്വപ്രീത്വംതന്നെ മൂത്തിമത്തായതാണോ എന്നു തോന്നുന്ന വിധത്തിലുള്ള എന്നർത്ഥം) ആര്യം = അയ്യപ്പനെ, നീ വലത്തിട്ട് = പ്രദക്ഷിണംവെച്ച്, അമ്പിൽ = നന്നായി, കുമ്പിട്ട് = വന്ദിച്ചാലും.

46

മൻറിൽച്ചെൽവംപെരിയതിരുവമ്പാടിയിൽക്കൂടിയാടി-
ക്കൻറ്റിൽക്കൂടിത്തെളിവൊട്ടകളിച്ചീടുമെൻതമ്പിരാനെ
കുന്റ്കൊണ്ടങ്ങടമഴതട്ടത്താച്ചിമാർവീടുതോറും
ചെൻറാപ്പാൽനൈപെരുകിമരുവുംകണ്ണനെക്കൈ
[തൊഴേണ്ടും.

മൻറിൽ = മന്നിൽ, ചെൽവം = പ്രീതി അല്ലെങ്കിൽ ഐശ്വര്യം, പെരിയ=പെരുകിയ, തിരുവമ്പാടിയിൽ കൂടിയാടി=ചേന്നു കളിച്ച് (ലീലാബാലനായിത്തിരുവമ്പാടിയിൽവസിച്ച് എന്നർത്ഥം) കൻറിൽ = പശുക്കുട്ടികളിൽ, കൂടിത്തെളിവൊട്ടുകളിക്കുന്ന എൻ തമ്പുരാനെ, (കുന്നിനെക്കൊണ്ടു് ഗോവർദ്ധനപർവ്വതം) അടമഴ = അടഞ്ഞു പെയ്യുന്ന മഴ, തട്ടത്ത്, ആച്ചിമാരുടെ = ഗോപസ്ത്രീകളുടെ (ആയർ എന്നതിൻെറ സ്ത്രീലിംഗരൂപം), വീടുതോറും ചെന്ന് ആ പാലും നെയ്യും പരുകി = കുറേശ്ശ കുറേശ്ശ മോഷ്ടിച്ചു മരുവുന്ന, കണ്ണനെ കൈതൊഴേണം. തമ്പുരാനെ കണ്ണനെ എന്നു യോജന.

47

കാലിക്കാലിൽത്തടവിനപൊടിച്ചാർത്തുകൊണ്ടാത്ത-
[ശോഭം
പീലിക്കണ്ണാൽക്കലിതചികുരംപീതകൌശേയവീതം
കോലുംകോലക്കുഴലുമിയലും ബാലഗോപാലലീലം
കോലംനീലന്തവനിയതവുംകോയിൽ കൊറംകൊങ്ങൾ
[ചേതഃ

കാലിക്കാലിൽ = പശുക്കളുടെ കാലിൽ തടവിന = ഉള്ള, പൊടിച്ചാത്തുകൊണ്ടു, ആത്തശോഭം = ശോഭയുണ്ടായതും (പൊടിച്ചാത്തനത്തും) അതുകൊണ്ടു പ്രത്യേകം ഒരു ശോഭകൂടിയതും എന്നർത്ഥം), പീലിക്കണ്ണാൽ കലിതചികുരം = അലങ്കരിച്ച തലമുടിയോടു കൂടിയതും (പീലിത്തിരുമുടി ധരിച്ചതെന്നർത്ഥം) പീതകൗശേയവീതം = മഞ്ഞപ്പട്ടുടുത്തതും, കോലും = കാലിമേപ്പാനുള്ള കോലും, കോലക്കുഴലും = നല്ല ഓടക്കുഴലും, ഇയലുന്ന, ബാലഗോപാലവിലം = ഗോപബാലന്റെ വിഹാരത്തോടുകൂടിയതും ആയ, തവ നീലം കോലം = അവിടത്തെ നീലവർണ്ണമായ സ്വരൂപം, നിയതവും = നിത്യവും എങ്ങൾക്കു ചേതഃ=എന്റെ ചിത്തത്തെ, കോയിൽകൊൾക = വാസസ്ഥാനമാക്കിയെടുക്കട്ടെ, മനസ്സിൽ വസിക്കട്ടെ എന്നു സാരം.

48

എൻറീവണ്ണംതൊഴുതു വിടയുംകൊണ്ടെനിക്കുംനിനക്കും
നൻവംനന്മയ്ക്കുഴകൊടുഭവാനുണ്ണുനീലിക്കമേററം
ഒൻറിന്നുന്നീനരവരവലത്തിട്ടുകൊണ്ടങ്ങുനേരേ
ചെൻറാൽകുമ്പിട്ടരുളുകരുണാപാത്രമാംക്ഷേത്രപാലം.

എന്നിങ്ങനെ (പ്രാത്ഥിച്ചു്), തൊഴുതു് ഭവാൻ വിടയുംകൊണ്ടു് = യാത്രയറിയിച്ചു്, എനിക്കും നിനക്കും ഏററം = അധികമായി ഉണ്ണുനീലിക്കും, നൻവംനന്മയ്ക്കു് = മേന്മേൽ നന്മ വർദ്ധിപ്പാനായി, ഹേ നരവര നീ, ഇന്നും ഇനിയും (പിന്നെയും) അഴകൊടു് ഒന്നു്, വലത്തിട്ടുകൊണ്ടു് = പ്രദക്ഷിണം ചെയ്തുകൊണ്ടു് (പ്രകൃതത്തിൽ അമ്പാടികൃഷ്ണനെ എന്നർത്ഥം) അങ്ങു നേരേ ചെന്നാൻ കരുണാനിധിയായ ക്ഷേത്രപാലനെ, കുമ്പിട്ടരുളുക = വന്ദിച്ചാലും.

49

വൈകുണ്ഠന്നീവലിയബലിപീഠോപകണ്ഠത്തിൽനേരേ
കുമ്പിട്ടമ്പിൽപ്പുനരപി *സഖേ പ്രാത്ഥയൻവാഞ്ഛരി
[താത്ഥാൻ

* പുനരയി എന്നു പാഠാന്തരം.

സമ്പൽപ്രാപ്ത്യൈ വിരവൊടുപുറപ്പെട്ടെഴുന്നള്ളീദാനീം
ചെമ്പൊൽക്കുന്റിൽ പെരുമകവരുംഗോപുരേണാപരേണ.

വലിയ ബലിപീഠോപകണ്ഠത്തിൽ=വലിയ ബല്ലിക്കല്ലിൻെറ സമീപത്തിൽ (ചെന്നു് എന്നു ചേൎക്കുക) പുനരപി = വിന്നെയും, വൈകുണ്ഠം = വൈകുണ്ഠനെ (പത്മനാഭമൂൎത്തിയെ), നേരെ = എതിരായി നിന്നു്, അമ്പിൽ = നന്നായി കുമ്പിട്ടു്, വാഞ്ഛിതാൎത്ഥാൻ= ഇഷ്ടാൎത്ഥങ്ങളെ, പ്രാൎത്ഥയൻ = പ്രാൎത്ഥിക്കുന്നവനായിട്ടു് (പ്രാൎത്ഥിച്ചുകൊണ്ടു്) ഹേ സഖേ, ഇദാനീം = ഇപ്പോൾ, സമ്പൽപ്രാപ്ത്യൈ = സമ്പത്തിൻെറ (പ്രാകൃതകാൎയ്യസിദ്ധിയുടെ എന്നു ഭാവം) പ്രാപ്തിക്കായി ചെമ്പൊൽക്കുന്നിൻെറ (മഹാമേരുവിൻെറ)പെരുമയെക്കവരുന്ന, അപരേണ ഗോപുരേണ = പടിഞ്ഞാറെ ഗോപുരത്തുടെ, വിരവൊടു = വേണ്ടപോലെ, പുറപ്പെട്ടെഴുന്നള്ളും = പുറപ്പെട്ടെഴുന്നള്ളുക.

50

അപ്പോൾമുൽപാടണയവഴിമേൽക്കാണലാംതേവലത്ത-
ങ്ങപ്പൂപ്പെന്നുന്നിജസഹചരീമുപ്പനഭ്യേതിവാമാം
തൃപ്പാപ്പൂർമൂപ്പഴകുപൊഴിയുംവീരമംഗല്യശംസീ
മുൽപ്പാടപ്പാൽകിമപി ച വലംപാട്ടുപാടുംവിയാനും.

അപ്പോൾ മുൽപ്പാട്ടു് = മുൻഭാഗത്തു്, അണയ = അടുത്തതായി, വഴിമേൽ, വലത്തു്=വലത്തുപുറത്തു്, ഉപ്പൻ=ചകോരം (ചെമ്പോത്തു്) വാമാം = പ്രണയകലഹത്താൽ അനുകൂലയല്ലാതായ, നിജ സഹചരീ = തൻെറ പ്രിയയെ, ഉപ്പൂപ്പെന്നും = ഉപ്പു് ഉപ്പു് എന്നു ശബ്ദിച്ചുംകൊണ്ടു്, (അപ്പൂപ്പെന്നും എന്ന പാഠത്തിൽ അപ്പു്, ഉപ്പു് എന്നു ശബ്ദിച്ചു് എന്നർത്ഥം), അഭ്യേതി = നേരിട്ടു ചെല്ലുന്നു എന്നതു് (ചെല്ലുന്നതു് എന്നൎത്ഥം) തേ=അങ്ങയ്ക്കു്, കാണലാം. ഹേ തൃപ്പാപ്പൂർ മൂപ്പായും അഴകുപൊഴിയുന്ന വീരനായും ഇരിക്കുന്നവനേ, അപ്പാൽ = അതിനപ്പുറത്തു്, മുൽപ്പാട്ടു് = മുൻഭാഗത്തു്, വിയാനം= കുയിൽപ്പക്ഷിയും, മംഗല്യശംസീ = മംഗളത്തെ സൂചിപ്പിക്കുന്നവ

നായിട്ട്, ചപലം = ചാപല്യത്തോടുകൂടിയ വിധത്തിൽ (വസന്തമദത്താൽ എന്ന ഭാവം), കിമപി=എന്തെങ്കിലും, അല്ലെങ്കിൽ അസാമാന്യമാധുര്യത്തോടെ, പാട്ടുപാടും. "കിമപി ച വലമ്പാട്ടു പാട്ടും" എന്ന പാഠത്തിൽ, വലമ്പാട്ട് = വലത്തുഭാഗത്ത്, കിമപി ച = ചിലതൊക്കെ പാട്ടും എന്നർത്ഥം. "വിയാനം"1 എന്ന പാഠത്തിലും അർത്ഥം കയിൽ എന്നുതന്നെ ശബ്ദം "വി അ" എന്ന പ്രാകൃതത്തിൻെറ തൽഭവം. "മംഗല്യശംസീ" എന്നതു് പൂർവാദ്ധത്തിലെ ഉപ്പുനോട്ടം യോജിപ്പിക്കണം.

51

വീണാവാണീംവടിവിനൊടിടത്തങ്ങട്ടുത്തുണ്ണിയാടീ-
മേണാങ്കനും ചെറുതുകുറവാക്കിൻെറവക്ത്രാരവിന്ദാം
ഓണമ്പോലെവിരവിലെഴുനള്ളിന്റു നിന്മേൽത്തദാനീം
കാണാം തൂവെണ്മറു2വൽമലരാൽതൂകിമേവിൻെറവാറ്.

ഇടത്തു് അട്ടത്തു്, ആങ്ങു് = അവിടെ, വീണാവാണിയും, ഏണാങ്കനും = ചന്ദ്രനും, ചെറുതു് = അൽപം, കുറവാക്കിൻെറ=കുറവു വരുത്തുന്ന, വക്ത്രാരവിന്ദത്തോടു കൂടിയവളും ആയ ഉണ്ണിയാടീം = ഉണ്ണിയാടി എന്ന പേരായ യുവതിയെ, ഓണംപോലെ വിരവിലെഴുനള്ളിൻെറ = ഓണക്കാലം പോലെ മനസ്സിന്നു സന്തോഷം നൽകിക്കൊണ്ടു് വന്നുചേരുന്ന നിന്മേൽ തൂവെണ്മറുവൽമലരാൽ = സ്ഫുരിക്കുന്ന വെണ്മറുവലാകുന്ന (വെളുത്ത മന്ദഹാസ) പുഷ്പംകൊണ്ടു തൂകി (പുഷ്പത്തെ തൂകി എന്നർത്ഥം) വടിവിനൊടു് = ഭംഗിയോടെ, മേവിൻവാറ് = മേവുന്ന വിധത്തിൽ, തദാനീം = അപ്പോൾ, കാണാം. അല്ലെങ്കിൽ വിരവിലെഴുനള്ളുന്ന നിന്മേൽ തൂവെണ്മറുവൽ മലരാൽ തൂകി മേവുന്ന വാറ് ഓണംപോലെ കാണാം എന്നു

1 വയാനം പാഠാന്തരം

2 മുറുവൽ—എന്നു മററാരു പാഠം കാണുന്നു. അതാണു ശുദ്ധം.

യോജന. ഓണംപോലെ മനംകുളുൎക്കുന്ന വിധത്തിൽ കാണാം എന്നൎത്ഥം.

52

പിന്നെപ്പൊന്നിന്മെതിയടികഴിച്ചങ്ങുതണ്ടിൽക്കരേറി-
1കന്നൽക്കണ്ണാർമനസിജമതിപ്പെട്ടസേനാസമേതഃ
പുന്നപ്പൂവിൻപരിമളഭൃതാമാരുതേനാനുയാതോ
മുന്നെക്കാണാമിതവിയനടെക്കാവുനീപിന്നിടേഥാഃ.

ഹേ കന്നൽക്കണ്ണാൎക്ക് = കറുത്ത നല്ല കണ്ണുള്ളവൎക്ക് (സുന്ദരികൾക്കു) മനസിജനായവഃന പിന്നെ അങ്ങ് പൊന്നിൻമെതിയടി കഴിച്ചു, തണ്ടിൽ=ഃമനാവിൽ കരേറി, മതിപ്പെട്ട സേനാസമേതഃ= പരിമിതമായ സൈന്യഃത്താടുകൂടിയവനായും, പുന്നപ്പൂവിൻെറ പരിമളത്തെ വഹിക്കുന്ന മാരുതനാൽ അനുയാതനായും (അനുയാത്ര ചെയ്യപ്പെടുന്നവൻ), മുന്നെക്കാണാം = ഒന്നാമതായിക്കാണുന്ന, ഇതവിയ = നല്ല, നടക്കാവു്, നീ പിന്നിടേഥാഃ = പിന്നിട്ടുകൊൾക. കടന്നു പൊയ്ക്കൊൾക എന്നൎത്ഥം.

53

പാലുംനെയ്യുംപരഭൃതഗിരാംവീട്ടുതോറുംകവൎന്നോ
രോമൽപ്പൈതൽക്കിളയളിയിഞാനെൻറചൊല്ലിൻെറ
[പോലേ
പാരേഴിന്നുംപ്രഥമജനനീംപാൽക്കുളത്തിൽക്കളിക്കും
ദേവീ2മേവംതൊഴുകദിവിഷദ്ദ്വേഷിവിദ്വേഷിണീംതാം.

പരഭൃതഗിരാം = കുയിൽമൊഴിമാരുടെ (അൎത്ഥാൽ ആച്ചിമാരുടെ) വീട്ടുതോറും പാലും നെയ്യും കവൎന്നോരു ഓമൽപ്പൈതൽക്കു (ശ്രീകൃഷ്ണനു് എന്നൎത്ഥം) ഞാൻ ഇളയ അളിയി = സഹോദരിയാണു്. (ഇളയളയി എന്ന പാഠത്തിൽ അയി = ഹേ, ഞാൻ, ഇളയൾ = ഇളയവൾ എന്നൎത്ഥം). എന്നു ചൊല്ലുന്നപോലെ = എന്നു

1 കന്നക്കണ്ണാർ എന്നു പാഠാന്തരം.

2 ദുൎഗ്ഗാം എന്നു പാഠഭേദം.

തെളിയിക്കുകയാണോ എന്നു തോന്നുന്നവിധം പാൽക്കുളത്തിൽ കളിക്കുന്ന ദേവിയും (ശ്രീകൃഷ്ണൻകട്ടെടുത്ത പാലൊക്കെയും അനുജത്തിയായദേവി ഒരു കുളത്തിൽശേഖരിച്ചു് അതിൽ കളിക്കുന്നു എന്നോ, സോദരീസോദരന്മാരായ ഞങ്ങൾക്കു പാലു കുറെ പ്രത്യേക പഥ്യമാണെന്നു കാണിക്കുന്നു എന്നോ ഉൽപ്രേക്ഷാസാരം) പാരേഴിന്നും = ഏഴുലോകത്തിന്നും, പ്രഥമജനനീം = ആദിമാതാവും, ദിവിഷദ്വേഷിണീം = ദിവിഷത്തുകളുടെ (ദേവന്മാരുടെ) ദ്വേഷികളെ, (ശത്രുക്കളെ=അസുരന്മാരെ) വിദ്വേഷിപ്പിക്കുന്നവളും (നശിപ്പിക്കുന്നവൾ) ആയ, താം=ആ പ്രസിദ്ധഭഗവതിയെ (പാൽക്കുളങ്ങരക്ഷേത്രത്തിലെ ഭഗവതിയെ), ഏവം=ഇപ്രകാരം, താഴേ (പറയുംപ്രകാരം) തൊഴുക= സ്തുതിച്ചു വന്ദിക്കുക.

54

മേതി* ച്ചൊല്ലുള്ളസുരനിവഹംപാരിൽനിന്നേററിമാററി-
പ്പാതിപ്പട്ടോ ചില ദിവിഷദാംമെയ്വളത്തുന്നമരുന്നേ
കാതിൽപ്പാമ്പുംകനകരുചിതന്തോടയുംചേർത്തുചാർത്തും
മാതസ്ത്രീതദ്ധൃതികലയണിഞ്ഞംബികേകൈതൊഴിന്റേൻ

മേതിച്ചൊല്ലുള്ള=മഹിഷനെന്നു പേരുള്ള, (മേതി = മഹിഷം) അസുരനിവഹ =അസുരക്കൂട്ടത്തെ, (മഹിഷാസുരൻ പലതവണയും ഓരോ രൂപം ധരിച്ചു യുദ്ധംചെയ്തു എന്നു പുരാണം) അല്ലെങ്കിൽ അസുരനെയും അവൻെറ കൂട്ടത്തെയും എന്നർത്ഥം. അസുരൻെറ നിവഹത്തെ എന്നു വിഗ്രഹം. പാരിൽനിന്നു് = ലോകത്തിൽ നിന്നു്, ഏററിമാററി = എടുത്തു കളഞ്ഞതിനാൽ, പാതിപ്പട്ടോ= നീ പാതിയായിപ്പോയോ. മഹിഷാസുര നിവഹത്തെ ഏററിമാററുന്നതിനാലുണ്ടായ ക്ലേശത്താൽ ശരീരം ശോഷിച്ചിട്ടാണോ നീ പാതിയായിപ്പോയതു് എന്നർത്ഥം. ദേവിയുടെ പാതി ശരീരം ശിവൻ വാങ്ങിയതു് ഓർത്തുകൊൾക. ദിവിഷദാം = ദേവന്മാരുടെ, മെയ്വളത്തുന്ന ചില = അനിർവചനീയമായ, മരുന്നേ (അസുരോപദ്രവത്താൽ ചടച്ച ദേവന്മാൎക്കു് ആ ഉപദ്രവം തീർത്തു പുഷ്ടിയുണ്ടാക്കുന്നവളേ, എന്നർത്ഥം) കാതിൽപാമ്പും, (ശിവസ്വരൂപമായ അർദ്ധ

* മേതിൽ പാഠാന്തരം.

ദേഹത്തിൽ) കനകരുചിതം = സ്വർണ്ണപ്രകാശമുള്ളതായ, തോടയും (ദേവീസ്വരൂപമായ അർദ്ധത്തിൽ ചേർത്തു ചാർത്തുന്ന) മാതഃ = മാതാവേ, ശീതദ്യുതികല = ചന്ദ്രക്കല അണിഞ്ഞ അംബികേ കൈതൊഴുന്നേൻ.

55

നേരെചെൻറാൽപ്രിയസഖവിരിഞ്ഞാംബുരാശേരുദാരം
തീരംകാണാംപുകഴംപൊലിവെഴുംവീരർകോനേ
[തദാനീം
ഓരോന്നേൻറനിൻറതുമിതുമുടൻചൊല്ലിവൈകിപ്പതെല്ലാം
പോരാതോകാൺനിഖിലമറിയുന്നിന്നൊടിന്നാട്ടിൽ
[നിന്റ്.

പ്രിയസഖ, പുകഴംപൊലിവ് = കീർത്തിപ്പൊലിമ എഴുന്ന വീരശ്രേഷ്ഠ!, വിരഞ്ഞ് = നോക്കിക്കൊണ്ട്, (ഓരോന്നു നോക്കിക്കൊണ്ട് എന്നർത്ഥം, അല്ലെങ്കിൽ പ്രത്യേകസ്ഥലം ലക്ഷ്യമാക്കിക്കൊണ്ട്) നേരെ ചെന്നാൽ, അംബുരാശേഃ = സമുദ്രത്തിൻെറ, ഉദാരം = ഉൽകൃഷ്ടമായ തീരം, തദാനീം = അപ്പോൾ, കാണാം. നിഖിലം = എല്ലാം അറിയുന്ന നിന്നോട്ട് ഇന്നാട്ടിൽ നിന്ന്, ഓരോന്നേ = ഓരോന്നായി, അതും ഇതും, വീണ്ടും വീണ്ടും നിന്നു ചൊല്ലി വൈകിപ്പതെല്ലാം, പോരാതോ = പോരാത്തതുതന്നെയോ, കാൺക ഓ എന്നതു സംഭാവനയിൽ പോരാത്തതു തന്നെയായിരിക്കാം. അതിനാൽ അധികം പറയുന്നില്ല എന്നു ഭാവം.

56

സത്വംഗംഭീരതവടിവിടമ്പാട്ടരത്നാകരത്വം
മററുംപാർത്താൽതവഗുണഗണംചേർന്നെഴുംവാരിരാശി
തന്നിൽതങ്ങുംതുരഗശിഖിനാഹന്തവെന്തററിടിൻേറാൻ
മന്യേതന്നാൽപ്പെരികൊരുപജീവത്വമില്ലാക്കുമെൻറ്.

സത്വം = അന്തർബലവും മനഃശക്തിയും, ഗംഭീരത = ആഴവും, ഗാംഭീര്യഗുണവും, വടിവിടമ്പാട്ട് = ആകാരവിസ്താരവും പുഷ്ടിയും,

രത്നാകരത്വം=രത്നങ്ങൾക്കു വിളഭൂമിയാകലും, രത്നങ്ങൾക്കിരിപ്പിടമാകലും, അല്ലെങ്കിൽ രത്നങ്ങളിൽ (രമിപ്പിക്കുന്നവയിൽ) വെച്ചു ശ്രേഷ്ഠതയും മറവും നോക്കിയാൽ അങ്ങെയുടെ ഗുണഗണം ചേർന്നൊഴുന്ന വാരിരാശി, തന്നാൽ, പെരിക= നല്ലവണ്ണം, ഒരുപജീവത്വം= ഒരുപജീവനം, ആൎക്കും ഇല്ലെന്ന് മന്യേ = ഉണ്ടാകുന്നില്ലെന്നു ചിന്തിച്ചിട്ടാണോ എന്നു തോന്നും, തന്നിൽ തങ്ങുന്ന തുരഗശിഖിനാ= ബഡവാഗ്നിയാൽ, ഹന്ത = കഷ്ടം, വെന്തററീടിന്റോൻ = വെന്തു നശിക്കുന്നവനാകുന്നതു്. അങ്ങയെക്കൊണ്ടു് സകലൎക്കും ഉപജീവനം സിദ്ധിക്കുന്നു, സമുദ്രത്തെക്കൊണ്ടു് അതു സിദ്ധിക്കുന്നില്ല എന്നു വിശേഷം.

## 57

മണ്ടുമ്മാൻനേർമിഴികൾമദനാ;മന്മഥാരാതിതന്നെ-
*ത്തങ്കൊല്ലത്തിന്നൊരുതിലകമേ തിങ്കൾചൂടുംപിരാനെ
കാൺമൂപിന്നെക്കമലവനിതയ്ക്കിമ്പനേനിൻവിയമ്പേ-
രാളുംകാളീപിതരമെതിരില്ലാതമംഗല്യകീൎത്തേ.

മണ്ടുന്ന മാനിന്റെ മിഴികൾക്കു നേരായ മിഴിയുള്ളവൾക്കു (സുന്ദരികൾക്കു്) മദനൻ (കാമൻ) ആയവനെ, തന്റെ കൊല്ലത്തിന്നു (സ്വന്തം കുലപുരിയായ കൊല്ലം നഗരത്തിന്) ഒരു തിലകമായവനേ, കമലവനിതയ്ക്കു(ശ്രീക്കു) ഇമ്പൻ (പ്രിയൻ) ആയവനെ, (ഐശ്വൎയ്യനിധി എന്നൎത്ഥം) എതിരില്ലാത മംഗല്യകീൎത്തേ (ശുഭമായ കീൎത്തിയുള്ളവനേ) പിന്നെ നിൻ വിയമ്പേരാളും = നിന്റെ വിയത്തമ്പരിൽ (സ്ഥാനപ്പേരിൽ, തൃപ്പാപ്പൂരിൽ, വിയം = സ്ഥാനവലിപ്പം) ആളുന്ന (തൃപ്പാപ്പൂർ വാഴുന്ന എന്നൎത്ഥം) കാളീപിതരം = ഭദ്രകാളിയുടെ പിതാവും തിങ്കളെ ചൂടുന്ന തമ്പുരാനും ആയ മന്മഥാരാതിതന്നെ (ശിവനെ) കാൺമൂ = കണ്ടുകൊള്ളുക. ഇതിൽ സംബോധനകളും അവയോരോന്നിനോടും അടുത്തുള്ള ശിവവിശേഷണങ്ങളും തമ്മിലുള്ള അൎത്ഥബന്ധത്തിന്റെ സ്വാരസ്യവും ഗ്രഹിച്ചുകൊൾക.

---

* തൊങ്കെല്ലം–പാഠാന്തരം.

58

ആനത്തോലോ കൊടിയവിഷമോ വെള്ളമോ വെള്ള
[ലിമ്പോ
മാനോ മീനദ്ധ്വജചുടലയാം 1കണ്ണിലാക്കിന്റെ തിയ്യോ
നീറോ വേറ പറകിൽ മലമാതിന്നു 2നിന്മെ കനക്ക്-
ക്രൂറാവാനോൻറിതവിയതു ചൊല്ലേതു ശീതാംശു-
[മൌലേ.

ഹേ ശീതാംശുമൌലേ = ചന്ദ്രശേഖര, മലമാതിന്ന്=പാർവ്വതിക്ക്, നിന്മെയ് കനക്ക = നല്ലവണ്ണം, ക്രൂറാവാൻ = പങ്കായിത്തീരാൻ, ഇനിയതു = ഉപയുക്തമായ ഒന്ന് ആനത്താലോ, കൊടിയ വിഷമോ = കാളകൂടമോ വെള്ളമോ = ഗംഗയോ, വെള്ളലിമ്പോ= വെളുത്ത അസ്ഥിയോ, മാനോ, മീനധ്വജന്റെ (കാമന്റെ) ചുടലയായ കണ്ണിൽ ആക്കുന്ന=ഭൂം ഭൂം ശബ്ദത്തോടെ ജ്വലിക്കുന്ന തിയ്യോ, വേറെ പറകിൽ = വേറെയൊന്നു പറകയാണെങ്കിൽ, നീറോ= വെണ്ണീറോ (അല്ലാതെയൊന്നും പറയാൻ. കാണുന്നില്ലെന്നു ഭാവം) ഏതു്? അതു ചൊല്ല് = പറഞ്ഞാലും.

59

ശംഭോഗംഗാധരഗിരിസുതാനാഥശീതാംശുമൌലേ
കാമാരാതേഹരഹരജയേത്യുച്ചൈകെരുച്ചനേരം
പൂജാകാലംകഴിയുമളവുമ്മൂർദ്ധ്നിബദ്ധാഞ്ജലിസ്ത്വം
വാഴ്ത്തിക്കമ്പിട്ടരുളതിമുദാ തുമ്പചൂട്ടും പിരാനെ.

ഉച്ചനേരം പൂജാകാലം കഴിയുമളവ് = ഉച്ചപ്പൂജ കഴിയുന്ന സമയത്ത്, ത്വം = അങ്ങ്, മൂർദ്ധ്നിബദ്ധാഞ്ജലിഃ = ശിരസ്സിൽ കൂപ്പിത്തൊഴുതുംകൊണ്ട്, "ശംഭോ ഗംഗാധര ഗിരിസുതാനാഥ ശീതാംശുമൌലേ കാമാരാതേ ഹരഹരജയ" ഇതി എന്നിങ്ങനെ, ഉച്ചൈഃ = ഉറക്കെ വാഴ്ത്തി, തുമ്പചൂട്ടുന്ന പിരാനെ = സ്വാമിയെ (അ

1 കണ്ണിലാക്കിൻറ. 2 നിന്നെക്കനക്ക.

ത്തുപ്പാപ്പൂർത്തോവരെ), അതിമുദാ = അതി പ്രീതിയോടെ, കമ്പിട്ടരുളുക = വന്ദിച്ചുകൊൾക.

60

മാതംഗാനാംകരപരിഗളൽസ്വേദസംസിക്തശീതേ
മാകന്ദാനാംതണലിൽമണലിൽക്കുഞ്ചിഭിശ്ചഞ്ചലാഗ്രൈഃ
പിൻകാലേകംകുടിലശിഥിലം 1പയ്യവെച്ചിട്ടിദാനീം
നിദ്രായന്തേതവവടിവെഴുംവാജിനോരാജസിംഹ.

61

ഇത്ഥംവൈതാളികനുതിഗിരാമന്തരായാമികന്മാ-
രപ്പോഴ് വന്നിട്ടമൃതുപൊലിവാൻകാലമാവേദയേയുഃ
ത്തുപ്പാപ്പൂക്കിൻെറാരുതിലകമേ നീ കഴിച്ചങ്ങതെല്ലാ-
മപ്പോഴേപോയ്യൊഴിമുതലയാലങ്കിതം 2പിന്നിടേണ്ടും:

ഈ ശ്ലോകങ്ങൾ രണ്ടും ഏകവാക്യമാണ്. ഹേ രാജസിംഹ = രാജശ്രേഷ്ഠ, മാതംഗാനാം = ഗജങ്ങളുടെ, കരപരിഗളൽ സ്വേദസംസിക്തശീതേ = കരങ്ങളിൽനിന്നു (തുമ്പിക്കയ്യുകൾ) പരിഗളത്തായ (സ്രവിക്കുന്ന) സ്വേദത്താൽ (വിയർപ്പുവെള്ളം) സംസിക്തവും (നനയ്ക്കപ്പെട്ടതു്) ശീതവും (അതുകൊണ്ടു പ്രത്യേകം തണുത്തിരിക്കുന്നതു്) ആയ, മാകന്ദാനാം തണലിൽ = തേന്മാവുകളുടെ തണലിൽ, മണലിൽ, ചഞ്ചലാഗ്രൈഃ കുഞ്ചിഭിഃ = ഇളകുന്ന അഗ്രങ്ങളോടുകൂടിയും കുഞ്ചിരോമങ്ങളോടുകൂടിയും (ഉറക്കത്തിൽ ഇടയ്ക്കിടയ്ക്കു കുഞ്ചിരോമം ഇളകുന്നതു കുതിരകൾക്കു സ്വഭാവസിദ്ധം) ഏകം പിങ്കാൽ= ഒരു പിൻകാൽ. കുടിലശിഥിലം = അൽപം വളഞ്ഞും അയഞ്ഞും ഇരിക്കുന്ന വിധത്തിൽ, പയ്യ = പതുക്കെ (ബലപ്പെടുത്താതെ) വെച്ചിട്ടു്, തവ = അങ്ങയുടെ, വടിവെഴുന്ന വാജിനഃ = കുതിരകൾ, ഇദാനീം = ഇപ്പോൾ, നിദ്രായന്തേ = ഉറങ്ങുന്നു. ഇത്ഥം = എന്നിപ്രകാരമുള്ള, വൈതാളികനുതിഗിരാം = വൈതാളികന്മാരുടെ (സ്തുതിപാഠകന്മാർ) സ്തുതിവാക്കുകൾക്കു്, അന്തരാ = ഇടയിൽ (സ്തുതിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ എന്നത്ഥം. സംസ്കൃതവ്യാകരണ

1 പയ്യവേ വച്ചിദാനീം . 2 പിന്നിടേഥാഃ

പ്രകാരമുള്ള ഉപപദവിഭക്തിയെ വകവെയ്ക്കാതെ "വൈതാളികൻ തിഗിരാമന്തരാ" എന്നു പ്രയോഗിച്ചിരിക്കുന്നതു ഭാഷയിലെ പദബന്ധക്രമം അനുസരിച്ചാണ് എന്നും അറിഞ്ഞുകൊൾക). യാമികന്മാർ = യാമം (സമയം) നോക്കാനാക്കീട്ടുള്ളവർ അപ്പോൾ വന്നിട്ട് അമൃതുപൊലിവാൻ = അമൃതേത്തിനുള്ള (ഭക്ഷണത്തിന്ന്) കാലം = കാലത്തെ, ആവേദയേയുദ = അറിയിക്കും. ഹേ തൃപ്പാപ്പൂക്ക്, ഇന്ന്, ഇക്കാലത്തു്, ഒരു തിലകമായവനേ നീ, അതെല്ലാം = അമൃതേത്തു മുതലായതെല്ലാം, അതു കഴിച്ച് അപ്പോൾതന്നെ പോയി, മുതലയാൽ അങ്കിതം = അടയാളപ്പെട്ടതായ (മുതലകൾ ധാരാളമുള്ള) പൊഴി പിന്നിടേണ്ടും = കടന്നുപോകണം.

## 62

കോലംകോലും ചമരിനികരംവീയവീയത്തദാനീം
നീലപ്പീലിത്തഴകൾനിഴലാമന്നടക്കാവിലൂടെ
പാലുംതേനുംതൊഴുതമൊഴിമാർമൌലിയാമുണ്ണുനീലീം
ചാലക്കാണ്മാനുഴറുകസഖേപുത്തിടമ്മുന്നിലേതു്.

കോലംകോലും = ഭംഗിയുള്ള, ചമരിനികരം = ചമരിമൃഗങ്ങളുടെ കൂട്ടം (ചമരികൾ ആ പ്രദേശത്തുണ്ടായിരുന്നിരിക്കാൻ തരമില്ലെന്നു തോന്നുന്നവർക്ക് ചാമരക്കൂട്ടം എന്നർത്ഥം) വീയവീയെ = വയിക്കൊണ്ടിരിക്കും വിധത്തിൽ (ഉഴറുക എന്നതിനോടന്വയം) നീലപ്പീലിത്തഴകൾതന്നെ നിഴലായിട്ടുള്ള ആ നടക്കാവിൽകൂടെ (ചാമരം വീയച്ചുകൊണ്ടും തഴകൾ പിടിപ്പിച്ചുകൊണ്ടും ആ നടക്കാവിൽകൂടെ എന്നു സാരം) പാലും തേനും തൊഴുത മൊഴിമാരിൽ (മധുരവാണികളിൽ) മൌലിയായ ഉണ്ണുനീലിയെ ചാലെ നന്നായി കാണ്മാനായി ഹേ സഖേ, തദാനീം = അപ്പോൾ, ഉഴറുക = ഒരുങ്ങിപ്പോവുക. മുന്നിലേതു് = പിന്നെ മുന്നിൽക്കാണുന്ന സ്ഥലം, പുത്തിടം (പുത്തിടമെന്നു പേരുള്ളതാണല്ലോ എന്നർത്ഥം).

63

ചോണാടെല്ലാമ്മുളകുപിരിയ1 ച്ചോഴിയക്കാട്ടചത്താൻ
വേണാട്ടികുന്തിരിമ2മഴിയുംവെച്ചിയൂർച്ചെൻറത്തുണ്ടോ
ചാ:ണകൃന്നീപറവത്തുതികച്ചാത്തന്തൃ3രൽക്കമുണ്ടോ
മാണാക്കിന്നാഞ്ചെറുമ4നെമണക്കാട്ടുപോകായ്കിൽനന്റു്.

64

ആച്ചൻചേലെക്കിഴയഴകിതൊട്ടാച്ചിയാരച്ചതിൻറാം
ത്തുച്ചീലംനീപറവത്തുതനിക്കാട്ടിനുണ്ടോപ്രമേയം
എച്ചിച്ചോറും വിറകുമിടിയേനേട്ടവോരുംകിടങ്ങൂർ-
ത്തച്ചംകാടേവരികതടിയമ്പോകിലൊല്ലാ:ഞ്ഞുതില്ല.

65

ഇന്തപ്പൊന്നുക്കിനിയലഴശല്ലപ്പരേനായിനാരോ
ശന്തപ്പൻപാടവഹളഴശപ്പിള്ളത്തുണ്ഡാംഗികൊണ്ടാർ,
മായസ്സോദീമലഹസകണക്കുണ്ടകോർജ്ജിട്ടകൈകനേ-
ത്തുമ്മസ്സംഫേല്പമൃസരമദഹ്ഹംകണ്ടിനേസാക്കുതാകാ.

ഈ ശ്ലോകങ്ങളാൽ പുത്തിടത്തുണ്ടായിരുന്ന അങ്ങാടിയിൽ മലയാളികളല്ലാത്തവരായ പലരും മലയാളികളിൽ നീചഭാഷ സംസാരിക്കുന്നവരും ഓരോ സംഗതിയെപ്പററി മലയാളവും മററു പല നീചഭാഷകളും പറയുന്നതിനെ അനുകരിച്ചു കാണിച്ചിരിക്കയാണ്. അതിൽ ഓരോരുത്തരും പറയുന്നതിൻെറ ഏതാനുംഭാഗം മാത്രമേ കാണിച്ചിട്ടുള്ളൂ. അതിനാൽ പരസ്പരസംബന്ധമായ യാതൊരത്ഥവും ഇല്ല. എങ്ങനെയന്നാൽ="ചോണാടെല്ലാം മുളകുപിരിയെ" എന്നൊരുവൻെറ, "ചോഴിയക്കാട്ടചത്താൻ" എന്നു മറെറാരുവൻെറ, "വേണാടിനും ധമ്മമിഴിയും" എന്നു വേറൊരുവൻെറ, "വെച്ചൂർ

---

1 'ചോണാട്ടല്ലോ മുളകുപിരിയം' എന്ന പാഠമാണ് ശുദ്ധം.
2 തിരമം ഒരു റേഷൻ നാണയം
3 ഉല്ക്കം (ചുങ്കം) 4 ചെറുമ, നീ.

പോയിട്ടുണ്ടോ" എന്നു പിന്നെയൊരുവൻെറ എന്ന മട്ടിലാണു്. അതിനാൽ അവയ്ക്കു് അനുഗതമായ ഒരത്ഥവും ഇല്ലെന്നറിഞ്ഞു കൊൾക.

66

എൻറീവണ്ണംപഴികൾപറയും1 ഭാഷബന്ധങ്ങളെല്ലാ-
മൊൻെറാൻേറ്റകേട്ടുദിതഹസിതംതോഴനേരേനടന്നാൽ
കൻറുംകുൻറുംപിരിയുമിളമാങ്കണ്ണിമാർമാരനേ നീ
മൻറിൽചാലപ്പുകൾപൊലിവെഴുംവൽക്കലെചെൽക
[പിന്നെ.

എന്നീവണ്ണം, പഴികൾ = നിരർത്ഥകശബ്ദങ്ങൾ പറയുന്ന ഭാഷബന്ധങ്ങൾ = ഭാഷകളുടെ വികൃതസംപ്രദായങ്ങൾ എല്ലാം ഒന്നൊന്നായിക്കേട്ടു്, ഉദിതഹസിതം = ചിരിവന്നുകൊണ്ടുള്ള നിലയിൽ (വികൃതഭാഷ ഹാസ്യരസത്തിൻെറ ഉദ്ദീപകമാണല്ലൊ) ഹേ തോഴ നേരേ നടന്നാൽ പിന്നെ, കൻറും = കിടാവും (മാൻകുട്ടി) കുൻറും = കാടും (വാസസ്ഥാനമായ കാടും എന്നത്ഥം), പിരിയും = വേർവിടുന്ന (തൻെറ കുട്ടിയേയും കാടിനേയും വേർവിട്ടതിനാൽ പരിഭ്രമിക്കുന്ന എന്നത്ഥം). ഇളമാനിൻെറ കണ്ണുപോലെയുള്ള കണ്ണുള്ളവക്കു് (അതിസുന്ദരികൾക്കു്) മാരനായിട്ടുള്ളവനേ! നീ മന്നിൽ, ചാലെ=നല്ലവണ്ണം, പുകൾപൊലിവു് = കീർത്തിപ്പൊലിമ, എഴുന്ന വൽക്കലെ (വക്കലെ) ചെല്ലുക.

67

കുന്ദസ്മേരാനനമതിമുദാ രുഗ്മിണീ കൊങ്കയിന്മേൽ
നന്ദിച്ചീടുംനരകമഥനം നന്ദഗോപസ്യസൂനും,
മന്ദംമ്മന്ദം മധുരമധുരംവേണുമാക്രുജയന്തം
വന്ദിക്കേണം വരഗുണനിധേ വൽക്കലെത്തമ്പിരാനെ.

കുന്ദസ്മേരാനനം = കുന്ദം (മുല്ലപ്പൂവു്) പോലെ സ്മേരം (മന്ദഹാസസഹിതം) ആയ ആനനത്തോടുകൂടിയവനും രുഗ്മിണിയുടെ

1 പാഠബന്ധങ്ങളെല്ലാം.

കൊങ്കയിന്മേൽ അതിമോദത്തോടെ നന്ദിച്ചീടുന്ന നരകമഥനനും (നരകാസുരനെക്കൊന്നവൻ) നന്ദഗോപൻെറ പുത്രനും, മന്ദം മന്ദം = വളരെസ്സാവധാനമായും മധുരമധുരം = അതിമധുരമായും വേണും = ഓടക്കുഴൽ, ആക്രുജയന്തം=വിളിക്കുന്നവനും ആയ വൽക്കലെത്തമ്പുരാനെ, ഹെ വരഗ്ഗുണങ്ങൾക്കു (ഉത്തമ ഗുണങ്ങൾക്കു) നിധിയായിട്ടുള്ളവനേ! ഭവാൻ വന്ദിച്ചുകൊള്ളണം.

68

വേഗേനത്വംവടിവിൽനടകൊണ്ടങ്ങുമുൽപ്പാട്ടുമേവും
കാളിംദേവിംതൊഴുതു പുഴയും പിന്നെ നീ പിന്നിലാക്കി
കോളംബാഖ്യാം നിജകുലപുരീം കൃപകാധീശ്വരാണാം
നാളൊൻറക്കേസമുദയവതീം കാൺക സർവ്വാംഗനാഥ.

ത്വം=അങ്ങു്, വേഗേന നടകൊണ്ടിട്ടു് അവിടെ മുൻഭാഗത്തു മേവുന്ന, കാളീംദേവീം = ഭദ്രകാളീദേവിയെ, തൊഴുതു്, പിന്നെ പുഴയും (പരവൂർപ്പുഴ) പിന്നിലാക്കി=കടന്നുപോയിട്ടു്, ഹേ സർവ്വാംഗനാഥ നീ കോളംബാഖ്യാം = കോളംബം (കൊല്ലം) എന്നു പേരുള്ളതു്, നാളൊൻറക്കേ=ഓരോ നാൾ ചെല്ലുന്തോറും, സമുദയവതീം= അഭിവൃദ്ധിക്കുന്നതുമായ, കൃപകാധീശ്വരാണാം = കൃപകരാജ്യത്തിൻെറ നാഥന്മാരായ, (വഃ എന്നു ചേർക്കുക) നിങ്ങളുടെ നിജകുലപുരീം = സ്വന്തംകുലപട്ടണത്തെ കാൺക. "സർവാംഗനാഥ" എന്നതിൻെറ സ്ഥാനത്തു സർവ്വാംഗനാനാം എന്ന പാഠത്തിൽ സർവ്വാംഗനകളുടേയും സമുദയം (ഗുണാഭിവൃദ്ധി) ഉള്ളതു എന്നുയോജന. സുന്ദരിമാർനിറഞ്ഞതു് എന്നർത്ഥം.

69

ഏഷാഭ്രൂഷാമണിരിവഭുവോ ഹന്ത വേണാടർകോനും
നീയുംപാലിച്ചപഗതഭയം വർദ്ധിതാ നാളിൽനാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാമദ്യമന്യേ
നാണിക്കിൻേറാളമരനഗരീം നാമമാത്രാവശേഷാം.

വേന്നാടർകോനും = വേണാട്ടരാജാവും (ആദിത്യവർമ്മരാജാവിൻെറ ജ്യേഷ്ഠനും വേണാട്ട മൂത്തരാജാവുമായ രവിവർമ്മചക്രവർത്തി എന്നു സാരം) നീയും പാലിച്ചു്, അപഗതഭയം = ഭയംവരാത്തവിധം, നാളിൽനാളിൽ=നാൾതോറും, വർദ്ധിതാ = അഭിവൃദ്ധിയെ പ്രാപിപ്പിക്കപ്പെട്ടതും ഭുവഃഭൂഷാമണിഃഇവ = ഭൂവിൻെറ രത്നാഭരണം പോലെയിരിക്കുന്നതും ആയ, ഏഷാ=ഇതു് (കോളംബപുരി) ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാം=ഇന്ദ്രനാലും ഉപേന്ദ്രനാലും (ഇന്ദ്രാനുജനായ വിഷ്ണുവിനാലും) ക്ഷപിതമായ (നശിപ്പിക്കപ്പെട്ട) ദിതിജോപദ്രവത്തോട്ടു് (അസുരന്മാരുടെ ഉപദ്രവം) കൂടിയതായ (അസുരോപദ്രവങ്ങളെ ഇന്ദ്രനും ഉപേന്ദ്രനുംനശിപ്പിച്ചിട്ടുള്ളതു് എന്നർത്ഥം) അമരനഗരീം = ദേവപുരിയെ (അമരാവതിയെ) നാമമാത്രാവശേഷാം=പേർമാത്രം അവശേഷമുള്ളതാക്കിത്തീർത്തിട്ടു് (അമരാവതിയെന്ന പേർ മാത്രമേ ഒന്നധികമുള്ളൂ എന്ന മട്ടാക്കീട്ടു്) ആദ്യ = ഇപ്പോൾ, നാണിക്കിൻറാൾ=ലജ്ജിപ്പിക്കുന്നവളാണെന്നു്, മന്യേ= ഞാൻ കരുതുന്നു. നാണുക എന്നതിൻെറ പ്രയോജകരൂപമാണു നാണിക്കുക. നാണിക്കിൻറോൾ എന്നു നഗരിയിൽസ്ത്രീത്വം ആരോപിച്ചുംകൊണ്ടുള്ള വ്യവഹാരം.

## 70

ചോങ്കുംചമ്പ്രാണിയുമുടനുടൻവന്നചോണാടനുംകൊ-
ണ്ടാക്രാമന്തീജലധിമഖിലം നിന്നുടേ കീർത്തിപോലെ
പൊന്നേടാനാമ്മണിമകുടമാം നാവുകൊണ്ടെച്ചിലാക്കി-
ക്കൂടക്കൂടക്കടലിൽ മുഴുകിച്ചുംബ്യജാൻ ഖേദയന്തീ.

ചോങ്ക്, ചംപ്രാണി, ചോണാടൻ എന്നതു മൂന്നും കപ്പൽ പത്തേമ്മാരി മുതലായ ജലവാഹനങ്ങളുടെ വകഭേദങ്ങളാണു്. ചോങ്കും ചംപ്രാണിയും ഉടനുടൻ വന്നുചേരുന്ന ചോണാടനും, കൊണ്ടു് = കയ്ക്കൊണ്ടു് (സ്വീകരിച്ചു് എന്നർത്ഥം. ആ വക കപ്പലുകൾ വഴിയായി എന്നു സാരം) ജലധിം=അഖിലംസമുദ്രം മുഴുവനും, നിന്നുടെ കീർത്തിയെപ്പോലെ, ആക്രാമന്തീ = ആക്രമിച്ചുംകൊണ്ടിരിക്കുന്നതും (അങ്ങയുടെ കീർത്തി സമുദ്രത്തിൻെറ മറുകരയിൽപ്പോലും

എത്തീട്ടുള്ളതുപോലെ ഈ നഗരിയും അകിൽ മുതലായതു കയററി ക്കൊണ്ടു പോകുക എന്ന സംഗതിവഴിക്കു മറുകരകളെ പ്രാപിച്ചിരിക്കുന്നു എന്നൎത്ഥം. നഗരിയുടെ മഹിമ അവിടെയെല്ലാം എത്തിയിട്ടുണ്ടെന്നു സാരം) ഇങ്ങനെ നഗരിയുടെ വിസ്താരം കാണിച്ചതിന്നു ശേഷം "പൊന്മേടാനാം" എന്നതു മുതൽക്കു ഔന്നത്യം കാണിക്കുന്നു. പൊന്മേടകളുടെ മണിമകുടം (താഴികക്കുടം) ആകുന്ന നാവു കൊണ്ടു്, അംബുജാൻ = ചന്ദ്രബിംബങ്ങളെ എച്ചിലാക്കീട്ടു്, കൂടക്കൂടെ കടലിൽ മുഴുകിച്ചു്, ഖേദയന്തി = ക്ലേശിപ്പിക്കുന്നതും ആകുന്നു. (ഏഷാ എന്നതു് ഈ ശ്ലോകത്തിലും ചേൎക്കുക) ചന്ദ്രൻ കൂടക്കൂടെ കടലിൽ താഴുന്നതു് ഈ നഗരി നക്കി ശരീരം എച്ചിലാക്കി അശുദ്ധപ്പെടുത്തിയതിനാൽ കുളിക്കുന്നതാണു് എന്നു ഭാവം.

71

രമ്യശ്രീമന്നയനസുഭഗമ്മററുമോരോപദാൎത്ഥ-
ന്നാട്ടാർവൎണ്ണിപ്പതുപുനരിദംകേവലംകൊല്ലമെൻറു്,
എൻറാലീരേഴുലകിലുമിതിന്നൊപ്പമില്ലെൻറുചൊൽ-
[വാൻ
1തൊല്ലംകൊല്ലംഭവതുനിതരാംപിന്നെയുംകൊല്ലമേവ.

രമ്യശ്രീമന്നയനസുഭഗം = രമ്യയായ ശ്രീയുള്ളതും നയനങ്ങൾക്കു് സുഭഗവും (കാണ്മാൻ ഭംഗിയുള്ളതും) ആയിരിക്കുന്ന മററു ഓരോ പദാൎത്ഥത്തെ (വസ്തുവിനെ) നാട്ടാർ = ജനങ്ങൾ, വൎണ്ണിച്ചുവരുന്നു. ഇദംപുനഃ = ഇതിനെയാകട്ടെ, കേവലം കൊല്ലം എൻറു് = കൊല്ലം എന്നുമാത്രം പറയുന്നു. എന്നാൽ ഈരേഴുലോകത്തിലും ഇതിന്നു തുല്യമായിപ്പറവാൻ ഒന്നില്ല. (അങ്ങിനെയാണു വസ്തുസ്ഥിതി എന്നു സാരം) അതുകൊണ്ടു കൊല്ലം കൊല്ലമായിത്തന്നെ, ഭവതു നിതരാം = ഇരുന്നുകൊള്ളട്ടെ. പിന്നെയും കൊല്ലം ഏവ = വീണ്ടും കൊല്ലം തന്നെയായിരിക്കട്ടെ. എപ്പോഴും കൊല്ലത്തെ കൊല്ലം എന്ന വാക്കുകൊണ്ടല്ലാതെ ഗുണാധിക്യവാചകമായ മറെറാരു

1 കൊല്ലം കൊല്ലം എന്നു പാഠാന്തരം കുറേക്കൂടി ശുദ്ധം.

വാക്കുകൊണ്ടോ മററൊന്നിനോടു സാദൃശ്യപ്പെടുത്തിയോ ശരിയായി പറവാൻ സാധിക്കുന്നതല്ല എന്നർത്ഥം. "കൊല്ലം കൊല്ലം ഭവതു" എന്ന പാഠത്തിൽ തൊല്ലം = പഴയ, പഴയ കൊല്ലം പിന്നെയും കൊല്ലമായിത്തന്നെ ഇരിക്കട്ടെ എന്നു അന്വയാർത്ഥം.

72

വീണാവാണീംവിപുലജഘനാം താമ്രബിംബാധരോഷ്ഠീം
ക്ഷീണാംമദ്ധ്യേ കിസലയമൃദുസ്നിഗ്ദ്ധമുഗ്ദ്ധാംഗരേഖാം
പൂണാർകൊങ്കക്കലശനമിതാംമിക്ക വെള്ളൂർവിളങ്ങും
നാണീം കാണാംവഴിയിലുടനേ വന്നുനിൽക്കിൻറവാറു്.

വീണാവാണിയും വിപുലജഘനയും (വിസ്താരമുള്ള ജഘനപ്രദേശത്തോടുകൂടിയവൾ) താമ്രബിംബാധരോഷ്ഠിയും (തുടുത്തതൊണ്ടിപ്പഴംപോലെയുള്ള അധരോഷ്ഠമുള്ളവൾ) മദ്ധ്യത്തിൽ ക്ഷീണയും (കൃശമദ്ധ്യയായവൾ) കിസലയം (തളിർ) പോലെ മൃദുവും സ്നിഗ്ദ്ധവും മുഗ്ദ്ധവും (മനോഹരം) ആയ അംഗരേഖാം (ശരീരയഷ്ടി) യുള്ളവളും, പൂണാർകൊങ്കക്കലശനമിതയും (നല്ലവണ്ണം പൂണുന്നവയായ = പരസ്പരം ഉരുമ്മുന്നവയായ കൊങ്കക്കലശങ്ങൾകൊണ്ടു നമ്രാംഗിയായവൾ) ആയ മികച്ച (ധാരാളം സമ്പത്തുള്ള) വെള്ളൂർ എന്ന പേരുള്ള ഗൃഹത്തിൽ വിളങ്ങുന്ന നാണിയെ (നാണി എന്ന പേരായ സ്ത്രീ) വഴിയിൽ ഉടനെ വന്നു നില്ക്കുന്നതായിക്കാണാം. അവിടുത്തെ എഴുന്നള്ളത്തു കാണ്മാനായി വഴിയിൽ വന്നുനില്ക്കുന്നതു് എന്നു താല്പര്യം.

73

വാരിപ്പൊക്കിപ്പുഴവുംമടയും ചക്കയും നൽക്കരിമ്പും
മേരുക്കുൻറിൽ പരിചുമരുവും* ബാലകം ചന്ദ്രമൌലേഃ
മൂരിത്തിട്ടെക്കുഴകുപൊഴിയിക്കിൻറ മാതംഗവക്ത്രം
ചാരച്ചെൻറങ്ങടിമലരിൽവീണഞ്ജസാ കൈതൊഴേണ്ടും.

* മേരുക്കുൻറിൽ പരിചഴകെഴും എന്നു പാഠാന്തരം.

വഴവും അടയും ചക്കയും നല്ല കരിമ്പും വാരി പൊക്കി = ഒന്നായി ഭക്ഷിച്ചു മേരുപർവ്വതംപോലെ (വളരെ വലുതായി എന്നർത്ഥം) മരുവുന്ന, ചന്ദ്രമൌലേഃ ബാലകം = ശിവന്റെ പുത്രനായ, മൂരിത്തിട്ട എന്ന സ്ഥലത്തിന്നു് അഴകു വർദ്ധിപ്പിക്കുന്ന, മാതംഗവക്ത്രനെ (ഗണപതിയെ) ചാരച്ചെന്നു് = അടുത്തുചെന്നു്, അടിമലരിൽ അഞ്ജസാ = വേഗത്തിൽ വീണു കൈതൊഴണം.

## 74

നേരേപിന്നെ പ്രിയസഖ *പനങ്ങാവനത്തിന്നകംപു-
ക്കാരാവംകൊണ്ടഖിലജഗതാം ഭൈരവീംഭൈരവീംതാം,
നീരാന്നീടും കരിമുകിൽനിറംകൊണ്ടു നിൻമൂലതായെ-
ക്കോരിച്ചോരിക്കടൽ പെരുകുമാക്കാളിയെക്കൈ
[തൊഴേണ്ടും.

ഹേ പ്രിയസഖ! പിന്നെ നേരേ പനങ്ങാവനം എന്ന സ്ഥലത്തു പ്രവേശിച്ചു്, ആരാവംകൊണ്ടു് = അലർച്ചകൊണ്ടു്, അഖിലജഗത്തുകൾക്കും ഭൈരവിയായ (ഭയങ്കരിയായ) ആ ഭൈരവിയും = ഭൈരവിയെന്നു പ്രസിദ്ധയും, നീരാന്നീടുന്ന = ജലംനിറഞ്ഞ, കരിമുകിലിന്റെ = കാർമേഘത്തിന്റെ നിറമുള്ള, നിൻമൂലതായും = നിന്റെ പരദേവതയും ആയ, ചോരിക്കടൽ പെരുകുമക്കാളിയെ = ചോരക്കടൽ നിറയുന്ന (ചോര കുടിച്ചു നിറയുന്ന എന്നർത്ഥം.) അസുരന്മാരെക്കൊന്നു ചോര കുടിക്കുന്ന നിലയിൽ പ്രതിഷ്ഠ ചെയ്തിട്ടുള്ള എന്നു സാരം. ആ ഭദ്രകാളിയെ കോരിക്കൈതൊഴേണം.

## 75

അപ്പോഴാതിച്ചപുരമമരിൻറപ്പനെക്കൈവണങ്ങി-
ത്തപ്പാപ്പൂക്കിന്റൊരു തിലകമേ നീ നടപ്പോരുനേരം,
താനത്തിന്നായ്ത്തദനു ചുഴലപ്പൂക്കൾ സേവിച്ചു നിന്നെ-
പ്പോമേഭട്ടാരകൻകീലവിപക്ഷാസികാഃ പൂജ്യപാദാഃ.

* പനങ്ങാവനം നീയകംപുക്കു് എന്നു പാഠാന്തരം.

അപ്പോൾ = ആ സമയത്തുതന്നെ (ഉടൻതന്നെ എന്നർത്ഥം) ആതിച്ചപുരം = ആതിച്ചനല്ലൂർ എന്ന സ്ഥലത്ത് അമരുന്ന ദേവനെക്കൊണ്ടുണങ്ങിട്ട് ഫേ തൃപ്പാപ്പൂക്ക് ഇക്കാലത്തു ഒരു തിലകമായിട്ടുള്ളവനെ നീ നടക്കുന്ന സമയത്ത്, തദനു = ഉടൻതന്നെ, പൂജ്യപാദാഃ = ഏററവും പൂജ്യന്മാരും, വിപക്ഷ്യാസികാഃ = പ്രതിവാദികളെ ഖണ്ഡിക്കുന്നവരും [ശാസ്ത്രവാദത്തിൽ എതിരിട്ടുന്നവരെ തോല്പിക്കുന്നവർ എന്നർത്ഥം] ആയ ഭട്ടാരണർകില = ഭട്ടബ്രാഹ്മണരാകട്ടെ [ശാസ്ത്രജ്ഞാനത്തിൻെറ പൂർത്തിയാൽ ഭട്ടൻ എന്ന സ്ഥാനം സമ്പാദിച്ചിട്ടുള്ള ബ്രാഹ്മണർ] താനത്തിന്നായ് = വേദശാസ്ത്രങ്ങളിലുള്ള യോഗ്യതയെ അഭിനന്ദിച്ചുകൊടുക്കുന്ന ദാനത്തിന്നായി നിന്നെ, ചുഴലപ്പുക്ക് = ചുററും പ്രാപിച്ച്, സേവിച്ചുപോമേ = പോകും നിശ്ചയം.

## 76

അർത്ഥിശ്രേണിക്കഭിമതഫലം നൽകുവാൻ പാരിജാതം
വിദ്വാൽ പത്മാകരദിനകരം വിശ്വലോകൈകദീപം,
മുററിക്കൂട്ടും പെരിയ പരചക്രേഷു ചക്രായമാണം
ക്ററക്കാർ മൽപുരികുഴലിമാർമാരനെക്കാൺക പിന്നെ.

പിന്നെ, അർത്ഥിശ്രേണിക്ക് = യാചകസമൂഹത്തിന്ന്, അഭിമതഫലം = ഇഷ്ടമായ ഫലം (ഓരോരുത്തർക്കും ആവശ്യമുള്ളതെല്ലാം എന്നർത്ഥം), നൽകുവാൻ പാരിജാതം = കല്പവൃക്ഷമായവനും, വിദ്വാന്മാരാകുന്ന പത്മാകരങ്ങൾക്കു (താമരപ്പൊയ്കകൾ) ദിനകരനും (സൂര്യൻ) വിശ്വലോകങ്ങൾക്കും (എല്ലാ ലോകങ്ങൾക്കും) ഏകദീപവും (എല്ലാലോകങ്ങളിലും പ്രകാശമുണ്ടാക്കുന്ന ഒററദ്ദീപമെന്നർത്ഥം), മുററി = പൂർണ്ണരായിത്തന്നെ കൂട്ടുന്ന പെരിയ, പരചക്രങ്ങളിൽ = ശത്രുമണ്ഡലങ്ങളിൽ, ചക്രായമാണനും = സുദർശനചക്രംപോലെ ഇരിക്കുന്നവനും (സുദർശനംപ്പോലെ ശത്രുചക്രത്തെ ഭസ്മമാക്കുന്നവൻ എന്നർത്ഥം) ആയ കററക്കാർ മൽപ്പുരികുഴലിമാരനെ = കറുത്ത കാറിനോട്ടു മല്ലിടുന്ന പുരികുഴൽ (തലമുടി) ഉള്ള സ്ത്രീകൾക്ക് (സുന്ദരികൾക്ക്) മാരനായിട്ടുള്ളവനേ (പ്രകൃതത്തിൽ രവിവമ്മ

ചക്രവത്തിയെ എന്നർത്ഥം) അതു് അടുത്ത ശ്ലോകത്താൽ സ്പഷ്ടമാകും. കാൺക = കണ്ടാലും.

77

വേലപ്പെണ്ണിന്നഴകുപൊഴിയും കണ്ണനെപ്പോരിൽ മാറ്റാർ
മൂലത്തിന്നേ മുടിവിനൊരു മുക്കണ്ണനെപ്പുണ്യകീർത്തേ
വേരിച്ചൊല്ലാർമനസിജകയൽക്കണ്ണനെച്ചെൻറുനേരേ
കോരിക്കൈക്കൊള്ളപ്പുടനിരവിവർമ്മാഖ്യ വേണാടർകോനേ.

വേലപ്പെണ്ണിനു് = ലക്ഷ്മീദേവിക്കു്, അഴകുപൊഴിയുന്ന കണ്ണനം = വിഷ്ണുവും, പോരിൽ മാററാരുടെ (ശത്രുക്കളെ) മൂലത്തിന്നുതന്നെ, മുടിവിനു് = നാശത്തിനു്, ഒരു മുക്കണ്ണനം = ശിവനും, കയൽക്കണ്ണനം = മത്സ്യത്തെപ്പോലെയുള്ള കണ്ണോടുകൂടിയവനും, (സുന്ദരൻ) ആയ ഇരവിവർമ്മാഖ്യവേണടർ കോനെ = രവിവർമ്മനെന്ന പേരായ വേണാട്ടുമഹാരാജാവിനെ, ഹേ പുണ്യകീർത്തേ, വേരിച്ചൊല്ലാക്കു് = പൂന്തേൻമൊഴിമാർക്കു് മനസിജനായും, (കാമൻ) ഇരിക്കുന്നവനേ! നീ ഉടൻ നേരെച്ചെന്നു് കോരിക്കൈക്കൊള്ളു = കോരിത്തൊഴുതാലും.

78

അസ്മദ്വാർത്താംമുഴുവനറിയിപ്പിച്ചു മാമ്പള്ളിയേക്കൊ-
ണ്ടല്പസ്മേരാനമിതവദനം വീര നിൽപ്പോരു നേരം,
മൂന്നേ നമ്മിൽക്കനിവു കനമുണ്ടാകയാൽപ്പോകപോകെ-
ന്റന്നേ നിന്നോടവനവനിപാലകെവീരോ വിരഞ്ഞും.

ഹേ വീര! മാമ്പള്ളിയെക്കൊണ്ടു് = രവിവർമ്മമഹാരാജാവിൻെറ സേവനായ മാമ്പള്ളിപ്പണ്ടാരത്തിനെക്കൊണ്ടു്, അസ്മദ്വാർത്താം = നമ്മുടെ വർത്തമാനത്തെ മുഴുവൻ അറിയിപ്പിച്ചു് (മഹാരാജാവിനെ ധരിപ്പിച്ചു്) അല്പസ്മേരാനമിതവദനം = അൽപം പുഞ്ചിരിയോടുകൂടിയതും ആനമിതവും (കുമ്പിട്ടതു്) ആയ മുഖത്തോടെ (മഹാരാജാവു് മാന്യനായ ജ്യേഷ്ഠഭ്രാതാവാകയാലും ശൃംഗാരവൃത്താന്തമാകയാലും

ലജ്ജ) നീ നിൽക്കുന്ന സമയത്തു്, അവനിപാലൈക വീരനായ അവൻ = ആ മഹാരാജാവു്, നമ്മിൽ=എൻെറ പേരിൽ, മുന്നേ=മുമ്പിൽത്തന്നെ, കനിവു് കനം = നല്ലവണ്ണം, ഉണ്ടാകയാൽ=ഉള്ളതു കാരണത്താൽ, നിന്നോടു് വിരിഞ്ഞും = ധൃതിപ്പെട്ടുതന്നെയും, അന്നേ = അന്നുതന്നെ പോക പോക എന്നു്, കൽപിക്കുമെന്നു ധരിക്കുക.

79

രത്നശ്രേണീകനകനികരം കാഴ്ചയുംവെച്ചു കാണ്മാൻ
തിക്കിക്കൂട്ടുംപുനരറികിലോ നാവികാനാം നികായം,
അപ്പോഴേ നീ നരവര പുറപ്പെട്ടുമൂവന്തിനേരം
മുച്ചന്തിക്കൽച്ചുഴലമരുവും വാണിയം കാണ്കപിന്നെ.

പുനഃ അറികിലോ = പിന്നത്തെ സംഗതി അറിയുന്നതാണെങ്കിൽ, നാവികാനാം നികായം = കപ്പൽക്കാരുടെ സമൂഹം, രത്നശ്രേണീ കനകനികരം=രത്നപംക്തികളും സ്വർണ്ണക്കൂട്ടവും കാഴ്ചയും വെച്ചുകാണ്മാൻ (മഹാരാജാവിനെക്കാണ്മാനെന്നർത്ഥം) തിക്കിക്കൂട്ടും. അതാണു് സംഭവിക്കുന്നതു് എന്നു സാരം. അല്ലെങ്കിൽ നാവികന്മാരുടെ സമൂഹം അങ്ങു് അവിടെ എത്തിയതറിഞ്ഞാൽ കാഴ്ച വെച്ചു കാണ്മാനായി തിക്കിക്കൂട്ടും എന്നർത്ഥം. ഹേ നരവര! നീ അപ്പോഴേ പുറപ്പെട്ടു പിന്നെ, മൂവന്തിനേരം = സന്ധ്യാകാലത്തിനടുത്തു്, മുച്ചന്ത എന്ന സ്ഥലത്തു് ചുററും ഇരിക്കുന്ന, വാണിയം=കച്ചവടസ്സാമാനം, കാൺക.

80

തട്ടും കട്ടിൽ കയറു വലകൈക്കട്ടിൽമഞ്ചട്ടി കൊട്ട-
മൊട്ടും മുട്ടിൽക്കരയുമരിയും പെട്ടിയും പട്ടുനൂലും,
ആട്ടും ചാട്ടും കുടയുമടയും പഞ്ഞിയും മുഞ്ഞവരും
നൂറും ചോറും ചുറയുംമറയും കാരിരുമ്പും കരിമ്പും.

81

ക്രൂരൻചോഴൻ പഴവരികറകൊങ്ങണം വെണ്ണ കണ്ണൻ
മോടൻ കാടൻ കുരുവ കൊടിയൻ പങ്കിപൊക്കാളി
[ചെന്നെൽ
ആനക്കോടൻ കിളിയിറകനങ്ങാരിയൻ വീരവിത്തൻ
കാണാം മററും പലവിധമുടൻ നെല്ലു കല്യാണകീർത്തേ.

82

കോലാമൂങ്ങൻചൂറകുകൊഴമീൻകൊഞ്ചുപാംപാടപുന്മീൻ
ചേർമീന്നാരൽച്ചുറകുകരിമീൻകെണ്ടൽമീനങ്ങികണ്ടി,
ക്രൂമീൻചേർമീനയില ഞെരിമീൻ ചൂളകൻ പാളനന്തൻ
മററും മീനിൻനിരകളവിടെക്കാണലാം വിൽക്കമാറു്.

83

ഏലം കോലം കടുകു തകരം കുന്തിരിക്കന്തിരിക്കം,
ചോനപ്പുല്ലും ചുകിലുമകിലുംനാകുലം തുത്തിനാകം,
തീമ്പൂ കഞ്ചാവുലുവവിടയം മാഞ്ചിമഞ്ചട്ടി കൊട്ടം
ചാതിക്കായും പലവുമവിടെക്കാണലാം തേ മരുന്നും.

ഈ ശ്ലോകങ്ങളുടെ അർത്ഥം സ്പഷ്ടം. 80-ൽ ചാട്ടു് = വണ്ടി ചുറ = കൊത്തമല്ലി, അറ = തെരശ്ശീല. 83-ൽ കുന്തിരി, കന്തിരി ചുകിൽ = കുങ്കുമപ്പൂവു്. നാകുലം = അരത്ത.

84

കസ്തൂരിക്കൊണ്ടിരുപതുപണംകത്തികൊണ്ടുള്ളിതാന്നീ
പത്തുരിക്കോപുടവ പുറമെന്തുണ്ടു നിങ്കയ്യിൽ മിച്ചം,
പത്തോകൊണ്ടു പുരിചപനിനീർമററുമുന്നേളു നല്ലു
കുത്തോകാചൊന്റിതിനുതരമൊഞ്ചൊല്ലു നീ കാരിത്തേവാ.

85

ചക്കിന്നുണ്ടോ പരിചതുവന്തുച്ചക്കടിക്കെട്ടകാച്ചു
ണ്ടക്കോൽ കൊണ്ടാമിളകുതരകിന്നക്കടൊനമ്പിയാടീ,
ചിക്കാണിഭസ്സാദ്ധ്വഹന്നശിതിയോ പാരിതായാരെയോ-
കുക്കാകുജ്ജീകളിരികുനിയസ്സുഷമിതുവേമെണ്ണോഹ.

ഈ ശ്ലോകങ്ങൾ പല ഭാഷക്കാരായ കച്ചവടക്കാരുടേയും സംഭാഷണങ്ങളുടെ ഓരോ ഭാഗം മാത്രം അനുകരിച്ചിരിക്കുന്നതാണു് എങ്ങിനെയെന്നാൽ = കസ്തൂരിക്കു 20 പണം വിലയുണ്ടു് എന്നൊരുവൻ; കസ്തൂരിയുടെഗുണം നോക്കാൻ ഉള്ളികത്തിയിന്മേൽ തേച്ചുതായോ എന്നു മറെറാരുവൻ; അതിനോട്ടു് യാതൊരു ബന്ധവുമില്ലാതെ "പുടവ പുത്തുരിക്കായി വാങ്ങുന്നതാണോ" എന്നു വേറൊരുവൻ. അതിനാൽ ആ ശ്ലോകങ്ങൾക്കു് അന്വിതമായ അർത്ഥമില്ലെന്നറിക.

86

ഇത്ഥംവില്ക്കും വിവിധവിപണിദ്രവ്യഭാഷാ വിശേഷാൻ
കണ്ടാകേട്ടുംപഴകിമുഴവൻ കൌതുകംവിട്ടുനീ പോയ്
ചിന്തിച്ചേററം മമസഹചരീം വേഗവാനാകിലും ചെ-
ന്റന്തിക്കാലം നരവര കരിപ്പൂക്കളം പൂകപിന്നെ.

ഇത്ഥം = മുൻ പദ്യങ്ങളാൽ കാണിച്ചപ്രകാരം; വില്ക്കുന്ന വിപണിദ്രവ്യങ്ങളേയും (പലതരം കച്ചവടസ്സാമാനങ്ങൾ) ഭാഷാവിശേഷങ്ങളേയും കണ്ടും കേട്ടും മുഴവൻ പഴകി കൌതുകംവിട്ടു് = പഴകിയതിനാൽ ആദ്യത്തിൽ ഉണ്ടായ ആശ്ചര്യവും ഹാസ്യവും തീന്നതിന്നുശേഷം നീ പോയിട്ടു്, മമ സഹചരീ=എന്റെ പ്രിയതമയെ ചിന്തിച്ചു് (പ്രിയതമയുടെ കഷ്ടാവസ്ഥയോത്തു് എന്നത്ഥം) ഏററം വേഗവാൻ = വേഗത്തോടുകൂടിയവൻ ആകിലും, ഹേ നരവര പിന്നെ, അന്തിക്കാലം = സന്ധ്യാകാലത്തു് കരിപ്പൂക്കളം എന്ന സ്ഥലത്തുചെന്നു പൂക = പ്രവേശിക്കുക.

87

അപ്പോഴുദ്യൽക്കുളുർമതിമുഖീ മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാചാരുതാരാശ്രമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാം തന്നെയന്വേതിസന്ധ്യാ.

അപ്പോൾ ഉദ്യത്തായ (ഉദിക്കുന്ന) കുളുർമതിയാകുന്ന മുഖത്തോടുകൂടിയതും, (ഉണ്ണുനീലിപക്ഷത്തിൽ ഉദ്യത്തായ കുളുർമതിപോലെയുള്ള മുഖത്തോടുകൂടിയവളും) മേഘരാഗമാകുന്ന (മേഘങ്ങളുടെ ചൊവപ്പുനിറം) അധരോഷ്ഠത്തോടുകൂടിയതും, മറേറപക്ഷത്തിൽ മേഘരാഗംപോലെയുള്ള അധരോഷ്ഠമുള്ളവൾ) ചൂഴത്താഴുന്ന (ചുററും താഴുന്ന) തിമിരം (ഇരുൾ) ആകുന്ന ചികുരത്തോടു (തലമുടി) കൂടിയതും [പക്ഷാന്തരത്തിൽ തിമിരംപോലെയുള്ള ചികുരമുള്ളവൾ] ചാരുക്കളായ [ഭംഗിയുള്ള] താരകൾ [നക്ഷത്രങ്ങൾ] ആകുന്ന ശ്രമാംബുക്കളോട് [വിയർപ്പുതുള്ളികൾ] കൂടിയതും [പക്ഷാന്തരത്തിൽ താരകൾപോലെയുള്ള ശ്രമാംബുക്കളോടുകൂടിയവൾ] കിഞ്ചിൽ കാണാം = അല്പം കാണുന്ന, കുമുദഹസിതത്തോട് [ആമ്പലിന്റെ വികാസം] കൂടിയതും [കുമുദംപോലെയുള്ള ഹസിതത്തോടുകൂടിയവൾ എന്നു പക്ഷാന്തരത്തിൽ] ആയ സന്ധ്യ, കാമക്രീഡാരസവിലുളിതാം = കാമക്രീഡാരസത്താൽ അംഗങ്ങൾക്കിളക്കം തട്ടിയവളായ, എന്നുണ്ണുനീലീംതന്നെ = എന്റെ ഉണ്ണുനീലിയെത്തന്നെ, അന്വേതി നൂനം = അനുസരിക്കുന്നതാണ് നിശ്ചയം.

88

അന്തിത്തേവാരവുമശനവും ശാവ്വരഞ്ചാപി കൃത്വാ
ബന്ധുസ്നേഹാദിദമപനയൻ നിദ്രയാ യാനഖേദം
സിന്ധുദ്വീപംപ്രതി യദുപതേ പോവതിന്നൊട്ടുരാവേ
വന്ദിശ്രേണീ മധുരവചനം കേട്ടെഴുന്നീൽക്കപിന്നെ.

അന്തിത്തേവാരവും ശാർവ്വരമായ (രാത്രിയിലുള്ളതു്) അശനവും കൃതപാഥ അപി = ചെയ്തിട്ടും, ബന്ധുസ്നേഹാൽ = ബന്ധുസ്നേഹം നിമിത്തമായിട്ടുള്ള, ഇമം യാനഖേദം = ഈ യാത്രാഖേദത്തെ, നിദ്രയാ = നിദ്രകൊണ്ടു്, അപനയൻ = തീക്കുന്നവനായിട്ടു [തീത്തിട്ടു്] ഹേ യദുപതേ =യാദവവംശരാജാവേ! സിന്ധുദ്വീപത്തെക്കുറിച്ചു പോവതിന്നായി പിന്നെ, ഒട്ടുരാവേ = ഒട്ടുരാവിൽത്തന്നെ (പ്രഭാതത്തിന്നു മുമ്പിൽത്തന്നെ) വന്ദിശ്രേണികളുടെ [സ്തുതിപാഠകസമൂഹത്തിൻെറ] മധുരവചനം കേട്ടു് എഴുന്നേൽക്ക.

89

കൂടപ്പിന്നെക്കുളിവയറയിട്ടങ്ങു തേവാരവും പു-
ക്കീടിക്കൂട്ടും ദ്വിജപരിഷദേ നിത്യദാനം വിധായ
കേടററീടും ഗ്ഗുണഗണനിധേ ചാരുമാഭാരതം കേ-
ട്ടോടിക്കൊണ്ടങ്ങഴകിലെഴുന്നള്ളീട്ടു സംഗ്രാമധീര.

കൂടപ്പിന്നെ = എഴുന്നേററതോടുകൂടിത്തന്നെ, ഉടനെ, അങ്ങു് = അവിടെ, കുളിയും വയറയിട്ടു, തേവാരവും പുക്കു് = കഴിച്ചു്, [വയറയിട്ടു തേവാരം ചില രാജാക്കന്മാരുടെ കുലാചാരമാണു്] ഈടിക്കൂട്ടും, വീണ്ടും വന്നുചേരുന്ന, ദ്വിജപരിഷദേ = ബ്രാഹ്മണസമൂഹത്തിന്നു് നിത്യനിദാനം, വിധായ = ചെയ്തു്, ചാരുവായ മഹാഭാരതം കേട്ടു=വായിപ്പിച്ചുകേട്ടു്, ഹേ കേടില്ലാത്ത ഗ്ഗുണഗണങ്ങൾക്കു നിധിയായവനേ, സംഗ്രാമധീര! ഓടിക്കൊണ്ടു് = വേഗത്തിൽ, അഴകോടെ എഴുന്നള്ളീട്ടു.

90

പിന്നെപ്പാശ്വേ പുതിയപൊഴിയും തോഴ പൂക്കൈത
[തയും നീ
പിന്നിട്ടമ്പിൽത്തൊഴുതു വഴിമേൽ പന്മനെത്തമ്പിരാനേ
ചിന്നച്ചാത്തിൻകുരലിൽ മുരളും കാളവും കൊമ്പുമെല്ലാം
മുന്നിൽത്തൊങ്ങുംപടയൊറകടന്നീടുകെമ്പോററിപിന്നെ

ഘേ തോഴ! പിന്നെ നീ പാർശേ= സമീപത്തുള്ള, പുതിയ പൊഴിയും പൂക്കൈതയും, പിന്നിട്ട് = കടന്നിട്ട്, വഴിമേൽ = വഴിക്കുള്ള പന്മനെത്തേവരെ, അമ്പിൽ തൊഴുതു പിന്നെ ചിന്ന ച്ചാത്തും (ചിന്നം എന്ന വാദ്യപംക്തിയും) കുരലിൽ മുരളുന്ന = കണ്ഠംകൊണ്ടു മുഴക്കുന്ന, കാളവും=കാഹളവും കൊമ്പും എല്ലാം, മുന്നിൽ=മുൻഭാഗത്തു്, തൊങ്ങും = തൂക്കീട്ടുള്ള, പടയൊറ = പടകളെ നിൎത്തിയിരിക്കുന്നതിനാൽ പടയൊറ എന്നുപറഞ്ഞുവരുന്ന സ്ഥലം, (കൊല്ലം രാജ്യത്തിൻെറ അതിരിലാണു പടകളെ നിൎത്തിയിരുന്ന തെന്നറിക) എൻപോററി = എൻെറ പ്രഭു, (ഭവാൻ എന്നൎത്ഥം) കടന്നീടുക.

91

തേടിക്കൊണ്ടൊൻറഴകിലലരിത്തയ്യൽമയ്യാന്നകണ്ണി-
ട്ടോടച്ചാത്തിൻ ചുഴലവിതരം മുത്തുകൊണ്ടത്യുദാരം
പേടക്കാട്ടിൽ പരിചഴകെഴ*ച്ചൊങ്ങുമത്തെങ്ങുകൊണ്ട-
ങ്ങീടിക്കൂട്ടും നിഖിലവിഭവം മുന്നിലേതോടനാട്ടു്.

അലരിത്തയ്യൽ = ശ്രീഭഗവതി, മയ്യാന്ന കണ്ണിട്ട് = മഷിയ ണിഞ്ഞ കണ്ണുപതിപ്പിച്ചു്, തേടിക്കൊണ്ടു് = തെരഞ്ഞുകൊണ്ടു് (നല്ലസ്ഥലം അന്വേഷിച്ചുകൊണ്ടു് എന്നർത്ഥം) ഒന്നഴകിൽ=വളരെ ഭംഗിയോടെ, ഓടച്ചാർത്തിൻ ചുഴല = ഓടകൾ നിറഞ്ഞുനിൽക്കു ന്നതിൻെറ ചുററും, വിതറുന്ന മുത്തുകൊണ്ടു്, അത്യുദാര = ഏററവും ഉൽകൃഷ്ടവും (ഓടകളിൽ മുത്തുവിളയുമെന്നു പ്രമാണപ്രസിദ്ധം) പേടക്കാട്ടിൽ = മാൻപേടകൾ നിറഞ്ഞ കാട്ടിൽപോലും, പരി ചു് = വേണ്ടമാതിരിയിൽ, അഴകെഴുന്ന വിധത്തിൽ പൊങ്ങുന്ന ആ തെങ്ങുകൊണ്ടു്, ഈടിക്കൂട്ടുന്ന = വീണ്ടും വൎദ്ധിക്കുന്ന നിഖിലവിഭ വത്തോട്ടുകൂടിയതുമായ ഓടനാട്ടു് ആണു് എന്നു ചേൎക്കുക) മുന്നി ലേതു് = പിന്നെ മുമ്പിൽക്കാണുന്നതു്. ഓടനാട്ടു് ഇപ്പോൾ ഓണാ ടെന്നു പറയുന്ന പ്രദേശം.

---

* പൊങ്ങും എന്നു പാഠാന്തരം.

92

അൎത്ഥപ്രാപ്ത്യൈ കനമടി* കളൎസ്സോമവൽ പീഡി
[താനാം
വച്ചുന്നീർവച്ചതുവുപിബതാം കേവലം വാവൽപോലെ
ബിഭ്രാണാനാം വിഴമുതിരവൽക്കത്തിമേകാം ദ്വിജാനാം
കാണാം മുൽപ്പാടിടയിലിടയിൽ തത്ര ദേശാന്തരാണി.

അൎത്ഥപ്രാപ്ത്യൈ= അൎത്ഥപ്രാപ്തിക്കുവേണ്ടി (ധനം സമ്പാദിക്കാൻ വേണ്ടി എന്നൎത്ഥം) അടി= ആദ്യം, കളൎസ്സോമവൽ = ചന്ദ്രനെപ്പോലെ, കനം = ഏററവും, പീഡിതാനാം = പീഡിതന്മാരും (കഷ്ടപ്പെടുന്നവർ എന്നും ചന്ദ്രപക്ഷത്തിൽ കൃശൻ എന്നും അൎത്ഥം) "അടികളിൽസ്സോമവൽ" എന്നപാഠത്തിൽ അടികളിൽ= ആദികാലങ്ങളിൽ എന്നും ശുക്ലപക്ഷാദിയിൽ എന്നും അൎത്ഥം. വെച്ചുന്നീർവെച്ച് = വെച്ചിട്ട് പിന്നെയും അതിൽ വെള്ളംവെച്ച്, അതുവ് = അതും, കേവലം വാവൽപോലെ = വെറം വാവൽ പക്ഷിയെപ്പോലെ, പിബതാം = കുടിക്കുന്നവരും (തലേന്നാൾ കുടിച്ചുവെച്ചതുതന്നെ പിറെറന്നാളും ചെന്നു തിന്നുന്ന വാവലിനെപ്പോലെ തലേന്നാളത്തെ ഉച്ഛിഷ്ടത്തിൽ വെള്ളം ഒഴിച്ചു പിറെറന്നാളും അതു കുടിക്കുന്നവർ എന്നൎത്ഥം) വിഴം ഉതിരവൽ = വിഷത്തെ ഉതിരൻ (രക്തമണ്ഡലി എന്ന സൎപ്പം) എന്നപോലെ, ഏകാം കത്തിം ബിഭ്രാണാനാം = ഒരു കത്തിയെ (വസ്ത്രം മുറിപ്പാനും മററുമായുള്ള വാൾക്കത്തി) വഹിക്കുന്നവരും ആയ, ദ്വിജാനാം = ബ്രാഹ്മണരുടെ (പരദേശികളുടെ) ദേശാന്തരാണി= ഓരോരോ പ്രദേശങ്ങൾ (വാസസ്ഥലങ്ങൾ) തത്ര = അവിടെ (ഓടനാട്ടിൽ) മുൽപ്പാട് = മുൻഭാഗത്തായി, ഇടയിലിടയിൽ= ഇടയ്ക്കിടയ്ക്കു കാണാം, ദ്വിജശബ്ദത്തിന്, ഉപമാനങ്ങളായ ചന്ദ്രൻ, പക്ഷി, സൎപ്പം ഇവയും അൎത്ഥമുള്ളതു ഒത്തുകൊൾക.

93

തസ്മിൻ കായങ്കുളവരളവേമുക്കരിക്കിൻറുതാകിൽ
പാണ്ടിക്കെട്ടൊലുപഗതമിതെൻറാത്ത കോപാകുലാക്ഷഃ

---

* അടികളിൽ എന്നു പാഠഭേദം.

വീരശ്രീമന്മുകരമുടവാൾ നീയെടുപ്പാനടക്കെ-
പ്പേടിക്കിന്റേൻ വഴിയിലതുകൊണ്ടൊട്ടു വൈകീടു
[മെൻറു്.

തസ്മിൻ = അവിടെ, കായങ്കുളവർ = കായങ്കുളത്തുകാർ, അളവെ = മുഴവനം, മുക്കരിക്കിൻറതാകിൽ = ശണ്ഠപിടിച്ചു വഴിയിൽ ലഹള കൂട്ടുന്നതായാൽ (കച്ചവടം സംബന്ധിച്ചുണ്ടാകുന്ന മത്സരവും മററും ശണ്ഠയ്ക്കു കാരണം) ഇതു് = ഈ ലഹള, പാണ്ടിക്കെട്ടാൽ = പാണ്ടിച്ചരക്കുകൾ കാരണം, ഉപഗതം=വന്നുകൂടിയതാണു്, എന്നു് = എന്നു കരുതി, ആത്തകോപാകുലാക്ഷഃ = ആത്തമായ (ഉണ്ടായ) കോപംകൊണ്ടു് ആകുലമായ (കലങ്ങിയ) അക്ഷികളോടുകൂടിയവനായിട്ടു്, നീ വീരശ്രീമൻമുകരം = വീരശ്രീയുടെ മന്മുകരം (മല്ലുള്ള=ഉറപ്പുള്ള, മുകരം = കണ്ണാടി) ആയ, ഉടവാൾ = ഉറയിട്ട വാൾ, എടുപ്പാൻ, അടുക്കെ=തുടങ്ങുമ്പോൾ (തുടങ്ങുന്ന കാൎയ്യത്തിൽ എന്നസാരം) വഴിയിൽ അതുനിമിത്തം ഒട്ടു വൈകിപ്പോയേയ്ക്കും എന്നു പേടിയ്ക്കുന്നേൻ.

94

ഏണാക്ഷീണാംകുലതിലകമാമുണ്ണുനീലികവാണാൾ
നീണാളാവാൻ നിരുപമഗുണഗ്രാമവേഗേനപോമ്പോൾ
ബാണാരേസ്തൽഭവനയുഗളംപിന്നിലിട്ടങ്ങുചെൻറാൽ-
കാണാംകായങ്കുളമിതികുളത്തീട്ടമങ്ങാടിതന്നെ.

ഹേ നിരുപമഗുണഗ്രാമ=നിസ്തുല്യങ്ങളായ ഗുണസമൂഹങ്ങളുള്ളവനേ! ഏണാക്ഷീണാം=മാൻമിഴിമാരുടെ, കുലതിലകമാകുന്ന ഉണ്ണുനീലിക്കു്, വാണാൾ വാഴുന്ന നാൾ (ആയുഷ്കാലം) നീണാൾ = നീണ്ടനാൾ (വളരെക്കാലം) ആവാൻവേണ്ടി, (വേഗം ചെന്നില്ലെങ്കിൽ വിരഹതാപത്താൽ അപായം വന്നേയ്ക്കുമെന്നു ഭാവം) വേഗത്തോടെ പോകുമ്പോൾ, ബാണാരേഃ=ബാണാരിയുടെ (വിഷ്ണു) തൽഭവനയുഗളം = ആ രണ്ടു ക്ഷേത്രങ്ങളും, പിന്നിലിട്ടു് = കടന്നിട്ടു്,

അങ്ങു ചെന്നാൽ കായംകുളം എന്നു പറയുന്ന, കുളുർത്തീട്ടം = കുളുർമ്മയുള്ള അങ്ങാടിതന്നെ കാണാം.

95

പൂന്തൊത്തെന്നുംകുളുർമുലചുമന്നോമൽവക്ത്രാവണങ്ങി
ക്കിഞ്ചിൽച്ചഞ്ചന്മധുപവചനങ്കൊണ്ടുകൊണ്ടാടിമന്ദം
മാർഗ്ഗോപാന്തേമലർനിരചൊരിഞ്ഞന്നടക്കാവിലെങ്ങും
വല്ലീബാലത്തരുണികളുടൻ കാണലാം നില്ക്കുമാറു്.

പൂന്തൊത്തെന്നും = പൂങ്കുലയാകുന്ന കുളുർമുല ചുമന്നു്, ഓമൽവക്ത്രാ = ഭംഗിയുള്ള മുഖം (അഗ്രഭാഗം) വണങ്ങി = കുനിച്ചു്, കിഞ്ചിച്ചഞ്ചന്മധുപവചനംകൊണ്ടു് = അല്പം ഇളകിക്കൊണ്ടിരിക്കുന്ന വണ്ടുകളുടെ ശബ്ദംകൊണ്ടു്, മന്ദം = പതുക്കെ, കൊണ്ടാടി = പുകഴ്ത്തി, മാർഗ്ഗോപാന്തേ = വഴിയുടെ സമീപത്തു്, മലർനിര = പുഷ്പസമൂഹം (ലാജമെന്നും) ചൊരിഞ്ഞു് ആ നടക്കാവിൽ എല്ലായിടത്തും വല്ലികളാകുന്ന ബാലതരുണികൾ നില്ക്കുമാറു് = നില്ക്കുന്ന മാതിരി ഉടൻ കാണലാം.

96

വിങ്ങിപ്പൊങ്ങിച്ചിതറിനമലർത്തെന്റൽ* പീത്വാമടങ്ങി-
ത്തങ്ങിത്തങ്ങിത്തരുണികൾമുലക്കുന്റിലുച്ചൈരുറങ്ങി
തിങ്ങിത്തിങ്ങിച്ചുഴലവരിവണ്ടിണ്ടയാം കണ്ടിയൂരിൽ-
പ്പുങ്ങിപ്പുങ്ങിപ്പരിമളമെഴുന്തെന്റൽവീയുംതദാനീം.

വിങ്ങിപ്പൊങ്ങിച്ചിതറിന = നിറഞ്ഞു പൊങ്ങി ചുററും പരന്നിട്ടുള്ള, മലർത്തെന്റൽ = പുഷ്പങ്ങളിലെ തേൻ, പീത്വാ = പാനം ചെയ്തു, മടങ്ങി, തങ്ങിത്തങ്ങി = ഓരോരോ സ്ഥലങ്ങളിൽ തട്ടുകനിമിത്തം സ്ഖലനം വന്നുംകൊണ്ടും തരുണികളുടെ മുലക്കുന്നിൽ ഉച്ചൈഃ = നല്ലവണ്ണം, ഉറങ്ങി = വിശ്രമിച്ചും (അധികനേരം വ്യാപിച്ചും എന്നു സാരം) തിങ്ങിത്തിങ്ങി ചുററും വരിവണ്ടിൻകൂട്ടം നിറഞ്ഞിരിക്കുന്ന കണ്ടിയൂർ എന്ന പ്രദേശത്തു്, പുങ്ങിപ്പുങ്ങി = പതുങ്ങിപ്പതുങ്ങിക്കൊണ്ടു് (ഒളിച്ചു നടക്കുംപോലെ അങ്ങുമിങ്ങുമായി

---

* ത്താൽ എന്നു പാഠാന്തരം. തോർത്തതേൻ തെന്റൽ— ഇളംകാററു്.

സഞ്ചരിച്ചു എന്നർത്ഥം), പരിമളം എഴുന്ന, തെൻറൽ = ഇളങ്കാററ്, തദാനീം = അപ്പോഠം വീധും, ക്ഷിപവൃത്താന്തം വ്യംഗ്യം.

97

കററക്കാർമൽക്കുഴലികളൊരോരാഗഭേദംപുണർത്തീ-
ട്ടിററിറേറാലുംമധുരസമയംചിന്തുപാട്ടംദശായാം
മുററന്തോറുംകിളികളതിനെക്കേട്ടിരുന്നക്കണക്കേ
മുററംപാടിൻെറടമയിസഖേമററമങ്ങേതുപിന്നെ.

അയിസഖേ = ഹേ തോഴ, കററക്കാർ മല്ക്കുഴലികഠ=കറുത്ത കാറിനോട്ടു മല്ലിടുന്ന തലമുടിയുള്ളവർ (സുന്ദരികഠ) ഓരോരാഗ ഭേദം = പല രാഗങ്ങളും, പുണർത്തീട്ട് = യോജിപ്പിച്ച്, ഇററി റോലും മധുരസമയം = ഇററിററായി ഒഴുകുന്ന മധുരസം (തേൻ) തന്നെയായ വിധത്തിൽ ചിന്തുകഠ പാടുന്ന അവസരത്തിൽ കിളി കഠ മുററംതോറും; അതിനെ = ആ പാട്ടുകേട്ട്, ഇരുന്നുംകൊണ്ട്, അക്കണക്കേ = അതേ മാതിരിയിൽത്തന്നെ, മുററും = മുഴുവനും, പാടിൻറിടം = പാടിവരുന്ന പ്രദേശമായ, മററം എന്ന ദിക്കാണു പിന്നെ, അങ്ങേതു് = അടുത്തുള്ളതു്.

98

തട്ടാൻപൂർവ്വംവഴിയിലഴലാന്നമ്പലം*മുന്നിലുണ്ട-
ങ്ങൊട്ടേവൈകീടിലുമവിടെനിൻെറമ്പിലങ്ങോടിയൂടെ
തീർത്താപാപാലംനൃപവരവലഃത്തർനടന്നിണ്ടൽതീര-
ത്തണ്ടാർമാതുംമരുവുമവിടംകണ്ടിയൂരാം പ്രദേശം.

പൂർവ്വം = പണ്ട്, തട്ടാൻ വഴിയിൽവെച്ച് അഴലാന്ന അമ്പലം മുൻവശത്തായി ഉണ്ട്. (പണ്ട് ഭക്തനായ ഒരു തട്ടാൻ ആ പ്രദേ ശത്തുവെച്ചു വളരെ സങ്കടപ്പെട്ടുവെന്നും അപ്പോഠ ദേവി പ്രത്യക്ഷ മായി ആ ഭക്തൻെറ ദുഃഖം തീർത്തുവെന്നും ഐതിഹ്യം) ഹേ നൃപ വര, ഒട്ടേ = അല്പം വൈകിയാലും അവിടെനിന്ന്, അമ്പിൽ =

* തട്ടാരമ്പലം എന്നദേശം.

സന്താപത്തോടുകൂടി, അങ്ങാടിയിൽ കൂടെ, പാലം, തീൎത്ത്പാ = കടന്നിട്ട്, വലത്തെ ഭാഗത്തേയ്ക്കായി നടന്നിട്ട് (കാണുന്ന എന്ന ചേൎക്കണം) പ്രദേശം, തണ്ടാർമാതും = ലക്ഷ്മീദേവിതന്നെയും, ഇണ്ടൽതീര = യാതൊരലട്ടമില്ലാതെ മരുവുന്ന കണ്ടിയൂരാണ്.

99

കണ്ഠാവണ്ടിൻനിറമുടയനെക്കെങ്കനീരോട്ടതിങ്കൾ—
ത്തുണ്ടാചാത്തും പരനെവരമാതിന്നുമെപാതിയോന്നേ
മണ്ടുംമാനേല്ലുമരനെയരനെക്കമ്പിപാമ്പാക്കിയോനെ—
ക്കണ്ടേപോവാൻതരമവിടനീകണ്ടിയൂർത്തമ്പിരാനെ.

കണ്ഠം വണ്ടിൻനിറമുടയനെ = കണ്ഠത്തിൽ വണ്ടിൻെറ നിറംപോലെയുള്ള നിറമുള്ളവനും, കങ്കനീരോട്ട് = ഗംഗാജലത്തോടുകൂടി, തിങ്കൾത്തുണ്ടം = ചന്ദ്രക്കല, ചാത്തും = അണിഞ്ഞിരിക്കുന്ന പരനും (മുഖ്യദേവനും) വരമാതിന്ന് = മലമാതിന്ന് (പാൎവ്വതിക്ക് വര = മല) മെയ് പാതിയോനേ = ശരീരത്തിൻെറ പാതിയായിത്തീൎന്നവനും മണ്ടും മാനേല്ലുമരനെ = മണ്ടുന്ന മാനിനെ ഏലുന്ന (ധരിക്കുന്ന) കരത്തോടുകൂടിയവനും അരനെ = ഹരനും കമ്പി = കാതിലെ ആഭരണം പാമ്പാക്കിയോനും (കാതിൽ പാമ്പിനെ അണിഞ്ഞവനും) ആയ കണ്ടിയൂർത്തമ്പിരാനെ = കണ്ടിയൂർത്തേവരെ അവിടെ നീ കണ്ടേ = കണ്ടിട്ടു മാത്രമാണ് (വന്ദിച്ചിട്ടേ) പോവാൻ തരം. വന്ദിച്ചിട്ടേ പോവാവൂ എന്നൎത്ഥം.

100

മാറേറവുംനല്ലനകകലശംവെൻറപോർകൊങ്കതാങ്ങി—
ക്കാറ്റോടാട്ടുംനളിനമിഴിയാൾപോന്നുനിൻമുമ്പിൽവന്നു
കോൽത്തേനോലുംമൊഴിചെറുതുരച്ചെന്നകൂട്ടെത്തി [നിന്നെ
പ്പോററീവൈകിച്ചുരുളുകിലിനിക്കൊട്ടുവല്ലായ്മചാല.

മാട്ടാറാവുന്ന നല്ല കനകകുംഭത്തെ ജയിച്ചിട്ടുള്ള പോർകൊങ്ക (തമ്മിൽത്തിക്കുന്ന കുചങ്ങൾ) താങ്ങിക്കൊണ്ടു് കാറ്റോടാട്ടും നളിന മിഴിയാൾ = കാറ്റനുസരിച്ചു് ഇളകുന്ന നളിനംപോലെയുള്ള മിഴി യുള്ളവൾ (ഇന്ന ആളെന്നു പ്രത്യേകിച്ചു പറയാതെതന്നെ അങ്ങയ്ക്കറി യാവുന്നവൾ എന്നു ഭാവം) നിൻമുമ്പിൽ പോന്നുവന്നു് കോൽ ത്തേൻ ഒഴുകുന്ന മൊഴി ചിലതു പറയുന്നമാതിരിയിൽ, എത്തി=അടു ത്തുകൂടി നിന്നെ വൈകിച്ചുരുളുകിൽ = വൈകിച്ചു പോയേക്കുമോ എന്നു് ഹേ പോററി = പ്രഭോ എനിക്കു് ഒട്ടു വല്ലായ്മ = കുറെ (സംശയത്താലുള്ള വ്യാകുലത) ചാല = ചാലേ (നല്ലവണ്ണം ഉണ്ടു് എന്നർത്ഥം)

## 101

ആട്ടംപല്ലംപരിചുമിഴിയുംതെററുമാളാമണിക്കീഴ്—
പാട്ടംകോലാഹലമഴകെഴുംകോലവുംകിംപ്രലാപൈഃ
നാട്ടിൽച്ചൊല്ലേറിനചെറുകരെച്ചേരുമെന്നുണ്ണിയാടീ,
വീട്ടിൽച്ചെല്ലായ്കിലുമയിസഖേ കണ്ടുകിട്ടിൻറതുണ്ടാം.

ആട്ടംപല്ലംപരിചു്=ആടിക്കൊണ്ടിരിക്കുന്ന പല്ലുകളുടെ (ആഭ രണത്തിന്നു്, പല്ലിൻെറ ആകൃതിയിൽ നിർമ്മിച്ചിട്ടുള്ള അലുക്കുക ളുടെ) മാതിരിയിൽ (ഗുണവിശേഷത്താൽ എന്നു സാരം) മിഴിയും തെററും = കണ്ണുതെററിപ്പോകുന്നതായ (നോക്കുന്നവരുടെ കണ്ണു് ഒന്നിലും ഉറയ്ക്കാത്തവിധം ആടുന്ന അലുക്കുകളോടുകൂടിയ എന്നർത്ഥം) ആളാമണിക്കീഴ്പ്പാട്ടം = ആളാമണിയുടെ (കഴുത്തിൽ ചുററുമായി ധരിക്കുന്നതും ഏകദേശം ഇളക്കത്താലിപോലെയുള്ളതുമായ ഒരാഭര ണം) കീഴ്ഭാഗവും, കോലാഹലം=അതിശയനീയമായ അഴകെഴുന്ന കോലവും, സ്വരൂപവും, കിം പ്രലാപൈഃ=പ്രലാപങ്ങളാൽഎന്തു്? എന്തിനധികം പറയുന്നു എന്നർത്ഥം. അയി സഖേ! നാട്ടിൽ ചൊ ല്ലേറിന = കീർത്തികേട്ട = ചെറുകരെ എന്ന ഗൃഹത്തിലുള്ള എന്നു ണ്ണിയാടിയെ (എൻെറ സ്നിഗ്ദ്ധയായ ഉണ്ണിയാടിയെ എന്നർത്ഥം) വീട്ടിൽ ചെല്ലാഞ്ഞാലും കണ്ടുകിട്ടുന്നതു് ഉണ്ടാകും. വീട്ടിൽ

ചെല്ലാതെ അമ്പലത്തിൽവെച്ചുതന്നെ കാണാൻ തരമാകും എന്നർത്ഥം.

102

വീണാവാണീംവടിവിനൊടടുത്തോരുകാവിത്തടുപ്പി-
ങ്കോണാംപോർമന്മുലയിണമറഞ്ഞങ്ങിനേതാൻചമഞ്ഞു്
വേണീഭാരേകവരികളണിഞ്ഞിങ്ങുമാറ്റ്ഗോപകണ്ഠേ
കാണാമേത്തുറമരുമിളയച്ചിക്കയൽക്കണ്ണിതന്നേ.

വീണാവാണിയും വടിവിനോടടുത്തോരു കാവിത്തടുപ്പിൻ കോണാം പോർമന്മുലയിണ = ഭംഗിയോടുകൂടി ഒന്നോടൊന്നു അടുത്തിരിക്കുന്ന കാവിത്തടുപ്പിൻ കോണുകൾ (കാവിത്തിൻ കിഴങ്ങിൻെറ ആകൃതിയിലുള്ള മുനകളോടുകൂടി പണിചെയ്തിട്ടുള്ള അടുപ്പു് കാവിത്തടുപ്പു്. അതിൻെറ കോണുകൾ = കോണിലുള്ള ആ മുനകൾ) തന്നെയാകുന്ന (രൂപകം) പോർമന്മുലയിണ (തമ്മിൽ തിക്കിനില്ക്കുന്നവയും ഉറപ്പുള്ളവയുമായ മുലകൾ) മറച്ചു് അങ്ങനേതാൻ= ആ വിധത്തിൽത്തന്നെ, ചമഞ്ഞു് = വസ്ത്രാഭരണങ്ങൾ ധരിച്ചു്, വേണീഭാരേ = തലമുടിയിൽ, കവരികൾ = വൃത്തിയോടുകൂടിയുള്ള കെട്ടുകൾ അണിഞ്ഞു് (തലമുടി വൃത്തിയാക്കി വിശേഷാകൃതിയിൽ കെട്ടിവെച്ചു് എന്നർത്ഥം) അവിടെ മേത്തുറവ് എന്ന ഗൃഹത്തിൽ, വാഴുന്ന, ഇളയച്ചിക്കയൽക്കണ്ണിതന്നെ = ഇളയച്ചി എന്നു സാധാരണ പറഞ്ഞുവരുന്ന സുന്ദരിയെ, മാറ്റ്ഗോപകണ്ഠേ = മാറ്റ്ഗുസമീപത്തിൽ, കാണാം.

103

കാണാംപിന്നെക്കമലവനിതാമാന്നേവാചിവാണീം
വാൾമേൽവീരശ്രീയമപിവഹിക്കിൻെറവിഖ്യാതകീർത്തിം
ത്തുൺമേലുണ്ടാംനരഹരിനിഭംചെൻെറതിപ്പോക്കുനിത്യം
കാഞ്ചോർകണ്ണിന്നമൃതകരനാമോടവന്നാടർകോനേ.

പിന്നെ, ആനനേ കമലവനിതാം = മുഖത്തിൽ ശ്രീഭഗവതിയേയും, വാചിവാണീം = വാക്കിൽ സരസ്വതിയേയും വാളിന്മേൽ വീരശ്രീയേയും വഹിക്കുന്ന വിഖ്യാതകീർത്തിയും ചെന്നു്, എതിർപ്പോർക്ക് = എതിർക്കുന്നവർക്ക് (ശത്രുക്കൾക്ക്) നിത്യവും തൂണിന്മേൽ ഉണ്ടാകുന്ന നരഹരിയോടു (നരസിംഹമൂർത്തി) തുല്യനും ആയ കുടന്മാർ കണ്ണിന്നമൃതകരനാമോടവന്നാടർകോനെ = കാണുന്നവരുടെ കണ്ണിനു ചന്ദ്രനായിട്ടു ഓടനാട്ടുള്ള രാജാവിനെ കാണാം. (ഓടവന്നാടർ = വലിയ ഓടനാട്ടിലെ ജനങ്ങൾ)

104

എല്ലാനാളും നിജസമുദയം ചൊല്ലിനിദ്രാവിഹീനം
ദൃഷ്ട്വാദേവാം മുരവിജയിനം പാണ്ഡവന്നെൻറപോലെ
നിന്നെക്കാണുമ്പോഴതിരവിവർമ്മന്നുമന്യേ തദാനീ-
മെന്നേവഃൻറാരനുഭവരസം തന്നെയും മേൽവഴിഞ്ഞു.

എല്ലാ സമയവും നിജസമുദയം ചൊല്ലി = തനിക്കുള്ള അഭിവൃദ്ധിയെപ്പററിച്ചിന്തിച്ചു്, നിദ്രാവിഹീനം = ജാഗരൂകനായിരിക്കുന്ന, മുരവിജയിനം ദേവം = മുരവിജയിയായ ദേവനെ (ശ്രീകൃഷ്ണനെ), ദൃഷ്ട്വാ = കണ്ടിട്ടു്, പാണ്ഡവന്നു് = ധർമ്മപുത്രന്നു് എന്നതുപോലെ ഇരവിവർമ്മന്നു് = രവിവർമ്മനെന്നു പേരായ ആ ഓടനാട്ടുരാജാവിന്നു് നിന്നെക്കാണുന്ന സമയം, തദാനീം = അപ്പോൾത്തന്നെ, വന്നോരു അനുഭവരസം = സന്തോഷസുഖങ്ങളുടെ അനുഭവം, തന്നെയും = അവനവനെപ്പോലും, മേൽ വഴിഞ്ഞു = മേലെ വഴിഞ്ഞ വിധത്തിലാണു് എന്നു് (ഉള്ളിൽ ഒതുങ്ങാതെ വഴിഞ്ഞുപോകുന്ന വിധത്തിൽ എന്നു സാരം) മന്യേ = ഞാൻ കരുതുന്നു. 'എന്നേ' എന്നതു് അത്ഭുതത്തെ ദ്യോതിപ്പിക്കുന്ന നിപാതം.

105

ആനന്ദാബ്ധൌ മുഴുകിമുഴുകിപ്പൊങ്ങിനീന്തിത്തുടങ്ങി-
ന്നേൻറനം സംഭാവയ യദുകുലാധീശസംഭോജനാദ്യൈഃ

പല്ലില്ലാഞ്ഞല്ലാഴകുപൊഴിയുംപ്രേമവേഗംമുഴപ്പാൻ
കൊള്ളുന്നൂതാനരുണമണിവാതമ്പലംവല്ലഭായാഃ

ആനന്ദാബ്ധിയിൽ വീണ്ടും വീണ്ടും മുങ്ങിപ്പൊങ്ങി നീന്തുന്ന, ഏനം = ഈ രവിവർമ്മരാജാവിനെ, ഹേ യദുകുലാധീശ! സംഭോജനാദ്യൈഃ = നല്ല ഭോജനം മുതലായവയാൽ, സംഭാവയ = സംഭാവനം ചെയ്താലും (മാനിച്ചാലും). രവിവർമ്മരാജാവു ചെയ്യുന്ന ഭോജനാദി സൽക്കാരങ്ങൾ സ്വീകരിച്ചു് അദ്ദേഹത്തിന്നു മാന്യതയുണ്ടാക്കിത്തീർത്താലും എന്നർത്ഥം. സ്വന്തം ഭൃത്യവർഗ്ഗങ്ങളും മററും കൂടെയുണ്ടെങ്കിലും ആ രാജാവിൻെറ സൽക്കാരം സ്വീകരിക്കുന്നതു് യുക്തമാണെന്നു ദൃഷ്ടാന്തത്താൽ തെളിയിക്കുന്നതാണു് ഉത്തരാർദ്ധം. പല്ലില്ലാഞ്ഞിട്ടല്ല വല്ലഭയുടെ അരുണമണി (മാണിക്യം) പോലെയുള്ള വായിലെ, തമ്പലം = താംബൂലം, കൊള്ളുന്നതു = സ്വീകരിക്കുന്നതു്. പ്രേമവേഗം = സ്നേഹാതിശയം മുഴപ്പാൻ ആണു് 'താൻ' എന്നതു പ്രസിദ്ധിയെ കുറിക്കുന്നു. ഈ സംഗതി പ്രസിദ്ധമാണല്ലോ എന്നു സാരം.

106

മന്ദംമന്ദസ്മിതനികരമാംചാരുകർപ്പൂരരാശീം
നോക്കാംനീലക്കുവളമലരുംകാഴ്ചവച്ചെൻറപോലെ
കാണുംനിന്നെത്തദനുകമനീയാംഗിവന്നേററമൻപു-
റേറണാക്ഷീണാംകുലമണികുറുങ്ങാട്ടുവാഴുണ്ണുനീലിം.

തദനു = അതിന്നുശേഷം, കമനീയാംഗിയും ഏണാക്ഷികളുടെ കുലമണിയും ആയ, കുറുങ്ങാട്ടു ഗൃഹത്തിൽ വാഴുന്ന ഉണ്ണുനീലി മന്ദസ്മിതനികരം (സമൂഹം) ആകുന്ന നല്ല കർപ്പൂരരാശിയെയും നോക്കാകുന്ന (കടാക്ഷമാകുന്ന) കരിങ്കുവളപ്പൂവും കാഴ്ചവെച്ചുംകൊണ്ടു് എന്നപോലെ, അൻപുററു് = സന്തോഷത്തോടുകൂടി വന്നു നിന്നെക്കാണും.

107

മിന്നുംമിന്നൽക്കൊടിലിവചിരസ്ഥായിനീകാർമുകിൽ
[ക്കീഴ്
ച്ചെൻറപ്പൂവ്വാർകുഴൽനിഴലെഴച്ചേന്നചാമ്പേയഗൌരീ

നിന്നേപ്പുൽകുംനയനനിഴൽകൊണ്ടക്കുറുങ്ങാട്ടെ രണ്ടാം
കന്നൽക്കണ്ണാൾതദനുകനിവോടുണ്ണുനീലീസലീലം.

കാർമുകിൽക്കീഴ് = കാർമേഘത്തിന്റെ താഴെ ചേന്ന്, ചിരസ്ഥായിനീ = വളരെക്കാലം സ്ഥിതിചെയ്യുന്നതായ, മിന്നും മിന്നൽക്കൊടിലിവ = പ്രകാശിക്കുന്ന മിന്നൽക്കൊടിയോ എന്നു തോന്നും വിധത്തിൽ, പൂവാർകുഴൽ = പൂവണിഞ്ഞതും ഭംഗിയുള്ളതുമായ തലമുടി. നിഴലെഴ = നിഴൽ എഴുന്നമാതിരിയിൽ (അത്രത്തോളം ഇടതിങ്ങി എന്നുസാരം) ചേന്നിട്ടുള്ള ചാമ്പേയഗൌരിയും = ചാമ്പേയം (സ്വർണ്ണം) പോലെ ഗൌരനിറം (കടുമഞ്ഞനിറം) ഉള്ളവളും ആ കുറുങ്ങാട്ടെ രണ്ടാമത്തെ കന്നൽക്കണ്ണാളും (ഇന്ദീവരാക്ഷിയും) ആയ ഉണ്ണുനീലി, സലീലം = ലീലയോടുകൂടി, നയനനിഴൽകൊണ്ട് = കടാക്ഷഛായകൊണ്ട്, കനിവോടു നിന്നെപ്പുൽകും.

108

നമ്മിൽച്ചാലക്കനിവുകനമുണ്ടാകിലുംവീരമൌലേ
തമ്മിൽക്കാണുംപൊഴുതിരവിവർമ്മന്നുമറെറാൻറുചേതഃ
എന്നാലസ്മൽപ്രിയമിതവനെക്കണ്ടുചൊൽകിച്ചുകൊൾ[വാൻ
നല്ലേടം ഞാൻ കഥമപി വഴങ്ങീൻറതാരൂഢകീർത്തേ.

നമ്മിൽ = എന്നിൽ, ഇരവിവർമ്മന്ന്. ചാല = വേണ്ടവിധം, കനിവ്, കനം = ധാരാളം ഉണ്ടാകിലും ഹേ വീരമൌലേ! തമ്മിൽക്കാണുംപൊഴുത് = നിങ്ങൾ തമ്മിൽക്കാണുമ്പോൾ ഇരവിവർമ്മന്ന് ചേതഃ = മനസ്സ്, മറെറാന്ന് = മറെറാന്നുതന്നെയാണ്. സന്തോഷപരവശമായി മറെറല്ലാക്കാര്യങ്ങളും മറന്നുപോകുന്ന വിധത്തിലും പിരിയുന്നതിൽ വൈമനസ്യത്താൽ അവയെപ്പററി അത്ര ഗണിക്കാത്ത വിധത്തിലുമാണെന്നു ഭാവം. ഹേ ആരൂഢകീർത്തേ = പ്രവൃദ്ധകീർത്തിമാനേ! എന്നാൽ = അതിനാൽ, അസ്മൽപ്രിയം ഇതു് = എനിക്കു പ്രിയമായ ഈ കാര്യം (സന്ദേശഹരണം) അവനെക്കണ്ടു് = ആ

രാജാവിനെക്കണ്ടു്, ചൊൽകിച്ചുകൊൾവാൻ=ആരെക്കൊണ്ടെങ്കിലും പറയിപ്പിക്കാനായി. നല്ലേടം = നല്ല അവസരത്തെ, കഥമപി = കുറച്ചു പണിപ്പെട്ടു്, ഞാൻ; വഴങ്ങിൻവളു് = അപേക്ഷിക്കുന്നു. പണിപ്പെട്ടും നല്ല അവസരം നോക്കിയും അറിയിപ്പിക്കാൻ വേണ്ട വിധം ആരെയെകിലും ഏർപ്പാടു ചെയ്യുന്നതിന്നു് അപേക്ഷിക്കുന്നു എന്നു സാരം.

109

എണ്ണററീടും ഗുണസമുദയം ചേൎന്നിണങ്ങും കുരങ്ങാ-
ട്ടുണ്ണിച്ചക്കിക്കടൽവനിതയാം മൽപ്രിയാപ്രേമബന്ധോഃ
കണ്ണുത്തോളം നെടിയകുടിലക്കൺവിലാസങ്ങൾ നിന്മേൽ
പുണ്യത്താൽവന്നിടപെടുകിലും തോഴ വൈകാതവേണ്ടും

എണ്ണാറീടും=സംഖ്യയില്ലാത്ത, ഗുണസമൂഹം ചേൎന്നിണങ്ങുന്ന കുരങ്ങാട്ടു ഇണ്ണിച്ചക്കിയാകുന്ന, കടൽ വനിതയാം = ലക്ഷ്മീദേവിയായ, മൽപ്രിയാ പ്രേമബന്ധോഃ = എന്റെ പ്രിയയുടെ ഇഷ്ടതോഴിയുടെ, കണ്ണുഃത്തോളം നീണ്ട കുടിലക്കൺവിലാസങ്ങൾ = കുടിലകടാക്ഷങ്ങൾ, നിന്മേൽ പുണ്യത്താൽ വന്നു പതുമാറിയാലും ഹേ തോഴ! അതു നിമിത്തം വൈകാതിരിക്കണം.

110

ചാന്താൎന്നേന്തും കുചഭരനതാം ചാമ്പിമാഴ്കിൻറനേത്രാം
പൂന്തേനോലും മധുരവചനാം പൂണ്ണലീലാഭിരാമാം
പോമ്പോഴാമ്പൽപ്രിയതമമുഖീമാക്കുരങ്ങാട്ടുമേവും
ചാമ്പേയാംഗീം മഹിതചിരുതേവീമുടൻ കാണലാം തേ.

ചാന്താൎന്നു് = ചാന്തണിഞ്ഞു്, ഏന്തുന്ന കുചഭരംകൊണ്ടു നതയും (നമ്രാംഗിയും) ചാമ്പിമാൾകിൻറനേത്രാം=ആകൎഷിച്ചിണക്കുന്ന നേത്രങ്ങളുള്ളവളും (ചാമ്പി=ആകൎഷിച്ചു്, മാൾക=ഇണക്ക) പൂന്തേൻ ഒഴുകുന്ന മധുരവചനമുള്ളവളും പൂൎണ്ണങ്ങളായ വിലാസങ്ങളാൽ അഭിരമിപ്പിക്കുന്നവളും ആമ്പൽ പ്രിയതമനെ (ചന്ദ്രനെ)

പ്പോലെയുള്ള മുഖമുള്ളവളും ആ കുറുങ്ങാട്ടു മേവുന്ന ചാമ്പേയാംഗിയും (സ്വർണ്ണനിറമുള്ള അംഗങ്ങളുള്ളവൾ) ആയ മഹിതരുചിതേവീഃ=ശ്രേഷ്ഠയായ ചിരുതേവിയെ, പോമ്പോൾ=പോകുന്ന സമയത്തു്, ഉടൻ, തേ = അങ്ങേയ്ക്കു്, കാണലാം.

## 111

പിറേറന്നാളൊട്ടെതിരെമറിമാൻകണ്ണിമാർമാരനേ നീ
മററംപിന്നിട്ടിനിയപുഴയുംകണ്ടിയൂരേ വരേണ്ടും
കററക്കാർമൽകുഴലികൾചുഴന്നുല്ലസിക്കുംപ്രദേശം
മുറെറച്ചെന്നിത്തലമറുകരെത്തമ്പിലാലോകയേഥാഃ

ഹേ മറിമാൻകണ്ണിമാർക്കു മാരനായവനേ നീ പിറെറന്നാൾ, ഒട്ടെതിരെ = അല്പം പ്രഭാതത്തിൽത്തന്നെ, മററം പിന്നിട്ടു്, ഇനിയ = നല്ല പുഴയും പിന്നിട്ടു് കണ്ടിയൂർത്തന്നെ, വരണം. കററക്കാറിനോടു മല്ലിടുന്ന മുടിയുള്ളവർ (സുന്ദരികൾ) ചുഴന്നു = ചുററും ഉല്ലസിക്കുന്ന സ്ഥലം, മുററെ = നിറഞ്ഞിരിക്കുന്ന വിധത്തിൽ, ചെന്നിത്തല എന്ന പേരായ പ്രദേശം, മറുകരേത്തു് = കണ്ടിയൂർപ്പുഴയുടെ മറുകരയിൽ, അമ്പിൽ = സന്തോഷത്തോടെ, ആലോകയേഥാഃ= അങ്ങു് കണ്ടാലും.

## 112

ചോമൻകണ്ടംചിടയിലണിയുംതമ്പിരാനോടുവേറെ
ക്കാമൻതന്നോടിനി മതിവഴക്കെൻറിരന്നുംവലിഞ്ഞും
ക്രമമ്പാച്ചുമധുരവചസാ പോർപൊരുത്തീട്ടുമേടം
നാമംചൊൽവാനരുതവിടവുംകണ്ടുകുമ്പിട്ടുപോക.

ചോമൻകണ്ടം = സോമഖണ്ഡം (ചന്ദ്രക്കല), ചിടയിൽ = ജടയിൽ അണിയുന്ന തമ്പുരാനോടു് (ശിവനോടു്), വേറെ=പ്രത്യേകമായിത്തന്നെ, കാമൻതന്നോടു് = കാമനോടു്, ഇനി വഴക്കുമതി എന്നു് ഇരന്നുംകൊണ്ടും, വലിഞ്ഞും = നിർബന്ധിച്ചുംകൊണ്ടും

ക്രമപാച്ചൻ=കുയിൽപ്പക്ഷി (ക്രമനെത്തേടികൊണ്ടു പായുന്ന സ്വഭാവത്താൽ കുയിലിനു ക്രമപാച്ചൻ എന്നു പറഞ്ഞുവരുന്നു) മധുരവചസാ = മധുരശബ്ദംകൊണ്ടു്, പോർപൊരുത്തീടും = ശണ്ഠതീർത്തിണക്കുന്ന ഇടം (കുയിലിൻെറ മധുരനാദത്താൽ അവിടുത്തെ ദേവനായ ശിവനുപോലും കാമവികാരമുണ്ടാക്കുന്ന നിലയിലിരിക്കുന്ന സ്ഥലം എന്നു സാരം.) നാമം= (ആ സ്ഥലത്തിൻെറ) പേർ ചൊൽവാനരുതു്=പറയരുതാത്തതാണു് (പ്രഭാതത്തിൽ പറയുന്നതു മാററിത്തമാണു് എന്നർത്ഥം. അതിനാൽ പറയുന്നില്ല എന്നു ഭാവം) അവിടവും കണ്ടു്, കുമ്പിട്ടു് = വന്ദിച്ചു, പോക.

## 113

തൂകുംപൂന്തേൻപരിമളഭരംനന്മൃതോല്യംനടപ്പാൻ
മേവുംകാവുംപഥിയുഴറിനീതിക്കുറണ്ടിക്കുചെൻറു്
ദേവംതസ്മിൻതൊഴുതുവഴിമേൽനിൻറുനേരെനടന്നാൽ
ക്രൂവീടപ്പാൽപ്പഥിപനയനാർകാവു മംഗല്യകീർത്തേ.

ഹേ മംഗല്യകീർത്തേ! നീ തൂവും പൂന്തേൻ=തൂകുന്ന പൂന്തേനും, പരിമളഭരം = നല്ല സുഗന്ധപ്പൊലിമയും, നന്മൃതോല്യം = ഇളയതളിരുള്ള ചില്ലകളും, നടപ്പാൻമേവുന്ന = ആഗ്രഹം തോന്നിക്കുന്ന; അല്ലെങ്കിൽ ഗുണവൃത്തിയുള്ള, കാവും = മരക്കൂട്ടവും, പഥി = വഴിയിൽ, ഉഴറി = ചുററിക്കടന്നു്, തിക്കുറണ്ടിക്കു് = തൃക്കുറണ്ടി എന്ന ദിക്കിൽച്ചെന്നു്, തസ്മിൻദേവം = അവിടത്തെ ദേവനെ, വഴിമേൽ നിന്നു തൊഴുതു് നേരെനടന്നാൽ, * ക്രൂവീട്ടു്=ക്രൂവീട്ടു് എന്ന സ്ഥലമായി. അപ്പാൽ = അതിനപ്പുറം, പഥി = വഴിയിൽ പനയനാർ കാവു്. ആയി എന്നു ചേർക്കുക.

## 114

കച്ചെക്കൊക്കക്കെതിനനെമുറിച്ചച്ചകെർദ്ദിഗ്ഗജേന്ദ്രാ-
നച്ചച്ചുച്ചോശിവശിവമഹാഘോരമോരോയുഗാന്തേ

---

* ക്രൂവീടു്=ഒരു വിളിപ്പാടപ്പുറത്തു്. ക്രൂവീടു് എന്നതു സ്ഥലനാമമല്ല.

പച്ചച്ചോരിക്കളിവെതുവെതെക്കോരിയാരക്കുടിച്ചോ—
രെച്ചിൽക്കിണ്ണംതവവിയദിദംദേവിതുഭ്യംനമോസ്തു.

ഓരോ യുഗാന്തേ = ഓരോ യുഗാവസാനത്തിൽ, ഉച്ചൈഃ ദിഗ്ഗജേന്ദ്രാൻ = ഉന്നതന്മാരായ ദിഗ്ഗജശ്രേഷ്ഠന്മാരെ, കച്ചക്കൊക്ക = കച്ചക്കയറിനൊപ്പിച്ചു (ആനയുടെ കഴുത്തിൽ കെട്ടുന്ന കയർ കച്ചക്കയർ) കതിനനെ = വലുപ്പത്തോടെ (കഴുത്തു മുഴവൻ ഒരേ മുറിയായി എന്നു സാരം) മുറിച്ച് അച്ചച്ചച്ചോ ശിവശിവ മഹാഘോരം= അതിഭയങ്കരമായ വിധത്തിൽ (അച്ചച്ചച്ചോ ശിവശിവ എന്നതു ഭയങ്കരതയുടെ ആധിക്യത്തെ ദ്യോതിപ്പിക്കുന്ന നിപാതങ്ങൾ) പച്ചച്ചോരി = കൊഴുത്ത പുതുച്ചോര, വെതുവെതെ = ഏററവും ചൂടോടെ, കോരി ആര = മതിയാവോളം, കുടിച്ചോരു തവ എച്ചിൽക്കിണ്ണം = കുടിച്ചു് ഒഴിഞ്ഞതിൻെറ എച്ചിൽക്കിണ്ണമാണു്, ഇദം വിയൽ=ഈ കാണുന്ന ആകാശം, ഹേ ദേവി, തുഭ്യം=അവിടെയ്ക്കു്, നമഃ അസ്തു= നമസ്കാരം ഭവിക്കട്ടേ, നമസ്കരിക്കുന്നേൻ എന്നത്ഥം.

115

ഇത്ഥംവാഴ്ത്തിത്തൊഴുതെരികനൽക്കണ്ണർകണ്ണിൽ
[തന്തുജാം
മത്തേഭേന്ദ്രാൻതലപൊരുതുടൻകാതിലിട്ടമ്മതന്നെ
ഉൾത്തുന്നെങ്ങുംമകരനിവഹംതോഴ നില്ക്കിൻറതുംക—
ണ്ടത്യാമോദാൽപുനരയിസഖേപാലവും പിന്നിടേഥാഃ

എരികനൽക്കണ്ണർകണ്ണിൽതന്തുജാം = എരിയുന്ന കനലുള്ള കണ്ണോടു കൂടിയവൻെറ (ശിവൻ) കണ്ണിൽനിന്നുണ്ടായ മകളായ, മത്തേഭേന്ദ്രാൻ തല പൊരുതുടൻ കാതിലിട്ടമ്മതന്നെ = മത്തഗജശ്രേഷ്ഠന്മാരെ തല മുറിച്ചു് കാതിൽ ഇട്ടിട്ടുള്ള അമ്മയെ (ഭദ്രകാളിയെ എന്നത്ഥം) ഇത്ഥം = ഇപ്രകാരം വാഴ്ത്തിത്തൊഴുതു്, ഹേ തോഴ, ഉൾത്തുന്ന് = ഉള്ള തുന്ന് (നിറയെ) എങ്ങും മകരനിവഹം= മുതലക്കൂട്ടം നില്ക്കുന്നതും കണ്ടു് അത്യാമോദത്തോടെ, പുനഃ = പിന്നെ

അയി സഖേ പാലവും പിന്നിടേഥാഃ = അങ്ങു് പിന്നിട്ടുകൊൾക (കടന്നുകൊൾക)

116

മുല്പാടസ്മിൻമരുവുമചലപ്പെണ്ണിനെക്കൈവണങ്ങി-
ത്തൃപ്പാപ്പൂർമൂപ്പുടയുമടവാർമാരനേ നീ വിരഞ്ഞു്
എപ്പോഴുംനിന്നുടമകരുതും രായിരക്ഷോണിപാലം
കെല്പാന്നീടുംമഹിതചിറവാവീരനെക്കണ്ടുപോക.

മുൽപ്പാടു് = മുമ്പേതന്നെ, അസ്മിൻ = ഈ പ്രദേശത്തു് (പാലം കടന്ന ഉടനുള്ള പ്രദേശത്തു് എന്നർത്ഥം), മരുവുന്ന, അചലപ്പെണ്ണിനെ (പാർവ്വതീദേവിയെ) കൈവണങ്ങീട്ടു് ഹേ തൃപ്പാപ്പൂർമൂപ്പുസ്ഥാനം, അടയുന്ന = പ്രാപിച്ച, മടവാർമാരനേ = സ്ത്രീകൾക്കു കാമനായവനേ! നീ, വിരഞ്ഞു് = ജാഗ്രതയോടേ, എപ്പോഴും നിൻെറ, ഉടമ = ഉടമസ്ഥാവകാശം കരുതുന്ന, രായിരക്ഷോണിപാലം = രായിരൻ എന്നാളുടെ വംശത്തിലുള്ള രാജാവായ, കെല്പാന്നീടും മഹിത ചിറവായ്‌വീരനെ = കെൽപുള്ളവനും ശ്രേഷ്ഠമായ ചിറവായ് സ്വരൂപത്തിലെ വീരനും ആയവനേ (ചിറവായ സ്വരൂപത്തിലെ രാജാവിനെ എന്നർത്ഥം) കണ്ടു പോവുക.

117

കൈതക്കാട്ടെക്കുവലയദൃശാംപാട്ടുകേട്ടങ്ങിരുന്നാൽ
കാലംവൈകുംപെരികെനിരണത്തിന്നുപോകാൻവഴ
[ങ്ങേൻ
എന്റാൽപ്പാരിൽപ്രഥിതചിരവായ്ക്കില്ലമാന്തെൻതുരുത്തി
ക്കൂടക്കൂടക്കഴികപഴവാറെൻറുചൊല്ലുംചടങ്ങും.

കൈതക്കാട്ടെ = കൈതക്കാട്ടു് എന്ന ഗൃഹത്തിലെ, കുവലയദൃശാം സുന്ദരിമാരുടെ, പാട്ടു കേട്ടുകൊണ്ടു് അങ്ങു് ഇരുന്നാൽ, പെരികെ = അധിക അധികം, കാലം = നേരം, വൈകും. അതുകൊണ്ടു്,

നിരണത്തിന്നു് = നിരണം എന്ന ദിക്കിലേയ്ക്കു പോവാൻ, വഴങ്ങേൻ = അപേക്ഷിക്കുന്നു. എന്നാൽ പാരിൽ പ്രഥിതമായ (പ്രസിദ്ധമായ) ചിറവായ്ക്കു് ചിറവായ് സ്വരൂപത്തിന്നു്, ഇല്ലമാം=വാസസ്ഥാനമായ, തെൻതുരുത്തിക്കൂട = തെൻതുരുത്തിയെന്ന സ്ഥലത്തെത്തുമ്പോൾ, പഴവാറു് = പഴയ താവാട്ടിൽ പോകുക എന്നു പറയുന്ന, ചടങ്ങു = ആചാരവും, കൂടക്കഴിക = അതോടുകൂടിത്തന്നെ കഴിയണം. അങ്ങയുടെ പഴയ തറവാടായ ചിറവായ് കൊട്ടാരത്തിൽ പോകുന്നതു് ആചാരമൎയ്യാദയാണു് എന്നൎത്ഥം. ചിറവായ് സ്വരൂപത്തിൽ ജനിച്ചു. കേരളവൎമ്മൻ എന്ന ജയസിംഹരാജാവു് കൊല്ലം രാജവംശത്തിലെ ഉമാരാജ്ഞിയെ സൎവ്വസ്വദാനരീതിയിൽ വിവാഹം ചെയ്തു് കൊല്ലത്തെ രാജാവായി. ആ ജയസിംഹരാജാവിന്റെ പുത്രന്മാരാണു് രവിവൎമ്മ ചക്രവൎത്തിയും ആദിത്യവൎമ്മ രാജാവും. ആദിത്യവൎമ്മരാജാവിനെ തൃപ്പാപ്പൂർ മൂപ്പിൽസ്ഥാനത്തേയ്ക്കു ദത്തെടുത്തു. ഇങ്ങനെയാണു് സന്ദേശഹരനായിക്കല്പിച്ചിട്ടുള്ള തൃപ്പാപ്പൂർ മൂപ്പു് ആദിത്യവൎമ്മരാജാവിനു് രവിവൎമ്മ ചക്രവൎത്തി ജ്യേഷ്ഠനായതും ചിറവായ് കൊട്ടാരം പഴയ തറവാടായതും എന്നു ചരിത്രപ്രകാരം ഗ്രഹിച്ചുകൊൾക.

## 118

വീട്ടുണ്ടല്ലോ തദനുഭവതോമുമ്പിലായാണിപാർമേൽ
മാടമ്പീനാമവിടെവസതാംധന്യമാകുംനിവാസം
മാടംചെന്റങ്ങുഡുപതികലാംചൂടിമാതേവരാവാൻ
തേടിന്റേടം പുനരവിടെയുംചെൽകപോരുംദശായാം.

തദനു = അതിൽപിന്നെ, ഭവതഃ = ഭവാന്റെ, മുമ്പിലായി, പാർമേൽ ആണി = ഭൂമിയിൽ ഏററവും മുഖ്യമായ വീടു് ഉണ്ടല്ലോ, അതു ചേൎക്കുക. അവിടെ വസതാം=വസിക്കുന്നവരായ, മാടമ്പീനാം=പ്രഭുക്കന്മാരുടെ, ധന്യമായ, നിവാസം = വാസസ്ഥാനവും, മാടം = മാളിക, ചെന്നു്, ഉഡുപതികലാം=ചന്ദ്രക്കലയെ, ചൂടി=ശിരസ്സിൽ തൊട്ടു്, മാതേവരാവാൻ = മഹാദേവർ (ശിവൻ) ആയിത്തീരാൻ,

തേട്ടുന്ന = ഭ്രമിക്കുന്ന ഇടവും ആണ്. മാളിക ചന്ദ്രമണ്ഡലം വരെ ഉയൎന്നിട്ടുണ്ടെന്നും ശിവൻ ചന്ദ്രക്കലാധരനാകയാൽ ശിവസാദൃശ്യത്തെ ഉൽപ്രേക്ഷിച്ചിരിക്കുന്നുവെന്നും അറിഞ്ഞുകൊൾക. പുനഃ= പിന്നെ, പോരുംദശായാം = പോരുമ്പോൾ, അവിടെയും ചെൽക.

119

മെത്തുംമത്തഭ്രമരമുഖരാംമത്തമാർപോർമുലത്തൊ-
ത്തൊത്തിൻേറാമല്ക്കളഭകളിയിൽപ്പൊങ്ങുമംഭോരു-
[ഹാഢ്യാം
തത്തിത്തത്തിച്ചെറുതിരകളിൽച്ചേൎന്നമുക്താകലാപാം
കൊത്തിക്കൊത്തിക്കരികിൽപരുകച്ചേൎന്നതീരാഭിരാമാം,

120

പിന്നെപ്പിന്നിട്ടമലസലിലാം താം നദീംപാടമേ പോ-
യ്ക്കൂന്നല്ക്കുണ്ണാർകുസുമശരനീനല്ലവായ്ക്കുങ്ങുചെൻറു്
ഉന്നിദ്രാണപ്രസവവിസരല്ക്കസരോദ്യാനവാതെ-
രുന്നിക്കാമം മതിലകമകംപൂക ഭൂപാലമൌലേ.

ഈ ശ്ലോകങ്ങൾ ഏകവാക്യമാണ്. മെത്തുന്ന (വൎദ്ധിച്ചിരിക്കുന്ന) മത്തഭ്രമരങ്ങളാൽ മുഖരയും (ശബ്ദിച്ചുംകൊണ്ടിരിക്കുന്നതും) മത്തമാരുടെ (പ്രമദകളായ കാമിനികളുടെ) പോർമുലത്തൊത്തിൽ (പൃങ്കലയൊത്ത പോർമുലകൾ) ഒത്തുന്ന (ചേൎന്നിട്ടുള്ള) ഓമൽ കളഭമാകുന്ന (നല്ല കുറിക്കൂട്ടു്) കളിയിൽ (ചേററിൽ) പൊങ്ങുന്ന (വളൎന്നുവരുന്ന) അംഭോരുഹങ്ങൾ ധാരാളമുള്ളതും, തത്തിത്തത്തി = തെറിച്ചു തെറിച്ചുംകൊണ്ടു്, ചെറുതിരകളിൽ ചേൎന്നിട്ടുള്ള മുക്താകലാപങ്ങളോടു (മുത്തുമണിഭൂഷണങ്ങൾ) കൂടിയതും വെള്ളത്തിരകളിലെ നരകളെ മുത്തുമണികളായി രൂപണം ചെയ്തിരിക്കുന്നു. കൊത്തിക്കൊത്തിക്കൊണ്ടു കരികിൽപ്പക്ഷികൾ പരുകെ = ഓരോന്നു് തിന്നു പെരുമാറുന്ന മാതിരിയിൽ, ചേൎന്നിട്ടുള്ള തീരങ്ങളാൽ അഭിരാമം

(മനോഹരം) ആയതും, അമലസലിലാം = നിർമ്മലജലത്തോടുകൂടിയതും ആയ, താം നദീം=ആ നദിയെ (പമ്പയെ), പിന്നെ പിന്നിട്ടു്= കടന്നിട്ടു്, പാടമേ=പാടത്തുകൂടെ പോയി, ഹേ കന്നൽക്കണ്ണാൾക്കു് (കുവലയാക്ഷികൾക്കു്) കുസുമശരനായവനേ! നീ വല്ലവായ്ക്കു് 1= തിരുവല്ലായ്ക്കു് അങ്ങു ചെന്നു് ഹേ ഭൂപാലമൌലേ! ഉന്നിദ്രാണങ്ങളായ (വിരിഞ്ഞു നില്ക്കുന്ന) പ്രസവങ്ങളുടെ (പുഷ്പങ്ങൾ) വിസരത്തുകളായ (ചിതറിപ്പരന്നിരിക്കുന്ന) കേസരങ്ങളോടു് (അല്ലികൾ) കൂടിയ ഉദ്യാനവാതങ്ങളേക്കൊണ്ടു് (ഉദ്യാനവായുക്കൾ വരുന്ന പ്രദേശത്തെ ലക്ഷ്യമാക്കിപ്പോയിട്ടു് എന്നർത്ഥം) മതിലകത്തെ, അകംപൂക = പ്രവേശിച്ചാലും.

121

പൊൽപൂമാതിൻകുളിരിളമുലത്തൊത്തി2ലെത്തിന്റു
കർപ്പൂരാപൂരിതമലയജംചാർത്തുമാനന്ദമൂർത്തിം [കോലം
തൃപ്പാപ്പൂവാഴ്ന്നമൃതകരനേ നല്ലവായ്ക്കോയിൽകൊള്ളി-
ൻറപ്പൻതന്നേതൊഴുകമഴകോലിൻറനീലാംബുദാഭം.

പൊൽപ്പൂമാതിൻെറ = ലക്ഷ്മീദേവിയുടെ, കുളിരിളമുലത്തൊത്തിൽ=രോമാഞ്ചം കൊണ്ടിരിക്കുന്നതും പുതുതായി വളർന്നതുമായ മുലപ്പൂങ്കുലകളിൽ, എത്തുന്ന = ചേരുന്ന, കോലം=സ്വരൂപവും, കർപ്പൂരാപൂരിതമായ (കർപ്പൂരം നല്ലവണ്ണം കലർത്തീട്ടുള്ള) മലയജത്തെ (ചന്ദനം) ചാർത്തുന്ന ആനന്ദമൂർത്തിയും, മഴകോലുന്ന (മഴയുള്ള വെള്ളം നിറഞ്ഞ) നീലാംബുദത്തിൻെറ (കാർമേഘം) ആഭപോലുള്ള ആഭ (ശോഭ) യുള്ളവനും ആയ വല്ലവായ്ക്കോയിൽ കൊള്ളിൻറപ്പൻ തന്നെ = തിരുവല്ലായിൽ ഇരുന്നരുളുന്ന ദേവനെ, ഹേ തൃപ്പാപ്പൂർ വാണ അമൃതകരനേ! (ചന്ദ്രനേ), ഭവാൻ തൊഴുക.

---

1 നല്ലവാഴ്ക്കണു് എന്നു പാഠാന്തരം.

2 തൊത്തിൻമെത്തിൻറ എന്നു മറെറാരു പാഠം.

122

അപ്പോഠംനിന്നെത്തെളിവിലിളമങ്ങി1ക്കരച്ചേരിമറവം
തസ്മിൻമേവുംപെരിയ 2മടവാർവന്നുതാന്താൻമുതിന്ന്
ഉദ്യല്ലോലാഹലമുപചരിക്കിൻറസത്രം 3പൊതപ്പാ
നച്ഛച്ഛോകാണരുതുവഴതിക്കൊാംകനീ കൌശലേന.

അപ്പോഠം തസ്മിൻ=അവിടെ ഇളമങ്ങിക്കരച്ചേരി മറവം=ഇളമങ്ങിക്കരച്ചേരി എന്ന ഗൃഹത്തിലും മാറവം മേവുന്ന, പെരിയമടവാർ=വലിയ (സാമാന്യം വയസ്സായ) സ്ത്രീകഠവന്ന്, താൻതാൻ മുതിന്ന്=താൻവേണം എന്ന മട്ടിൽ ഒരുങ്ങിക്കൊണ്ട്, ഉദ്യൽകോലാഹലം=അധികമധികം കോലാഹലത്തോട്, നിന്നെ തെളിവിൽ, ഉപചരിക്കുന്ന = സല്ക്കരിക്കുന്ന സത്രം = ആഘോഷം, പൊതർപ്പാൻ = വീണ്ടുംവീണ്ടും വലുതാക്കിത്തീർപ്പാൻ, അരുത്; അച്ഛച്ഛോ കാൺ എന്നത് അയ്യയ്യോ കാൺക എന്നിങ്ങനെ ആ സല്ക്കാരം നിമിത്തം വന്നുപോയേയ്ക്കാവുന്ന കാലതാമസത്തിന്ന് അസഹ്യതയെ ദ്യോതിപ്പിക്കുന്നു. നീ, കൌശലേന = ഉപായത്താൽ വഴതിക്കൊാംക = അവരെ വിട്ടുപൊയ്ക്കൊാംക.

123

കുമ്പിട്ടമ്പിൽത്തദനുവിനതാനന്ദനം തണ്ടിലേറി—
ച്ചെമ്പൊൽക്കാളംതെളുതെളെമുതിന്നംബരമ്മേൽമുഴങ്ങേ
വമ്പുറീടുംകുടതഴച്ചുഴൻറങ്ങു നേരേ നടന്നാൽ
മുമ്പിൽക്കാണാംപഥി കരിയനാടെന്നപേരായകാവ്.

---

1 മൺമിക്ക എന്നു പാഠാന്തരം.

2 മറയോർ എന്നു പാഠാന്തരം. ഇളമൺമഠത്തിലെ ബ്രാഹ്മണശ്രേഷ്ഠർ എന്നർത്ഥം. ഈ പാഠമാണ് ശുദ്ധമെന്നു തോന്നുന്നു.

3 പൊറുപ്പാൻ എന്നു പാഠം.

തദനു=അതിനുശേഷം, വിനതാനന്ദനം=ഗരുഡനെ, അമ്പിൽ കുമ്പിട്ട് തണ്ടിൽ ഏററി ചെമ്പോല്ക്കാളം = നല്ല സ്വർണ്ണക്കാഹളം, തെളുതെളെ മുതിന്ന് = സ്പഷ്ടമായി വർദ്ധിച്ച്, അംബരമ്മേൽ=ആകാശത്തിൻെറ മേൽഭാഗത്ത്, മുഴങ്ങികൊണ്ട്, വമ്പുററീടും = വലിപ്പമുള്ള, കുടതഴകൾ, ചുഴന്ന് = ചുററം പിടിച്ചുംകൊണ്ട്, അങ്ങനേ ദൂരപോയാൽ, പഥി = വഴിയിൽ, കരിയനാട്ട്=എന്നു പേരായ കാവ് ക്ഷേത്രം, മുമ്പിൽ കാണാം.

## 124

ചൂഴും1വയ്ക്കുംപെരിയവിഭവംനോക്കിയാലുച്ചയോളം
കോഴിക്കോട്ടുംപുനരതിനൊടോ കൊല്ലവും തുല്യമല്ല
ആഴിപ്പെണ്ണും നിഖിലജനവുംവൈകിനാൽവാങ്ങുമസ്മിൻ
കോഴിക്കൂട്ടുംചെറിയ 2കുരുമാൽപോലുമില്ലങ്ങുപിന്നെ.

ഉച്ചയോളം = ഉച്ച സമയംവരെയ്ക്കും, ചൂഴും ചുററും, വയ്ക്കുന്ന, വലിയ വിഭവം = കച്ചവടസാമാനങ്ങൾ, നോക്കിയാൽ കോഴിക്കോട്ടും പിന്നെ കൊല്ലവും അതിനോട്ട് (കരിയനാട്ട് പ്രദേശത്തോട്) തുല്യമല്ല. അസ്മിൻ = ഇവിടെ (കരിയനാട്ടിൽ) വൈകിനാൽ = ഉച്ചതിരിഞ്ഞാൽ, ആഴിപ്പെണ്ണും = ശ്രീഭഗവതിയും (ശ്രീകരങ്ങളായ കച്ചവടസാമാനങ്ങൾ എന്നർത്ഥം) നിഖിലജനവും, വാങ്ങും = ഒഴിഞ്ഞുപോകും. പിന്നെ, അങ്ങ്=അവിടെ, ഒരു കോഴിക്കൂട്ടുപോലും, ചെറിയ കുരുമാൽ = ചീന്തൽശ്ശീലപോലും ഇല്ല.

## 125

മുത്തുററംചെന്നണിമുലപിരിഞ്ഞുള്ളമാരാതിരേകം
മുത്തുററിൻറു മമ പുനരതങ്ങുണ്ണുനീലിക്കുചൊൽവാൻ

1 വില്ക്കും എന്നു പാഠാന്തരം.

2 കുരുമാർ—ചെറിയതുരപ്പ

മുത്തൂററിച്ചെന്നിനിയ 1പുഴയും പിന്നിലിട്ടേച്ച ഗംഗാ-
മുത്തീർയ്യത്വംവിരവൊടുസഖേ നാലുകോടിക്കചെൽക.

മുത്തു് = മുത്തുരത്നങ്ങൾ, ഊററം = അഭിമാനകരമായ വിധത്തിൽ (മുതിന്നു് ആ അണിമുലയിൽ ചേരുന്നതു് അഭിമാനകരമാണെന്നു ഭാവം) ചേൻറിട്ടുള്ള അണിമുല = ഭംഗിയുള്ള മുല, പിരിഞ്ഞതിനാൽ ഉള്ള, മാരാതിരേകം = കാമാധിക്യം, മമ പുനഃ = എനിക്കാകട്ടെ, മുത്തു് = സന്തോഷം, ഊററവന്ത = വാത്തെട്ടുകന്നു (ക്രമത്തിൽ അധികമധികം നശിപ്പിക്കുന്നു) അതു, അങ്ങ് = അവിടെ, ഉണ്ണുനീലിക്കു്, ചൊൽവാൻ = പറഞ്ഞറിയിപ്പാൻ വേണ്ടി, മുത്തൂററിൽ = മുത്തൂററു് എന്ന ദിക്കിൽ ചെന്നു്, ഇനിയ=നല്ല, പുഴയും പിന്നിലിട്ടേച്ചു്, ഗംഗം=ഗംഗയെന്നു പറഞ്ഞുവരുന്ന അട്ടിക്കിലെ നദിയെ, ഉത്തീർയ്യ = കടന്നിട്ടു്, ഹേ സഖേ! ത്വം = അങ്ങു്, വിരവൊടു് = വേഗത്തോടെ, നാലുകോടി എന്ന പ്രദേശത്തേക്കു ചെല്ലുക.

126

2മുക്കാലുംചെന്റിമയവർതൊഴുംതിർക്കൊടിത്താനമമ്പി-
ൻറക്കാർവണ്ണൻചരണയുഗളംക്രുപ്പിനേരേ നടന്നാൽ
തെക്കിൻക്രൂറങ്ങതു കഴിവൊളം കാടിടത്തും വലത്തും
മിക്കേടത്തും പുനരവിടമോ ഞാനണത്തിൻവതില്ല.

ഇമയവർ = ദേവകൾ, മുക്കാലും = അധികംപേരും, ചെന്നു തൊഴും = നിത്യവും വന്ദിച്ചു വരുന്ന, തിക്കോടിത്താനം എന്ന സ്ഥലത്തു്, അമ്പം = വസിക്കുന്ന, അക്കാർവണ്ണൻെറ (വിഷ്ണു) ചരണയുഗളത്തെ, ക്രുപ്പി = തൊഴുതു്, നേരെ നടന്നാൽ, അങ്ങു്=അവിടെ,

1 ചിറയും എന്നു പാഠാന്തരം

2 മുക്കാലം എന്നു പാഠാന്തരം—മുക്കാലും എന്ന പാഠത്തിനു് അധികംപേരും എന്നർത്ഥം പറയുന്നതിനേക്കാൾ മൂന്നുകാലത്തും എന്നു പറയുന്നതാണു് ഉത്തമം.

തെക്കിൻകൂറ് = തെക്കൻകൂർ രാജാവിൻെറ രാജ്യമായി. അതു കഴിവോളം ഇടത്തും വലത്തും മിക്ക സ്ഥലങ്ങളിലും കാട്ട് = കാട്ടുപ്രദേശമാണ്. അവിടമോ പുനഃ= ആ സ്ഥലത്തെപ്പററിയാകട്ടെ, ഞാൻ ഉന്നത്തിൻറതില്ല = വിസ്തരിച്ചൊന്നും പറയുന്നില്ല.

127

അഗ്രേ കാണാം തദനു മണികണ്ഠാഖ്യപൂർവ്വംപുരംതേ
തെക്കിൻകൂററിന്നൊരുമണിവരം തത്രമേവും 1പുരാരിം
ഭക്ത്യാ നീ ചെൻറഴകൊട്ടുതൊഴുന്നേരമീശാനകോണേ
2തിക്കിക്കേൾക്കാം പഥികനിവഹംനിൻറഴക്കിന്റവാറ്

തദനു= അതിനുശേഷം, തെക്കിൻകൂറിന്ന് ഒരു മണിവരം = ഉത്തമരത്നപ്രായമായ, മണികണ്ഠാഖ്യപൂർവ്വം പുരം = മണികണ്ഠം എന്ന ആഖ്യ (പേർ) മുമ്പിൽ ചേൎന്നതായ പുരം (മണികണ്ഠപുരം എന്നൎത്ഥം) തേ = അങ്ങയ്ക്ക്, അഗ്രേ=മുൻഭാഗത്തു കാണാം. അത്ര= അവിടെ, മേവുന്ന, പുരാരിം = ശ്രീപരമേശ്വരനെ, നീ ചെന്ന് ഭക്തിയോടെ തൊഴുന്ന സമയത്ത്, ഈശാനകോണേ = ഈശാന കോണിലായി, പഥികനിവഹം=വഴിപോക്കരുടെ സമൂഹംനിന്ന്, അഴക്കിൻറവാറ് = തമ്മിൽത്തമ്മിൽ ഓരോന്നു വിളിച്ചു പറയുന്ന മാതിരി, തിക്കി = കലശലായി, കേൾക്കാം, (ഊട്ടുപുരയിൽനിന്ന് എന്നു ഭാവം)

128

ചൎച്ചിച്ചാലും ചരണമതിനിക്കണ്ടതില്ലെൻറമസ്മി–
ന്നിട്ടേടംചൊല്ലുവിടമരുതങ്ങമ്മയെക്കേട്ടുകൊൾക
3തൊട്ടുണ്മാൻഞാൻ 3തുളുവനരവന്മേപകന്നേടമെങ്ങു
5സഭ്യക്കാരാപറയനവിധാ കോലട്ടുക്കേട്ടപാഴാ

---

1 മുരാരിം എന്നു പാഠാന്തരം
2 നില്ക്കിൽ എന്നു വേറൊരു പാഠം
3 ഇട്ടുണ്മൻ എന്നു പാഠാന്തരം
4 തുളുവനൊരുവൻ
5 സാധ്യക്കാരൻ

വഴിപോക്കരുടെ സംഭാഷണത്തെത്തന്നെ അനുകരിച്ചിരിക്കുന്നതാണ് ഈ ശ്ലോകം. "ചർച്ചിച്ചാലും = വിചാരണ ചെയ്താലും (പരീക്ഷിച്ചുനോക്കുക എന്നർത്ഥം) എനിക്കു ചരണം ആതു് = ആ ചരണം (ചരണമെന്നതു് പകിഴികയച്ചരണം, തൈത്തിരീയച്ചരണം, തലവകാരച്ചരണം മുതലായി വേദശാഖയിലെ അവാന്തരവിഭാഗത്തിനുള്ള പേരാണ്) ഉണ്ടു്" എന്നൊരാൾ പറയുന്നു. "അതു് എന്നും = ഒരിക്കലും ഇല്ല. ഉണ്ടെങ്കിൽ അസ്മിൻ = ഇതിൽ (ആ ചരണക്കാർ പാഠിച്ചിരിക്കേണ്ടതിൽ എന്നർത്ഥം) ഇട്ടേടം = കൈമുദ്രകൊണ്ടോ കല്ല്, കവിടി മുതലായതുകൊണ്ടോ സൂചിപ്പിച്ചിട്ടുള്ള ഭാഗം (വേദഭാഗം) ചൊല്ലു്" എന്നു് മററൊരാൾ അതിന്നുത്തരം പറയുന്നു. ഇതുപോലെ മററു ഭാഗങ്ങളും ചോദ്യോത്തരങ്ങളുടെ നിലയിൽ ഗ്രഹിക്കേണ്ടതാണ്. "അവിടം = ആ ഭാഗം. അരുതു് = ചൊല്ലാൻ സാധിക്കില്ല. അങ്ങു് അമ്മയെ കേട്ടുകൊൾക = എനിക്കു് ആ ചരണമില്ലായിരിക്കുമോ എന്നു സംശയമുണ്ടെങ്കിൽ താൻ അവിടെ (എൻെറ ഗൃഹത്തിൽ പോയി) അമ്മയോടു ചോദിച്ചുകൊൾക" "തൊട്ടുണ്മാൻ ഞാൻ" എന്നു് കാകുവോടെ പറയുന്നതു്, എന്നാൽ തൊട്ടുകൊണ്ടുണ്ണാൻ ഞാനല്ല എന്നർത്ഥം. കേരളത്തിലെ ബ്രാഹ്മണസ്ത്രീകൾ അന്തർജ്ജനങ്ങളാകയാൽ അവർക്കു് അന്യപുരുഷന്മാരെ കാണ്മാനോ അവരോടു സംഭാഷണം ചെയ്വാനോ പാടില്ല. താൻ അമ്മയോടു ചോദിപ്പാനും പറയുന്നു. അതുകൊണ്ടു് താൻ കേരളീയ ബ്രാഹ്മണനല്ലെന്നു തീർച്ചയാകയാൽ തന്നെത്തൊട്ടുംകൊണ്ടു് എനിക്കുണ്ണാൻ പാടില്ല എന്നു സാരം. തുളുവൻ = തുളുബ്രാഹ്മണൻ, മേ = എൻെറ, ഉറവൻ = ചാർച്ചക്കാരൻ ആണു്" തുളുബ്രാഹ്മണസ്ത്രീയെയാണു എൻെറ അച്ഛൻ വിവാഹം ചെയ്തിട്ടുള്ളതു് എന്നു സാരം. "പകന്നേടം = പകന്ന സ്ഥലം (വിവാഹംചെയ്തു കൊണ്ടുവന്ന സ്ഥലം എന്നർത്ഥം) എങ്ങു = എവിടമാണു" ഈ ചോദ്യത്തിന്നുത്തരം പറയാതെ പരുങ്ങുന്നതു കണ്ടിട്ടു പറയുന്നതാണു് നാലാം പാദം, "അവിധാ = അയ്യോ! (സംഭ്രമം, ആശ്ചര്യം എന്നീവക വികാരങ്ങളിൽ വൈദികബ്രാഹ്മണർ പുറപ്പെടുവിക്കുന്ന ശബ്ദമാണു് "അവിധാ" എന്ന നിപാതം. അതു

പ്രകൃതംപോലെ ആ വക വികാരങ്ങളിൽ ഒന്നിനെ ദ്യോതിപ്പിക്കു കയും ചെയ്യുന്നു) സദ്യക്കാരാ = സദ്യ നടത്തുന്നവനെ! പറയൻ (ഇവൻ പറയനാണ് എന്നത്ഥം) കോൽ എട്ടുക്ക് ഏട്ടു് = അടിക്കു്. പാഴാ = കൊള്ളരുതാത്തവനേ!" ഒട്ടവിലത്തെ സംബോധനം അടിക്കാൻ താമസിക്കുന്നതിനാൽ ശുണ്ഠിയെടുത്തു പറയുന്നതാണു്.

129

എന്നെല്ലാംകേട്ടവിടെയുളനാമാകിൽനീബിംബലീശം
1വെൻറിക്കുൻറിന്നൊരുതിലകമാം 2രാമവമ്മാഭിധാനം
കണ്ടിട്ടേററംവിരവിൽമരുവാർകാലനേവൈകിയാതേ
ചെഞ്ചമ്മേപോയ്മഹിത3തിരുവാഞ്ചെപ്പുഴയ്ക്കുങ്ങുചെല്ക

എന്നെല്ലാം കേട്ട = കേട്ടതിനുശേഷം, വെൻറിക്കുൻറിന്നു് = ഉൽക്കർഷ പവ്തത്തിനു്, ഒരു തിലകമാം = തിലകംപോലെയിരിക്കുന്ന (ഏററവും വലിയ ഉൽക്കർഷത്തിനുപോലും മേന്മയുണ്ടാക്കത്തക്കവിധം ഉൽകൃഷ്ടനായ എന്നു സാരം) രാമവമ്മാഭിധാനം = രാമവമ്മൻ എന്നു പേരായ, ബിംബലീശം = വെമ്പലനാട്ടുരാജാവിനെ (തെക്കൻകൂർ രാജാവിനെ), അവിടെ = ആ മണികണ്ഠപുരത്തിൽ, ഉളനാം ആകിൽ = ഉണ്ടായിരുന്നവനാണെങ്കിൽ, (ഉണ്ടെങ്കിൽ) കണ്ടിട്ടു്, ഹേ മരുവാക്കു് (ശത്രുക്കൾക്കു്) കാലനായവനേ! വൈകിയാതെ = വൈകിക്കാതെ, വിരവിൽ = വേഗത്തിൽ ചെഞ്ചമ്മേ= ഏററവും ഭംഗിയോടെ പോയി, മഹിതമായ (ശ്രേഷ്ഠമായ) തിരുവാഞ്ചെപ്പുഴയ്ക്കു് അങ്ങു് നേരിട്ടു ചെല്ലുക.

130

വിപ്രേന്ദ്രാണാമഭിജനവതാം വാസസങ്കേതസീമാ-
മേനാംജാനുദഘ്നസമധുരസച്ഛനീരാഭിരാമാം

1 തിരുവഞ്ചെപ്പുഴയ്ക്കു് എന്നു മറെറാരു പാഠം
2 വീര്യവമ്മ എന്നു പാഠാന്തരം
3 വെൻറിക്കുന്നു് = വെന്നിമല

ഛത്രശ്രേണീവിരചിതനടപ്പന്തലൂടേ കടന്നേ
തത്രത്യാനാംവിവിധമവിധാനാദവുംകേട്ടുകൊൾക.

അഭിജനവതാം = ആഭിജാത്യം തികഞ്ഞവരായ, വിപ്രേന്ദ്രാണാം = ബ്രാഹ്മണശ്രേഷ്ഠന്മാരുടെ, വാസസങ്കേതസീമാം=വാസസ്ഥാനങ്ങളാകുന്ന സീമയോട്ട് (അതിര്) കൂടിയതും (രണ്ടുകരയിലും നമ്പൂതിരിമാരുടെ ഇല്ലങ്ങൾ ഉള്ളതു് എന്നൎത്ഥം) ജാനുദ്വയസമധുരസ്വച്ഛനീരാഭിരാമാം = ജാനുദ്വയസവും (മുട്ടോളം ഉള്ളതു്. മുട്ടുമുങ്ങത്തക്കവിധം മാത്രമുള്ളതു് എന്നൎത്ഥം. പരിമാണാർത്ഥത്തിൽ വരുന്ന ദ്വയസച്‌പ്രത്യയം) മധുരവും സ്വച്ഛവും (നിൎമ്മലം) ആയ നീരംകൊണ്ടു് (ജലം) അഭിരാമയും ആയ, ഏനാം = ഇതിനെ (ആ പുഴയെ), ഛത്രശ്രേണിയാൽ (കുടകളുടെ സമൂഹം) വിരചിതമായ നടപ്പന്തലിൽകൂടെ (നടപ്പന്തൽപോലെ നിരക്കെ കുട പിടിച്ചുംകൊണ്ടു് അതിൽകൂടെ എന്നൎത്ഥം) കടന്നേ = കടന്നിട്ടുതന്നെ, തത്രത്യാനാം=അവിടെയുള്ളവരുടെ (ആ ബ്രാഹ്മണരുടെ) വിവിധമായ അവിധാനാദവും= 'അവിധാ' എന്ന സംഭ്രമദ്യോതകമായ ശബ്ദവും കേട്ടുകൊൾക (സംഭ്രമത്തിന്നു കാരണം ആദിത്യവൎമ്മരാജാവിന്റെ എഴുന്നള്ളത്തുതന്നെ എന്നും ഗ്രഹിച്ചുകൊൾക.)

131

1ചോരിച്ചോവാമലരിൽമധുരാം 2ചാലയിൽച്ചേൎന്നു [പൂന്തേൻ
കോരിത്തുവുംവചസിലളിതാംകോമളാംമംഗലാംഗീം
പാരിൽക്കാണ്ടാംകുളമിതമമന്നോമലേക്കണ്ടുപോവാൻ
ചാരത്തല്ലാഞ്ഞയി ചരതമായ് ഞാനണഞ്ഞാഞ്ഞതങ്ങ്.

ചോരിച്ചോവാമലരിൽ = ചോരിപോലെ (ചോര) ചൊവന്ന വാമലർ(അധരം)വിഷയത്തിൽ മധുരയും, ചാലയിൽ=ധാരാളമായി

1 ചോരിച്ചെവാ എന്നു പാഠാന്തരം

2 ചാലേയിൽ എന്നു മറെറാരു പാഠം

ചേൻ്റ് = വളൻ്റ്, പൂന്തേൻ കോരിഞ്ഞുവുന്ന, വചസി = വാക്കിൽ (വാക്കിനേപ്പററിയേടത്തോളം) ലളിതയും കോമളയും മംഗലാംഗിയും ആയ, പാരിൽ = ഭൂമിയിൽ, കാണ്ടാംകുളം എന്ന ഗൃഹത്തിൽ ഇതമായി (ഹിതമായി = നന്മയോടെ) അമൻ്റ=വസിക്കുന്ന, ഓമലേ = സുന്ദരിയെ കണ്ടിട്ടു പോവാൻ ഞാൻ, ചരതമായ് = വിസ്താരമായി അല്ലെങ്കിൽ ശരിയായി, അങ്ങ് = അവിടത്തോട്ട്, ഉണത്താഞ്ഞതു് =പറയാഞ്ഞതു്, ചാരത്തല്ലാഞ്ഞു്=വഴികുസമീപത്തല്ലാഞ്ഞിട്ടാണ്. അയി എന്നു സംബോധന.

## 132

കല്യാണാബ്ധേ തദനു ച തിരിഞ്ഞയ്യടിക്കേററമാന്തൂർ
ചെല്ലാംചെൻറാലവിടെമരുവും 1ചന്ദ്രമൌലീംവണങ്ങി
ഊണും തേവാരവുമവിടെനിൻെറാട്ടുവേഗേന കൃത്വാ
2ബാണംപോലേവടിവിൽനടകൊൾകങ്ങു വേണാടർ
കോനേ!

ഹേ കല്യാണബ്ധേ = മംഗളങ്ങൾക്കിരിപ്പിടമായവനേ! തദനു ച = അതിൽപ്പിന്നെയാകട്ടെ, തിരിഞ്ഞയ്യടിക്ക് = ഉത്തിരിഞ്ഞു് അയ്യടിയാകുമ്പോൾ ഏററമാന്തൂർ ചെല്ലാം. ചെന്നാൽ അവിടെ മരുവുന്ന ചന്ദ്രമൌലിം=ശിവനെ, വണങ്ങി അവിടെനിന്ന്=അവിടെനിന്നുതന്നെ ഊണും തേവാരവും ഒട്ടു വേഗത്തിൽ, കൃത്വാ = കഴിച്ചിട്ട്, ഹേ വേണാടർകോനേ! ബാണംപോലെ, വടിവിൽ =നേരേതന്നെ (വഴി വളയ്ക്കാതെ) അങ്ങ് = അങ്ങോട്ട്, നടകൊൾക=പൊയ്ക്കൊൾക

## 133

കാതംപോരുംവഴികുറകയില്ലേത്തുമാക്കോതനല്ലൂർ
ച്ചൂതംതോറുംതണലിൽവിളനെൽകാക്കമക്കന്യകാനാം

1 മാരവൈരിം എന്നു പാഠാന്തരം
2 വാണംപോലെ എന്നു പാഠമുണ്ട് രണ്ടും അർത്ഥം ഒന്നുതന്നെ

കാതോളംനീണ്ടസിതനയനംകണ്ടുമാനെൻറു മത്വാ
1പോതപ്പെണ്മാൻനികരമരികേചെൻറുമേവീടുമേടം.

വഴി കാതം പോരും = പിന്നെ ഒരു കാതമേ ഉള്ളു. ഏതും കുറ കയില്ല = അതിൽ ഒട്ടും കുറവില്ല താനും, ആ കോതനല്ലൂർ = വടമ തിായിടേലല്ലു ഒരു കാതം വഴിമാത്രം ഉള്ളതായ കോതനല്ലൂർ എന്ന പ്രദേശം, ചൂതംതോരം തണലിൽ = മാവുകൾതോറുമുള്ള തണലിലി രുന്നുംകൊണ്ടു്, വിളനെൽ = വിളഞ്ഞു നില്ക്കുന്ന നെല്ലു്, കാക്കുന്ന ആ കന്യകമാരുടെ, കാതോളം = കാതുവരെ, നീണ്ടിരിക്കുന്ന അസി തനയനം കറുത്ത കണ്ണുകൾ കണ്ടു്, മാൻ എന്നു് = താന്താങ്ങളുടെ തള്ളയായ മാൻപേടയാണെന്നു്, മത്വാ=കരുതി, പോതപ്പെണ്മാൻ നികരം = കുട്ടികളായ പെൺമാൻകൂട്ടം, അരികെ = കന്യകമാരുടെ അരികത്തു ചെന്നു മേവുന്ന സ്ഥലമാകുന്നു.

## 134

കൂവീടിന്മേലെളുതുവഴിയിൻറങ്ങുപണ്ടേതിനേക്കാൾ—
പ്പൂവീടിൻേറചിലതരു കുലോല്ലാസിപാർശ്വാഭിരാമം
തേർപോവോളംവടിവിലി2ടമിട്ടുണ്ടിടത്ത്യുദാരം
വാപീതീരംപ്രതിവിരചിതംബിംബലീപാലകേന.

കൂവീടിന്മേലെളുതുവഴി = ഒരു വിളിപ്പാടിനെക്കാൾ കുറവായ വഴി, ഇന്നങ്ങു് = ഇപ്പോൾ അവിടെ, പണ്ടേതിനേക്കാൾ = മുമ്പു ണ്ടായിരുന്നതിനെക്കാൾ, പൂവീടിൻെറ = പൂവു് ഈടുന്ന (വൎദ്ധി ച്ചിട്ടുള്ള) ചില തരുകുലങ്ങളെക്കൊണ്ടു് (വൃക്ഷസമൂഹങ്ങൾ) ഉല്ല സിച്ചുംകൊണ്ടിരിക്കുന്ന പാർശ്വങ്ങളാൽ (രണ്ടു ഭാഗങ്ങളാലും) അഭി രാമവും, തേർപോവോളം = പോവാൻ തക്കവണ്ണം, വടിവിൽ = ഭംഗിയിൽ, ഇടമിട്ടു് = വിസ്താരത്തോടുകൂടി, അത്യുദാരം = ഏററവും

1 പോതപ്പെൺമാൻ എന്നു പാഠാന്തരം പോത = മുഗ്ദ്ധ.
2 ഇടമുണ്ടങ്ങടുത്തു്—പാഠഭേദം.

ഉൽകൃഷ്ടവും, ബിംബലീപാലകേന = വെമ്പലനാട്ടരാജാവിനാൽ (വടക്കുംകൂർ രാജാവിനാൽ), വാപീതീരംപ്രതി = വാപീതീരത്തെ ക്കുറിച്ച് (ചിറവക്കത്തേക്കായി) വിരചിതം = നിർമ്മിക്കപ്പെട്ടതും ആയ (എല്ലാം എളുതുവഴിയുടെ വിശേഷണം) ഇടത്തു് = ഇടത്തു ഭാഗത്തായി (അങ്ങയുടെ ഇടത്തു് എന്നു സാരം) ഉണ്ടു്.

## 135

ചിന്തിപ്പോമ്മാററികുലബലംബിംബലീപാലകാനാ-
മന്തിക്രൂതും *വിരുതുവിരുതംനിന്നൊടാവേദയേയുഃ
സിന്ധുദ്വീപേജനിതകുതിരക്കുഞ്ചിയിൽക്കിഞ്ചലോലാഃ
സിന്ധുദ്വീപംദ്വിപമദപരിസ്യന്ദിനോ മന്ദവാതഃ

ബിംബലീപാലകാനാം = ബിംബലീപാലകന്മാരുടെ, അരി കുല ബലം = ശത്രുസമൂഹത്തിന്റെ ബലം, ചിന്തിപ്പോമ്മാറു് = ചിതറിപ്പോകുന്ന വിധത്തിൽ, അന്തിക്കു് = സന്ധ്യാകാലത്തു്, ഊതുന്ന വിരുതുവിരുതം = സ്ഥാനമഹിമയെക്കാണിക്കുന്ന വാദ്യ ഘോഷവും, കിഞ്ച = പിന്നെ, സിന്ധുദ്വീപേജനിതകുതിരക്കുഞ്ചി യിൽ = സിന്ധുനദീതീരത്തിൽ ജനിച്ചിട്ടുള്ള കുതിരകളുടെ കുഞ്ചി രോമങ്ങളിൽ, ലോലാഃ = ചഞ്ചലങ്ങളും (സിന്ധുരാജ്യത്തു നിന്നു വരുത്തീട്ടുള്ള കുതിരകളെ നിർത്തിയ കുതിരപ്പന്തിയിൽ ചെന്നു് അവ യുടെ കുഞ്ചിരോമങ്ങളെ ഇളക്കിക്കൊണ്ടുവരുന്നവയും എന്നർത്ഥം) ദ്വിപമദപരിസ്യന്ദിനാഃ = ദ്വിപമദത്തെ (ആനകളുടെ മദജലത്തെ പരിസ്യന്ദിപ്പിക്കുന്നവയും) മദജലത്തിന്റെ ശീകരങ്ങൾ തൂകിക്കൊ ണ്ടിരിക്കുന്നവ എന്നർത്ഥം) ആയ മന്ദവാതാഃ = മന്ദവായുക്കളും, നി ന്നോടു് സിന്ധുദ്വീപം=കടത്തുരുത്തി പ്രദേശത്തെ, ആവേദയേയുഃ= അറിയിപ്പിക്കും. വിരുതുവാദ്യം കേട്ടിട്ടും മദജലഗന്ധമുള്ള കാററു്

* മിരുത വിരുതം—പാഠഭേദം

ഏററിട്ടും സിന്ധുദ്വീപം ഇന്നസ്ഥലത്താണെന്നു് അങ്ങേക്കറിയാറാകും എന്നു താല്പര്യം.

136

വിസ്താരാഢ്യേ ഭുവനവിദിതേ മത്തമാതംഗഭീമേ
താരാർമാതിൻകുലനിലയനേ ദിവ്യരത്നാഭിരാമേ
അംഭോരാശൌ തദനു പകലോനെൻറപോലേ സഖേ നീ
മംഗല്യാബ്ധേ വട*മതിരയിൽ ചെൻറകംപൂക പിന്നെ.

ഹേ മംഗല്യാബ്ധേ = മംഗലങ്ങൾക്കിരിപ്പിടമായവനേ! സഖേ! നീ പിന്നെ, വിസ്താരാഢ്യേ = വലിയ വിസ്താരമുള്ളതും, ഭുവനവിദിതേ = ലോകപ്രസിദ്ധവും, മത്തമാതംഗഭീമേ = മത്തഗജങ്ങളാൽ ഭയങ്കരവും, താരാർമാതിൻെറ (ലക്ഷ്മീദേവി) കുലനിലയനവും (കുലഗൃഹം) ദിവ്യരത്നങ്ങൾകൊണ്ടു് അഭിരാമവും ആയ വടമതിരയിൽ അംഭോരാശൌ = അംഭോധിയിൽ (സമുദ്രത്തിൽ) തദനു = ഉടൻതന്നെ, പകലോൻ = സൂര്യൻ എന്നപോലെ, ചെന്നു് അകംപൂക = പ്രവേശിച്ചാലും. വിസ്താരാഢ്യാ മുതലായ വിശേഷണങ്ങൾ അംഭോരാശിയോടും ചേരുന്നതാണു്. "ആ പക്ഷത്തിൽ മത്തമാതംഗം = ആനയുടെ ആകൃതിയിലുള്ള ഒരുതരം വലിയ മത്സ്യം. ലക്ഷ്മീദേവി സമുദ്രത്തിൽനിന്നാണുണ്ടായിട്ടുള്ളതു്, കൌസ്തുഭവും അങ്ങിനെതന്നെ. സമുദ്രം രത്നാകരവുമാണു് എന്ന സംഗതികളെല്ലാം ഓൎത്തുകൊൾക."

പൂൎവ്വസന്ദേശം കഴിഞ്ഞു.

---

* മതുരയിൽ—പാഠഭേദം

# ഉത്തരസന്ദേശം

1

ആററിൻനേരായ്ക്കരിവരമദംനീടൊഴക്കുംവടക്കിൻ–
ക്കൂററിന്നിൻറങ്ങഴകുപൊഴിയിക്കിൻറ പുണ്യാംബുരാശേഃ.
മാററാർക്കൂപ്പുംമഹിതമണികണ്ഠന്നയോദ്ധ്യേവ രാമ–
ന്നേററംവശ്യാജയതി നഗരീ സാ [1]കടന്തേരിനാമ്നാ.

ആററിന്നു നേരായി (ആററിലേയ്ക്കു) കരിവരന്മാരുടെ (ഗജവരന്മാർ) മദജലം, നീടൊഴുക്കും= നീളെ ഒഴുക്കുന്ന, വടക്കിൻക്കൂററിന്നു്= വടക്കൻകൂർ രാജവംശത്തിന്നു്, ഇന്നു് = ഇക്കാലത്തു് (അങ്ങു് എന്നതു വാക്യാലങ്കാരം), അഴകു് = നന്മ, പൊഴിയിക്കിൻറ = വർഷിക്കുന്ന (മേന്മേൽ വളർത്തുന്ന), പുണ്യാംബുരാശേഃ = പുണ്യനിധിയായ, മാററാർക്കൂപ്പും മഹിതമണികണ്ഠന്നു് = ശത്രുക്കൾ കീഴടങ്ങി വണങ്ങുന്ന ശ്രേഷ്ഠനായ മണികണ്ഠന്നു് (അക്കാലത്തെ വടക്കൻകൂർ വലിയ രാജാവിൻറ പേർ) രാമന്നു്, അയോദ്ധ്യാ ഇവ = അയോദ്ധ്യയെന്നപോലെ, ഏററവും വശ്യയായ (സ്വാധീനയായ), സാ നഗരീ= ആ നഗരി, കടന്തേരി എന്ന നാമത്തോടുകൂടി, ജയിക്കുന്നു. സർവ്വോൽക്കൃഷ്ടമായി വർത്തിക്കുന്നു എന്നർത്ഥം. കടന്തേരി എന്നും കടത്തുരുത്തിക്കു് അന്നു പറഞ്ഞിരുന്നുവെന്നറിക.

2

ഓരോപെൺമാൻമിഴികൾഭവനന്തോറു[2]മുല്ലെട്ടചെൻറ-
ങ്ങാരാഞ്ഞെത്തല്ലാപ്പൊഴുതുമിടുമാടമ്പുവാരാത[3]വണ്ണം

---

1 കടന്തേതിനാമ്നാ
2 മുൻപോട്ടു്—പാഠഭേദം
3 വാറു്

വീരന്മാർമേൽപുലരമലരമ്പെയ്തുതാൻവീരനാവാൻ
മാരന്നൂണുംകുളിയുമവിടെച്ചാലവൈകിൻറതല്ലോ.

ഈ ശ്ലോകംമുതൽ 16–ാം ശ്ലോകംവരെ കടന്തേരിനഗരത്തെ വർണ്ണിക്കുന്നു. ഓരോരോ പെണ്മാൻമിഴികളുടെ (സുന്ദരികളുടെ) ഭവനംതോറും, മുൽപ്പെട്ടു് = മുൻകൂട്ടി ചെന്നു്, ആരാഞ്ഞു് = ഇഷ്ടസിദ്ധിക്കു വഴിനോക്കിക്കൊണ്ടു്, എല്ലാപ്പൊഴുതും = എപ്പോഴും (ഇട്ടുമാട്ടു് എന്നതിനോടന്വയം) അൻപു് = കനിവു് (സുന്ദരികൾക്കു് എന്നു ഭാവം), വാരാതവണ്ണം = വരാത്തവിധം, അങ്ങു് = ഓരോ ഭവനത്തിലും, ഇട്ടുമാട്ടു് = ഇടുന്ന മാതിരിയിൽ (കെട്ടിക്കാത്തു കിടക്കുന്ന മാതിരിയിൽ ഓരോ ഭവനത്തിലും വീരന്മാരെ ഇടാൻതക്കവിധത്തിൽ എന്നു സാരം), വീരന്മാരുടെ മേൽ താൻ വീരനാവാനായി പുലരുന്നതുവരെ മലരമ്പു് എയ്തിട്ടു (എയ്യുന്നതുനിമിത്തം എന്നർത്ഥം) മാരന്നു് ഊണും കുളിയും, അവിടെ = ആ കടന്തേരിയിൽ, ചാല = നന്ന, വൈകിൻറതല്ലോ = വൈകിപ്പോകുന്നുവല്ലോ.

3

ചേടീവക്ത്രംപുനരൊരുകരംകൊണ്ടുതാൻപൊത്ത
[യിത്വാ
മാടോപാന്തേവളർമതിയുടേ മാറിൽ മാൻപേടകണ്ടു്
ഊഢേക്കാട്ടിച്ചിലർമരതകക്കല്ലു1വൻപല്ലുപാടേ
വാടാ2 യെൻറായ്മുലയിണചതിച്ചങ്ങണച്ചീടുമേടം.

ചേടീവക്ത്രം പുനഃ = ദാസിയുടെ വായ് ആകട്ടേ, ഒരു കരം കൊണ്ടുതന്നെ, പൊത്തയിത്വാ = പൊത്തിയിട്ടു്, മാടോപാന്തേ = മാടത്തിൻെറ (മാളികയുടെ), ഉപാന്തത്തിൽ (സമീപത്തിലായി) വളർമതിയുടെ = പൂർണ്ണചന്ദ്രൻെറ, മാറിൽ, മാൻപേട=മാൻപേടയെ കണ്ടു് (മാളികകൾ ചന്ദ്രമണ്ഡലത്തോളം ഉയന്നിട്ടുണ്ടെന്നുള്ള

1 വെംപുല്ലുപോലെ–പാഠാന്തരം
2 വാടാമാലക്കുഴലികൾ–പാഠഭേദം

അതിശയോക്തിയെ ആസ്പദമാക്കീട്ടാണ മാടോപാന്തത്തിൽ എന്നു കല്പിച്ചിട്ടുള്ളതു് എന്നറിഞ്ഞുകൊൾക) അല്ലെങ്കിൽ, മാളികയുടെ ഉപാന്തത്തിൽ (അററത്തു്) ഉള്ള, വളർമതിയുടെ = വളരിന്മേലുള്ള മതിയുടെ (വളരിന്മേൽ കൊത്തിയുണ്ടാക്കിയ കൃത്രിമചന്ദ്രന്റെ) മാറിൽ മാൻപെടയെ (കൃത്രിമമാൻപേടയെ) കണ്ടു് എന്നൎത്ഥം; ചില മരതകക്കല്ല വൻപുല്ല് = മരതകക്കല്ലുകളാകുന്ന നല്ല പുല്ല്, അല്ലെങ്കിൽ മരതകക്കല്ലുപോലെയുള്ള (നല്ല പച്ചനിറമായ) വൻപുല്ല്, ഊടേ = നേരേ (മാൻപേടയുടെ നേരെ), കാട്ടി, പാടേ = പാടത്തൂടേ, വാടാ = വന്നാലും, എന്നായ് = എന്നു സംജ്ഞകൊണ്ടറിയിച്ചു്, (ജാരനെ എന്നു ഭാവം), ചതിച്ചു = മററാരും അറിയാത്ത വിധം, മുലയിണ അങ്ങു് അണച്ചീടുമേടം = ചേക്കുന്ന (ആലിംഗനം ചെയ്യുന്ന എന്നൎത്ഥം), പ്രദേശം ആണു് ആ നഗരം എന്നു ചേൎക്കുക. ഇതുപോലെ ഇനിയത്തെ ശ്ലോകങ്ങളിലും അതു ചേൎക്കണം. ഇതിൽ ചേടീവക്ത്രം പൊത്തിയതിനാൽ ശബ്ദമുണ്ടാക്കാതെ വരണമെന്നു സൂചനം. മാൻപേടയ്ക്കു പച്ചപ്പുല്ല കാട്ടുക എന്ന ലീലാവിശേഷത്താൽ പച്ചപ്പുല്ല നിറഞ്ഞ പാടത്തുകൂടെ വരണമെന്നും. വളരു് എന്നതു തട്ടിന്നു ശരിയായി ഭിത്തിയുടെ പുറംഭാഗത്തേയ്ക്കു തള്ളിക്കെട്ടുന്ന വരിക്കുള്ള പേരാണു്.

4

മത്തേഭാനാം വളർചെവികളാമാലവട്ടങ്ങൾകൊണ്ടും
നെച്ചെന്തീടും മൃദുകുതിരവാലായ വെഞ്ചാമരൈശ്ച
കൊല്ലാന്നിടുംപടയിൽനടുവേ സാദരംവീജ്യമാനാ
നിത്യംവീരത്തിരുവനിതയുംതത്രമേവീടുമേടം.

മത്തേഭാനാം = മത്തഗജങ്ങളുടെ, വളന്ന ചെവികളാകുന്ന ആലവട്ടങ്ങൾകൊണ്ടും, നെച്ച് = ഇളക്കം, എന്തീടും = ഏന്തിക്കൊണ്ടിരിക്കുന്ന (ഇളകിക്കൊണ്ടിരിക്കുന്ന എന്നൎത്ഥം), മൃദുവായ കുതിര

വാലാകുന്ന വെഞ്ചാമരങ്ങൾകൊണ്ടും, കെൽപ് = സാമത്ഥ്യം ആന്നീടുന്ന, പടയിൻ നടുവേ = പടയുടെ നടുവിൽ, സാദരം = ആദരവോടെ, വീജ്യമാനാ = വീയപ്പെടുന്നവളായിട്ട്, വീരത്തിരുവ നിതയും = വീരശ്രീയാകുന്ന ദേവിയും, നിത്യം, തത്ര = അവിടെ, മേവീടുമേടം = വസിക്കുന്ന സ്ഥലം.

5

വില്പാൻചെൽകിൽ ത്രിഭുവനമിദംകൊള്ളുമാറാർജ്ജി
[താർത്ഥ-
രാര്യപ്രായൈരിനിയവചസാമാര്യവംശപ്രധാനൈഃ
നാനാരത്നദ്രവിണമണിയിൻറാപണശ്രേണിതോറം
നാണിപ്പോമാറളകനളിനപ്പെൺകളിച്ചീടുമേടം.

വില്പാനായിച്ചെല്ലുന്നപക്ഷം ഇദംത്രിഭുവനം = ഈ മൂന്നലോകവും, കൊള്ളുമാറ് = വാങ്ങത്തക്കവിധം, ആർജ്ജിതാർത്ഥൈഃ = ആർജ്ജിതമായ (സമ്പാദിച്ച), അർത്ഥത്തോടു (ധനം) കൂടിയവരും, ഇനിയ = ശ്രേഷ്ഠമായ, വചസാം = വാക്കുകൾക്കു (വാക്കുകളെ സംബന്ധിച്ചേടത്തോളം); ആര്യപ്രായൈഃ = ആര്യതുല്യന്മാരും (ആര്യൻ = ബൃഹസ്പതി) ആയ, ആര്യവംശപ്രധാനൈ = കച്ചവടക്കാരുടെ വർഗ്ഗത്തിൽ പ്രധാനന്മാരായവരെക്കൊണ്ട്, നാനാരത്നദ്രവിണം = പല തരം രത്നങ്ങളും ദ്രവ്യങ്ങളും, അണിയിൻറ = നിറഞ്ഞിരിക്കുന്ന, ആപണശ്രേണിതോറം = കച്ചവടത്തെരുവുകൾതോറം, അളക = അളകാപുരി, നാണിപ്പോമാറ് = നാണിച്ചുപോകുന്നവിധം, നളിനപ്പെൺ = ശ്രീഭഗവതി, കളിച്ചീടുമേടം = വിളയാടുന്ന സ്ഥലം.

6

ബാലസ്ത്രീണാംമുലയിൽ മലിയുംകുങ്കുമച്ചാറുചേറായ്-
ച്ചാലപ്പെണ്ണും കമലകലികാശ്രീമതീശൈലകന്യാ

മാലക്കാലത്തളികകൾ1 തെളിവായ് ചുംബിനോരാമ്പൽ
[വമ്പു-
റേറാലുങ്കോലപ്പവനനൊടുടൻ ചേൎന്നുമേവീടുമേടം

ബാലസ്ത്രീകളുടെ മുലയിൽ, മലിയുന്ന = നിറഞ്ഞിരിക്കുന്ന, കുങ്കുമച്ചാറുതന്നെ, ചേറായിത്തീൎന്നു്, ചാല = ഭംഗിയോടെ, വർണ്ണം = ഉണ്ടാക്കിവരുന്നു. കമലകലികകൾകൊണ്ടു് (താമരമൊട്ടുകൾ) ശ്രീമതിയായ (ശോഭയുള്ളതു്) ശൈലകന്യാ = നദി. (മീനച്ചലാറു്) ശൈലകന്യാപദം ഇവിടെ മലയിൽ നിന്നു ജനിച്ചതു് എന്ന അവയവാർത്ഥം മാത്രം അടിസ്ഥാനമാക്കി പ്രയോഗിച്ചിരിക്കുന്നു. ആവക കമലകലികകൾ ചാർത്തീട്ടുള്ള കടുത്തുരുത്തിക്ഷേത്രത്തിലെ പാൎവ്വതീദേവി എന്ന അർത്ഥവും കൂടി ധ്വനിപ്പിക്കുന്നതിനു വേണ്ടിയാണു് ശൈലകന്യാപദം പ്രയോഗിച്ചിരിക്കുന്നതു്. (കമലകലികകൾക്കു് അത്രത്തോളം ഭംഗിയുണ്ടായതു് ബാലസ്ത്രീകളുടെ മുലകളോടു ചേൎന്നിട്ടുള്ള കുങ്കുമച്ചാറുചേറിൽനിന്നു ജനിച്ചവയാകയാൽ കാരണഗുണം വഴിക്കാണോ എന്നുതോന്നും. എന്നിങ്ങനെ ഉൽപ്രേക്ഷ ധ്വനിക്കുന്നതും ഗ്രഹിച്ചുകൊൾക) 2മാലക്കാലത്തു് = വനനകാലങ്ങളിൽ, അളികൾ = വണ്ടുകൾ, തെളിവായ് = സ്പഷ്ടമായി(നല്ലവണ്ണം), ചുംബിനോരു് = ചുംബിച്ചിട്ടുള്ള, ആമ്പലിനെ, വമ്പുററു് = വമ്പോടുകൂടി, ഏലുന്ന = വഹിക്കുന്ന, (ഓലും എന്ന പാഠത്തിൽ ഓലുന്ന – ഒഴുകുന്ന = വീഴുന്ന എന്നൎത്ഥം), കോലപ്പവനനോടു് = പ്രശസ്തമായ (നല്ല), വായുവിനോടു്, ഉടൻ = ഉടനുടൻ, ചേൎന്നു്, മേവീടുമേടം = ശോഭിക്കുന്ന സ്ഥലം.

7

ദ്വീപാൽദ്വീപാൽക്കടലരികെക്കൊളുംചൊങ്കിൽവന്നർത്ഥ-
[ജാലം
ക്കൂടക്കൂടക്രമുകമരിചംകൊണ്ടുചെന്റങ്ങുനൽകി

---

1 തെളിവുററാമ്പിനോ····എന്ന പാഠമാണു് ശുദ്ധം
2 മാലക്കാലത്തു് = സന്ധ്യാകാലത്തു്

തോണിക്കൂട്ടംമുഴകമുഴകക്കൊണ്ടുചെൻററാൻററിനോടൊ-
ൻെറത്തിത്തിങ്ങത്തണലിലണയത്താഴമേവീടുമേടം.

ദ്വീപാൽദ്വീപാൽ = ഓരോരോ ദ്വീപുകളിൽനിന്നും, കടലരികൊളം = കടൽവക്കിന്നുത്തുവരെ, ചൊങ്കിൽ = കപ്പലിൽ, വന്ന= വന്നുചേർന്നിട്ടുള്ള, അൎത്ഥജാലം = ധനസമൂഹം, കൂടക്കൂട=കൂടിക്കൂടി വരുന്നവിധം (മേല്ക്കുമേൽ വന്നുചേർന്നുകൂടുന്ന വിധം എന്നൎത്ഥം), ക്രമുകമരിചാ = അടക്കയും കുരുമുളകും കൊണ്ടുചെന്നു്, അങ്ങു്=ആ കപ്പൽക്കാൎക്കു് നൽകീട്ടു്, തോണിക്കൂട്ടം, മുഴകമുഴക = മുങ്ങിപ്പോയേയ്ക്കുമോ എന്നു വീണ്ടുംവീണ്ടും സംശയം തോന്നുന്നവിധത്തിൽ, കൊണ്ടു്=സ്വീകരിച്ചു് (അൎത്ഥജാലത്തെകയററിനിറച്ചു് എന്നൎത്ഥം), ഒന്നിനോടൊന്നു ചെന്നു് എത്തിത്തിങ്ങ = ഓരോ തോണികളും മററോരോന്നിനോടൊപ്പം ചെന്നെത്തി തിങ്ങുന്ന വിധത്തിലും, തണലിൽ അണയ = കരയ്ക്കുള്ള തണൽപ്രദേശത്തു വരുമ്പോൾ, താഴ = താഴെയായിട്ടും, (സ്ഥലം പോരാഞ്ഞിട്ടു പലതും പലതിന്നും താഴെയായിട്ടു് എന്നൎത്ഥം), മേവീടുമേടം = നില്ക്കുന്നസ്ഥലം.

8

ഈടിക്കൂടിക്കനമളികുലംചേൎന്ന പൂങ്കാവുതോറും
കൂടക്കൂടത്തുടുതുടമലർത്തെൻറൽ പെയ്യോരുനേരം
ആടിക്കൊണ്ടൽപ്പെരുമഴയിതെൻറിങ്ങനേ കല്പയിത്വാ
വേടക്കാലത്തഴകൊടുമയിൽക്കൂട്ടമാടീടുമേടം.

അളികുലം = വണ്ടിൻകൂട്ടം, ഇടിക്കൂടി=വൎദ്ധിച്ചുകൂടി (ഈട്ടം കൂടി, കനം = ധാരാളം ചേൎന്നിട്ടുള്ള, പൂങ്കാവുതോറും, കൂടക്കൂട = ഇടയ്ക്കിടയ്ക്കു്, തെൻറൽ=കാററു്, മലർ=പുഷ്പങ്ങളെ, തുടുതുട=നല്ല തുടുപ്പോടുകൂടി (ചൊവന്ന പുഷ്പങ്ങളാകയാൽ എന്നു ഭാവം), പെയ്യോരുനേരം=പൊഴിക്കുന്ന സമയത്തു്, ആടിക്കൊണ്ടൽപ്പെരുമഴയിതു് = ആടിക്കാലത്തെ (കൎക്കടകമാസം) കൊണ്ടലിൽനിന്നുള്ള (മേഘം)

പെരുമഴയാണ് ഇതു്, എന്നിങ്ങനെ=എന്നിപ്രകാരം, കല്ലയിതാ= ഭ്രമിച്ചിട്ടു്, (വണ്ടുകളെ കൊണ്ടലായിട്ടും വീണിട്ടുള്ള പുഷ്പങ്ങളെ കലങ്ങിച്ചൊവന്ന മഴവെള്ളമായിട്ടും ഭ്രമം), മയിൽക്കൂട്ടം, വേടക്കാലത്തു്= വേനൽക്കാലത്തു്, അഴകൊട്ടു് ആടീടുന്ന സ്ഥലം (വസന്തത്തിൽ വർഷഭ്രാന്തി).

9

പൊന്മാടത്തിൻ നിഴലെവെയിലെന്റോത്തുപെയ്യിന്റ
[വെള്ളം
തേന്മാവിന്റേ മധുരസമിതെന്റമ്പിലൊത്താസ്വാദിച്ചു്
മേന്മേലോരോപരിചിൽമടവാർപാടിട്ടുംപഞ്ചമത്തിൽ—
ത്താന്മേലാവാൻതെളിവൊടുകുയിൽപ്പേടപാടീടുമേടം.

പൊന്മാടത്തിൻ നിഴലെ = പൊന്മാളികകളുടെ ഛായയെ (പൊന്മാടങ്ങളുടെ ചുററം പരക്കുന്ന കാന്തിയെ എന്നർത്ഥം), വെയിലാണ്, എന്നോത്തു് = എന്നു ഭ്രമിച്ചു്, പെയ്യിന്റ വെള്ളം= പൊന്മാടങ്ങളിൽക്കൂടി വീഴുന്ന മഴവെള്ളം, തേന്മാവിന്റെ മധുരസം ആണു് ഇതു് എന്നു്, അമ്പിൽ = സന്തോഷത്തോടെ, ഓത്തു് = കരുതി, ആസ്വാദിച്ചു് കുയിൽപ്പേട, മേന്മേൽ ഓരോ പരിചിൽ = ഓരോരോ ഭംഗിവിശേഷത്തോടുകൂടി, മടവാർ = സ്ത്രീജനങ്ങൾ, പാടുന്ന പഞ്ചമത്തിൽ=പഞ്ചമസ്വരത്തിൽ (പഞ്ചമസ്വരം പാടുന്നതിൽ എന്നർത്ഥം). താൻ, മേലാവാൻ = മേലെയാവാനായി, തെളിവൊടു = ഉന്മേഷത്തോടുകൂടി, പാടീടുന്ന സ്ഥലം. (വർഷത്തിൽ വസന്തഭ്രാന്തി).

10

വീ1ഴുംവണ്ണംകുമുദഹസിതം വെള്ളിമാടങ്ങൾതോറും
ചൂഴും2കാണാംനിഴൽമുഴനിലാവാന്നമാവാസിനാളും

1 വാഴും പാഠഭേദം
2 ചൂഴത്താഴും പാഠഭേദം

വീഴപ്പാൎത്തിട്ടമൃതസലിലം വക്ത്രരന്ധ്രം പിളൎത്തി
ത്താഴത്തെങ്ങും പരിചൊടു ചകോരങ്ങൾ മേവീടുമേടം.

കുമുദഹസിതം = ആമ്പലിന്റെ വികാസം, വീഴുംവണ്ണം = വരുത്തുന്ന വിധത്തിൽ, അമാവാസിനാളും = കറുത്തവാവിനാളും, മുഴുനിലാവാൎന്നു് = മുഴുത്ത നിലാവോടുകൂടി (മുഴുനിലാവുള്ളതുപോലെ വിരിക്കുന്നു എന്നു സാരം), വെള്ളിമാടങ്ങൾതോറും, ച്ഛായം = ച്ഛായം, നിഴൽ = ഛായ കാണുന്നു, അതിനാൽ എന്നു ചേൎക്കണം, അമൃതമയമായ ജലം, വീഴപ്പാൎത്തിട്ടു് = വീഴുന്നതു കരുതിക്കൊണ്ടു് (ചന്ദ്രികയാണെന്നുള്ള ഭ്രമത്താൽ എന്നു ഭാവം), വക്ത്രരന്ധ്രം = വായ്, പിളൎത്തി താഴത്തു് എങ്ങും, പരിചൊടു് = ഭംഗിയിൽ, ചകോരങ്ങൾ മേവീടുന്ന സ്ഥലം.

## 11

മാടിൽച്ചാടിത്തെളരുമിളമാൻ കണ്ണിമാർ കൈതൊഴു
[മ്പോൾ
പേടിച്ചുച്ചൈരചലതനയാം നോക്കി നോക്കാതപോലെ
ഓടിപ്പാഞ്ഞാറവിലദുരിതാ ബിംബലീപാലകന്നാം
കേടററീടും തളിയിലുടനേ തമ്പുരാനമ്പുമേടം.

മാടിൽചാടിത്തെളരുമിളമാൻകണ്ണിമാർ = പൎവ്വതത്തിന്മേൽ ചാടിയോടിത്തെളൎന്നിട്ടുള്ള ഇളമാനിന്റെ കണ്ണുപോലെയുള്ള കണ്ണുള്ളവർ (അതിസുന്ദരികളായ യുവതികൾ എന്നൎത്ഥം), കൈതൊഴുമ്പോൾ = വന്നു കൂപ്പിത്തൊഴുന്ന അവസരങ്ങളിൽ, അചലതനയാം = പാൎവ്വതീദേവിയെ, ഉച്ചൈഃ = നല്ലവണ്ണം പേടിച്ചു് (താൻ ആ സുന്ദരികളെ നോക്കിയാൽ അവരുടെ സൌന്ദൎയ്യം കണ്ടു ഭ്രമിച്ചേയ്ക്കുമെന്നു ശങ്കിച്ചു പാൎവ്വതി കോപിച്ചേക്കുമെന്നു ഭയപ്പെട്ടിട്ടു് എന്നു താല്പൎയ്യം), നോക്കി നോക്കാതപോലെ = നോക്കിയെന്നും നോക്കിയില്ലെന്നും ഉള്ള മട്ടിൽ (കള്ളക്കണ്ണിട്ടു നോക്കിയും നോക്കിയില്ലെന്നു നടിച്ചും

എന്നു സാരം), തമ്പുരാൻ = പരമശിവൻ, കേടററീട്ടുന്ന = പരിശുദ്ധമായ, തളിയിൽ=തളിയിലമ്പലത്തിൽ, ബിംബലീപാലകന്മാരുടെ അഖിലദുരിതം = എല്ലാ ദുരിതങ്ങളും, ഉടനേ ഓടിപ്പോമാറ് = നശിക്കുന്ന വിധം (ആ ശിവൻെറ സന്നിധാനത്താൽ തന്നെ ബിംബലീപാലകന്മാക്ക് ദുരിതം നശിക്കുന്നതാണെന്നു സാരം), അമ്പുമേടം = വസിക്കുന്ന സ്ഥലം.

## 12

ഷൾക്കമ്മത്തിന്നെളുതു മൃതസഞ്ജീവനം വല്ലവോക്കും
നീക്കില്ലല്ലോ 1മദനഗുണികായന്ത്രമെന്നോളമിൻറ്
മൈക്കണ്ണാരേത്തരുണരണവാൻ മൈതരാംതന്റതെന്തെ-
ൻറക്കമ്പേച്ചും2 ക്ഷപണകജനം വീടരാസ്സേവുമേടം.

ഷൾക്കമ്മത്തിന്ന് = യാഗം, യാജനം, അധ്യയനം, അധ്യാപനം, ദാനം, പ്രതിഗ്രഹം എന്ന് ആറുവക പ്രധാന കമ്മങ്ങളും, നടത്തുന്നതിന്, എളുതു് = എളുപ്പമുണ്ട്, മൃതസഞ്ജീവനം = മരിച്ചവരെ ജീവിപ്പിക്കാനുള്ള പ്രയോഗം, വല്ലവോക്കും = വശമായിട്ടുള്ളവക്കും, മദനഗുണികായന്ത്രം = കാമവേശത്തെ വദ്ധിപ്പിക്കുന്നതിനാൽ മദനഗുളിക എന്നു പേരായ യന്ത്രം, എന്നോളം, ഇന്നു = ഇക്കാലത്തു്, നീക്കില്ലല്ലോ = സ്ഥിരതയോടെ സ്വാധീനമായിട്ടില്ല എന്നു പ്രസിദ്ധമാണു്, മയ്ക്കണ്ണാരെ=മയ്യുള്ള (മഷിയെഴുതിയ) കണ്ണോടുകൂടിയവരെ, (കാമിനികളെ), തരുണർ = യുവാക്കന്മാർ, അണവാൻ=പ്രാപിക്കാനായി, മയ്=മഷി (വശ്യൌഷധമായ അഞ്ജനം) തരാം. തന്നതു് = അതിനു വിലയായിത്തന്നതു് എന്തു്? (കാകുവോടെ പ്രശ്നം ഇതു കുറച്ചു വിലയോ? എന്നത്ഥം) എന്നു് = എന്നിങ്ങനെ, അക്കംപേച്ചും = കണക്കിനെപ്പററിപ്പിശകുന്ന, ക്ഷപണകജനം = പൂരാരിവേഷം ധരിച്ചിട്ടുള്ള മന്ത്രവാദികൾ, വീടരാസ്സ്= വേശ്യാഗൃഹത്തിൽ കുടിപാക്കുന്നവരായി മേവുന്ന സ്ഥലം.

1 മദനഗുളികാ—പാഠഭേദം
2 പേത്തും—പാഠഭേദം

13

ആർങ്ങാവേക്കാറം ന വരമയിരുർനൻറുനമ്മോടു കേട്ടീ-
ട്ടാലത്തുക്കും ചില മുറിമരുന്നുണ്ടു കൈപ്പുണ്യമില്ല
മാരച്ഛത്രം മനസിജമല*യ്യേറ്റെ നീങ്ങീട്ടു മൂന്നെ-
ന്നിത്ഥംതസ്യാംചെറുതടവഴക്കിൻറ ദുർവൈദ്യവൃന്ദം.

ആർങ്ങാവേക്കാറം = ആർങ്ങാവു് എന്നു് ഇല്ലപ്പേരുള്ള ആരേക്കാറം (വൈദ്യന്മാരിൽ എന്ന പ്രകൃതത്താൽ അറിഞ്ഞുകൊറംക), അയിരുർ = അയിരുർ എന്നു് ഇല്ലപ്പേരുള്ളാറം, ന വരം = വളരെ അധികം നന്നു്, നമ്മോട്ടു്, കേട്ടിട്ടു് = ചോദിച്ചിട്ടു്, ആലത്തുക്കഃ = ആലത്തൂർ നമ്പികളും, ചില മുറിമരുന്നു് = നിസ്സാര മരുന്നുകറം, ഉണ്ടു് = അറിയാറായിട്ടുണ്ടു്. കയ്പുണ്യം മാത്രം ഇല്ല. മനസിജമലയ്ക്കു = മനസിജമല എന്ന പേരു കൊടുത്തിട്ടുള്ള തരുണിക്കു മാരച്ഛത്രം (ഒരു ഗോപനീയാംഗത്തിൻെറ പേർ), ഏറെ നീങ്ങീട്ടു് (നീണ്ടിട്ടു്), മൂന്ന = ചേരദിച്ചു, എന്നിത്ഥം = എന്നിങ്ങനെ, ദുർവൈദ്യവൃന്ദം = ദുർവൈദ്യന്മാരുടെ സമൂഹം, തസ്യാം = ആ നഗരിയിൽ, ചെറുതു് = അല്പമായ, അടവു് = കള്ളസൂത്രം, അഴക്കിൻറു = പറഞ്ഞുവരാറുണ്ടു്.

14

കേട്ടീലല്ലീകിരണമലമേൽ പഞ്ചകംഞാൻ ചമച്ചൊ-
ൻറാട്ടംചൊൻറാൽ പുടവതരുവുണ്ടമ്മന്തുർത്തേവിയമ്മൻ
പാട്ടംപയ്യൂർക്കവിത ചുവയില്ലെൻെറരോമാതർവീട്ടിൽ
പ്പാട്ടുംചൊല്ലിക്കഥചന കവിക്കാരർ മേവീടുമേടം.

കേട്ടീലല്ലി = കേട്ടില്ലെന്നുണ്ടോ? കിരണമലമേൽ = കിരണമല എന്ന തരുണിയെപ്പററി, ഞാൻ, പഞ്ചകം = അഞ്ചുപദ്യം ചമച്ചു. ചൊന്നാൽ = അതു ചൊല്ലിയാൽ, ഒന്നു്, ആട്ടം = ഇളക്കിത്തീക്കും (മനസ്സിനെ എന്നു ഭാവം), അമ്മന്തുർത്തേവിയമ്മൻ = അമ്മന്തുർ

* ഒട്ടുമൂന്നിട്ടൊഴിച്ചെ—പാഠഭേദം

ദേശത്തുള്ള ദേവിയമ്മൻ എന്ന പ്രഭ്വ, പുടവ=വസ്ത്രം, തരുവുണ്ട്=താരുണ്ട് (എൻറ കവിത കണ്ടതിനാദിച്ച സമ്മാനമായി എന്നു ഭാവം), പാട്ടംപയ്യൂർക്കവിത = പാട്ടംപയ്യൂർ എന്നില്ലപ്പേരുള്ളാളുടെ കവിത, ചുവയില്ല = രസമില്ല, (രസമുള്ളതല്ല) എന്ന്=എന്നിങ്ങനെ, ഓരോ മാതരുടെ (തരുണികളുടെ), വീട്ടിൽ പാട്ടം ചൊല്ലിക്കൊണ്ട്, കവിക്കാരർ = ദുഷ്കവിതക്കാർ, കുഥചന = നഗരിയിൽ ചില ഭാഗത്ത്, മേവുന്ന സ്ഥലം.

## 15

ചിററപ്പൻെറ പകുതിയകുതിക്കാക്കുവാൻ നോക്കിദാനീം
1മറേറക്കൂറാ മുഴവനവർ പേരാക്കി നീർവീഴ്ത്തിനേൻ—
[ഞാൻ
2കുററം നമ്മെച്ചെവത്തുപറയും പെററമുത്തമ്മയാരെ—
ൻറൂററിച്ചെയ്യും ചില ജളരൊരോപാട്ടുഴച്ചീട്ടമേടം.

ഇദാനീം = ഇപ്പോൾ, ചിററപ്പൻെറ പകുതി = ചിററപ്പനുള്ള ഭാഗമായ പകുതിസ്വത്ത്, അകുതിക്ക് = സ്വാധീനത്തിൽ (അകുതിദേശ്യനീചഭാഷ) ആക്കുവാൻ, നോക്ക = നോക്കണം. മറേറക്കൂറാ = മറേറാഭാഗമാകട്ടേ (അപ്പൻെറ വഴിക്കു കിട്ടിയ പകുതി), മുഴവൻ അവരുടെ (ഭാര്യവീട്ടുകാരുടെ), പേർ = പേരിൽ ആക്കി, ഞാൻ നീർവീഴ്ത്തിനേൻ = ഉദകം ചെയ്തു കഴിഞ്ഞു. പെററമുത്തമ്മയാർ = മുത്തിത്തള്ള നമ്മെ ചെവത്തു കുററംപറയും എന്നിങ്ങനെ, ഊററിച്ചെയ്യുന്ന = മുഴുവൻ ഊററിയെടുത്തു ചെലവു ചെയ്യുന്ന, ചില ജളർ = മൂഢന്മാർ, ഓരോ പാട്ട്=ഓരോ പ്രദേശത്ത്, ഉഴച്ചീട്ടമേടം = അലഞ്ഞു ബുദ്ധിമുട്ടുന്ന സ്ഥലം.

---

1 മററൻക്കുറോ മുഴവനവൾ—പാഠഭേദം

2 കുററം ചൊൽവോ മമനിയതവും—പാഠാന്തരം

## 16

മുണ്ടക്കൽച്ചേന്നഖിലനയനാനന്ദമാമുണ്ണുനീലീ
പീയൂഷത്തോടിനിയമണികണ്ഠാഖ്യകല്പദ്രുമേണ
ധന്യൈരന്യൈരപിസമമിമം ദേവലോകൈകദേശം
മന്യേ നിർമ്മിച്ചതു മദനനാം ഗാധിസൂനുർമ്മുനീന്ദ്രഃ.

മുണ്ടക്കൽചേന്ന് അഖിലർക്കും നയനാനന്ദത്തെ ദാനംചെയ്യുന്നതായ ഉണ്ണുനീലിയാകുന്ന പീയൂഷത്തോടും (അമൃതു്) ഇനിയ=പ്രശസ്തമായ മണികണ്ഠാഖ്യമായ (മണികണ്ഠൻ എന്നു പേരുള്ള) കല്പദ്രുമത്തോടും ധന്യങ്ങളായ അന്യങ്ങളോടും (മററു വിശിഷ്ടവസ്തുക്കൾ) സമം = കൂടി, ദേവലോകൈകദേശം ഇദം = ദേവലോകത്തിന്റെ ഒരു ഭാഗമായ ഇതു് (സ്വർഗ്ഗതുല്യമായ എന്നർത്ഥം), ഇതു് മദനനാം ഗാധിസൂനുഃ മുനീന്ദ്രഃ = കാമനാകുന്ന വിശ്വാമിത്രമഹർഷി, നിർമ്മിച്ചതു് മന്യേ = നിർമ്മിച്ചതാണോ എന്നു തോന്നും.

## 17

മുന്നിൽക്കാണാംതദനുയമുനാഖണ്ഡമെന്നും കണക്കേ
സീരാകൃഷ്ടംവടമതിരയിൽ പണ്ടു സീരധ്വജേന
നീലസ്വച്ഛംമലിചിറ*നിറന്നുല്ലസദ്വാരിപൂരം
പാരാവാരാപരിഹസദിവപ്രൌഢകല്ലോലജാലൈഃ.

തദനു = അതിന്നുശേഷം പണ്ടു്, സീരധ്വജേന = സീരധ്വജനാൽ (ബലദേവനാൽ), വടമതിരയിൽ=വടമതിരയിലേക്കു് സീരാകൃഷ്ടം = സീരംകൊണ്ടു് (കലപ്പു; കരി) ആകർഷിക്കപ്പെട്ടതായ, യമുനാഖണ്ഡം=കാളിന്ദീനദിയുടെ ഭാഗം, കണക്കെ =എന്നു തോന്നുന്ന വിധത്തിൽത്തന്നെ, നീലസ്വച്ഛം=നീലനിറമായും നിർമ്മലമായും ഇരിക്കുന്നതും, നിറന്നു്=ശോഭയോടെ, ഉല്ലസദ്വാരിപൂരം = തിളങ്ങുന്ന പൂർണ്ണജലത്തോടുകൂടിയതും, പ്രൌഢകല്ലോലജാലൈഃ=വലിയ

* നിറഞ്ഞുല്ലാസൽ പാഠഭേദം

തിരമാലകൾകൊണ്ടു്, പാരാവാരം പരിഹസൽ ഇവ = സമുദ്രത്തെ പരിഹസിക്കുന്നതോ എന്നു തോന്നുന്ന വിധത്തിലുള്ളതും ആയ, മലിചിറ എന്നു പറയുന്ന ചിറ മുന്നിൽ കാണാം.

18

നീരാടിനേർറാർ ചില ചലദൃശാം പൂർണ്ണചന്ദ്രാഭിരാമം
വക്ത്രംമുക്കുംപൊഴുതു മുഴുവൻക്രമ്പുമാമ്പൽ പ്രസൂനം
ക്രൂടിപ്പിന്നെ1ത്തെളിവിനൊടെലാക്കങ്ങു വിങ്ങിച്ചിരിച്ചി-
ട്ടംഭോജനാം പകലപി നിറക്കേടണച്ചീടുവോൻറു.

ഈ ശ്ലോകവും 19-ാം ശ്ലോകവും മലിചിറയുടെ വർണ്ണനമാണു്. നീരാടിനേർറാർ=നീരാടുന്നവരായ, ചില ചലദൃശാം=ചഞ്ചലാക്ഷിമാരുടെ, പൂർണ്ണചന്ദ്രാഭിരാമം = പൂർണ്ണചന്ദ്രനെപ്പോലെ മനോഹരമായ, വക്ത്രം=മുഖം മുക്കുന്ന സമയത്തു് മുഴുവൻ ക്രമ്പുന്ന ആമ്പൽ പ്രസൂനം ക്രൂടീട്ടു പിന്നെ, എലാക്കു് = എഴുന്നേല്ക്കുമ്പോൾ (മുഖം വെള്ളത്തിൽനിന്നു പൊക്കുമ്പോൾ എന്നർത്ഥം) തെളിവിനൊടു വിങ്ങിച്ചിരിച്ചിട്ടു് =പെട്ടെന്നു വിരിഞ്ഞിട്ടു്, അംഭോജാനാം=താമരപ്പൂക്കൾക്കു്, പകൽ അപി = പകൽപോലും, നിറക്കേടു് = ശോഭക്കുറവു്, അണച്ചീടുവോൻറു് = ഉണ്ടാക്കുന്നതായ ഒന്നാണു്, മലിചിറ എന്നു ചേർക്കുക. മുഖത്തിൽ ചന്ദ്രകാര്യ്യമായ ധർമ്മങ്ങൾ കല്പിച്ചു് ആമ്പലിലും താമരയിലും നായികാപ്രതി നായികാവൃത്താന്തം ആരോപിച്ചിരിക്കുന്നു.

19

കണ്ടിക്കാർമല്ക്കുഴൽനിഴലിടക്കണ്ടു മൈക്കണ്ണിരണ്ടും
2കണ്ടിപ്പാകിക്കിടയിൽവിലസും 3കണ്ടിമീനെൻറിരണ്ടു

---

1 തെളിവിനൊടെഴക്കണ്ടു എന്ന പാഠം ഉത്തമം
2 കണ്ടിപ്പായിക്കിടയിൽ എന്ന പാഠാന്തരത്തേക്കാൾ നല്ലതു ഇപ്പാഠമാണു്
2 കെണ്ടമീൻ

തണ്ടിച്ചൊല്ലാർകളിർമവളരുംപോർമുലക്കൺറിരണ്ടും
1മണ്ടൊട്ടായ്ക്കൊണ്ടഴിനില മറന്നമ്പരെപ്പുൽകുവൊൻറു്.

കണ്ടിക്കാർ മല്ലൂഴൽ നിഴലിടെ=കരിങ്കാറൊട്ടു മല്ലിടുന്ന തലമുടിയുടെ പ്രതിബിംബത്തിന്നിടയിൽ, മയ്ക്കണ്ണിരണ്ടും = മഷിയണിഞ്ഞ കണ്ണുകൾ രണ്ടും (രണ്ടു കണ്ണിടൻറയും പ്രതിബിംബങ്ങൾ എന്നർത്ഥം), കണ്ടു (വെള്ളത്തിൽ തലമുടി പ്രതിബിംബിച്ചതിന്നിടയിലായി കണ്ണുകൾ പ്രതിബിംബിച്ചിട്ടുള്ളതു കണ്ടു് എന്നു താല്പര്യം), കണ്ടിപ്പാകിക്കിടയിൽ = കരിഞ്ചണ്ടിപ്പടർപ്പിന്നു് ഇടയിൽ, വിലസും=കളിക്കുന്ന, കണ്ടിമീൻ എന്നു=കരിമീൻ ആണെന്നു കരുതി, ഇരണ്ടു പരിഭ്രമിച്ചു്, 2തണ്ടിച്ചൊല്ലാർ = കൊഞ്ചിപ്പറയുന്നവർ (കളഭാഷിണികളായ സ്ത്രീകൾ). കുളിർമ വളരും = വളൎന്ന കുളൎമയോടു കൂടിയ പോർമുലക്കുന്നു രണ്ടും, മണ്ടൊട്ടായ്ക്കൊണ്ടു്=തമ്മിൽ ഉരുമ്മുന്ന വിധത്തിൽ ചേൎത്തുകൊണ്ടു് (പേടിച്ചതിനാൽ കയ്യുരണ്ടും ശരീരത്തോടു ചേൎത്തു മാറിടം സങ്കോചിപ്പിച്ചതു നിമിത്തം മുലരണ്ടും തമ്മിലുരുമ്മിച്ചേൎത്തുകൊണ്ടു് എന്നു സാരം). അഴിനില= അയുക്തമായ നില (അപ്പോഴത്തെ അയുക്തസ്ഥിതി എന്നർത്ഥം) മറന്നു് അമ്പരെ = പ്രിയജനത്തെ, പുൽകുവൊന്നു = പുൽകുമന്നോടമായിത്തീൎന്നിരിക്കുന്നതാണു്.

20

3നേരേ കാണാം വഴിയിലരികേ കോതപൂവ്വംപുരം തേ
പാരേ തസ്മിൻ 4ഭുവനജയിനാം വീര 5ഭൂപാലമൌലേഃ!
ദേവാധീശന്നിളയപരനത്ത്ര കാന്തേയമിത്ത്രം
ദേവം ഗോപീജനകുചതടീലമ്പടം കമ്പിടമ്പിൽ.

---

1 മണ്ടട്ടായ് (മൺ + തട്ടു്)
2 തണ്ടു്—വീണ
3 നേരേ ചെൻറാൽ
4 ഭുവനജയിയാം എന്നു പാഠാന്തരം
5 ഭൂപാലമൌലേ! പാഠഭേദം

ഹേ ഭുവനജയിനാം വീര = ലോകം ജയിക്കുന്നവരിൽവെച്ച് വീരനായവനേ! തസ്മിൻ പാരേ = ആ കരയിൽ (ചിറയിലേക്കു ചെല്ലുന്ന ആ കരയിൽത്തന്നെ എന്നർത്ഥം), വഴിയിൽ അരികെ = സമീപത്തായി, ഭൂപാലമൌലേഃ = രാജശ്രേഷ്ഠന്റെ (മണികണ്ഠരാജാവിന്റെ അധീനത്തിൽത്തന്നെയുള്ളതായ), കോതപൂർവം പുരം = കോത എന്നതു മുമ്പിൽച്ചേർന്ന പുരം എന്നുവെച്ചാൽ കോതപുരം (കോതപുരം എന്നു പറയുന്ന സ്ഥലം എന്നർത്ഥം), തേ=അങ്ങെയ്ക്കു് നേരെ കാണാം. തത്ര = അവിടെ, ദേവാധീശന്നിളയ പരനെ = ദേവേന്ദ്രന്നു് ഇളയവനായ (അനുജൻ) പരനും (അലൌകികപുരുഷനും), കൌന്തേയമിത്രം = അർജ്ജുനന്റെ മിത്രവും ഗോപീജനകുചതടീലമ്പടം = ഗോപസ്ത്രീകളുടെ സ്തനതടത്തിൽ ആസക്തചിത്തനും ആയ, ദേവം = ദേവനെ (ശ്രീകൃഷ്ണമൂർത്തിയെ), അമ്പിൽകുമ്പിട്ടു് = വന്ദിച്ചാലും.

21

മാവിൽപ്പിന്നെപ്പരിചിനൊടണിഞ്ഞുമ്മിണീ
[നേത്രമെന്നും
നീലക്കോലക്കുവളമലർകൊണ്ടുള്ള മാലാഞ്ചലേന
നീ പോന്നേരം നിരുപമഗുണോ വന്നുകാണും തദാനീം
*പോരും വീരാൻപൊരുതചിരികണ്ടാഖ്യവിഖ്യാ
[കീർത്തിഃ

പിന്നെ ഉമ്മിണിനേത്രമെന്നും നീലക്കോലക്കുവളമലർകൊണ്ടുള്ള മാലാഞ്ചലേന = ഉമ്മിണിയെന്ന തരുണിയുടെ കണ്ണുകളാകുന്ന ഭംഗിയുള്ള കരിംകുവളപ്പൂകൊണ്ടുള്ള മാലയുടെതലകൊണ്ടു, മാവിൽ= മാറത്തു്, പരിചിനൊട്ടു് = ഭംഗിയോടെ, അണിഞ്ഞു് (ഉമ്മിണിയുടെ കടാക്ഷങ്ങൾ വീണ്ടും വീണ്ടും മാറത്തു വന്നു വീണുംകൊണ്ടു് എന്നു സാരം), നീ പോകുന്ന സമയം, നിരുപമഗുണഃ = നിസ്തുല്യ

* പോരായ് എന്നു പാഠഭേദം

ഗ്ഗുന്നവനായ, പോരും വീരാൻ പൊരുത ചിരികണ്ഠാഖ്യവിഖ്യാത കീൎത്തിഃ = പോരുന്ന (പ്രബലന്മാരായ വീരന്മാരോടു പൊരുതിയവനും ചിറികണ്ഠൻ (ശ്രീകണ്ഠൻ) എന്നു പേരുള്ളവനും ആയ പ്രസിദ്ധ കീൎത്തിമാൻ (ശ്രീകണ്ഠൻ) എന്ന കേൾവിപ്പെട്ട രാജകുമാരൻ എന്നു സാരം) തദാനീം=ഉടൻതന്നെ, വന്നു കാണും അങ്ങയെ എന്നു ചേൎക്കുക.

## 22

തീരേ തസ്യ 1ത്രിഭുവനഗതിശ്രാന്തകീൎത്തേഃ പ്രതീപ-
പ്രാകാരംകൊണ്ടഴകെഴമിടം ബിംബലീപാലമൌലേഃ
ശൃംഗാഗ്രാകൊണ്ടണിമതിതൊടുംഗോപുരത്തിന്നുപാന്തേ
ഭൂപാലാനാം മഹിതകനകത്തണ്ടു 2തീണ്ടീടുമേടം.

തസ്യ തീരേ = ആ ചിറായുടെ തീരത്തിൽ, പ്രതീപപ്രാകാരം കൊണ്ടു് = വിലങ്ങനെ കെട്ടീട്ടുള്ള മതിൽകൊണ്ടു്, അഴകെഴുന്ന ഇടം, ത്രിഭുവനഗതി ശ്രാന്തകീൎത്തേഃ = മൂന്നുലോകത്തിലും പോകുന്നതു നിമിത്തം ശ്രമം തട്ടിയ കീൎത്തിയോടു കൂടിയവനായ (മൂന്നു ലോകത്തിലേക്കും ഉടനുടൻ എത്തുന്ന കീൎത്തിയുള്ളവനായ) ബിംബിലീ പാലമൌലേ = വെമ്പലനാട്ടു രാജശ്രേഷ്ഠൻേറതാണു്, (വെമ്പലനാട്ടു വലിയ രാജാവായ മണികണ്ഠരാജാവിൻേറയാണെന്നൎത്ഥം), അതു് എന്നു ചേൎക്കണം, അതു് ശൃംഗാഗ്രംകൊണ്ടു് = താഴികക്കുടം കൊണ്ടു്, അണിമതി=ചന്ദ്രനെ തൊടുന്നു. ഗോപുരത്തിൻെറ ഉപാന്തത്തിൽ (അടുത്തായി) ഭൂപാലാനാം = രാജാക്കന്മാരുടെ, മഹിതകനകത്തണ്ടു് = ശ്രേഷ്ഠമായ സ്വൎണ്ണവാഹനങ്ങൾ, തീണ്ടീടുമേടം = വെച്ചിരിക്കുന്ന സ്ഥലമാകുന്നു. അവിടെയാണു് സ്വൎണ്ണത്തണ്ടുകൾ സൂക്ഷിച്ചുവെയ്ക്കുന്നതു് എന്നു സാരം.

---

1 ത്രിഭുവനഗതിശ്രാന്തവിശ്രാന്തകീൎത്തേ! എന്ന പാഠവും ഇവിടെ യോജിക്കുന്നു

2 തണ്ടീടുമേടം

23

മാറാടിക്കീഴ് മരുവലർ പിണ്ണങ്കൊണ്ടു നായ്ക്കും നരിക്കും
ചോറാടിക്കും മനുജവരനെക്കാങ്കെനീ ചെൻറുപിന്നെ
1ക്കൂറാടിൻേറാക്കുയിരുമുടലുന്നീടൊട്ടുക്കും വടക്കിൻ-
ക്കൂറാളിൻേറാരിനിയമണികണ്ഠാഖ്യസാമന്തമൌലിം.

മാറാടി=എതിരാടി (എതിരിട്ടു്) കീഴാക്കിയ (തോല്പിച്ച) മരുവലരുടെ (ശത്രുക്കളുടെ) പിണംകൊണ്ടു്=ശവശരീരംകൊണ്ടു് (യുദ്ധത്തിൽ തോല്പിച്ചുകൊന്ന ശത്രുക്കളുടെ ശരീരംകൊണ്ടു് എന്നു താല്പര്യം) നായ്ക്കും, നരിക്കും=കുറുക്കനും, ചോറാടിക്കും=ഭക്ഷണസാധനം ധാരാളം കൊടുക്കുന്ന, മനുജവരനെ = മാനുഷശ്രേഷ്ഠനായ, സാമന്തമൌലിം എന്നതിൻെറ വിശേഷണം) ക്കൂറാടിൻേറാക്കു് = സ്നേഹം നല്ലവണ്ണം കാണിക്കുന്നവക്കു്, ഉയിരും ഉടലും=സ്വന്തം ജീവനേയും ശരീരത്തേയും, നീടൊട്ടുക്കും=നീളെ (മുഴുവൻ), ഒട്ടുക്കുന്ന (സമർപ്പിക്കുന്ന), വടക്കിൻക്കൂറാളിൻേറാരിനിയ മണികണ്ഠാഖ്യസാമന്തമൌലിം=വടക്കുംകൂർ രാജ്യം വാഴുന്ന പ്രശസ്തനായ മണികണ്ഠാഖ്യസാമന്തമൌലിയെ (മണികണ്ഠൻ എന്നു പേരുള്ള സാമന്ത രാജശ്രേഷ്ഠനെ), നീ പിന്നെ ചെന്നു കാങ്കെ, അയ്യഴി ക്ഷത്രിയരും എൺവഴി സാമന്ത ജാതിക്കാരുമാണു് കേരളത്തിലെ രാജാക്കന്മാരായിരുന്നതെന്നും വടക്കുംകൂർ രാജാവു് സാമന്തജാതിക്കാരിൽ ഉൾപ്പെട്ടാളായിരുന്നുവെന്നും ഓൎത്തുകൊൾക.

24

നിന്നെക്കാണുമ്പൊഴുതു നിഴലില്ലാത ലോകപ്രദീപം
2കന്നൽക്കണ്ണാർകുസുമശരനാം 3രായിരക്ഷോണിപാലം

1 ക്കൂറാളിൻേറാക്കു്
2 കന്നക്കണ്ണാർ
3 രായിരക്ഷോണിപാലഃ എന്നും പാഠമുണ്ടു്

എന്നച്ഛാപോയ് മുകിൾമൂടിയുമപ്പക്ഷപാതാതിരേകാൽ—
ത്തന്നെപ്പോലും കുറവുറമറന്നെന്തു ചെയ്യാതതൊൻറു്.

നിഴലില്ലാത=എവിടെയും ഒരുപോലെ പ്രകാശിക്കുന്ന, ലോകപ്രദീപവും, കന്നൽക്കണ്ണാൾക്കു് (ഇന്ദീവരാക്ഷികൾക്കു്), കുസുമശരനായ (കാമൻ), രായിരക്ഷോണിപാലഃ=രായിരവംശരാജാവും ആയ, നിന്നെ, കാണുമ്പൊഴുതു് = കാണുമ്പോൾ (ആ മണികണ്ഠൻ എന്നു ചേൎക്കുക) എന്നച്ഛാ = എൻെറ അച്ഛാ (ആശ്ചൎയ്യദ്യോതകമായ നിപാതം) പോയ് മുകിൾ മൂടിയും = പോയി മുകളിൽ മാത്രം മൂടിയുന്ന (എത്രത്തോളം വൎദ്ധിക്കാമോ അത്രയും വൎദ്ധിച്ചിരിക്കുന്ന എന്നൎത്ഥം) ആ പക്ഷപാതാതിരേകാൽ=പക്ഷപാതത്തിൻെറ ആധിക്യത്താൽ, തന്നെപ്പോലും = അവനവനെപ്പോലും, കുറവുറ=കുറവുകൂടാതെ (മുഴുവനും എന്നൎത്ഥം) മറന്നു് എന്തു ചെയ്യാതതൊന്നു് = ചെയ്യാതിരിക്കുന്നതായ ഒന്നു് എന്തു് ഒന്നുമില്ല എന്നർത്ഥം. സ്നേഹം കാണിക്കുന്നതിനുള്ള സകലതും ചെയ്യും എന്നു താല്പൎയ്യം, ആദിത്യവൎമ്മരാജാവിനെ രായിരക്ഷോണിപാലനായി നിർദ്ദേശിച്ചിട്ടുള്ളതു ചിറവാ സ്വരൂപം ആ രാജാവിൻെറ മൂലകുടുംബമായതുകൊണ്ടും വെമ്പലനാട്ടിന്നുത്തു് ആ മൂലകുടുംബസ്ഥാനമായതുകൊണ്ടുമാണു്. പൂൎവസന്ദേശം **117**-ാം ശ്ലോകവും നോക്കുക.

25

മുണ്ടെക്കൽച്ചെൻറിനിയവിരഹവ്യാകുലാമുണ്ണുനീലിം
കണ്ടിട്ടിൻെറ ദയിതഗദിതം ഞാനുണർത്തേണ്ടുവോൻറു്
മണ്ടിക്കൂട്ടും കുസുമശരനോടൊട്ടിണങ്ങിത്തുടപ്പോ—
ൻറുണ്ടെൻകയ്യില്ലിമപി മൃതസഞ്ജീവനമ്മന്ത്രബീജം.

ഈ ശ്ലോകം മണികണ്ഠരാജാവിനോടു പറയേണ്ട സംഗതിയെ വിവരിക്കുന്നതാണു്. മുണ്ടക്കൽ ചെന്നു്, ഇനിയ=വലിയ (ഏററവും എന്നു സാരം) വിരഹവ്യാകുലയായ (വിരഹത്താലുള്ള വ്യാകുലതയോടുകൂടിയ) ഉണ്ണുനീലിയെ കണ്ടിട്ടു്, ദയിതഗദിതവും (ദയിതൻ

പറഞ്ഞയച്ചതും) ഇന്നേ = ഇന്നുതന്നെ ഞാൻ ഉന്നത്തേണ്ടുവോന്നു= അറിയിക്കേണ്ടതായ ഒന്നും (അറിയിക്കേണ്ടതായിട്ടുള്ളതും) മണ്ടിക്കൂടുന്ന = വേഗത്തിൽ എത്തിച്ചേരുന്ന, കുസുമശരനോട്ട്, ഒട്ട് = അല്പം ഇണങ്ങിത്തട്ടുകടുന്ന ഒന്നും (വദ്ധിക്കുന്ന കാമപീഡയെ അല്പം സമാശ്വാസം വരുത്തി ഒഴിപ്പിച്ചുനിൎത്തുന്നതും) മൃതസഞ്ജീവനവും ആയ കിമപി മന്ത്രബീജാക്ഷരം (മന്ത്രബീജാക്ഷരംപോലെ ഉടൻ ഫലം കാണിക്കുന്ന സന്ദേശവാക്യമെന്നു താല്പൎയ്യം) എൻ കയ്യിൽ = എന്റെ പക്കൽ ഉണ്ട്.

26

എൻറീവണ്ണം മമ നിനവു നീ ചൊല്ലിനാൽ മിക്കവാറും
കുൻറും കുൻറും കലയുമകലും പേടമാൻ കണ്ണിതന്നെ.
ചെൻറും കാണ്കെന്നവനയിസഖേചൊല്ലുമപ്പോൾത്തദാനീ-
മെൻറുള്ളേടന്നവരമറിവാൻ ജ്യോതിഷംവല്ലവൻ ഞാൻ.

എന്നീവണ്ണം മമ നിനവ് = എന്നെ സംബന്ധിച്ച വിചാരത്തെ നീ ചൊല്ലിയാൽ, കുൻറും=കിടാവും, കുൻറും= വാസസ്ഥാനമായമലയും, കലയും = ഇണയായ കലയും, മിക്കവാറും അകലും= ദൂരത്തിൽപ്പെട്ടിട്ടുള്ള (അവയോടെല്ലാം പിരിഞ്ഞു പരിഭ്രമിക്കുന്ന എന്നു ഭാവം) പേടമാനിന്റെ കണ്ണുപോലെയുള്ള കണ്ണുള്ളവളെ (സുന്ദരിയായ ഉണ്ണുനീലിയെ എന്നു സാരം), ചെൻറും കാൺക= ചെന്നു കാണുക (ഉം വാക്യാലങ്കാരം) എന്ന് അപ്പോൾ, തദാനീം= ഉടൻതന്നെ, അയി സഖേ! അവൻചൊല്ലും എൻറുള്ളേടം=എന്നുള്ള സംഗതി, ന വരം = ശരിയായി അറിവാൻ, ജ്യോതിഷം അറിവാൻ (വേണ്ട ജ്യോതിഷം) ഞാൻ വല്ലവൻ = വശമാക്കീട്ടുണ്ട്. അതറിവാൻ വേണ്ട ജ്യോതിഷം എനിക്കുണ്ട് എന്നർത്ഥം. ലക്ഷണംവഴിയായി ഞാൻ അപ്രകാരം തീർച്ചപ്പെടുത്തുന്നു എന്നു സാരം.

27

ഉദ്യാനംചെൻറലരിവനിതെക്കമ്പിലെൻറും കളിപ്പാൻ
ഖദ്യോതാനാം ദിനമണിരിവപ്രേക്ഷണീയോ രിപൂണാം

സദ്യോനിന്നേക്കനിവൊടുസഖേ കാണുമക്കോതവൎമ്മൻ
വിദ്യാനദ്യാന്നിയതിമുഴകുംബിംബലീപാലചന്ദ്രഃ

അലരിവനിതയ്ക്കു് = ശ്രീദേവിക്കു്, എന്നും ചെന്നു്, അമ്പിൽ = രസത്തോടെ കളിപ്പാൻ ഉള്ള ഉദ്യാനമായും (വലിയ ശ്രീമാനായും) രിപൂണാം = ശത്രുക്കൾക്കു്, ഖദ്യോതാനാം ദിനമണിഃ ഇവ പ്രേക്ഷണീയഃ = മിന്നാമിനുങ്ങുകൾക്കു് സൂൎയ്യൻ എന്നപോലെ കാണത്തക്കവനായും (മിന്നാമിനുങ്ങുകളെ സൂൎയ്യനെന്നപോലെ ശത്രുക്കളെ കാണുമ്പോൾത്തന്നെ മങ്ങിക്കുന്നവൻ എന്നു സാരം.) വിദ്യാനദ്യാം = വിദ്യയാകുന്ന നദിയിൽ, നിയതി = നിയമേന മുഴകുന്ന ബിംബലീപാലചന്ദ്രനായും (വെമ്പലനാട്ടു രാജവംശത്തിന്നു് ചന്ദ്രനെപ്പോലെയിരുന്നവൻ), ഇരിക്കുന്ന, ആ കോതവൎമ്മൻ = കോതവൎമ്മരാജാവു്, ഹേ സഖേ! നിന്നെ, സദ്യഃ = ഉടൻതന്നെ, കനിവോടുകൂടി കാണും.

28

1 കന്നൽക്കണ്ണാൎക്കൊരുമനസിജൻപോൎക്കുടപ്പോൎക്കുകാലൻ
തന്നെത്തന്നേപറകിലലർമാതിന്നൊരാവാസഭൂമി
നിന്നെക്കാണ്മാൻ പെരിയ കൊതികോൾക്കൊണ്ടുടൻ
[വന്നതപ്പോൾ
മുന്നിൽക്കാണാമിരവിമണികണ്ഠാഖ്യ ഭൂപാരിജാതം.

കന്നൽക്കണ്ണാൎക്കു് = ഇന്ദീവരാക്ഷികൾക്കു്, ഒരു മനസിജൻ = കാമനായും, പോൎക്കു് = പോരിന്നു് അടുക്കുന്നവൎക്കു് കാലനായും, തന്നെത്തന്നെ പറകിൽ = വാസ്തവംതന്നെ പറയുന്നപക്ഷം, അലർമാതിന്നു് = ശ്രീദേവിക്കു്, ആവാസഭൂമി = വാസസ്ഥാനമായും ഇരിക്കുന്ന, ഇരവിമണികണ്ഠൻ എന്നു പേരായ, ഭൂപാരിജാതം = ഭൂമിയിലെ കല്പവൃക്ഷം (സ്വാഭീഷ്ടദാതാവു് എന്നു സാരം) നിന്നെ കാണ്മാൻ പെരിയ കൊതി = ആഗ്രഹം, കോൾകൊണ്ടു് = കോളുകൊണ്ടിട്ടു്. (വൎദ്ധിച്ചു ലഹളയായിട്ടു്) ഉടൻ വന്നതു് അപ്പോൾ മുന്നിൽ കാണാം.

---

1 കന്നക്കണ്ണാർ എന്നു പാഠാന്തരം

29

പൊൽപ്പൂമാതിന്നൊരു നിലയനം കേവലം വീരമൌലേ
കെല്പാന്നീടും മരുവലർകുലത്തിന്നു കല്പാന്തവഹ്നിഃ
അപ്പോൾകാണ്മാൻവരുമയിസഖേരാമവർമ്മൻവിശേഷി-
ച്ചിപ്പാരിൽച്ചേൎന്നരുളുമളകാധീശനാം ബിംബലീശാഃ

അയിസഖേ! വീരമൌലേ=വീരശ്രേഷ്ഠ! പൊൽപ്പൂമാതിന്നു്= ശ്രീദേവിക്കു്, ഒരു നിലയനം കേവലം=ഒരു വാസസ്ഥാനം തന്നെയായും, കെൽപാന്നീടും = സാമർത്ഥ്യം തികഞ്ഞ, മരുവലർകുലത്തിന്നു് = ശത്രുവർഗ്ഗത്തിന്നു്, കൽപാന്തവഹ്നിഃ = പ്രളയത്തിലെ അഗ്നിയായും (ശത്രുക്കളെ ഭസ്മമാക്കുന്നവൻ എന്നു സാരം), വിശേഷിച്ചു് = വിശേഷിച്ചും, ഇപ്പാരിൽ = ഈ ഭൂമിയിൽ, ചേൎന്നരുളും= വന്നു വസിക്കുന്ന, അളകാധീശനായ = കുബേരനായ, ബിംബലീശനായും ഇരിക്കുന്ന, രാമവർമ്മൻ = രാമവർമ്മരാജാവു് അപ്പോൾ കാണാൻ വരും.

30

നേരേകാണാം നൃപവര കിഴക്കിൻചിറയ്ക്കങ്ങുപശ്ചാൽ-
ത്താരാർ [1]മാതൊട്ടുടമ [2]പിചകം മന്ദിരം മൽപ്രിയായാഃ
മാരന്നുണ്ടാംജനനഭവനം വീരമാണിക്കമെൻറാ-
ലാരേപാൎത്താലവിടമറിയായിൻറതിപ്പാരിലിൻറു്?

ഹേ നൃപവര! കിഴക്കിൻ = കിഴക്കുഭാഗത്തു്, ചിറയ്ക്കങ്ങു പശ്ചാൽ = ചിറയുടെ പിൻവശത്തായി (ചിറയുടെ വക്കത്തു പിന്നാക്കംമാറി എന്നൎത്ഥം). അങ്ങു് എന്നതു വാക്യാലങ്കാരം. അല്ലെങ്കിൽ അവിടെ എന്നൎത്ഥം). താരാർമാതു് = ശ്രീഭഗവതി, ഉടമ=ഉടമസ്ഥാവകാശം, ഒട്ടുപിചകം = ഏതാനും പിശകുന്ന (ശ്രീഭഗവതി ഈ സ്ഥലം എനിക്കിരിക്കാനുള്ളതാണെന്നു് ഉടമ പിശകിക്കൊണ്ടു്

1. പിശകും–പാഠാന്തരം
2. മാതോട്ടുടമ–പാഠഭേദം

കൂടീട്ടുള്ള എന്നർത്ഥം. ശ്രീയെ തന്നെത്താൻ ആകർഷിച്ചു വരുത്തുന്നതു് എന്നു സാരം) താരാർമാതോട്ടുടമപിചകം എന്ന പാഠത്തിൽ ശ്രീഭഗവതിയോടു് ഉടമസ്ഥാവകാശത്തെ സ്വീകരിപ്പാൻ വീണ്ടും വീണ്ടും വിടാതെ അപേക്ഷിക്കുന്ന എന്നർത്ഥം, മൽപ്രിയായാഃ മന്ദിരം = എൻെറ പ്രിയയുടെ ഭവനം, നേരേകാണാം. മാരനുണ്ടാം ജനനഭവനം = കാമനുണ്ടായ (കാമൻെറ) ജന്മസ്ഥാനമായ വീരമാണിക്കം എന്നാൽ=വീരമാണിക്കം എന്നു പറഞ്ഞാൽ (വീരമാണിക്കം എന്നുള്ള ആ ഭവനപ്പേരു പറഞ്ഞാൽ എന്നർത്ഥം. മൂണ്ടക്കൽ ഗൃഹത്തിന്നുള്ള മറെറാരുപേരാണു് വീരമണിക്കത്തു് എന്നതു്) അവിടം അറിയായിൻറതു് = അറിയാതിരിക്കുന്നതു്, ഇപ്പാരിടത്തിൽ = ഈ ഭൂമിയിൽ, പാർത്താൽ = ഓർത്തു നോക്കിയാൽ, ആരേ=ആരുതന്നേ, ആരുംതന്നെയില്ല എന്നർത്ഥം.

31

ഇമ്പത്തിന്നായ് തദനുതളിയിൽ 1ചെന്റുമെൻതമ്പി-
[രാനെ
കുമ്പിട്ടസ്സിന്നുഴറി വഴിമേൽനിൻറു 2വേണാടർമൌലേ
സമ്പൽപ്രാപ്ത്യൈ നൃപവരപദം നീ വലത്തേതുനേരേ
മുമ്പിട്ടേററം പ്രവിശ ദയിതാമന്ദിരം മംഗളായ.

തദനു=അതിൽപിന്നെ, ഇമ്പത്തിന്നായ് = ഇഷ്ടസിദ്ധിക്കായി. തളിയിൽച്ചെന്നും=തളിയിൽ ക്ഷേത്രത്തിൽ പോയിട്ടും (ക്ഷേത്രത്തിന്നകത്തു കടന്നു തന്നെയും എന്നു് ഉം-ശബ്ദാർത്ഥം) എൻതമ്പിരാനെ= എൻെറ സ്വാമിയെ (ഞാൻ ഭജിച്ചുവരാറുള്ള ദേവനെ എന്നർത്ഥം) കുമ്പിട്ടു് അസ്സിൻ=ഇതിൽ (മുമ്പിലത്തെ സ്ഥലത്തുതന്നെ) ഉഴറി= തിരിയെ പോന്നു് വഴിമേൽ നിന്നു്, ഹേ വേണാടർ മൌലേ! നൃപവര! സമ്പൽ പ്രാപ്ത്യൈ = സമ്പൽസിദ്ധിക്കായി (ഇഷ്ടസിദ്ധിക്കായി) നീ വലത്തേതായ പദം = കാലു നേരേ മുമ്പിട്ടു്, ഏററം മംഗളമായ=ഏററവും മംഗളത്തിന്നായി (മംഗളം വരുവാൻവേണ്ടി),

1. ചേരും-പാഠാന്തരം
2. വേണാടർകോനേ-പാഠാന്തരം

ദയിതാമന്ദിരം=എന്റെ പ്രിയയുടെ ഗൃഹത്തെ, പ്രവിശ = പ്രവേശിച്ചാലും. പടി അകത്തേയ്ക്കു കടക്കുമ്പോൾ വലത്തേക്കാൽ ആദ്യം മുമ്പിൽവെച്ചു കടക്കണമെന്നു സാരം.

32

ഗണ്ഡാദർശം മുറുവലരിയും കൊങ്കയാം ചെപ്പുമൊപ്പം
കൈക്കൊണ്ടുകുങ്കുമതിലകമാം നൽവിളക്കും ദധാനാ
അപ്പോൾമുൽപ്പാടഥപടിയോളംവന്നുമുണ്ടെക്കൽമേവും
പൊൽപ്പൂമാതാംചെറിയതെതിരേററീടുമമ്പോടുനിന്നെ

മുണ്ടക്കൽ മേവുന്ന പൊൽപ്പൂമാതായ (ശ്രീദേവിതന്നെയായ) ചെറുത് = ചെറിയതെന്നു പേരായ സ്ത്രീ, ഗണ്ഡാദർശം = ഗണ്ഡങ്ങളാകുന്ന (കവിൾത്തടങ്ങൾ) ആദർശവും (കണ്ണാടി) മുറുവലാകുന്ന (പുഞ്ചിരി) അരിയും (ഉണക്കലരി) കൊങ്കയാകുന്ന ചെപ്പും (ചിന്ദൂരച്ചെപ്പും ചാന്തിൻചെപ്പും) ഒപ്പം കയ്യ്ക്കൊണ്ട് ആ കുങ്കുമത്തിലകമാകുന്ന (കുങ്കുമപ്പൊട്ട്) നല്ലവിളക്കും ദധാന = ധരിക്കുന്നവളായിട്ട് അപ്പോൾ അഥ = ആസമയത്താകട്ടെ (നീപടിക്കകത്തു കടക്കുന്ന സമയത്ത്), മുൽപ്പാട് = മുൻഭാഗത്തേക്ക് പടിയോളം വന്ന് നിന്നെ, അമ്പോട് = സന്തോഷത്തോടെ എതിരേററീടും.

33

മൽപ്രേയസ്യാലളിതഗതയേകൈവിരൽക്കൈവിരച്ചെ
ത്തുത്സേധംകൊണ്ടുപരിരചിതം നീലരത്നങ്ങൾകൊണ്ട്
ചാണാൽമുച്ചാണിടപടിയകംപൂമടുത്തഗ്രഭാഗേ
കാണാംചൊല്ലുമ്പൊഴുതുടനിടത്തുണ്ടു സോപാനമാർഗ്ഗം.

മൽപ്രേയസ്യാഃ = എന്റെ പ്രേയസിക്ക്, ലളിതഗതയേ = ലളിതമായ ഗമനത്തിനായിട്ട് (പ്രയാസംക്രൂടാതെ ഭംഗിയിൽ നടപ്പാൻ വേണ്ട സൗകര്യത്തിന്നനുസരിച്ച വിധത്തിൽ എന്നു ഭാവം) കൈവിരൽക്ക് അയ്യിരൽ ചെയ്തു = അഞ്ചുവിരൽ അളന്നു കണക്കാക്കി, ഉത്സേധംകൊണ്ട് = ഉയരത്തോടുക്രൂടി, നീലരത്നങ്ങൾ

കൊണ്ടു് = നീലക്കല്ലുകൾകൊണ്ടു്, ഉപരിരചിതം = മേൽപ്പട്ടായി നിൎമ്മിച്ചതും (ഓരോ കൽപ്പടവും ഒന്നിനൊന്നു അയ്യഞ്ചുവിരൽ ഉയരത്തോടെ നിൎമ്മിച്ചതു് എന്നു സാരം) ചാണാൽ മുച്ചാണിട = ചാൺ അളവിനു് മൂന്നു ചാൺ വിസ്താരമുള്ളതുമായ, സോപാനമാൎഗ്ഗം = കൽപ്പട കെട്ടിയ മാൎഗ്ഗം, ഇടത്തു് = ഇടത്തു ഭാഗത്തായി ഉണ്ടു്. അതു എന്നു ചേൎക്കുക. പടിയകംപുക്കുമട്ടത്തു് = പടിക്കകത്തേക്കു കടക്കുന്ന സ്ഥലത്തു ചെല്ലുമ്പോഴതു് ഉടൻ അഗ്രഭാഗേ = മുൻവശത്തു് കാണാം.

34

മുക്കോൽച്ചൈത്തുണ്ടിരുപുറമൊരിക്കോല്പതിന്നാൽവിരൽ
വിസ്താരാഢ്യംനടനടുവിലുണ്ടുല്ലസിക്കുംകവാടം [ക്കീഴ്
മത്താവാരേ മകരവദനാലംകൃതം ദ്വാരഗേഹം
തത്രാലക്ഷ്യം തദനുമകരേ മന്ദിരം മൽപ്രിയായാഃ

ഇരുപുറം = നടയുടെ രണ്ടുപുറവും, മുക്കോൽചൈതു് = മൂന്നു കോൽ അളവു് ഉണ്ടു്. (രണ്ടുപുറത്തുള്ള തറകൾക്കു മുമ്മൂന്നുകോൽ വിസ്താരമുണ്ടു് എന്നൎത്ഥം) കീഴ് = തറയുടെ കീഴ്ഭാഗത്തു് (തറയിൽനിന്നു താണതാകൊണ്ടുള്ള) നട ഒരുക്കോൽ പതിന്നാൽ വിരൽ= ഒരുക്കോലേ പതിന്നാലുവിരൽ, വിസ്താരാഢ്യം = വിസ്താരമുള്ളതാണു്, നടുവിൽ ഉല്ലസിക്കുന്ന കവാടം = വാതിലും ഉണ്ടു് ദ്വാരഗേഹം = ദ്വാരത്തിലുള്ള ഗേഹം (പടിപ്പുര), മത്താവാരേ = മത്താവാരത്തിൽ (മേൽപ്പടിയുടെ മേൽഭാഗത്തു പുറത്തെയ്ക്കുതള്ളികല്ലുകൊണ്ടോ മരംകൊണ്ടോ മറ്റോ പണിചെയ്തുണ്ടാക്കുന്ന പ്രദേശത്തിൻെറ പേരാണു് മത്താവാരമെന്നതു്) മകരവദനാലംകൃതം = മകരമത്സ്യത്തിൻെറ മുഖത്താൽ അലംകൃതമാകുന്ന, (കൃത്രിമമകരമുഖം കൊത്തിയുണ്ടാക്കീട്ടുള്ളതാണു് എന്നൎത്ഥം), തദനു = അതിന്നു ശേഷം, തത്ര = അവിടെ, മകരേ = മകരത്തിൽ (പടിപ്പുരയുടെ മകരം രാശിസ്ഥാനത്തിൽ എന്നൎത്ഥം), മൽപ്രിയായാഃ = എൻെറ പ്രിയയുടെ, മന്ദിരം, ആലക്ഷ്യം = കാണാവുന്നതാണു്.

35

ശില്പാകല്പം പുരപരിമിതം തെക്കിനേത്തുണ്ടു രമ്യം
മുപ്പത്തെൺകോല്ക്കുപരിപുറമങ്ങെൺവിരൽച്ചുററു-
[കൊണ്ടു്
അൎദ്ധാതസ്മിൻതളമപിപടിഞ്ഞായറൎദ്ധംകിഴക്കേ-
തസ്മൽക്കാന്തെയ്ക്കറമുറി കിടപ്പാൻ ചമച്ചീടിനൊൻറു്.

പുര=ഭവനം, ശില്പാകല്പം=ശില്പങ്ങളാകുന്ന (കൊത്തുപണികൾ), ആകല്പങ്ങളോട്ടു് (ഭൂഷണങ്ങൾ) കൂടിയതും, പരിമിതം = ശാസ്ത്രക്കണക്കിന്നനുസരിച്ച അളവുള്ളതും ആണ്. മുപ്പത്തെൺകോൽക്കുപരി = മുപ്പത്തെൺകോലിന്നുമേൽ, പുറ = പുറമേ, എൺവിരൽ = എട്ടുവിരൽ (മുപ്പത്തെട്ടുകോലും പിന്നെ എട്ടുവിരലും എന്നർത്ഥം), ചുററുകൊണ്ടു് = ചുററളവോട്ടുകൂടി, രമ്യം = രമ്യമായ, തെക്കിനേത്തു് = തെക്കിനി അങ്ങുണ്ടു്. തസ്മിൻ = ആ തെക്കിനിയിൽ, പടിഞ്ഞായർ അർദ്ധം = പടിഞ്ഞാറെപ്പകുതി, തളം അപി = തളവും. കിഴക്കേത്തു് അർദ്ധം = കിഴക്കേപ്പകുതി, അസ്മൽ കാന്തയ്ക്കു് കിടപ്പാൻ ചമച്ചീടിനൊൻറു് = നിൎമ്മിച്ചതായ, അറമുറി = അറമുറിയും ആകുന്നു.

36

മറേറമൂൻറും പതിനറുവിരൽച്ചെരുച്ചുറെറാൻറിൽ
[നിൻേററാ
ന്റേററിക്കൊണ്ടിട്ടുപവിരചിതം പശ്ചിമാദിക്രമേണ
പ്രാച്യാംചെൽവോക്കശനശയനാദ്യൎത്ഥമൂണിന്നുദീച്യാം
കാഴുംപൊന്നുംപണവുമിടുവാൻപശ്ചിമംമൽപ്രിയായാഃ

മറേറമൂന്നും = തെക്കിനിയല്ലാത്ത മൂന്നും (പടിഞ്ഞാററിയും വടക്കിനിയും കിഴക്കിനിയും), പശ്ചിമാദിക്രമേണ = പടിഞ്ഞാററി മുതൽ ക്രമത്തിൽ ഒന്നിനൊന്നു്, പതിനാറുവിരൽച്ചെരുച്ചുററു് = പതിനാറുവിരൽ അളവു ചുററു്, ഏററിക്കൊണ്ടു് = അധികമാക്കിക്കൊണ്ടു് (പടിഞ്ഞാററിയുടെ ചുററളവിനെക്കാൾ പതിനാറുവിരൽ

വടക്കിനിയുടെ ചുററളവധികം, കിഴക്കിനിയുടെ ചുററളവ് അതിലും പതിനാറു വിരലധികം എന്ന മട്ടിൽ), ഉപവിരചിതം = ചേൎത്തു നിൎമ്മിച്ചിട്ടുള്ളതാണ്. ചെൽവോൎക്ക് = അതിഥികളായി ചെല്ലുന്നവൎക്ക്, അശനശയനാദ്യൎത്ഥം = ഇരിപ്പ്, കിടപ്പ് മുതലായതിന്ന്, പ്രാച്യാം = പ്രാചിയിലും (കിഴക്കിനിയിലും), ഊണിന്ന് ഉദീച്യാം = ഉദീചിയിലും (വടക്കിനിയിലും) ആണ്. മൽപ്രിയായാഃ = എന്റെ പ്രിയയ്ക്കു് കാശും പൊന്നും പണവും ഇട്ടുവാൻ = സൂക്ഷിപ്പാൻ, പശ്ചിമം = പടിഞ്ഞാററി ആണ്.

37

മീനശ്ശ്രേണീമുഖരമരികെച്ചന്ദ്രകാന്താഭിബദ്ധം
മീനത്തിന്മേൽ കിണറുവിമലസ്വച്ഛപാനീയപൂൎണ്ണം
1വേനക്കാലം പുനരറിവതിന്നുണ്ടു തസ്യോപകണ്ഠേ
തേനിററാലും കുസുമനികരം തേവിനട്ടോരു മുല്ല.

മീനശ്ശ്രേണീമുഖരം = മത്സ്യസമൂഹത്താൽ ശബ്ദിച്ചുംകൊണ്ടിരിക്കുന്നതും (മത്സ്യങ്ങൾ കിടന്നുകളിച്ചു വെള്ളത്തിൽ ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്നതു് എന്നൎത്ഥം), ചന്ദ്രകാന്താഭിബദ്ധം=ചന്ദ്രകാന്തക്കല്ലുകൾകൊണ്ടു ചുററും കെട്ടീട്ടുള്ളതും, വിമലസ്വച്ഛപാനീയപൂൎണ്ണം=ഏററവും തെളിഞ്ഞിരിക്കുന്നജലം നിറയെ ഉള്ളതും (വിമലസ്വാദു പാനീയപൂൎണ്ണം എന്നു പാഠം). നിൎമ്മലവും മധുരവുമായ ജലം നിറഞ്ഞതു് എന്നൎത്ഥം) ആയ കിണറ്, അരികേ = പുരയോടു ചേൎന്നതന്നെ, മീനത്തിന്മേൽ = പുരയുടെ മീനരാശിസ്ഥാനത്തു് ഉണ്ടു് എന്നു ചേൎക്കുക. വേനക്കാലം അറിവതിന്ന്, പുനഃ = ആകട്ടെ, തസ്യ=അതിന്റെ, ഉപകണ്ഠേ = സമീപത്തു് തേവി നട്ടിട്ടുള്ള ഒരു മുല്ല, തേനിററാലും കുസുമനികരം = തേൻ ഇററുവീഴുന്ന പുഷ്പസമൂഹത്തോടുകൂടിയതായിട്ട് ഉണ്ടു്, ആ കിണററിൽ എന്നും വെള്ളം നിറഞ്ഞിരിക്കുന്നതിനാൽ അവിടെ ആ മുല്ല പൂക്കുന്നതു കണ്ടിട്ടു മാത്രമേ വേനല്ക്കാലം അറിവാൻ കഴികയുള്ളു എന്നുസാരം.

1. വേനല്ക്കാലം–പാഠാന്തരം

38

മുക്കിക്കോരിച്ചെറിയ കനകക്കിണ്ടികൊണ്ടെന്തുചൊൽവൂ
മിക്കപ്പോഴും പുനരതു നനക്കെൻറി മററില്ല വേല
തെക്കമ്പാകത്തിനിയ കുറുമൂഴിക്കൽ മൈക്കണ്ണിയുണ്ണി-
ച്ചക്കിപ്പെണ്ണിൻകളിയതു കുളുത്തൊരു ചേമന്തിയുണ്ടു്.

എന്തുചൊൽവൂ=എന്തുപറയുന്നു (അത്ഭുതസന്തോഷങ്ങളെ ദ്യോതിപ്പിക്കുന്ന വാക്യമാണിതു്) മിക്ക സമയത്തും ചെറിയ കനകക്കിണ്ടികൊണ്ടു മുക്കിക്കോരി (നിറഞ്ഞ കിണററിൽനിന്നു കയ്യാൽത്തന്നെ മുക്കിയെടുത്തു എന്നു ഭാവം) പുനഃ = പിന്നെ, അതു് = ആ മുല്ലയെ, നനയ്ക്ക എൻറി = നനയ്ക്കയല്ലാതെ മററു വേല ഇല്ല. തെക്കുംഭാഗത്തു് = തെക്കുംഭാഗത്തു എന്ന ദേശത്തു്, ഇനിയ = പ്രശസ്തമായ, കുറുമൂഴിക്കൽ = കുറുമൂഴിക്കലെന്ന വീട്ടിലെ മയ്ക്കണ്ണിയായ ഉണ്ണിച്ചക്കിപ്പെണ്ണിൻറ കളിയാണു്, അതു് = ആ മുല്ലയ്ക്കു് മിക്കപ്പോഴും അപ്രകാരം നനയ്ക്കുന്നതു്, കുളുത്തൊരു ചേമന്തി ഉണ്ടു് = ചേമന്തിയും ഉണ്ടു് എന്നർത്ഥം, കിണററിന്നടുത്തുതന്നെ എന്നു ഭാവം, ചേമന്തി = ചെമ്പരത്തി, അല്ലെങ്കിൽ മൽപ്രിയയ്ക്കു് മിക്കപ്പോഴും മുല്ല നനയ്ക്കയല്ലാതെ മററു വേലയില്ല എന്നു പൂർവ്വാർദ്ധത്തിൻറ അർത്ഥം. തെക്കമ്പാകത്തു് = മുല്ലയുടെ തെക്കുഭാഗത്തായി, ഇനിയ = പ്രശസ്തമായ (ചേമന്തിയുടെ വിശേഷണം) കുറുമൂഴിക്കലെ മയ്ക്കണ്ണിയായ ഉണ്ണിച്ചക്കിപ്പെണ്ണിൻറ കളിയതു് = കളി തന്നെ, കുളുത്തതായ ലീലയായി നട്ടുണ്ടാക്കിയതിനാൽ ആ ലീല തന്നെ കുളുത്തു വളന്നതോ എന്നു തോന്നുമാറുള്ള എന്നർത്ഥം) ഒരു ചേമന്തിഉണ്ടു് എന്നു് ഉത്തരാർദ്ധത്തിൻറ അർത്ഥം.

39

പുഷ്പാഭോഗം ദളസമുദയൈർദ്ധന്യമെന്നോമൽതാനേ
നട്ടോരീഴക്കമുകതിനടുത്തുണ്ടു ചാൺമാത്ര ദീർഘം

വട്ടം കോലും തുടയൊടുതരം പോരുവാൻ താൻ വളൎന്നാ-
1ലൊട്ടൊട്ടെന്റും ചെറുതുനിനവുണ്ടങ്ങു പാൎത്താലതിന്നു്.

ദളസമുദയെഃ=ഇലകൾ നിറച്ചുള്ളതിനാൽ (ഇലക്കൂട്ടങ്ങൾ എന്നു് അക്ഷരാൎത്ഥം), പുഷ്ടഭോഗം=വൎദ്ധിച്ചവിസ്താരത്തോടുകൂടിയതും, ധന്യം = വിശേഷപ്പെട്ടതും ആയ, എന്നോമൽതാനേ നട്ടോരീഴക്കമുക് =എൻെറ പ്രിയതമതന്നെ നട്ടിട്ടുള്ള ഒരു ഈഴക്കമുക്, ചാൺമാത്രദീൎഘം = ഒരു ചാൺ മാത്രം ഉയൎന്നതായി, അതിനടുത്തു് = ആ കിണറിന്നടുത്തു് ഉണ്ടു്. (എന്നോമൽതാനേ നട്ടതിനാൽ സുകൃതം ചെയ്തതു് എന്നും ധന്യശബ്ദത്താൽ ധ്വനിക്കുന്നതു കണ്ടുകൊൾക) താൻ വളൎന്നാൽ, വട്ടം കോലുന്ന = ഉരുണ്ട തുടയോടു് (പ്രിയയുടെ തുടയോടു് എന്നു താല്പൎയ്യം) ഒട്ടൊട്ടു് = അൽപാൽപം, തരംപോരുവൻ=കിടപിടിച്ചേക്കാം, എന്നും = എന്നുതന്നെയും, പാൎത്താൽ= വളൎച്ചയുടെ മട്ടിനെപ്പററി ആലോചിക്കുന്നപക്ഷം, അതിന്നു് = ആ ഈഴക്കമുകിന്നു്, ചെറുതുനിനവുണ്ടു് = അൽപം വിചാരമുണ്ടു്. എന്നിങ്ങനെ ഉൽപ്രേക്ഷ അങ്ങു് എന്നതു വാക്യാലങ്കാരം.

40

ഇന്നാളുള്ളോൻ്റഴകിലതു ഞാൻ നട്ടതോരാണ്ടുപോരും
കന്ന്യാരാശൌ കുളിരുവളരും ചെമ്പകപ്പൈതലുണ്ടു്
തന്നപീരത്തം പകലുമിരവും ചെൻറു നോക്കും നനയ്ക്കും
മുന്നാളിപ്പാൽ മുകുളമുളവാവാൻ കണക്കുണ്ടതിന്മേൽ.

അഴകിൽ = ഭംഗിയോടേ, ഇന്നാൾ = ഇപ്പോൾ ഉള്ള ഒന്നു (ഇപ്പോൾ നല്ല ഭംഗിയുള്ള നിലയിൽ എത്തീട്ടുള്ളതു് എന്നാൎത്ഥം) അതു് ഞാൻ നട്ടതു് ആണു്. ഒരാണ്ടുപോരും =ഒരു വത്സരം പ്രായമായിരിക്കുന്നു. വസ്തു ഇന്നതാണെന്നു കാണിക്കാതെ അതിനെപ്പററി ആദ്യംതന്നെ വിവരിച്ചിരിക്കുന്നതു് വാത്സല്യാതിശയത്തെ ദ്യോതിപ്പിക്കുന്നു. പിന്നെ ആ വസ്തു ഇന്നതാണെന്നു പറയുന്നു. കന്ന്യാരാശൌ = കന്നിരാശിസ്ഥാനത്തു് (ഗൃഹത്തിൻെറ എന്നു ഭാവം)

1. ഒട്ടേതേന്റും—പാഠാന്തരം

കളൂർമതരുന്ന ചമ്പകപ്പൈതൽ=ചമ്പകത്തയ്യ് ഉണ്ട്, തനപീരത്തം പകലും ഇരവും അതിനെ ചെന്നുനോക്കിക്കൊണ്ടിരിക്കും, നനയ്ക്കും (ഇടയ്ക്കിടയ്ക്ക് എന്നുഭാവം), മൂന്നാളിപ്പോൽ=മൂന്നുദിവസത്തിനപ്പുറം, അതിന്മേൽ, മുകുളം=മൊട്ട്, ഉളവാവാൻ കണക്ക് = ഉണ്ടാകത്തക്ക മട്ട് ഉണ്ട്, മൂന്നു നാൾക്കുള്ളിൽ മൊട്ടിടത്തക്കവിധത്തിലാണ് ഞാൻ കണ്ടപ്പോൾ ഇരുന്നിരുന്നതു് എന്നർത്ഥം.

41

തേന്മാവോളം പനസനികരംതെങ്ങൊരോൻറിന്നുനന്നാ-
ലന്നാലിന്നും ക്രമുകമിടയിൽപ്പാകി മുമ്മൂൻറു നീളെ
ഒൻറിന്നൊൻറും വളർ കതളിയും ചിങ്ങനും നല്ക്കരിമ്പും
കാകൊണ്ടീട്ടും വഴുതിനകളുംമന്ദിരേ മൽപ്രിയായാഃ

മൽപ്രിയായാഃ മന്ദിരേ=എൻെറ പ്രിയയുടെ ഗൃഹത്തിൽ, തേന്മാവോളം പനസനികരം = എത്ര തേന്മാവുണ്ടോ അത്രയും പിലാവും ഉണ്ട്. (രണ്ടും ഒപ്പമാണെന്നർത്ഥം) ഓരോന്നിന്ന് = ഓരോ പിലാവിന്ന്, നന്നാല = നന്നാലുവീതം, തെങ്ങ് ഉണ്ട്. ആ നാലു തെങ്ങിന്നും ഇടയിൽ നീളെപ്പാകീട്ടു, മമ്മൂന്ന്=മൂന്നുവീതം, ക്രമുകം = കവുങ്ങും ഉണ്ട്. ഒന്നിന്നൊന്നും = ഓരോ കവുങ്ങിനു് ഓരോന്നുവീതം, വളർ കദളിയും = വളർ കദളിവാഴയും, ചിങ്ങനം= ചിങ്ങൻവാഴയും, നല്ല കരിമ്പും ഉണ്ട്. കായ്കൊണ്ടീട്ടും = കാച്ചു തുടങ്ങിയ വഴുതിനകളും ഉണ്ട്.

42

ആലംകോലും മഴലമിഴിയാൾ താൻവളത്തന്തിയോളം
നീലക്കാർമൽകുഴലിലുഴലും തൈമണം കേട്ടചെൻറു്
വാലുംതാനും ബത മിനമിനത്തങ്ങിനേ കാണലാം തേ
ചാലും ചാലപ്പുരുകിമെരികുണ്ടങ്ങൂ വായവ്യകോണേ.

നീലക്കാർമൽക്കുഴലി = നീലക്കാറുപോലെയുള്ള മുടിയിൽ, ഉഴലും = വ്യാപിച്ചിട്ടുള്ള, തയ്മണം = നല്ല സുഗന്ധം, കേട്ട് = ഘ്രാണിച്ച്, ചെന്നു് (ചെല്ലുന്നതിനാൽ എന്നർത്ഥം) ആലംകോലും മഴലമിഴിയാൾ താൻ = 1 ആലം (നീളം അല്ലെങ്കിൽ ഭംഗി) കോലുന്നതും മഴലവും (മുഗ്ദ്ധവും) ആയ മിഴിയുള്ളവൾ തന്നെ (ദീർഘമുഗ്ദ്ധാക്ഷിയായ പ്രിയതമ തന്നെ എന്നർത്ഥം) അന്തിയോളം വളത്തു് വാലും താനും ബത മിനുമിനുത്തങ്ങനെ = വാലും ശരീരം മുഴുവനും നന്നായി മിനുമിനുത്തുംകൊണ്ടുള്ള വിധത്തിൽ, തേ = അങ്ങയ്ക്കു്, കാണലാം അങ്ങു് = അവിടെ, വായവ്യഃകാണേ = വായുകോണിലായി പാലും ചാലപ്പുരകി = നല്ലവണ്ണം പരുകിക്കൊണ്ടു് (കുടിച്ചുംകൊണ്ടു് എന്നർത്ഥം) മെരികു് ഉണ്ടു്, അതിനെ കാണലാം എന്നു മുൻ വാക്യഃത്തോടു യോജിപ്പിക്ക. ഇവിടെയും വസ്തുവിനെപ്പറയുന്ന ഭാഗം ഒടുവിലാക്കിയതിന്റെ സ്വാരസ്യം മുമ്പിലത്തെപ്പോലെ തന്നെ.

43

ആടിക്കാർമല്ക്കുഴലി വടിവിൽത്താൻ ചമയ്ക്കും നിറത്തിൽ
പാട്ടും കൂടപ്പെടലപരിചിലും നൽച്ചിലോകങ്ങൾ ചൊല്ലും
ഈരടിക്കൂട്ടം മരതകരുചിം തൊണ്ടിനേർവുണ്ടുമേന്തി–
ക്കൂടക്കാണാമുടനൊരു കിളിപ്പെൺകളിക്കിൻറവാറു്.2

ആടിക്കാർമൽക്കുഴലി = ആടിക്കാലത്തെ കാറുപോലെയുള്ള തലമുടിയുള്ളവൾ, വടിവിൽ = വൃത്തിയോടേ, താൻ, ചമയ്ക്കുന്ന = നിർമ്മിക്കുന്ന (പാടുന്ന എന്നർത്ഥം) നിറത്തിൽ = മാതിരിയിൽ, കൂടപ്പാട്ടും = ചേർന്ന പാട്ടും (ശങ്കിടി പാട്ടുമെന്നർത്ഥം), പല പരിചിലും = പല മാതിരിയിലും, നൽച്ചിലോകങ്ങൾ=നല്ല ശ്ലോകങ്ങൾ

1 ആലം ശബ്ദത്തിനു കറുപ്പു് എന്നും തമിഴിൽ അർത്ഥമുണ്ടു്. വിസ്താരമെന്നും ചിലർ മഴലയ്ക്കു് ഇളമൈ എന്നാണു തമിഴിലർത്ഥം. (മേന്മ, ഉന്മത്തത, മുഗ്ദ്ധത.)

2 കളിക്കിൻറക്കൂടു് എന്നു പാഠാന്തരം.

ചൊല്ലും. ഈടിക്കൂടുന്ന = വർദ്ധിച്ചുകൂടുന്ന, മരതകപ്പച്ചയുടെ രുചിയേയും (നിറത്തേയും) തൊണ്ടിപ്പഴത്തോടുനേരായ ചുണ്ടും കൊക്കും) ഏന്തി = വഹിച്ച്, ഒരു കിളിപ്പെണ്ണ് (പൂർവ്വാർദ്ധത്തിൽ പറഞ്ഞവിധത്തിലുള്ള പെൺകിളി എന്നു താൽപര്യം) കളിക്കുന്ന മട്ടുകൾ ഉടൻ, കൂടക്കാണാം = ഒരുമിച്ചുകാണാം. മുൻശ്ലോകത്തിൽ പറഞ്ഞ മെരികുള്ള സ്ഥലത്തിന്റെ അടുത്തുതന്നെ കാണാം എന്നു ഭാവം.

44

1മാഴക്കണ്ണാൾക്കൊരു മയിലുമുണ്ടങ്ങുപിങ്കാലൊളം [പോയ്
ത്താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നില്പോരുനേരം
ഊഴത്തെക്കൊണ്ടിരിൾമുകിലിതെന്റഞ്ചിതം പീലിജാലം
ചൂഴച്ചിന്തിച്ചുവയൊടുടനേ പാടിയാടീടുവോന്റ്.

മാഴക്കണ്ണാൾക്ക് = മുഗ്ദ്ധാക്ഷിക്ക്, ഒരു മയിലും അങ്ങുണ്ട്, ഓമൽ = പ്രിയതമ, പിൻവാലോളം പോയി താഴെച്ചെല്ലുന്ന പുരികുഴൽ = ചുരുണ്ട തലമുടി, അഴിച്ചു നിൽപ്പോരുനേരം, ഊഴത്തം കൊണ്ടു് = ഉത്സാഹത്തിൽ മതിമറന്നു്, ഇതു്, ഇരിൾ മുകിൽ = ഇരുണ്ട മഴക്കാറ്, എന്നു് = എന്നു വിചാരിച്ചു്, അഞ്ചിതം = മനോഹരമായ, പീലിജാലം = പീലിക്കൂട്ടത്തെ ചൂഴ = ചുററും, ചിന്തി = ചിന്നി (പരത്തി), ചുവയൊടു് = മാധുര്യത്തോടേ, ഉടനെ പാടി, ആടീടുവൊന്നു് = ആടിവരുന്ന ഒന്നു് ആകുന്നു.

45

ചോപ്പുക്കളേള്ളാ വള ചെറിയതിന്നാരിയപ്പട്ടർപോയി–
ക്കോപ്പാട്ടിക്കോതിരുവടികുറിപ്പൊൻമൃതാരാ2 പിരാട്ടി

1 മാഴയ്ക്കു് തമിഴിൽ ഇളമ, മുഗ്ദ്ധത, അഴക്, ഇത്യാദി അർത്ഥങ്ങൾ ഉണ്ടു്

2 താരാൻ പാഠഭേദം

1മാപ്പ്ക്കിൻറത്തുളുവനിളയച്ചിക്കുമേനോക്കിയാർപോ-
ലാപ്പിൽപ്പോനാൾമലയിചിരുതേവിക്കു 2മീക്കോട്ടുചീലം

ഇതും 46-ാം ശ്ലോകവും അവിടെയുള്ള ദാസിമാരുടെ സംഭാഷണത്തെ അനുകരിച്ചു കാണിച്ചിക്കുന്നതാണ്. വള ചോപ്പക്കു:ള്ളാ = ചോപ്പക്കു് (ഒരുത്തിയുടെ പേരാണുചോപ്പ) ഉള്ളതാ:ണ്ണാ? ചെറിയതിന്നു് = ചെറിയതിന്നുള്ളതാണ്. (ചോപ്പക്കല്ല) ആറിയപ്പട്ടർ പോയി = ചെറിയതിൻെറ ഭർത്താവായിരുന്ന ആരിയപ്പട്ടർ സാംബന്ധം ഉപേക്ഷിച്ചു പോയി, അതുകൊണ്ടു് അവൾക്കു കൊടുക്കാനുള്ളതാണു് വള എന്നുത്തരം. കോപ്പാട്ടിക്കോ=അപ്പോൾ 3കോപ്പാട്ടിക്കു് ആറാണ്. എന്നു ചോദ്യം. തിരുവടി4 എന്നുത്തരം. പിറാട്ടി = തിരുവടിയുടെ അമ്മയായ പിറാട്ടി, കുറിപ്പൊന്നു് = ഒരു ശകലമെങ്കിലും പൊന്നു്, തരാ = തരില്ല. തരാനായി തിരുവടിയെ അനുവദിക്കയില്ല എന്നർത്ഥം, ഇതു് കോപ്പാട്ടിക്കോ എന്നു ചോദിച്ചവൾ തന്നെ പറയുന്നു. മാപ്പക്കു് ഇന്നു്=ഇപ്പോൾ ആ തുളുവൻ= തുളു എമ്പ്രാൻ ആണു്. ഇളയച്ചിക്കു്, മേൽ നോക്കിയാർപോൽ = മേനോക്കിയാരാണത്രേ. മലയി ആപ്പിൽ=ആപ്പിൽ എന്ന വീട്ടിൽ, പോനാൾ = വിരുന്നിരിക്കാൻ പോയിരിക്കുന്നു. ചിരുദേവിക്കു് ഉമിക്കോട്ടു് എന്നു പറയുന്നാൾ ആണു്, 5ചീലം=സഹവാസം (സംബന്ധം എന്നർത്ഥം).

46

ആടീകൊണ്ടാ ചവടി കളഭംകൊണ്ടുചെൻറാ 6കുളത്തിൽ
കോടി കോടിപ്പുടവയെടുനീ കോതയോ ചൂതുതാരും

---

1 മാപ്പാട്ടിക്ക പാഠാന്തരം
2 ചീക്കോട്ടുചീലം പാഠഭേദം
3 കോപ്പാട്ടി = നർത്തകി
4 തിരുവടി ശ്രീപദം.
5 ചീക്കോട്ടുചീലം എന്ന പാഠത്തിനു അടക്കവും ഒതുക്കവും ഇല്ലായ്ക എന്നർത്ഥം
6 കളത്തി! പാഠാന്തരം

പക്കത്തെങ്ങാനഖപദമണിഞ്ഞങ്ങിനേകാൺകത്തും
1വക്കത്തുംചേൎന്നഴകിനൊടിളഞ്ചേടിമാർപോരുമാറ്.

ആടീ! (ഒരുത്തിയുടെ പേർ), ചവടി = കണ്ഠസരം (ഒരാഭരണം). കൊണ്ടാ = കൊണ്ടുവാ, കളഭം = കുറിക്കൂട്ട്, കുളത്തിൽ കൊണ്ടുചെന്നാ = നീ കൊണ്ടുചെന്നുവോ. (കൊണ്ടാ, കൊണ്ടുചെന്നാ എന്നാണ്ടും മധ്യമപുരുഷക്രിയാപദമാണ്). 'ആടിക്കൊണ്ടാ ചവടി' എന്ന പാഠത്തിൽ ചവടി എന്നതു് സംബോധനയാണ്. ഹേ ചവടി (ഒരുത്തിയുടെ പേർ), കളഭം, ആടിക്കൊണ്ടാ = നീ അണിഞ്ഞു കഴിഞ്ഞുവോ, കുളത്തിൽ കൊണ്ടുചെന്നിരുന്നുവോ (കുളത്തിൽ നിന്നു വരുമ്പോൾത്തന്നെ കളഭം അണിഞ്ഞുകാണുന്നുവല്ലോ എന്നു ഭാവം) ഹേ കോടി നീ കോടിപ്പുടവ, എട്ട = എട്ടുകൾ. കോതയോ (ആരു് കോതയാണോ എന്നർത്ഥം) ചൂതു്, താരും = നീ തന്നാലും, ഇങ്ങനെ, ഇളഞ്ചേടിമാർ = ചെറുപ്പക്കാരായ ചേടിമാർ, വക്കത്തെങ്ങും = വാരിപ്പുറത്തെല്ലാം നഖപദം = നഖക്ഷതത്തിൻെറ ചിഹ്നം അണിഞ്ഞു. അഴകിനൊട്ട് = അഴകോട്ടുകൂടി, അകത്തും (ഗൃഹത്തിൻെറ എന്നു ഭാവം) വക്കത്തും = പുറത്തും, പോരുമാറ് = പോരുന്ന (പരുമാറുന്ന)മട്ട്, കാൺ = കണ്ടാലും.

47

അപ്പൂമാതിന്നൊരു സഹചരീമംഗനാമൌലിമാലാ-
മിപ്പാർമേലുള്ളമൃതസരസീമിക്ഷുചാപസ്യ കീൎത്തിം
കർപ്പൂരാളീമിനിയനയനങ്ങൾക്കുകാണുംനരാണാം
മൽപ്രേമത്തിൻവിളകഴനിയാംമാനിനീം കാങ്കപിന്നെ

പിന്നെ, അപ്പൂമാതിന്നു് = പ്രസിദ്ധയായ ലക്ഷ്മീദേവിക്കു്, ഒരു സഹചാരിയായും (സഖി, തുല്യയെന്നു താൽപര്യം) അംഗനകൾക്കു് മൌലിമാലയായും ഈ പാരിന്മേലുള്ള അമൃതസരസിയായും (അമൃതനദി) ഇക്ഷുചാപൻെറ (കാമൻെറ) കീൎത്തിയായും കാണുന്ന

1 പക്കത്തും പാഠാന്തരം

നരന്മാരുടെ, ഇനിയ=പ്രശസ്തമായ (പുണ്യം ചെയ്ത) നയനങ്ങൾക്കു് കർപ്പൂരാളിയായും (കർപ്പൂരപംക്തി = പച്ചക്കർപ്പൂരംപോലെ കുളർമയുണ്ടാക്കുന്നവൾ എന്നർത്ഥം) ഇരിക്കുന്ന, മൽപ്രേമത്തിൻ വിളകുഴനിയാം മാനിനീം = എന്റെ പ്രേമത്തിന്നു വിളനിലമായ മാനിനിയെ (ഉണ്ണുനീലിയെ) കാൺക.

48

ചൊല്ലുംതാനേപുരികുഴലിതാന്തന്നെ ബാലേന്ദ്രനീലം
വെല്ലുംകാന്ത്യാവെരളുമിളമാൻതോല്ക്കുമ1കണ്ണുകൊണ്ടു്
കല്യാണാനാംനിജനിലയനംമിക്കമുണ്ടെക്കൽമേവും
നല്ലാരെൻറുംനവകമലിനീവെണ്ണിലാവുണ്ണുനീലിം.

പുരികുഴലി = ചുരുണ്ട തലമുടിയുള്ളവൾ (ആ സുന്ദരി), താൻ തന്നെ = തന്നത്താൻതന്നെ, ബാലേന്ദ്രനീലം = ഇളയ ഇന്ദ്രനീലരത്നത്തെ, വെല്ലുന്ന=ജയിക്കുന്ന, കാന്ത്യാ=കാന്തികൊണ്ടു് (തോല്ക്കും എന്നതിനോടന്വയം), വെരളുമിളമാൻ തോല്ക്കും = പരിഭ്രമിക്കുന്ന ഇളമാൻ തോററുപോകുന്നതായ (അപ്രകാരമുള്ള ഇളമാനിന്റെ കണ്ണിനെക്കാൾ അധികം കാന്തിയുള്ള എന്നു സാരം) ആ കണ്ണുകൊണ്ടു്, കല്യാണാനാം = മംഗളവസ്തുക്കൾക്കു്, നിജ നിലയനം= സ്വന്തം വാസസ്ഥാനമായവളും, മിക്കമുണ്ടെക്കൽമേവും നല്ലാരെൻറും നവകമലിനീ വെണ്ണിലാവു് = സമൃദ്ധമായ മുണ്ടക്കൽ മേവുന്ന (വെണ്ണിലാവു് എന്നതിനോടു യോജന) നല്ലാർ (നല്ല സ്ത്രീകൾ) എന്നു പറയുന്ന (നല്ലാരാകുന്ന) നവകമലിനികൾക്കു് (പുതിയ താമരപ്പൊയ്കകൾക്കു്) വെണ്ണിലാവായവളും (വെള്ള നിലാവു്. മററു നല്ലാരുടെയെല്ലാം ശോഭയെ തന്റെ കാന്തിയാൽ നിസ്സാരമാക്കുന്നവൾ എന്നു സാരം) ആയിരിക്കുന്ന ഉണ്ണുനീലിയെ, ചൊല്ലും താനേ = ചൊല്ലും നിശ്ചയം. ഉണ്ണുനീലി ഇന്നാളാണെന്നു് ആ പ്രിയതമ തന്നെ അസാധാരണസൌന്ദര്യംകൊണ്ടു മനസ്സിലാക്കും എന്നു

1 നോക്കുകൊണ്ടു്—എന്നു പാഠാന്തരം

താല്പൎയ്യം. പുരികുഴലി താൻ തന്നെ ഉണ്ണുനീലിയെ ചൊല്ലും എന്നു യോജന ഗ്രഹിച്ചുകൊൾക. ബാലേന്ദ്രനീലത്തെ വെല്ലുന്ന കാന്തി കൊണ്ടും വെരുട്ടുമിളമാൻ തോല്ക്കുന്ന കണ്ണുകൊണ്ടും എന്നിങ്ങനെയും യോജിപ്പിക്കാവുന്നതാണ്. ഉണ്ണുനീലി കൃഷ്ണവൎണ്ണയാണെന്നു മേലിലും 74-ാം ശ്ലോകം വിവരിക്കുന്നുണ്ട്.

49

അന്നഃപ്പേടയ്ക്കതിമൃദുപദന്യാസവൈദഗ്ദ്ധ്യലീലാം
തന്നെത്താനന്മ[1]മുഴുവനറിയിപ്പോൻറയാത്രാവിലാസം
ഉന്നിദ്രാണം തരുണകമലം വെല്ലുമച്ചേവടിത്താ-
[2]രന്യസ്ത്രീണാമരിയകബരീഭൂഷണം മൽപ്രിയായാഃ

ഇതുമുതൽ നായികയുടെ പാദാദികേശം വൎണ്ണിക്കുന്നു. മൽപ്രിയായാഃ = എൻെറ പ്രിയയുടെ, യാത്രാവിലാസം=നടപ്പിൻെറ ഭംഗി (അല്ലെങ്കിൽ നടപ്പാകുന്ന വിലാസം. വിലാസം = ശൃംഗാരചേഷ്ട) അന്നപ്പേടയ്ക്ക് = അരയന്നപ്പിടയ്ക്ക്. അതിമൃദുവായ പദന്യാസത്തിലുള്ള വൈദഗ്ദ്ധ്യമാകുന്ന നൈപുണ്യമാകുന്ന ലീലയെ (വൈദഗ്ദ്ധ്യത്താലുണ്ടാകുന്ന ലീലാവിശേഷത്തെ എന്നൎത്ഥം) തന്നെത്തന്നെ = തന്നെത്താൻ (മറെറാന്നിൻേറയും സഹായംകൂടാതെ) മുഴുവനും അറിയിപ്പാനു് = അറിയിക്കുന്ന ഒന്നാണ്. ഉന്നിദ്രാണം = വിരിഞ്ഞുവരുന്ന, തരുണകമലം = പുതിയ താമരപ്പൂവിനെ, വെല്ലുന്ന = ജയിക്കുന്ന, ആ ചേവടിത്താർ = ചൊവന്ന കാലടികളാകുന്ന പുഷ്പം, അന്യ സ്ത്രീകൾക്കു്; അരിയ = തികഞ്ഞ, കബരീഭൂഷണം = തലമുടിക്കുള്ള അലങ്കാരമാണ്. അന്യസ്ത്രീകൾ നമസ്കരിക്കത്തക്ക ഗുണമുള്ളതാണെന്നു സാരം.

---

1 നവരമറിയിപ്പോൻറ്-പാഠാന്തരം

2 അന്യസ്ത്രീണാം കരിയ-എന്നു പാഠാന്തരം

50

മിത്രംപാർത്താൽ തിരുവിരൽപരംപങ്കജാന്തർദ്ദളാനാം
മുക്താജാലദ്യുതിമുഴവനേ കൾക്ക1വെല്ലും നഖാളി
ഗുൽഫേഗൂഢംപുറവെടിവെടിഞ്ഞീട്ടമക്കൂർമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതികണക്കാല്ക്കു മായൂരകണ്ഠം.

പാർത്താൽ=ശരിയായി വിചാരിക്കുന്നപക്ഷം, മൽപ്രേയസ്യാഃ= എന്റെ പ്രിയയുടെ, തിരുവിരൽ = മാന്യതയുള്ള വിരൽ, പങ്കജാന്തർദ്ദളാനാം = താമരപ്പൂവിന്റെ അകത്തെ ഇതളുകൾക്ക്, പരം മിത്രം = പരമമിത്രമാണ്, നഖാളി = നഖപംക്തി, മുക്താജാലദ്യുതി=മുത്തിൻസമൂഹത്തിന്റെ കാന്തിയെ മുഴുവനും കക്കുന്ന (സ്വായത്തമാക്കുന്ന) വിധത്താൽ വെല്ലും = ജയിക്കും (ജയിക്കുന്നു എന്നർത്ഥം) ഗുല്ഫേ ഗൂഢം = ഗുല്ഫഭാഗത്തിൽ (മടമ്പു്) ഗൂഢമായ (താഴ്മയുള്ള, പുറത്തേയ്ക്കു തള്ളി നില്ക്കാതെ ഒതുക്കമുള്ള മടമ്പോടുകൂടിയ എന്നർത്ഥം), പുറവടി അക്കൂർമ്മശോഭാം=പ്രസിദ്ധമായ കൂർമ്മശോഭയെ (ആമപ്പുറത്തിന്റെ ഭംഗിയേ), വെടിഞ്ഞീട്ടം = ഇല്ലാതാക്കും, കണക്കാല്ക്കു് = കണങ്കാലിന്നു്, മായൂരകണ്ഠം = മയിലിന്റെ കഴുത്തു്, പ്രണമതി = നമസ്കരിക്കുന്നു, മയൂരകണ്ഠത്തെക്കാൾ അധികം ഭംഗി കണങ്കാലിന്നുണ്ടു് എന്നു സാരം.

51

ഒപ്പംനില്ലാ മനസിജമണിച്ചെപ്പു ജാനുദ്വയത്തോ-
ടപ്പാലാക്കും കരികരരുചിം കുമ്മൂരുപ്രകാണ്ഡം
അപ്പൂബാണന്നനുപമമഹാരാജ്യമാമോമലംഗം
മൽപുണ്യാനാംപരിണതിപദംചൊല്ല2വല്ലെൻ
[പ്രിയായാഃ

---

1 കൾക്കവല്ലും പാഠാന്തരം

2 ചൊല്ലവല്ലേൻ–പാഠഭേദം

മനസിജമണിച്ചെപ്പ് = കാമൻെറ മണിച്ചെപ്പ്, ജാന്ദ്വയ ത്തോട്ട് = രണ്ടു മുട്ടിനോട്ടും, ഒപ്പം നില്ക്കില്ല. കമ്രം = കമനീയമായ, ഊരുപ്രകാണ്ഡം = ഉരുണ്ട തുടകൾ, കരികരരുചം = ആനയുടെ തുമ്പിക്കുള്ള ശോഭയെ, അപ്പാൽ = അപ്പുറത്ത് ആക്കും. പുറത്തേയ്ക്കു തള്ളിക്കളയുമെന്നത്ഥം. പ്രിയായാഃ = പ്രിയയുടെ, മൽപുണ്യാനാം പരിണതിപദം = എൻെറ പുണ്യങ്ങളുടെ പരിണാമസ്ഥാനമായ (പുണ്യപരിണാമത്താൽ ലഭിച്ചു എന്ന സാരം) അപ്പൂബാണന്നനുപമമഹാരാജ്യമാമോമലംഗം = പ്രസിദ്ധമായ പൂബാണന്ന് (കാമന്) അനുപമമായ മഹാരാജ്യമായിരിക്കുന്ന, ഓമലംഗത്തെ = പ്രിയപ്പെട്ട അംഗത്തെ, ചൊല്ലുവല്ലെൻ = വണ്ണിപ്പാൻ ഞാൻ ശക്തനല്ല. വിശേഷണസ്വാരസ്യത്താൽ അംഗശബ്ദം ജഘനമെന്ന അംഗവിശേഷത്തിൽ പര്യവസിക്കുന്നുവെന്ന കവിഹൃദയവും ഗ്രഹിച്ചുകൊൾക.

## 52

ക്ലാന്തം മദ്ധ്യം ബകുളകുസുമശ്രീഭരം നാഭിദേശം
കാന്തം വേണീമരുനിഴലിവ പ്രേക്ഷ്യതേ രോമരാജീ
കല്യാണാംഗ്യാ നിജമധുരിമാ പൂണ്ണലാവണ്യഗംഗാ
കല്ലോലാളീവലികളുദരം കയ്ത്തലം ചിത്തയോനേഃ.

മദ്ധ്യം=മദ്ധ്യഭാഗം, ക്ലാന്തം=തളന്നതാണ്. (കൃശമായി ഒടിഞ്ഞമട്ടിലുള്ളതു് എന്നു സാരം), നാഭിദേശം = പൊക്കിൾ, ബകുളകുസുമശ്രീഭരം = ഇലഞ്ഞിപ്പൂവിൻെറ ശോഭയെ വഹിക്കുന്നതാണ് (ഇലഞ്ഞിപ്പൂപോലെയിരിക്കുന്നതു്), രോമരാജി = വയററിൻെറ നടുവെയുള്ള രോമാവലി, കാന്തമായ, വേണീമരുനിഴൽ ഇവ = തലമുടിയുടെ പ്രതിച്ഛായപോലെ, പ്രേക്ഷ്യതേ = കാണപ്പെടുന്നു. കല്യാണാംഗ്യാഃ = മംഗളാംഗിയുടെ, വലികൾ = ത്രിവലികൾ എന്നു പറയുന്ന ചുളിവുകൾ, നിജ മധുരിമാപൂണ്ണലാവണ്യഗംഗാകല്ലോലാളീ = നിജമായ (സ്വന്തം) മധുരിമയാൽ (മാധുയ്യം) ആപൂണ്ണമായ

നിറഞ്ഞതായി) ലാവണ്യമാകുന്ന (സൌന്ദര്യം ഗംഗയുടെ കല്ലോലാളി (തിരമാല) ആണു്, മാധുര്യപൂർണ്ണമായ സൌന്ദര്യപ്രവാഹത്തിന്റെ തിരകളാണോ എന്നു തോന്നുമെന്നു സാരം. ഉദരം = അര, ചിത്തയോനേഃ = കാമദേവന്റെ കയ്ത്തലവുമാണു, കയ്ത്തലം= ഉള്ളംകയ്യു്; മധ്യം എന്നതിനാൽ ചുററുമുള്ള അരക്കെട്ടിനെയും ഉദരം എന്നതിനാൽ അരക്കെട്ടിൻ മുൻഭാഗത്തെ മാത്രവും വിവക്ഷിച്ചിരിക്കുന്നു. അതിനാൽ പൌനരുക്ത്യമില്ല.

53

നമ്രം 1തുമല്ലിടയൊടിയുമാറുന്നതം കൊങ്കയുഗ്മം
കമ്രാകാരേ കരകിസലയേ കന്ദളീകന്ദളാഭേ
കാമ്പുശ്രീമൽഗളമിരുൾകുഴൽക്കററ പീത്താത്ത2മേററം
ബിംബാകാരം തരളമണിവാ ചന്ദ്രബിംബാനനായാഃ

കൊങ്കയുഗ്മം = രണ്ടു കൊങ്കയും, നമ്രം = കുനിഞ്ഞിട്ടുള്ളതായ, തുമല്ലിട = വൃത്തിയും ബലവുമുള്ള മധ്യപ്രദേശം ഒടിയുമാറു് ഉന്നതമാണു്, കരകിസലയേ = തളിർപോലെയുള്ള കയ്യുരണ്ടും കമ്രാകാരേ = കമനീയമായ ആകൃതിയോടു കൂടിയവയും, കന്ദളാഭേ= കദളിത്തുവിന്റെ ശോഭപോലെയുള്ള ശോഭയോടു കൂടിയവയുമാണു്. കാമ്പുശ്രീമൽ= ശംഖിന്റെ ശ്രീപോലെയുള്ള ശ്രീയുള്ളതായ, ഗളം= കഴുത്തു്, ഇരുൾക്കുഴൽക്കാറ= ഇരുണ്ട കചഭാരം, പീത്തു് ഏററവും, ആത്തം = തളന്ന മാതിരിയുള്ളതാണു്. ചന്ദ്രബിംബാനനായാഃ= ചന്ദ്രബിംബമുഖിയുടെ, തരളമണിവാ = തിളങ്ങുന്ന മാണിക്കംപോലെയുള്ള അധരം, ബിംബാകാരം = തൊണ്ടിപ്പഴത്തോടു് തുല്യവുമാണു്.

54

പൂന്തേൻ വെല്ലും മധുരവചനം ചന്ദ്രികാമന്ദഹാസം
കാന്താദന്താവലിമരതകാദർശലീലൈ കപോലൈ

---

1 മെല്ലിട = കൃശമായ ഇട. ഈ പാഠമാണു് ശുദ്ധം.
2 പീത്താത്തുമേററം എന്നു പാഠാന്തരം

കണ്ണാന്തം 1നീണ്ടിനിയമറിമാൻനോക്കുവെൽവൊന്റു
[നേത്രം
കണ്ണൌപൂമാതഴകൊട്ടുകളിപ്പോരുപൊന്തൂയലല്ലോ·

മധുരവചനം പൂന്തേനിനെ വെല്ലും, മന്ദഹാസം ചന്ദ്രിക തന്നെ, ദന്താവലി=ദന്തപംക്തി, കാന്താ മനോഹരമാണ്. കപോലൌ = കവിൾത്തടങ്ങൾ, മരതകാദർശിലൌ=മരതകക്കല്ലുകൊണ്ടുണ്ടാക്കിയ കണ്ണാടികൾപോലെയിരിക്കുന്നവയാണ്, നേത്രം കണ്ണാന്തം = കണ്ണറ്റത്തോളം നീണ്ട്, ഇനിയ മറിമാൻനോക്കു = മറിമാനിൻെറ നോട്ടത്തെ, വെൽവോന്ന്=വെല്ലുന്ന ഒന്നാണ്. കണ്ണൌ= കാതുകൾ, പൂമാതു് = ശ്രീദേവി, അഴകോടേ കളിക്കുന്ന, പൊന്തൂയൽ = പൊന്നൂഴിഞ്ഞാൽ, അല്ലോ = തന്നെ.

55

എൾപ്പൂ 2കപ്പാൻ കരുതുമഴകാർന്നഞ്ചിതം നാസികാഗ്രം
വിൽപോലേനീണ്ടുദിതനെറിയൽപ്രൌഢിചില്ലീതരംഗം
മുററാതോമൽകുളുർമതിപൊരുംനെററിമുററിൻറതിങ്കൾ
ക്കുററാൽകുററംവദതിവദനാംഭോരുഹംമൽപ്രിയായാഃ

നാസികാഗ്രം = മൂക്കിൻെറ അഗ്രഭാഗം, എൾപ്പൂ = എള്ളിൻ പൂവു്, കപ്പാൻ കരുതുന്ന (എള്ളിൻ പൂവിൻെറ ഭംഗി കപ്പാൻ കരുതിയിരിക്കുന്ന വിധത്തിലുള്ള എന്നത്ഥം), അഴകു്, ആന്ന് = ലഭിച്ച്, അഞ്ചിതം = മനോഹരമാകുന്ന, ചില്ലീതരംഗം = ചെറുതിരകൾപോലെയുള്ള പുരികങ്ങൾ, വിൽപോലെ = വില്ലുപോലെ, നീണ്ടു് ഉദിതനെറിയൽപ്രൌഢി = പ്രകാശിച്ച വിലാസപ്രൌഢിയോടുകൂടിയതാകുന്നു, നെററി = നെററിയാകട്ടെ, മുററാതെ = പൂണ്ണനല്ലാത്ത, ഓമൽക്കുളുർമതി = ഭംഗിയുള്ള ചന്ദ്രൻ (പഞ്ചമിച്ചന്ദ്രൻ എന്നു ഭാവം) പൊരും = പൊരുതും (പൊരുതുന്നതാണ് എന്നത്ഥം),

1 നീണ്ടിളയ—പാഠാന്തരം
2 കൾപ്പാൻ—പാഠാന്തരം

നൊററി എന്നതിന്നു നൊററിയോ എന്നതുവരെ അൎത്ഥം കല്പിക്കണം. നൊററിയെപ്പററിപ്പറകയാണെങ്കിൽ എന്നു താല്പൎയ്യം. അതിനോട്ട് എന്നു ചേൎക്കുകയും വേണം. അപ്പോൾ നൊററിയോ അതിനോട്ടു ചന്ദ്രൻ പൊരുതും എന്നിങ്ങനെ യോജന സിദ്ധിക്കുന്നു. അല്ലെങ്കിൽ പൊരും എന്നതു വിശേഷണം. ഉണ്ട് എന്നു ചേൎക്ക. ചന്ദ്രൻ പൊരുതുന്ന നൊററിയുണ്ട് എന്നൎത്ഥം. മൽപ്രിയയുടെ, വദനാംഭോരുഹം = മുഖപത്മം, ഉററാൽ = ഇന്നക്കിനോക്കുന്നപക്ഷം, മുററിൻതിങ്കൾക്കു = പൂൎണ്ണചന്ദ്രനു, കുററം, വദതി = പറയുന്നു. (കുറവു വെളിപ്പെടുത്തുന്നതാണു എന്നൎത്ഥം).

56

മുണ്ടക്കൽച്ചെന്നഴകുപൊഴിവോരുണ്ണുനീലീതി പേരാം
മണ്ടിച്ചാലത്തളരുമിളമാൻ വെൻറ മുഗ്ദ്ധേക്ഷണായാഃ
കൊണ്ടൽക്കോലക്കരിമുകിലുടേകാന്തിനീർകൊണ്ടിരിണ്ട
കണ്ടിക്കാർമൽക്കുഴൽ[1]കഴൽതൊഴും [2]കാന്തി
[സൌജന്യസിന്ധോ.

കൊണ്ടലിലെ (വൎഷാരംഭത്തിലെ), കോലക്കരിമുകിലുടെ = ഭംഗിയുള്ള കാർമേഘത്തിൻെറ കാന്തി, മുണ്ടക്കൽച്ചെന്ന് അഴകു പൊഴിയുന്ന ഉണ്ണുനീലി എന്നു പേരായ, മണ്ടിച്ചാലത്തളരുമിളമാൻ വെന്ന മുഗ്ദ്ധേക്ഷണയുടെ = മണ്ടി ഏററവും തളൎന്നിരിക്കുന്ന ഇളമാനിനെ (ഇളമാനിൻെറ കണ്ണിനെ) ജയിച്ച മുഗ്ദ്ധേക്ഷണങ്ങൾ ഉള്ളവളുടെ, കണ്ടിക്കാർ മല്ക്കുഴൽകഴൽ = കരിഞ്ചണ്ടിയുടെ കറുപ്പോടു മല്ലിടുന്ന (അല്ലെങ്കിൽ കരിഞ്ചണ്ടിപോലെ കറുത്തതും ബലമുള്ളതും ആയ) തലമുടിയുടെ കഴലിനെ (കാലിനെ) തൊഴും = വന്ദിക്കും. കഴലിന്നു കീഴടങ്ങും എന്നൎത്ഥം. ഹേ കാന്തിസൌജന്യസിന്ധോ എന്നു സന്ദേശഹരനോടു സംബോധന.

---

1 കഴൻതൊട്ടും—പാഠാന്തരം

2 കാന്ത

57

ചാണിന്മേൽനീണ്ടസിതനയനഞ്ചാപലംചേൎന്നമാററം
കാണുംതോറും നയനസുഭഗം കാമിനാം പുണ്യപൂരം
ഓണംമാരന്നുദയഭവനം പൂവിൽമാതിന്നിനിക്കോ
*കാണംപോരാകുടിലമിഴിതൻകോലമിവ്വണ്ണമെന്മാൻ

ചാണിന്മേൽ നീണ്ടസിതനയനം=ചാണിലധികം നീണ്ടതും (അതിശയോക്തി) കറുത്തതുമായ നേത്രങ്ങളോടു കൂടിയതാണ്. ചാപലംചേൎന്ന മാററം = ചാപലം (വിലാസം) ചേൎന്ന മാററത്തോടു (പരുമാററം അൎത്ഥവൽ നേത്രങ്ങളുടെ അല്ലെങ്കിൽ നായികയുടെതന്നെ) കൂടിയതുമാണു്, കാണുംതോറും നയനസുഭഗം (നേത്രാനന്ദകരം) ആണു്. കാമികളുടെ പുണ്യ പൂരവും ആണു്, മാരന്നു് ഓണം മഹോത്സവമാണു്, പൂവിൽ മാതിന്നു് = ശ്രീഭഗവതിക്കു്. ഉദയഭവനം = ഉദയസ്ഥാനവുമാണു്. എനിക്കോ = എനിക്കാകട്ടെ, അങ്ങനെയെല്ലാമുള്ള നളിനമിഴിയുടെ, കോലം = സ്വരൂപം, ഇവ്വണ്ണം = ഇന്നവിധം ആണു്, എന്മാൻ = എന്നു പറവാൻ, കാണംപോരാ = ധനം പോരാ, പറയത്തക്ക മുതലില്ല എന്നൎത്ഥം. യോഗ്യതയില്ലെന്നു സാരം.

58

എന്നോടുണ്ടാംപ്രഥമവിരഹവ്യാകുലാന്നൂനമിന്നോ
തന്വീമാലാ ശിശിരമഥിതാ താമരപ്പൊയ്കപോലെ
അന്യാകാരം വഹതി തിരുമൈ മിക്കവാറും മൃഗാക്ഷീ
മുന്നേ ലക്ഷ്മീം കിമു കുമുദിനീ യാതിശീതാംശുഹീനാ.

ഇന്നോ = ഇപ്പോഴാകട്ടെ, തന്വീമാലാ = തന്വീകൾക്കു മാലയായിരിക്കുന്ന (ആഭരണമായ എന്നൎത്ഥം), മൃഗാക്ഷി = മാൻകണ്ണി (സുന്ദരി), എന്നൊടുണ്ടായ പ്രഥമവിരഹത്തിൽ (ഒന്നാമത്തെ വിയോഗം) വ്യാകുലയായിട്ടു്, ശിശിരമഥിതാ = ശിശിരകാലത്താൽ

* കോണം

പീഡിപ്പിക്കപ്പെട്ടതായ താമരപ്പൊയ്കപോലെമിക്കവാറും, അന്യാകാരം = മററാരാകൃതിയായിത്തീൎന്ന (വളരെ പരവശമായ) തിരുമെയ്യിനെ, വഹതി നൂനം = വഹിക്കുന്നു നിശ്ചയം, ശീതാംശുഹീനാ = ചന്ദ്രനോടു കൂടാത്ത, കുമുദിനീ = ആമ്പൽപ്പൊയ്ക, മുന്നേലക്ഷ്മീം = മുമ്പിലുണ്ടായിരുന്ന ശോഭയെ (ചന്ദ്രനോടുകൂടിയിരിക്കുമ്പോഴത്തെ ശോഭയെ), യാതി കിമു = പ്രാപിക്കുന്നുവൊ, പ്രാപിക്കുന്നതല്ലല്ലൊ എന്നു ദൃഷ്ടാന്തം.

59

കണ്ടിക്കാർമൽക്കുഴലിടകലൎന്നങ്ങു ചിക്കിത്തുവൎത്താ-
ഞ്ഞൂൺതെപ്പാനായുടനടനെഴുംദീൎഘനിശ്വാസഖിന്നാ
തൊണ്ടിച്ചെവ്വാനയനശഫരീനീലതാംനീലനേത്രം
തൊണ്ടിച്ചെവ്വാവടിവുമിയലാമശ്രുപാതാതിരേകാൽ.

കണ്ടിക്കാർമല്ക്കുഴലിട = കരിഞ്ചണ്ടിപോലെ കറുത്ത് ഇടതിങ്ങിയ തലമുടിയുടെ ഉൾഭാഗം ചിക്കിത്തുവൎത്താഞ്ഞിട്ട്, കലൎന്നങ്ങ് = കൂടിപ്പിണഞ്ഞുംകൊണ്ടുള്ള നിലയിൽത്തന്നെ, ഉൺതെപ്പാനായി = ഊൺകഴിച്ചേപ്പാനായി (അതും കഴിച്ചേക്കാമെന്നമട്ടിൽ ഉണ്ണാനായി എന്നൎത്ഥം), ഉടനടൻ എഴുന്ന = വൎദ്ധിക്കുന്ന ദീൎഘനിശ്വാസങ്ങളാൽ ഖിന്നയായിരിക്കാം. ഉണ്ണാൻ ചെന്നിട്ട് അതിന്നു സാധിക്കാതെ ദീൎഘശ്വാസം വിട്ടുകൊണ്ടു തളൎന്നിരിക്കയായിരിക്കാം എന്നൎത്ഥം. അശ്രുപാതാതിരേകാൽ = കണ്ണീർ ഒഴുകുന്നതിന്റെ ആധിക്യം നിമിത്തം (ചുടുകണ്ണീർ എന്നു ഭാവം) തൊണ്ടിച്ചെവ്വാ = തൊണ്ടിപോലെ ചൊവന്ന അധരം നയനശഫരീ നീലതാം = ശഫരികൾ (മത്സ്യങ്ങൾ) പോലെയുള്ള നയനങ്ങളുടെ നീലവൎണ്ണത്തേയും (ചുടുകണ്ണീർ തട്ടുന്നതിനാൽ) നീലനേത്രം = നീലവൎണ്ണമായ നേത്രം. തൊണ്ടിച്ചെവ്വായുടെ വടിവും കണ്ണു (കലങ്ങിയതിനാൽ) ഇയലാം = പ്രാപിച്ചിരിക്കാം.

60

1ചില്ലീവല്ലീം നെറിയലെ മറന്നംബുജേ തേന്മുടിഞ്ഞാൽ
മെല്ലെപ്പൈക്കൊണ്ടളികുലമുറങ്ങിന്റതായ്ത്തോന്റുമാകാം
കല്യാണാംഗ്യാഃ ദിവസദശമീചന്ദ്രശോഭാമിണങ്ങാ-
മെല്ലായ്പോഴും കരതലപരിഷ്വംഗഖിന്നൌ കപോലൌ.

ചില്ലീവല്ലി = പുരികക്കൊടികൾ, നെറിയലെ = വിലാസങ്ങൾ, മറന്ന = മറന്നതു നിമിത്തം (വിലാസങ്ങളില്ലാതായതു നിമിത്തമെന്നർത്ഥം) അംബുജേ = താമരപ്പൂവിൽ, തേൻ, മുടിഞ്ഞാൽ = ഒടുങ്ങിയാൽ, പയ്കൊണ്ടു = വിശപ്പോടുകൂടിയ, അളികുലം = വണ്ടിൻനിര, മെല്ലെ = അനങ്ങാതെ, ഉറങ്ങുന്നതായ് = ഉറങ്ങുന്നതാണെന്നു്, തോന്നുമാകാം = തോന്നാം, (ചില്ലികളെ ഉറങ്ങുന്ന വണ്ടിൻനിരയോടും മുഖത്തെ അംബുജത്തോടും സാദൃശ്യപ്പെടുത്തി ഉൽപ്രേക്ഷിച്ചിരിക്കുന്നു) കല്യാണാംഗ്യാഃ = മംഗളാംഗിയുടെ, കപോലൌ = കവിൾത്തടങ്ങൾ, എല്ലായ്പോഴും, കരതലപരിഷ്വംഗഖിന്നൌ = കരതലംകൊണ്ടുള്ള പരിഷ്വംഗത്താൽ (താങ്ങിപ്പിടിക്കൽ) ഖിന്നങ്ങൾ (തളർന്നവ) ആയിട്ടു്, ദിവസദശമീചന്ദ്രശോഭാം = പകലുള്ള ദശമിച്ചന്ദ്രന്റെ ശോഭയെ, ഇണങ്ങാം = പ്രാപിച്ചിരിക്കാം, വിളർത്തുപോയിരിക്കുന്നതിനാൽ ദിവസചന്ദ്രസാദൃശ്യം.

61

നീലക്കല്ലാൽ 2വിലസിതമണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർമന്മുലകുവലയം വെന്റ മുഗ്ദ്ധാക്ഷണായാഃ
ബാലസ്നിഗ്ദ്ധം നഖപദമണിഞ്ഞശ്രു3പാതാത്തരേഖം
ചാലത്തോൻവം 4ചുണയൊഴുകമച്ചൂതപാകങ്ങളെന്റ്.

---

1 ചില്ലീവല്ലീ—പാഠാന്തരം
2 വിരചിത—പാഠാന്തരം
3 പാതാതിരേകാൽ—പാഠഭേദം
4 ചുന—പാഠഭേദം

കുവലയംവെൻറ മുഗ്ദ്ധേക്ഷണായാഃ = കരിംക്രുവളപ്പൂവിനെ ജയിച്ചതും മുഗ്ദ്ധാവുമായ ഈക്ഷണങ്ങളുള്ളവളുടെ (സുന്ദരിയുടെ), നീലക്കല്ലാൽ വിലസിന മണിച്ചെപ്പുപോലെ വിളങ്ങുന്ന കോലപ്പോർ മന്മുല (ഭംഗിയുള്ളതും തമ്മിൽ തിക്കുന്നതും കാഠിന്യമുള്ളതുമായ മുല) ബാലസ്നിഗ്ദ്ധം നഖപദം = ചെറുതും സ്നിഗ്ദ്ധതയുള്ളതും ആയ നഖചിഹ്നത്തെ അണിഞ്ഞു് അശ്രുപാതാത്തരേഖം = അശ്രുപാതത്താൽ (കണ്ണുനീർ വീണതിനാൽ) ആത്തങ്ങളായ(ഉണ്ടായ) രേഖകളോടുകൂടിയതായിട്ടു് (കണ്ണുനീർ വീണൊഴുകിയ വരകളോടുകൂടിയതായിട്ടു് എന്നു സാരം) ചുനയൊഴുകുന്ന ചൂതപകങ്ങൾ (മാങ്ങകൾ) എന്നു ചാലത്തോന്നും = നല്ലവണ്ണം തോന്നും. ഉൽപ്രേക്ഷ.

62

ബിന്ദുസ്ഛിന്നം മൃദുനഖപദോല്ലാസി*വീരായിതാന്തേ
മന്ദമ്മന്ദമ്മമകരതലംകൊണ്ടു സംവാഹനീയം
സന്തപ്തായാ മദനശിഖിനാ സാരമാമൂരുയുഗ്മം
ദന്തത്തൂണിൻപരിചുവിളറിപ്പോയിതാകാം പ്രിയായാഃ.

മദനശിഖിനാ സന്തപ്തായാഃ പ്രിയായാഃ = കാമാഗ്നിയാൽ സന്തപ്തയായ പ്രിയയുടെ, ബിന്ദുസ്ഛിന്നം = ബിന്ദുക്കളായ സ്വേദത്തോടു കൂടിയതും (വിയർപ്പു പൊടിഞ്ഞിരിക്കുന്നതു്), മൃദുനഖപദോല്ലാസി = മൃദുവായനഖചിഹ്നംകൊണ്ടു ശോഭിക്കുന്നതും, വീരായിതാന്തേ = വീരായിതത്തിൻെറ (ഉപരിസുരതം) അവസാനത്തിൽ, മമ = എൻെറ കരതലംകൊണ്ടു്, മന്ദം മന്ദം = പതുക്കെപ്പതുക്കെ, സംവാഹനീയം = തലോടത്തക്കതും ആയിരിക്കുന്ന സാരമായ, ഊരുയുഗ്മം = രണ്ടു തുടയും, ദന്തത്തൂണിൻെറ മട്ടിൽ വിളറിപ്പോയതായിത്തീർന്നിരിക്കാം.

* കാന്തായിതാന്തേ പാഠാന്തരം

63

വേണുശ്രീമന്മധുരവചനാം വീരമൌലേ സഖീം തേ
കാണക്കൂട്ടുമ്പൊഴുതറിയലാമെങ്കിലും പങ്കജാക്ഷീം
ക്ഷീണക്ഷീണാംവിഗതഹരിണാമിന്ദ്രദിക് ചന്ദ്രരേഖാം
കാണുന്നേരത്തതുകരുതിനോരന്യഥാമന്നിലാർപോൽ.

ഹേ വീരമൌലേ! എങ്കിലും = മേൽപ്രകാരം അവസ്ഥാഭേദം വന്നിരിക്കുമെങ്കിലും, വേണു ശ്രീമധുരവചനാം = വേണുനാദത്തിൻെറ ശ്രീയുള്ളതും (വേണുനാദംപോലെയിരിക്കുന്നതു്) മധുരവുമായ വചനത്തോടു കൂടിയവളും, പങ്കജാക്ഷീം = പങ്കജാക്ഷിയും ആയ, തേ സഖീം = അങ്ങയുടെ സഖിയെ (ഉണ്ണുനീലിയെ, സന്ദേശഹരൻ നായകൻെറ മിത്രമാകയാൽ നായികയേ സന്ദേശഹരൻെറ സഖിയായി വ്യപദേശിച്ചിരിക്കുന്നു) കാണക്കൂട്ടുമ്പൊഴുതു = കണ്ടുകൂട്ടുമ്പോൾ, അറിയലാം = അറിയാൻ കഴിയും. എങ്ങനെ അറിയാൻ സാധിക്കുമെന്നതിനെ ദൃഷ്ടാന്തംകൊണ്ടു കാണിക്കുന്നതാണു് ഉത്തരാർദ്ധം. ക്ഷീണക്ഷീണാം=ഏററവും കൃശമായിത്തീൎന്നതും, വിഗതഹരിണാം = ഹരിണം (കളങ്കമായ മാൻ) ഇല്ലാതായതും ആയ ചന്ദ്രദിക് ചന്ദ്രരേഖാം = ഇന്ദ്രദിക്കിലെ (കിഴക്കുദിച്ചു വരുന്ന എന്നൎത്ഥം) ചന്ദ്രക്കലയെ കാണുന്നേരത്തു്, അതു് = അതിനെ, അന്യഥാ= മറെറാന്നായി (ചന്ദ്രക്കലയല്ല മറെറാന്നാണെന്നു്) കരുതിനോർ = വിചാരിക്കുന്നവർ, മന്നിൽ, ആർപോൽ=ആരുതന്നെയുണ്ടു്. ശോഭാതിശയമുള്ള വസ്തുക്കളെ ക്ഷീണിച്ചും നിലയിലും തിരിച്ചറിവാൻ പ്രയാസമില്ല. ക്ഷീണാവസ്ഥയിലും അവയ്ക്കു മററുള്ളവയെക്കാൾ മനോഹരത കൂടിത്തന്നെയിരിക്കുന്നതാണു്. ചന്ദ്രക്കലതന്നെ അതിന്നു ദൃഷ്ടാന്തം. അപ്രകാരം എൻെറ പ്രിയതമയ്ക്കു ക്ഷീണാവസ്ഥയിലും മററു സുന്ദരികളെക്കാൾ സൌന്ദൎയ്യം വളരെയധികമായിത്തന്നെയിരിക്കുന്നതിനാൽ തിരിച്ചറിവാൻ സാധിക്കുന്നതാണു് എന്നു താൽപൎയ്യാൎത്ഥം.

64

മററും ചൊല്ലാംകുശൽമനസിജക്ലേശിനീം 1കുററുപ്പാൻ
ചുററുംമേവുംനിജസഹചരീവർഗ്ഗമെൻവാർത്തകൊണ്ടു്
മുററുംമാധ്വീംചെവിനിറയുമാറങ്ങുതൂവുംദശായാ-
മിററിററൊഴുംനയനസലിലം വീക്ഷതേ പ്രാണനാഥാ.

മനസിജക്ലേശിനീം = കാമത്താൽ ക്ലേശിച്ചിരിക്കുന്നവളെ പ്പററി, കുററുപ്പാൻ = സംശയം തീർപ്പാൻ, മററും = വേറെയും, കുശൽ = കൌശലം (ഉപായം) ചൊല്ലാം. ചുററും മേവുന്ന, നിജ സഹചരീവർഗ്ഗം = സ്വന്തം തോഴിമാർ, എൻെറ വാർത്തകൊണ്ടു് = വൃത്താന്തത്താൽ, മുററുന്ന = പൂർണ്ണമായ, മാധ്വീയെ = മധുരസത്തെ (എൻെറ വാർത്തയാകുന്ന പൂർണ്ണമധുരസത്തെ എന്നർത്ഥം) ചെവി നിറ യുമാറു്, അങ്ങു്, തൂകുന്ന ദശയിൽ=തൂകുമ്പോൾ, പ്രാണനാഥ ഇററി റെറാഴുകുന്ന നയനസലിലത്തോടെ (കണ്ണീർ) വീക്ഷതെ=നോക്കുന്നു. നോക്കിക്കൊണ്ടിരിക്കുമെന്നർത്ഥം. ആ തോഴിമാരെ എന്നു ഭാവം.

65

നീലക്ഷൌമംപുറവുറയുമിട്ടുത്തമേ മെത്തമേലാ
2നീലപ്പാത്തിൻപരിചെഴുമിളത്തൂവലാംതൂലഭാജി
3ചാലത്താലുററുടനടനരുണ്ടസ്ഥിരസ്ഥാനശയ്യാ
തോലിത്താഴത്തവശപതിതാ രോദതി പ്രാണനാഥാ.

നീലക്ഷൌമം = നീലപ്പട്ടു്, പുറവുറയും = മേൽവിരിപ്പും ഇട്ടു്, ഉത്തമേ = ഉത്തമവും, ആ നീലപ്പാത്തിൻെറ = നല്ല നീല പ്രാവിൻെറ പരിചെഴുന്ന (ഗുണം തികഞ്ഞ) ഇളം തൂവലാകുന്ന, തൂലം (പഞ്ഞി) ഉള്ളതും ആയ മെത്തമേൽ, ചാലെ = ഭംഗിയിൽ, താലൂററു് = മദനാരാജ്യത്താൽ വരുന്ന മൂളിപ്പാട്ടോടെ, കിടന്നു്,

1 ക്രൂററുപ്പാൻ
2 പാലന്നത്തിൽ പതമെഴുമിളം തൂവലാം-പാഠാന്തരം
3 ചാലത്താപാരം

ഉടനുടൻ ഉരുണ്ടു്, അസ്ഥിരസ്ഥാനശയ്യാ = സ്ഥിരതയില്ലാത്ത സ്ഥാനത്തോടുകൂടിയ ശയനമുള്ളവളായിട്ടു്, (ഒരു സ്ഥലത്തും കിടപ്പുറയ്ക്കാത്തവൾ എന്നർത്ഥം) തോലിത്താഴത്തു് = കട്ടിലിൻ താഴത്തു്, (തോലി = ആട്ടുകട്ടിൽ) അവശപതിതാ=തളർച്ചയോടെ വീണുകിടക്കുന്നവളായിട്ടും, പ്രാണനാഥാ = പ്രാണനാഥ, രോദതി = രോദിക്കുന്നു. രോദിച്ചുകൊണ്ടിരിക്കാമെന്നർത്ഥം.

66

പണ്ടേപ്പോലേതെളിവിനൊടുണ്ണൊന്റെഴുന്നിറ്റിരിന്നേ
വണ്ടാർകോഴക്കുഴലഴികുളിത്തൊൻറുനോക്കീട്ട മന്ദം
കേഴാതേനീകുളികുറിയിടെൻറിങ്ങിനേച്ചൂഴനിൻറ–
ത്തോഴീവർഗ്ഗേ വദതി ശയിതാവാഥകേളാതപോലെ.

പണ്ടേപ്പോലെ = മുമ്പു പതിവുണ്ടായിരുന്നപോലെ, തെളിവിനൊട്ടു് = ഉന്മേഷത്തോടുകൂടി, ഉണ്ണ്ന്നു് ഒന്നു് എഴുന്നേററിരുന്നേ = എഴുന്നേററിരിക്കു, വണ്ടാർകോലക്കുഴൽ = നല്ല വണ്ടുകളേപ്പോലെയുള്ളതും ഭംഗിയുള്ളതുമായ തലമുടി, അഴി = അഴിക്കു. കുളിർത്തു് = കുളിർമയോടെ, മന്ദം = പതുക്കെ, ഒന്നു നോക്കീട്ടു് = ഞങ്ങളെ ഒന്നു നോക്കു. നീ കേഴാതെ = കരയാതിരിക്കു. കുളി = കുളിക്കു, കുറിയിടു എന്നിങ്ങനെ ചൂഴ = ചുററും നിന്നു്, ആ തോഴീവർഗ്ഗേ വദതി = തോഴിമാർ പറയുമ്പോൾ, കേളാതപോലെ = അതു കേൾക്കാത്ത മാതിരിയിൽ, അഥ = പിന്നെയും, ശയിതാവാ = കിടക്കുന്നവളോ ആയിരിക്കാം. കിടക്കുന്നവെന്നും വരാം എന്നർത്ഥം.

67

ദേവീ നിദ്രാ[1]മഭിമതഫലപ്രാപണേ കല്പവല്ലീ–
മാവാഹിപ്പാൻ വദനകമലേ പീഠപൂജാംനിധായ
സേവാഖിന്നംനിജപരിജനംപോയ്ക്കിടക്കെൻറുണത്തി–
പ്പൂവാർകോലക്കുഴലിവെറുതേമീലയന്തീദൃശൗവാ.

1 അഭിജനഫല–പാഠാന്തരം

അഭിമതഫലപ്രാപണേ=ഇഷ്ടമായ ഫലം ലഭിപ്പിക്കുന്നതിൽ, കൽപവല്ലീം = കൽപവല്ലിയായ, നിദ്രാംദേവീം = നിദ്രാദേവിയെ (നിദ്രയിൽ പ്രിയതമനെ സ്വപ്നം കാണാവുന്നതിനാൽ നിദ്രയ്ക്കു് ഇഷ്ടഫലദാന സാമർത്ഥ്യം) ആവാഹിപ്പാനായി, വദനകമലേ=മുഖപത്മത്തിൽ, പീഠപൂജാം വിധായ = പീഠപൂജ കഴിച്ചിട്ടു (ഉറക്കം വരുന്നവണ്ണം നടിച്ചിട്ടു് എന്നു സാരം.) സേവാഖിന്നാം = ശുശ്രൂഷകൊണ്ടു ക്ഷീണിച്ചിരിക്കുന്ന, നിജ പരിജനം = സ്വന്തം പരിജനത്തോടു്, പോയ്ക്കിടയ്ക്കു് = പോയിക്കിടപ്പാൻ, എന്നു് ഉണർത്തി = പറഞ്ഞിട്ടു്, പൂവാർ കോലക്കുഴലി = പൂവണിഞ്ഞ കോലക്കുഴലുള്ളവൾ (പ്രിയതമ എന്നർത്ഥം), ദൃശൌ = കണ്ണുകളെ, മെല്ലെ മീലയന്തീ = ചിമ്മിക്കൊണ്ടു കിടക്കുന്നുവെന്നും വരാം.

68

1ദേവീംനിദ്രാമുപഗതവതീചാലനാൾവേറിരിന്നോ-
രെന്നെക്കണ്ടിട്ടുപഗത2മഹാനന്ദസന്ദോഹവേഗാൽ
അർദ്ധാശ്ലേഷേസരഭസമുണർന്നാകുലാശോകസിന്ധൌ
പണ്ടെതിൽക്കാൾമുഴുകിമുറയിട്ടങ്ങിനേസംസ്ഥിതാവാ.

നിദ്രാം ദേവീം ഉപഗതവതീ = നിദ്രാദേവിയെ പ്രാപിച്ചവളായിട്ടു് (ഉറങ്ങീട്ടു്), ചാലനാൾ = കുറേദിവസമായി വേറിരുന്നോരെന്നെക്കണ്ടിട്ടു് (സ്വപ്നത്തിൽ എന്ന ഭാവം), ഉപഗതമഹാനന്ദസന്ദോഹവേഗാൽ = ഉണ്ടായ മഹാനന്ദാധിക്യത്തിൻെറ ശക്തിവേഗം നിമിത്തം, അർദ്ധാശ്ലേഷേ = അർദ്ധാലിംഗനത്തിൽ (ആലിംഗനം ചെയ്യാൻ തുടങ്ങുമ്പോൾത്തന്നെ എന്നു സാരം), സരഭസം = പെട്ടെന്നു്, ഉണർന്നു്, ആകുലാ=വ്യാകുലയായിട്ടു്, ശോകസിന്ധൌ= ദുഃഖസമുദ്രത്തിൽ, പണ്ടെതിൽക്കാൾ=മുമ്പിലത്തെക്കാൾ, അധികം മുഴുകി മുറയിട്ടങ്ങനെ =പൊട്ടിക്കരഞ്ഞുംകൊണ്ടു്, സംസ്ഥിതാവാ = ഇരിക്കയാണെന്നും വരാം.

---

1 ദൈവാന്നിദ്രാം
2 മഹാനന്ദസംഭ്രാന്തിവേഗാൽ

69

നീളുന്നീലക്കുറുൾനിരകളിൽത്താണ്ണുതാണ്ണാകു
[ലാഭ്യാം
1പശ്യന്തി സാ രഘുപതികഥാംവീത്തുവീത്തന്തരാളേ
2ബാഷ്പാർദ്രാഭ്യാമണിമിഴികളാലാശ്വസന്തീക്ഷണം വാ
ദുഃഖേദുഃഖപ്രചുരചരിതാന്യേവ സിദ്ധൌഷധാനി.

നീളും നീലക്കുറുൾനിരകളിൽ = നീണ്ടിരിക്കുന്ന നീലക്കുറു നിരകളിൽ, താണ്ണു താണ്ണു് = പിന്നെയും പിന്നെയും പതിച്ചു്, ആകുലാഭ്യാം = ആകുലങ്ങളായും (നീലക്കുറുനിരകൾ കണ്ണിന്നുമീതേ വന്നു വീഴുന്നതു് ഒതുക്കി മാററീട്ടും പിന്നെയും ഇടയ്ക്കിടയ്ക്കു വന്നു വീഴുന്നതിനാൽ ദൃഷ്ടികൾ അവയിൽ പതിച്ചു വ്യാകുലങ്ങളായിരിക്കുന്നവ എന്നത്ഥം), ബാഷ്പാർദ്രാഭ്യാം = കണ്ണീർ നിറഞ്ഞവയും ആയ്, അന്നിമിഴികളാൽ= ഭംഗിയുള്ള കണ്ണുകൾകൊണ്ടു്, രഘുപതികഥാം= ശ്രീരാമൻെറ കഥയെ (രാമായണം ഗ്രന്ഥത്തെ), അന്തരാളേ വീത്തു വീത്തു് = ഇടയ്ക്കിടയ്ക്കു ദീർഘശ്വാസം വിട്ടുംകൊണ്ടു്, പശ്യന്തി = നോക്കുന്നവളായിട്ടു്, ക്ഷണം = ക്ഷണനേരം, ആശ്വസന്തീവാ = ആശ്വസിച്ചുകൊണ്ടിരിക്കുന്നുവെന്നും വരാം, ദുഃഖേ = ദുഃഖാവസരത്തിൽ, ദുഃഖപ്രചുരചരിതാനി ഏവ = ദുഃഖപ്രചുരങ്ങളായ കഥകൾ തന്നെയാണല്ലോ, സിദ്ധൌഷധാനി = ദുഃഖം ആററാനുള്ള സിദ്ധൌഷധങ്ങൾ.

70

യൽസത്യംതത്ഭവതുപുണർന്നാൾപിറന്നെങ്ങൾകാ
വന്നിട്ടിന്റേ മമ മനസിജ 3ച്ചൂടൊഴിച്ചീടുമാകിൽ[ന്തൻ

1 വീക്ഷന്തീ
2 പാഷ്പോദ്രേകാൽകഥമപി ഫിതന്നിന്നാദനത്രാംബുജാഭ്യാം— എന്നു പാഠാന്തരം—ഇതുരണ്ടാംപാഠമായും കാണുന്നു
3 ചൂട്ടതീക്കൻറതാകിൽ ഈ ശ്ലോകത്തിൽ നായിക പൂകൊണ്ടു് ഭാഗ്യപ്രശ്നം നടത്തുകയാണു്. ആ പ്രശ്നത്തിൽ കണ്ട ഗ്രഹനിലയാണിവിടെ പറഞ്ഞിരിക്കുന്നതു്.

തോഴീപൂച്ചൊല്ലെഴവതിതുനൻറഷ്ടമേശുക്രചാന്ദ്രീ
ഭാഗ്യേജീവസ്സ്വയമൊരുനവങ്ങാശ്വസന്തീസ്ഥിതാവാ.

യൽ സത്യം തൽ ഭവതു = യാതൊന്നു സത്യമോ അതു ഭവിക്കട്ടെ (സത്യംപോലെ വരട്ടെ എന്നർത്ഥം), പുണർതംനാളിൽ പിറന്നിട്ടുള്ള, എങ്ങൾ കാന്തൻ=എൻെറ പ്രിയതമൻ, ഇന്നേറവന്നിട്ടു് = ഇന്നുതന്നെ വന്നിട്ടു്, മമ മനസിജച്ചൂടു് = എൻെറ കാമതാപം ഒഴിച്ചീടുമാകിൽ = മാററുന്നുവെങ്കിൽ ഹേ, തോഴീ! പൂച്ചൊല്ലു് ഇതു് എഴവതു് = ഈ പൂച്ചൊല്ലു് ഉള്ളതാണു്. ശരിയാണെന്നർത്ഥം. (പൂച്ചൊല്ലു് = പരിശുദ്ധമായ ചൊല്ലു്, ലക്ഷണശാസ്ത്രവചനം എന്നു സാരം. തേവീ പൂച്ചൊല്ലെഴവതിതു് എന്ന പാഠത്തിൽ പൂച്ചൊല്ലെഴവതിതു് = ഈ പൂച്ചൊല്ലുള്ളതും, ദേവീ = ദിവ്യശക്തിയുള്ളതാണു്. വളരെസ്സത്യമാണു് എന്നർത്ഥം) ഏതു പൂച്ചൊല്ലാണു്, ശരിയായിരിക്കുന്നതെന്നു കാണിക്കുന്നു. 1അഷ്ടമേ ശുക്രചാന്ദ്രീ =അഷ്ടമത്തിൽ (ചന്ദ്രാൽ അഷ്ടമരാശിയിൽ) ശുക്രനും ബുധനും, ഭാഗ്യേ ജീവഃ = ഭാഗ്യത്തിൽ (നവമരാശിയിൽ) വ്യാഴവും നന്നു് = നല്ലതാണു് എന്ന പൂച്ചൊല്ലു് എന്നു സാരം. 'അഷ്ടമേ ശുക്രചന്ദ്രൌ' എന്ന പാഠം ശരിയല്ല. അഷ്ടമത്തിൽ ചന്ദ്രൻ വളരേച്ചീത്തയാണു്. അതിന്നാണു് അഷ്ടമരാശിക്കൂറെന്നു പറയുന്നതും അതിനാൽ ആ പാഠം ലേഖകപ്രമാദവിലസിതമാവാനേ വഴിയുള്ളു. സ്വയം=തന്നെ താൻ, ഒരു നവങ്ങു് = അല്പമാത്രം (ഇങ്ങനെ എന്നു ചേർക്കണം) ആശ്വസന്തീ = ആശ്വസിക്കുന്നവളായി, സ്ഥിതാവാ = സ്ഥിതനാണെന്നും വരാം. "സ്വയമിതി നവങ്ങാശ്വസന്തീ" എന്ന പാഠത്തിൽ ഇങ്ങനെ എന്നു ചേർക്കേണ്ടതില്ല. ഇതി=ഇപ്രകാരം, നവങ്ങു്=അല്പം.

71

നൽച്ചൊൽകേൾക്കുംതദനുകൊടിവെപ്പിക്കുമേക്കുംനി– [മിത്താ–
നത്യാവേശാൽപണവുമരിയും2നീക്കിനിത്യംതൊടീക്കും

1 അഷ്ടമത്തിലെ ചന്ദ്രൻ എല്ലാ മുഹൂർത്തങ്ങളിലും വർജ്ജ്യവും ചാരവശാൽ ദുഃഖപ്രദവും ആണെന്നു പ്രസിദ്ധം

2 നേന്നു്, നേത്തു്

തുമ്പപ്പൂവ്വാൽവിരഹദിവസാന്നെണ്ണമിവ്വണ്ണമെല്ലാ-
മല്ലോമല്ലക്കുഴലികളുടേവേലകാന്തൻപിരിഞ്ഞാൽ.

നൽച്ചൊൽ = നല്ല വാക്ക് (പ്രിയൻ ഇന്നേദിവസം വരാതിരിക്കില്ല, അങ്ങനെയാണ് ലക്ഷണപ്രകാരം കാണുന്നത് എന്നും മാറും പറയുന്ന ആശ്വാസവാക്ക് എന്നു താല്പര്യം) കേൾക്കും. തദനു = അതനുസരിച്ച്, കൊടിവെപ്പിക്കും (കൊടി നാട്ടി അതിന്റെ ഗതിയനുസരിച്ചുള്ള ലക്ഷണം നോക്കും) നിമിത്തങ്ങളെ ഓക്കും = ശ്വാസഗതി, ശകുനം മുതലായതു പരീക്ഷിക്കും, അത്യാവേശാൽ = അത്യുല്ക്കണ്ഠയാൽ, നിത്യം = ദിവസംതോറും, പണവും അരിയും, നീക്കി = ഉഴിഞ്ഞുവെച്ച് തൊടീക്കും, തുമ്പപ്പൂകൊണ്ടു് വിരഹദിവസങ്ങളെ എണ്ണും, കാന്തൻ പിരിഞ്ഞാൽ = പിരിഞ്ഞിരുന്നാൽ, മല്ലക്കുഴലികളുടെ = ഇടതിങ്ങിയ തലമുടിയുള്ളവരുടെ (കാന്തകളുടെ) വേല ഇപ്രകാരമെല്ലാമാണല്ലോ.

## 72

മാരോന്മാദജ്വരപരവശാം മദ്വിയോഗാഗ്നിദഗ്ദ്ധാം
മുഗ്ദ്ധാംമുററുംകുളുർ1മുലയുഗേ സ്വസ്തികാബദ്ധബാഹ്ലം
കമ്രാപാംഗീം പ്രിയസഖ ഭവാൻ കാണ്മതിന്നൊട്ടുമുന്നേ
2തന്വീമൌലിക്കിതവിനയനിമിത്തങ്ങളുണ്ടാം തദാനീം

ഹേ പ്രിയസഖ! മാരോന്മാദജ്വരപരവശാ = കാമോന്മാദത്താലുണ്ടാകുന്ന ജ്വരത്താൽ തളൎന്നവളും, മദ്വിയോഗാഗ്നിദഗ്ദ്ധാം = എന്നോടുള്ള വിയോഗമാകുന്ന അഗ്നിയിൽ ദഹിച്ചവളും, മുററും മുഗ്ദ്ധാം = പൂൎണ്ണമായിത്തന്നെ മോഹാലസ്യത്തെ പ്രാപിച്ചവളും (നല്ല സ്വബോധമില്ലാതായവൾ എന്നു സാരം) കുളുർമുലയുഗത്തിൽ സ്വസ്തികാബദ്ധബാഹ്ലം = സ്വസ്തികമട്ടിൽ അങ്ങോട്ടും ഇങ്ങോട്ടും പിണച്ചു മടക്കിവെച്ചിരിക്കുന്ന ഭുജങ്ങളോടുകൂടിയവളും ആയ, കമ്രാപാംഗീ = കമനീയങ്ങളായ കടക്കണ്ണോടു കൂടിയവളെ (പ്രിയതമയെ)

1 കുളുർ മുലയുടേ
2 തന്വീമൌലിക്കഴകിയ

ഭവാൻ കാണ്മതിന്നു് ഒട്ടു മുമ്പിൽത്തന്നെ, തനപീമൌലിക്കു്, തദാനീം=അപ്പോൾ, ഇതവിയ = ശുഭങ്ങളായ നിമിത്തങ്ങൾ ഉണ്ടാകും.

73

എന്നോട്ടുണ്ടാംവിരഹപരുഷംദീനചില്ലീവിലാസം
നിദ്രാഭാവാൽകലുഷമവലീനാഞ്ജനംബാഷ്പപൂരൈഃ
മൽപ്രേയസ്യാവടിവിലിളകുംവാമനേത്രംതദാനീ
മപ്പോൾവിള്ളുംകമലമലരിൽച്ചെന്റകാറെറന്റപോലെ.

എന്നോട്ടുണ്ടായ വിരഹത്താൽ പരുഷവും (സ്നിഗ്ദ്ധത കുറഞ്ഞുപോയതു്), ദീനചില്ലീവിലാസം = വളരെ കുറഞ്ഞ ചില്ലികളുടെ വിലാസങ്ങാളാട്ടുക്രുടിയതും (പുരികങ്ങളുടെ വിലാസംമങ്ങിപ്പോയതും) നിദ്രാഭാവാൽ = ഉറക്കമില്ലാത്തതിനാൽ, കലുഷം = കലങ്ങിയതും, ബാഷ്പപൂരൈഃ = ബാഷ്പപ്രവാഹങ്ങളാൽ, അവലീനാഞ്ജനം = അഞ്ജനം മാഞ്ഞുപോയതും ആയിരിക്കുന്ന, മൽപ്രേയസ്യാ വാമനേത്രം=എന്റെ പ്രിയതമയുടെ ഇടത്തേക്കണ്ണു്, അപ്പോൾ വിള്ളും കമലമലരിൽ=അപ്പോൾ വിരിയുന്ന താമരപ്പൂവിൽ, കാറവചെന്ന എന്നപോലെ = കാറവ ചെന്നാലത്തെപ്പോലെ (കാറവ ചെന്നാൽ ആ കമലമലർ എന്നപോലെ എന്നർത്ഥം) തദാനീം = ആ സമയത്തു്, വടിവിൽ ഭംഗിയോടെ, ഇളകും = തുടിക്കും.

74

സംഭോഗാന്തേ സരസപുളകസ്വേദദികോലിൻറനീല-
സ്തംഭാഭോഗം മമകരതലംകൊണ്ടു സംവാഹനീയം
അംഭോജാക്ഷ്യാലളിതമിളകുംമന്ദമന്ദംതദാനീം
രംഭാരമ്യം തുടവടിവെഴും കാന്തിവാമം തദാനീം.

സംഭോഗാന്തേ = ക്രീഡാവസാനത്തിൽ, സരസപുളകസ്വേദി= സരസമായ (രസാവഹമായ) പുളകത്തോടും (രോമാഞ്ചം) സ്വേദ

ത്തോടുകൂടിയതും, തദാനീം = അപ്പോൾ (സംഭോഗാന്തത്തിൽ), മമ = എൻെറ കരതലംകൊണ്ട്, സംവാഹനീയം = തലോടേണ്ടതും, കോലിൻെറ നീലസ്തംഭാഭോഗം = നല്ലതായി നിർമ്മിച്ച ഇന്ദ്രനീല സ്തംഭത്തിൻെറ മഹിമയുള്ളതു (നീലസ്തംഭംപോലെയിരിക്കുന്നതു് എന്നൎത്ഥം. നായിക കറുത്തിട്ടാകയാൽ നീലസ്തംഭസാമ്യം), ലളിതം = മാർദ്ദവമുള്ളതും, രംഭാരമ്യം = രംഭപോലെ രമണീയവും വടിവൊത്ത കാന്തിയുള്ളതും ആയ, അംഭോജാക്ഷ്യാഃ വാമം തുട = അംഭോജാക്ഷിയുടെ ഇടത്തെത്തുട, തദാനീം = അപ്പോൾ, മന്ദമന്ദം = പതുക്കപ്പതുക്കെ, ഇളകും = തുടിക്കും.

75

അപ്പോൾനീചെൻറനുപമഗുണാമല്പസംബദ്ധമദ്ധ്യാം
തൃപ്പാപ്പൂർവാണ്ണവനിമദനാ തീവ്രശോകാഭിഷംഗാം
*കോപ്പാന്നീടുംകുചഭരനതാംചേൽപൊരുങ്കണ്ണിയേക്ക-
ണ്ടപ്പൂമാതോടഴകിലറിയിപ്പിപ്പതിവ്വണ്ണമെല്ലാം.

ഹേ തൃപ്പാപ്പൂർ വാണ്ണ = വാണ, അവനിമദനാ = ഭൂമിയിൽ കാമനായവനേ! അപ്പോൾ നീ ചെന്നു് അനുപമഗുണയും അൽപസംബദ്ധമദ്ധ്യയും (അൽപമായി മാത്രം സംബദ്ധമായ മദ്ധ്യദേശത്തോടുകൂടിയവൾ, കൃശോദരി) തീവ്രശോകാഭിഷംഗയും (കഠിനമായ ശോകപീഡയോടുകൂടിയവൾ) കോപ്പാന്നീടുന്ന (വലിപ്പമുള്ള) കുചഭരംകൊണ്ടു നതയും (നമ്രാംഗി) ആയ ചേൽപൊരും കണ്ണിയെ (ചേലു പൊരുന്ന ഭംഗി വളരുന്ന കണ്ണുള്ളവൾ) കണ്ടു്, ആ പ്പൂമാതോടു് = ഭഗവതിയോടു്, (ശ്രീതുല്യയോടെന്നൎത്ഥം) അഴകിൽ അറിയിപ്പതു് = അറിയിക്കുന്നതു (അറിയിപ്പാനുള്ളതു എന്നു ഭാവം), ഇവ്വണ്ണമെല്ലാമാണു് = താഴെ കാണിക്കും പ്രകാരമെന്നൎത്ഥം.

76

കല്യാണാനാംനിജനിലയമാമുണ്ണുനീലീ കണ്ടാനി-
ന്നല്ലാർപൂമനുലയിണപിരിഞ്ഞാതുരോജീവിതേശഃ

---

* ചോപ്പാന്നീടും—പാഠാന്തരം

ചൊല്ലീതെന്നോടരുവയർമണേ കാണനന്താപുരേനി-
ൻെറല്ലാവുംകൊണ്ടുദിതകരുണം വല്ലഭാം ജീവയേതി.

കല്യാണാനാം = മംഗളങ്ങൾക്കു്, നിജനിലയമാം = സ്വന്തം വാസസ്ഥാനമായ, ഉണ്ണുനീലീ! കണാ=നീ കണ്ടാലും (അറിഞ്ഞാലു മെന്നത്ഥം) നിൻെറ മല്ലാർപൂമന്മുലയിണ = തമ്മിൽ തിക്കുന്നവയും ഭംഗിയും ബലവുമുള്ളവയുമായ മുലയിണയെ (മല്ല് ആരുന്നതും പൂവോട്ടും മടല്ലാട്ടും കൂടിയതുമായ മുലയിണ എന്നു വിഗ്രഹം) പിരിഞ്ഞു് = പിരിഞ്ഞതു നിമിത്തം, ആതുരഃ = സന്തപ്തനായ, ജീവിതേശഃ = ജീവനാഥൻ, (നിൻെറ ഭത്താവു്) ഹേ അരുവയർമണേ= കൃശോദരി! രത്നമേ (അരു = ദുർല്ലഭം. അരുവയർ = ദുർല്ലഭമായ എന്നാൽ അതികൃശമായ വയറുള്ളവൾ, ഇങ്ങനെ വിഗ്രഹാത്ഥം) എന്നോടു് എല്ലാവുംകൊണ്ടു് = എല്ലാംകൊണ്ടും, ഉദിതകരുണം = വർദ്ധിച്ച കരുണയോടെ, വല്ലഭാം = വല്ലഭയെ, ജീവയ ഇതി=ജീവിപ്പിക്കേണ എന്നു്, അനന്തപുരേനിന്നു = അനന്തപുരത്തുനിന്നു് (അനന്താ എന്ന ദീർഘം സംഭാഷണഭാഷയനുസരിച്ചു പ്രയോഗിച്ചതാണു്) ചൊല്ലീതു് = ചൊല്ലി, കാൺ = അറിഞ്ഞാലും, കണാ കാൺ എന്നു രണ്ടു തവണ പ്രയോഗിച്ചിട്ടുണ്ടെങ്കിലും ആശ്വാസജനകമായ വാക്യമാകയാൽ പുനരുക്തി ദോഷമാകയില്ല; നേരേമറിച്ചു ഗുണമാകുംതാനും.

## 77

നാരീമൌലേ മമ മലർമകൾക്കിരിപ്പാന്തിരിപ്പാ-
പ്പൂരെൻെറില്ലംവെരളുമിളമാങ്കണ്ണി വേണാട്ടിലങ്ങു്
താരാനാഥപ്രതിമവദനേ പേരുമാതിച്ചവമ്മൻ
പാരേറിടും പുകളിരവിവമ്മനുരണ്ടാമവൻഞാൻ.

ഹേ, നാരീമൌലേ! വെരളുമിളമാൻകണ്ണി = വെരളുന്ന ഇളമാനിൻെറ കണ്ണുപോലെയുള്ള കണ്ണോടു കൂടിയവളേ! മമ ഇല്ലം = എൻെറ ഗൃഹം അങ്ങു് വേണാട്ടിൽ മലർമകൾക്കിരിപ്പും = ലക്ഷ്മീദേവിക്കിരിപ്പായ (ലക്ഷ്മീദേവിയുടെ ഇരിപ്പടമായ എന്നത്ഥം)

തിരുപ്പാപ്പൂർ = തൃപ്പാപ്പൂർ എന്നു് = എന്നതാണു്. ഹേ താരാനാഥ പ്രതിമവദനേ = ചന്ദ്രതുല്യമുഖി! പേരും ആദിത്യവമ്മൻ. (മമ എന്നതും എന്നു് എന്നതും അനുവർത്തിക്കണം. എന്റെ പേരും ആദിത്യവമ്മൻ എന്നാണു് എന്നർത്ഥം) ഞാൻ പാരേറീട്ടും പുകളിരവിവമ്മന്നു് = പാരിൽ ഏറുന്ന (മേന്മേൽ വർദ്ധിക്കുന്ന) പുകളോട്ടു് (കീർത്തി) കൂടിയ ഇരവിവമ്മന്നു് (രവിവമ്മ ചക്രവർത്തിക്കു്) രണ്ടാമവൻ = രണ്ടാമത്തവനാണു്. നേരേ അനുജനാണു് എന്നർത്ഥം.

## 78

ഇത്ഥംചൊൽവോരളവിലുദിതസ്മേരമദ്ധോക്തിമാത്രേ
മുഗ്ദ്ധാപാംഗീവിരവിലെഴുന്നീറോമൽകൈ മൈ മറന്നു്
സദ്യസ്സംഭാവയതി മധുരാലാപഗർഭൈർഭവന്തം
ലജ്ജാമോദപ്രണയബഹുമാനാകുലൈർദൃഷ്ടിപാതൈഃ

ഇത്ഥം=ഇപ്രകാരം, ഉദിതസ്മേരം = അൽപം പുഞ്ചിരിയോടെ ചൊല്ലുന്ന അവസരത്തിൽ, അദ്ധോക്തിമാത്രേ=പകുതി പറയുമ്പൊഴേയ്ക്കു തന്നെ, മുഗ്ദ്ധാംപാംഗി = സുന്ദരി, വിരവിൽ=വേഗത്തിൽ എഴുന്നേററു്, ഓമൽ = ആ പ്രിയതമ, കയ്മെയ് = കയ്യും മെയ്യും (എന്തു പ്രവൃത്തിക്കുന്നുവെന്നുള്ളതും തന്റെ ശരീരത്തെത്തന്നെയും എന്നു് അവയവാർത്ഥം, മറെറല്ലാ സംഗതികളും എന്നു സാരം) മറന്നു് മധുരാലാപഗർഭൈഃ=മധുരമായ ആലാപം (കുശലപ്രശ്നം മുതലായ ആ ഭാഷണം) ഉള്ളിൽ അടങ്ങിയവയും ലജ്ജ, മോദം, പ്രണയം, ബഹുമാനം ഇവയാൽ ആകുലങ്ങളും ആയ ദൃഷ്ടിപാതൈഃ = നോട്ടങ്ങൾകൊണ്ടു്, ഭവന്തം = ഭവാനെ, സദ്യഃ=പെട്ടെന്നു്, സംഭാവയതി=സംഭാവനം ചെയ്യും. (സൽകരിക്കുമെന്നർത്ഥം) ഭർത്താവിനേയും തന്നെയും സംബന്ധിച്ചു ശൃംഗാരവിഷയവൃത്താന്തമാകയാലും പറയുന്ന ആൾ മാന്യനായ പുരുഷനാകയാലും ലജ്ജ സന്താപനാശനമാകയാൽ മോദം, പറയുന്നാൾ ഭർത്താവിന്റെ മിത്രമാകയാൽ പ്രണയം, ഒരു രാജശ്രേഷ്ഠനായകയാൽ ബഹുമാനം. ഇങ്ങനെ ലജ്ജാദികൾക്കു കാരണം ഗ്രഹിച്ചുകൊൾക.

79

ശയ്യാപാന്തേ സലളിതമിരുന്നുണ്ണുനീലീമിരുത്തി-
ക്കമ്രാകാരേ നിജകരതലേ കാന്തതൻ കയ്യുമേന്തി
അത്യാമോദാൽപ്പുളക*മിളകിക്കൊങ്കമേൽപ്പൊങ്ങുമാറ-
ങ്ങസ്മദ്വാർത്താമവളൊടറിയിപ്പിക്ക നീ പിന്നെ മുന്നിൽ.

ശയ്യാപാന്തേ = ശയ്യയുടെ സമീപത്തിൽ, സലളിതം = ഭംഗി യോടെ (ഉന്മേഷം ഉണ്ടാകുന്ന വിധത്തിൽ എന്നു സാരം) ഇരുന്ന് = ഉണ്ണുനീലിയെയും ഇരുത്തി, കമ്രാകാരേ = കമനീയാകൃതിയായ, നിജ കരതലേ = സ്വന്തം കയ്ത്തലത്തിൽ കാന്തയുടെ കയ്യും ഏന്തി പിന്നെ, മുന്നിൽ = ഒന്നാമതായി, അത്യാമോദത്താൽ കൊങ്കമേൽ, പുളകം = രോമാഞ്ചം ഇളകിപ്പൊങ്ങുമാറ്, അസ്മദ്വാർത്താം = എന്റെ വൃത്താന്തത്തെ നീ അവളോട്ട് അറിയിപ്പിക്ക.

80

മുണ്ടക്കൽച്ചേന്നലഘുജഘനേ മൂൻറുനാളുണ്ടുചെമ്മേ
കണ്ടൂ കണ്ടിക്കുഴലികൾമണേ നിന്നുടെ വല്ലഭം ഞാൻ
സ്യാനന്ദൂരേ മുരരിപുപുരേ പോലുമാനന്ദഹീനം
ദീനം മീനധ്വജപരവശം പുക്കിരിക്കിൻറവാറ്.

ഹേ മുണ്ടയ്ക്കൽ ചേന്ന അലഘുജഘനേ = സുന്ദരീ! കണ്ടിക്കു ഴലികൾ മണേ = കരിഞ്ചണ്ടിപോലെയുള്ള മുടിയുള്ളവരിൽ രത്ന മായവളേ! ഞാൻ നിന്നുടെ വല്ലഭനെ സ്യാനന്ദൂരമായ (തിരുവനന്ത പുരമായ) മുരരിപുപുരേ = പത്മനാഭവാസസ്ഥലത്തുപോലും ആനന്ദ ഹീനനായും ദീനനായും മീനധ്വജ (കാമ) പരവശനായും പുക്ക് (പ്രവേശിച്ച്) ഇരിക്കുന്ന മാതിരിയിൽ, ചെമ്മേ = ശരിയായി (പ്രത്യേകമായിത്തന്നെ) കണ്ടൂ. മൂന്നു നാൾ = മൂന്നു നാൾ മുമ്പിൽ ഉണ്ട് കണ്ടൂ = കണ്ടൂ എന്നതു് ഉണ്ട് എന്നിങ്ങനെ യോജിപ്പിക്കുക.

---

* ......മിളമൽക്കൊങ്ക എന്നു പാഠാന്തരം

ഉണ്ട് എന്ന നിപാതം മററൊരു ക്രിയാപദത്തിന്റെ മുമ്പിൽ പ്രയോഗിച്ചാൽ ആ ക്രിയാപദത്തിന് ആ ശബ്ദത്താൽ പ്രതിപാദിക്കുന്ന സംഗതി എന്നുവരെ അർത്ഥം ഭാഷാശാസ്ത്രസിദ്ധമാണ്. "നിങ്ങളുമുണ്ടോ കണ്ടു" എന്നീവക പ്രയോഗങ്ങളും നോക്കുക.

81

കല്ലോലിന്യാംപുലരിമലരുംതാമരപ്പൂവിൽമേവി-
ത്തല്ലിത്തെല്ലങ്ങളിപടലികാപക്ഷമന്ദാനിലേന
മെല്ലെക്കൈക്കൊണ്ടിളയബകുളാമോദമാബദ്ധഖേദം
മല്ല[1]ത്തേർമേൽച്ചെറിയതുവരക്കണ്ടുമോഹംഗതോസൌ.

കല്ലോലിന്യാം = പൊയ്കയിൽ, പുലരി = പുലർച്ചെ, മലരും = വിരിയുന്ന താമരപ്പൂവിൽ മേവിയും, അളിപടലികാപക്ഷമന്ദാനിലേന = വണ്ടിൻകൂട്ടത്തിന്റെ ചിറകുകളിൽ നിന്നുണ്ടാകുന്ന മന്ദവായുവിനോട്, തെല്ലങ്ങു തല്ലിയും (കൂടിക്കലർന്ന എന്നു സാരം) ഇനിയ = പ്രശസ്തമായ, ബകുളാമോദം = ഇലഞ്ഞിപ്പൂമണം മെല്ലെ കയ്ക്കൊണ്ടും, ആബദ്ധഖേദം = തളർച്ചയോടുകൂടിയ മട്ടിൽ, മല്ലത്തേർമേൽച്ചെറിയതു് = കാമന്റെ തേരിൽവെച്ചു ചെറിയതു്. (ഇളങ്കാററു് എന്നർത്ഥം. കാമന്റെ തേർ മലയാനിലനാണെന്നു പ്രസിദ്ധം) വരക്കണ്ടു = വരുന്നതായിക്കണ്ടിട്ടു് (ഏററിട്ടു എന്നു സാരം), അസൌ = ഇവൻ (മുൻപറഞ്ഞ നിന്റെ പ്രിയതമൻ) മോഹം = മോഹാലസ്യത്തെ, ഗതഃ = പ്രാപ്തനായിപ്പോയിരുന്നു.

82

ഞാൻചൊല്ലിന്റോര[2]ളവിലുടനേദൈവയോഗാലുണർന്നാ
നെന്നേക്കണ്ടിട്ടുദിതകരുണംമെല്ലെഴുന്നീററിരുന്നാൻ
നിരുന്നക്കാണാഞ്ഞുടനുടനെഴുംമാരതാപങ്ങളുംചൊന്നാ-
നസ്മൽകാന്തയ്ക്കിതിനെയറിയിക്കേന്റമെന്നോടിരന്നാൻ.

---

1 മല്ലത്തെൻറൽ എന്നു പാഠാന്തരം
2 ……രളവിലളവേ-എന്നു പാഠഭേദം

ഞാൻ ചെല്ലുന്ന അവസരത്തിൽ ദൈവയോഗം നിമിത്തം ഉടനെ ഉണന്നു. (അസൌ എന്ന കർത്തൃവാചകപദത്തെ മുൻ ശ്ലോകത്തിൽനിന്ന് അനുവർത്തിക്കുക), ഉദിതകരുണം = വർദ്ധിച്ച കരുണയോടുകൂടിയ എന്നെക്കണ്ടിട്ട മെല്ലെ എഴുന്നേററിരുന്നു. നിന്നെക്കാണാഞ്ഞിട്ട ഉടനുടൻ, എഴം = വദ്ധിക്കുന്ന മാരതാപങ്ങൾ ചൊല്ലി, ഇതിനെ = താഴെ പറയുന്ന സംഗതിയെ, അസ്മൽകാന്തയ്ക്കു = എൻെറ പ്രിയതമയ്ക്കു, അറിയിക്ക എന്നും എന്നോട്ട് ഇരന്നാൻ = അപേക്ഷിച്ചു. എന്നും എന്നതിലെ ഉം വാക്യാലങ്കാരം.

83

ആത്തത്രാണാൽപരമൊരുതുരം പണ്ടുമസ്മൽകുലത്തി–
ന്നോത്താലില്ലെൻറലഘുജഘനേ തേറിവൈകാതവാറ്
വാത്താമാത്രം തവ സുവദനേ ചൊല്ലുവാനാഗതോ ഞാൻ
ചീത്തോരാപൽപ്രണയസുഭഗം ചാത്തുമുണ്ടെങ്ങൾ *വാ
[യിൽ

ഹേ അലഘുജഘനേ = വലിയ ജഘനപ്രദേശമുള്ളവളേ! (സുന്ദരീ!) ആത്തത്രാണാൽ = ആത്തന്മാരുടെ രക്ഷയേക്കാൾ, പരം = വലുതായ, ഒരുതുരം = പ്രവൃത്തി (ധമ്മം) പണ്ടും അസ്മൽകുലത്തിന് = ഞങ്ങളുടെ വംശത്തിന്, ഓത്താൽ = വിചാരിച്ചുനോക്കിയാൽ ഇല്ല എന്ന്, തേറി = കരുതി, വൈകാതവാറ് = വൈകാത്തമട്ടിൽ (വേഗത്തിൽ), ഹേ സുവദനേ = സുമുഖീ! വാത്താമാത്രം = വൃത്താന്തംമാത്രം (ഭത്താവിൻെറ വത്തമാനം മാത്രം) തവ = നിനക്ക്, ചൊല്ലുവാൻ = പറഞ്ഞറിയിക്കാനായി, ആഗതഃ വന്നവനാണ് ഞാൻ, ചീത്തോരാപൽപ്രണയസുഭഗം = വദ്ധിച്ച ആപൽകാലത്തുള്ള പ്രണയം കൊണ്ട് സുഭഗമായ (പ്രത്യേകം മനോഹരമായ ആപൽക്കാലത്തെ പ്രണയം ശക്തി കൂട്ടുന്നതും കൃത്രിമതാസ്പർശംപോലുമില്ലാത്തതുമാകയാൽ അധിക മനോഹരം), ചാത്തും = സന്ദേശവാക്യവും, എങ്ങൾ വായിൽ = എൻെറ മുഖത്തിൽ ഉണ്ട്. എൻെറ മുഖംവഴിക്കു നീ കേൾക്കേണ്ടതായിട്ടുണ്ട് എന്നു താൽപര്യം.

* കൈയിൽ–എന്നു പാഠാന്തരം

84

അങ്കംവേറിട്ടമലഗഗനേ രോഹിണീപൌൎണ്ണമാസ്യാം
തിങ്കൾക്കൊക്കും വദനകമലംതന്നെയങ്ങുന്നമയ്യ
എങ്കിൽകേട്ടാലമയുമിളമാൻകണ്ണി നീയുണ്ണുനീലി
നിങ്കൽച്ചാലച്ചകിതമതിലേ വാചകംമേചകാംഗി.

അമലഗഗനേ = നിൎമ്മലമായ (മേഘങ്ങളില്ലാത്ത) ആകാശത്തിൽ, അങ്കം വേറിട്ട് = കളങ്കംകൂടാത്ത വിധമായി, രോഹിണീപൌൎണ്ണമാസ്യാം = രോഹിണീനക്ഷത്രത്തോടു ചേൎന്ന പൌൎണ്ണമാസിയിലുള്ള (ശരൽക്കാലത്താണ രോഹിണിയോടു പൌൎണ്ണമാസി ചേൎന്നു വരുന്നതു്. അതിനാൽ ശരൽക്കാലത്തുള്ള എന്നൎത്ഥം). തിങ്കൾക്ക് ഒക്കും = തുല്യമായ, വദനകമലംതന്നെ, മുഖപത്മത്തെ, = ഉന്നമയ്യ = ഉയൎത്തീട്ടു (മുഖം കുമ്പിടാതെ നേരെനിൎത്തി ഇരുന്നിട്ട് എന്നൎത്ഥം. അങ്ങ് എന്നതു വാക്യാലങ്കാരം) ഹേ ഇളമാൻ കണ്ണി! ഉണ്ണുനീലി നീ എങ്കിൽ = എന്നാൽ, *കേട്ടാലമയും = കേൾക്കുന്ന നിലയായാലും (കേട്ടാലമ എന്നതു പ്രാൎത്ഥനാൎത്ഥകമായ ആൽ പ്രത്യയത്തിന്നു ശേഷം അ എന്ന വിശേഷണകൃൽപ്രത്യയവും ഭാവതദ്ധിതമായ "മ" എന്നതും ചേൎന്നുണ്ടായ രൂപമാണ്. "നീ കേട്ടാലമയെന്നു നീലനയനേ ഞാനിന്നു കേഴുന്നതു്" "തോററം ചെയ്താലമയുമവിടെത്തേവർ മുൽപുക്കതാനും" എന്നീവക പ്രയോഗങ്ങളിലെപ്പോലെയാണ പ്രകൃതത്തിലെ കേട്ടാലമ എന്നു ചുരുക്കം) ഹേ മേചകാംഗി! = ശ്യാമളാംഗീ! (നീലവൎണ്ണേ)! അതിലെ വാചകം, നിങ്കൽ = നിന്നിൽ ചാല = നല്ലവണ്ണം, ചകിതം = കമ്പനമുണ്ടാക്കുന്നതാണ്. വേപഥു എന്നു പറയുന്ന സാത്വികഭാവത്തെ ഉണ്ടാക്കുന്നതാണ് എന്നൎത്ഥം, അതു കേൾക്കുമ്പോൾ വിറയൽ, രോമാഞ്ചം മുതലായതുണ്ടാകുമെന്നു സാരം.

---

* കേട്ടാലമയും—കേൾക്കുന്ന പക്ഷം നിനക്കു സമാധാനമുണ്ടാകും. തമിഴിൽ അമൈതി എന്ന വാക്കു സുപ്രസിദ്ധമാണ—അമൈതൽ—എന്നു ധാതു.

85

കററക്കാർമൽകുഴലി സുരതവ്യാകുലൌ കാററുമേററ-
മ്മൂററത്താമ്മാറുപചിതരസം നാമുറങ്ങിൻറനേരം
മൂററിൻേറാമന്മുലയിണപിരിഞ്ഞങ്ങൊരാകാശമാൎഗ്ഗേ
മൂററം ഞാനേ നിശി പരവശസ്സംഭ്രമത്തോടുണന്നേൻ.

ഹേ കററക്കാർ മൽകുഴലി = കറുത്ത കാറിനോടു മല്ലുള്ള തല മുടിയോടുകൂടിയവളേ! (സുന്ദരി) നാം = നമ്മൾ രണ്ടുപേരും, നിശി = രാത്രിയിൽ, സുരതവ്യാകുലൌ = ക്രീഡയാൽ തളൎന്നവരായിട്ട്, മൂററത്തു കാററം, ഏററ് = ഏററംകൊണ്ട് ആമ്മാറുചിതരസം = ആകുന്ന മട്ടിൽ വൎദ്ധിച്ച സുഖത്തോടെ (എത്രത്തോളം രസമാകുമോ അത്രയും രസത്തോടെ എന്നൎത്ഥം) ഉറങ്ങുന്ന സമയം, മൂററിൻേറ = പൂൎണ്ണ മായ (തിങ്ങിനില്ക്കുന്ന), ഓമന്മുലയിണ = പ്രിയതരമായ മുലയിണയെ പിരിഞ്ഞ് = പിരിഞ്ഞിട്ട്, അങ്ങൊരാകാശമാൎഗ്ഗേ = വളരെ ദൂരത്ത് ആകാശമാൎഗ്ഗത്തിൽ, ഞാനേ = ഞാൻ മാത്രമായി (നിന്നെക്കൂടാതെ എന്നു ഭാവം,) മൂററം = ഏററവും, പരവശഃ = പരവശനായിട്ട് സംഭ്രമത്തോടുകൂടി ഉണൎന്നേൻ.

86

കണ്ടേനെന്നെത്തദനുമദനവ്യാകുലാ കാപി പാപാ
മണ്ടിക്കൊണ്ടങ്ങിനിയഗഗനേ കൊണ്ടുപോകിൻറവാറ്
പേടിച്ചപ്പോൾ നരഹരിപദം ചിന്തയന്തം നിതാന്തം
ഭീതാ യാതാ കമപി തരസാ മാഞ്ച വിക്ഷിപ്യ ഭ്രൂമൌ.

തദനു = ഉണൎന്ന ഉടനെ, മദനവ്യാകുലാ കാപി പാപാ = കാമവ്യാകുലയായ ഒരു ദുഷ്ട, എന്നെ ഇനിയ ഗഗനെ = വലിയ (അവസാനമില്ലാത്ത) ആകാശത്തിൽ, മണ്ടിക്കൊണ്ട് = അതിവേഗ ത്തോടെ കൊണ്ടുപോകുന്ന മട്ടുകണ്ടേൻ, അപ്പോൾ പേടിച്ച്, നര ഹരിപദം = നരസ്സിംഹമൂൎത്തിയെസ്സംബന്ധിച്ച പദത്തെ (മന്ത്രത്തെ)

അല്ലെങ്കിൽ നരസിംഹമൂർത്തിയുടെ തൃപ്പാദത്തെ, നിതാന്തം = നല്ല വണ്ണം, ചിന്തയന്തം മാം ച = ചിന്തിക്കുന്നവനായ എന്നെയാകട്ടെ, ഭൂമൌ വിക്ഷിപ്യ = ഭൂമിയിൽ തള്ളീട്ട് (ഭൂമിയിലേയ്ക്കിട്ടിട്ട്) ഭീതാ = ഭീതയായി (ഭയപ്പെട്ടുംകൊണ്ട്) കമപി = ഏതോ പ്രദേശത്തെക്കുറിച്ച് (പ്രദേശം എന്നു ചേർക്കുക), യാതാ = യാതയായി (പോയി) അവൾ എന്നും ചേർക്കണം.

87

മെല്ലെച്ചെന്നങ്ങഹമഹിവരേ പള്ളികൊള്ളും മുരാരേ-
1രില്ലത്താമ്മാറഥ നിപതിതോ ഹന്ത ദൈവാനുഗ്രഹ്യാൽ
എല്ലിൻ്റുന്നും 2പെരികൊരൊഴിവുണ്ടായതില്ലെങ്കിലും മേ
മെല്ലെപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞേ.

അഥ = പിന്നെ, അഹം = ഞാൻ, ദൈവാനുഗ്രഹ്യാൽ = ദൈവാനുകൂല്യത്താൽ, മെല്ലെച്ചെന്ന് അങ്ങ്, അഹിവരെ = സർപ്പരാജൻമേൽ (അനന്തന്മേൽ) പള്ളികൊള്ളുന്ന, മുരാരേഃ = വിഷ്ണുവിൻെറ (പത്മനാഭൻെറ) ഇല്ലത്ത് = പുരത്തിൽ (തിരുവനന്തപുരമെന്നർത്ഥം) ആമ്മാറ് = ആകുന്നവിധത്തിൽ (ആയിത്തീരുന്ന വിധത്തിൽ എന്നു സാരം) നിപതിതഃ = നിപതിതനായി (വീണു), മേ = എനിക്ക്, എല്ലിനു, പെരിക = വലുതായി, ഒരൊഴിവ് = ഒരു നാശം (കേട്), ഏതും ഉണ്ടായതില്ല എങ്കിലും, ഹേ അധീരാക്ഷി = ചഞ്ചലാക്ഷി! പക്ഷം = ഒരു പക്ഷത്തോളം (പതിനഞ്ചു ദിവസത്തോളം) കഴിഞ്ഞേ, പുനഃ = പിന്നെ; മെല്ലെപ്പോരാവിതു = പോരാൻ സാധിക്കു. അത്രത്തോളം ശരീരത്തിന് അസ്വാസ്ഥ്യത പററിപ്പോയിട്ടുണ്ട് എന്നു ഭാവം.

88

മാരച്ചൂടാലെരിവനുടനേ കണ്ണുനീരാൽക്കുളിപ്പൻ
താപോദ്രേകാൽപ്പുകഴ്‌വനഴൽവൻ ചന്ദ്രികാചന്ദനേന

1 ഇല്ലത്താമാറ്.
2 പെരികൊടിവ്.

ഭൃംഗശ്രേണീപരഭൃതകുലാ ക്രുവിനാൽ നോവനുള്ളിൽ—
ത്തെന്റൽക്കാറ്റേറവരുകുവനഹാ നിൻവിയോഗാദിദാനീം!

ഇദാനീം = ഇപ്പോഴാകട്ടെ, നിൻവിയോഗാൽ = നിൻെറ വിയോഗം നിമിത്തം, മാരച്ചൂടാൽ = കാമസന്താപത്താൽ, എരിവൻ = ഞാൻ ദഹിച്ചുപോകുന്നു. ഉടനെ കണ്ണുനീർകൊണ്ടു കുളിക്കുന്നു. താപാദ്രേകാൽ = താപാധിക്യത്താൽ, പുകഴ്‌വൻ = പുകയുന്നു (പുട്ടുപുകയുന്നു എന്നർത്ഥം) ചന്ദ്രികാ ചന്ദനേന=ചന്ദ്രികയാകുന്ന ചന്ദനത്താൽ (ചന്ദനം പോലെ ശീതളമായ ചന്ദ്രിക തട്ടുമ്പോഴും എന്നർത്ഥം), അഴൽവൻ=വിലപിക്കുന്നു (കരച്ചിൽവരുന്നു) ഭൃംഗശ്രേണീപരഭൃതകുലം = വണ്ടിൻനിരയും കുയിൽക്കൂട്ടവും ക്രുവിനാൽ ഉള്ളിൽ നോവുന്നു, തെൻറൽക്കാററ്=മന്ദമാരുതനെ ഏററ് ഉരുകിപ്പോകുന്നു.

89

വാണീവീണാമധുരനിനദേ ചില്ലിവല്ലീവിലാസം
വീചീഭംഗേകുളുർമതിയിൽനിന്നാനനാംഭോജശോഭാ
നീലാപാംഗം ചലകുവലയേ തന്വി നിൻമംഗലാംഗം
ക്രുടിക്കാണ്മാൻകുഹചന ന മേപുണ്യമെന്നുണ്ണുനീലി.

വാണീം = വാക്കിനെ, വീണാമധുരനിനദേ=വീണയുടെ മധുരശബ്ദത്തിലും, ചില്ലിവല്ലീവിലാസം = പുരികക്കൊടികളുടെ വിലാസത്തെ, വീചീഭംഗേ = തിരയടിക്കുന്നതിലും, നിന്നാനനാംഭോജശോഭാം = നിൻെറ മുഖപത്മത്തിൻെറ ശോഭയെ, കുളിർമതിയിൽ= പൂർണ്ണചന്ദ്രനിലും, നീലാപാംഗം = നീലവർണ്ണമായ കടാക്ഷത്തെ, ചലകുവലയേ ചഞ്ചലമായ=കരിംക്രുവളപ്പൂവിലും മാത്രം കാണുന്നു. (കാണുന്നു എന്നു ചേർക്കണം) ഹേ തന്വി=സുന്ദരി! എന്നുണ്ണുനീലി! നിൻെറ മംഗലാംഗം, കുഹചന = ഒരേടത്ത്, ക്രുടിക്കാണ്മാൻ = ചേർന്നുകാണ്മാൻ (ഒരുമിച്ചുകാണ്മാൻ എന്നർത്ഥം), മേ പുണ്യം ന = എനിക്കു പുണ്യമില്ലാതായിത്തീർന്നിരിക്കുന്നു. ഓരോ അംഗം മേൽപ്രകാരം ഓരോന്നിൽ കാണുന്നതല്ലാതെ ഒരേടത്തും എല്ലാംക്രുടി

കാണ്മാൻ കഴിയുന്നില്ല എന്നൎത്ഥം. വീണാനാദം മുതലായതോരോന്നും നിന്റെ വാക്ക് മാധുൎയ്യം തുടങ്ങിയ അംഗവിശേഷങ്ങളെ പ്രത്യേകം സ്മരിപ്പിച്ചുംകൊണ്ടു നിന്നെക്കാണാഞ്ഞിട്ടുള്ള സന്താപത്തെ വല്ലാതെ വൎദ്ധിപ്പിക്കുന്നു എന്നു സാരം.

90

ക്രുടക്കൂടെച്ചപലശിഥിലാതൂലികാ കൈ വിയൎത്തി-
ട്ടോരോ രേഖാംപ്രതി പരവശം കണ്ണുമക്കണ്ണുനീരാൽ
നിന്മെയ് ചെമ്മേ മുഴുവനറിയും ചിത്തവും മാരതപ്തം
ചിത്രേ കാണ്മാനപി ച ഭവതീമല്പപുണ്യോ ജനോയം.

തൂലികാ = ചിത്രം എഴുതുവാനുള്ള തൂവൽ, കൈവിയൎത്തിട്ട = കയ്യു വിയൎക്കുന്നതുനിമിത്തം (സ്വേദരൂപമായ സാത്വികഭാവത്താൽ എന്നു ഭാവം) ഓരോ രേഖാംപ്രതി=ഓരോ രേഖയെസ്സംബന്ധിച്ചും, (ഓരോ അംഗങ്ങളെക്കുറിപ്പാനുള്ള ഓരോ രേഖ വരയ്ക്കുമ്പോഴും എന്നൎത്ഥം), ക്രുടക്കൂടെ = ഇടയ്ക്കിടയ്ക്ക്, ചപലശിഥിലാ = വിറയ്ക്കുന്നതും തെററിപ്പോകുന്നതുമായിത്തീരുന്നു (വിറച്ചുംകൊണ്ടു വേണ്ട സ്ഥലത്തുനിന്നു തെററിപ്പോകുന്നു എന്നു താൽപൎയ്യം) കണ്ണും കണ്ണുനീരാൽ പരവശമാകുന്നു (കാണ്മാൻ കഴിയാത്തതാകുന്നു എന്നൎത്ഥം) നിന്റെമെയ്, ചെമ്മെ=നല്ലവണ്ണം, മുഴുവൻ അറിയുന്ന ചിത്തവും മാരതപ്തമാകുന്നു (കാമസന്തപ്തമാകയാൽ അവധാനശക്തിയില്ലാത്തതായിത്തീരുന്നു എന്നു താൽപൎയ്യം) അതിനാൽ എന്നു ചേൎക്കുക. അതിനാൽ ഭവതിയെ ചിത്രത്തിൽ കാണ്മാനപി ച = കാണ്മാൻ പോലും, അയം ജനഃ = ഈ ജനം (ഈയുള്ളവൻ ഞാൻ) അല്പപുണ്യഃ = പുണ്യം കുറഞ്ഞവനായിത്തീൎന്നിരിക്കുന്നു.

91

സങ്കല്പാലിംഗനമയമഹാനന്ദമെയ്തീടുവാനോ
വല്ലാ ചിത്തം മധുരവചനേ ഹന്തസന്താപഖിന്നം

കോലച്ചെവ്വാസ്സലർ കൊതികെടക്കൊണ്ടു കൊൾവാൻ
[കിടപ്പാൻ
വാരാ നിദ്രാ വരഗുണനിധേ പിന്നെയെല്ലോ കിനാവോ?

ഹേ മധുരവചനേ = മധുരഭാഷിണി! സങ്കൽപാലിംഗനമയ മഹാനന്ദസൌഖ്യം = സങ്കൽപംവഴിക്കുള്ള ആലിംഗനസ്വരൂപമായ പരമാനന്ദസുഖത്തെ (ആലിംഗനത്തെ സങ്കൽപത്താൽ കൽപിച്ച് ഉണ്ടാകുന്ന സുഖത്തെ എന്നു സാരം). എയ്തീട്ടുവാനോ = ലഭിപ്പാനാകട്ടെ, സന്താപഖിന്നം = സന്താപത്തിൽ തളൎന്നതായ, ചിത്തം, വല്ലാ = ശക്തമാകുന്നില്ല, ഹന്ത = കഷ്ടം, ഹേ വരഗുണനിധേ = ഉത്തമഗുണങ്ങൾ തികഞ്ഞവളേ! കോലച്ചെവ്വായ്യലർ = ഭംഗിയുള്ള ചൊവന്ന വായ്മലർ (അധരം); കൊതികെട = ആഗ്രഹം തീരത്തക്കവണ്ണം (ഉൽകണ്ഠ തീരുന്നതുവരെ), കൊണ്ടുകൊൾവാൻ = ആസ്വദിച്ചുകൊള്ളുവാൻ, കിടപ്പാൻ=ലഭിക്കുന്നതിന് (സ്വപ്നത്തിൽ ആസ്വദിപ്പാൻ ലഭിക്കുന്നതിനാകട്ടെ എന്നൎത്ഥം), നിദ്രാ വാരാ = നിദ്രതന്നെ വരില്ല. കിനാവോ പിന്നെയല്ലോ = സ്വപ്നമോ നിദ്രവന്നിട്ടുണ്ടാകുന്നതാണല്ലൊ. ഉറക്കംതന്നെ വരില്ല. കിനാവുണ്ടാകില്ലെന്നു പിന്നെപ്പറയേണ്ടതില്ലല്ലൊ എന്നർത്ഥം.

92

വായ്യേറീട്ടും വടമതിരയിൽചേൎന്നചേമന്തികാനാം
തോപ്പൂടേ പോന്നിതമൊട്ടുവരും മാരുതപ്പെതൽതന്നെ
1തോൾപ്പോടായ് ഞാൻതവ തടമുലത്തൊത്തിൽ2ലെ–
[ത്തീട്ടുമാമെ–
ൻെറയ്യാങ്കോലും തൊഴുതെതിരവെപ്പോന്നുപോരും
[പ്രേമോഹഃ

1 തോൾപ്പാട്ട് = ഉതവി, സഹായം–കോൾപ്പാടായി എന്നു പാഠാന്തരം. തോപ്പാടായ് എന്നു മറെറാരു പാഠം

2 എത്തീടലാമെൻറ–എന്നു പാഠഭേദം

വാഃജ്ജൃീട്ടും = വലുപ്പമേറുന്ന, വടമതിരയിൽ ചേർന്ന്=പ്രവേശിച്ച്, ചേമന്തികാനാം = ചേമന്തികളുടെ (ചെമ്പരത്തി അല്ലെങ്കിൽ ചേമന്തി), തോപ്പൂടേ = തോട്ടത്തിൽക്കൂടേ, പോന്നു് ഇതമൊട്ട് = പ്രിയതമയോടേ വരുന്ന, മാരുതപ്പൈതൽതന്നെ = മന്ദമാരുതനെ, തവ = നിന്റെ, തടമുലത്തൊത്തിൽ = ഉയർന്ന മുലത്തൊത്തിൽ (പൂങ്കുലപോലെയുള്ള മുലകളിൽ) എത്തീട്ടുമാമെന്നു് = തട്ടീട്ടുള്ളതായിരിക്കുമെന്നു കരുതി ഞാൻ, തൊഴുതു് = തൊഴുതുകൊണ്ടു് ഏൽപാൻ കോലും = തുടങ്ങും, എതിരവെ = എതിരേല്ക്കുമ്പോൾ, നേരെ ചെല്ലുമ്പോൾ എന്നർത്ഥം. ആ കാററിനു (നേരെ നില്ക്കുമ്പോഴേയ്ക്കുതന്നെ എന്നു സാരം) പ്രമോഹഃ=വലിയ മോഹാലസ്യം, പോന്നുപോരും = വന്നുചേരും.

## 93

കുന്റൊന്റും[1] നിൻകുളുർമുലയിണത്തൊത്തു വേറിട്ടനാൾ
ട്ടെന്റ്ല്ലൊന്റിങ്കലുമിതമെനിക്കില്ല കല്യാണശീലേ [തൊ-
എൻറാലും തേ വിരവിലൊരുനാൾ തൊണ്ടിവാ കൊണ്ടു
[കൊള്ളാ-
മെൻറുള്ളാശാരസനിഗളിതഃ പ്രാണശേഷം വഹാമി.

എൻറല്ല = എന്നുതന്നെയല്ല, ഹേ കല്യാണശീലേ = ശുഭശീലേ! കുന്റൊന്റും=കുന്നിനോട്, ഒന്നുന്ന (ഒരുമിക്കുന്ന, ഒക്കുന്ന എന്നർത്ഥം) നിൻ കുളുർമുലയിണത്തൊത്തു് = നിന്റെ പൂങ്കുലകൾ പോലെയുള്ള രണ്ടു കുളുർമുലകളെ, വേറിട്ട നാൾതൊട്ട് ഒന്നിങ്കലും എനിക്ക്, ഇതമില്ല = പ്രിയമില്ലാതായിത്തീർന്നിരിക്കുന്നു. എന്നാലും ഒരുനാൾ = ഒരുകാലത്ത്, തേ തൊണ്ടിവാ = നിന്റെ തൊണ്ടിപ്പഴംപോലെയുള്ള അധരം, വിരവിൽ=താൽപര്യത്തോടെ, കൊണ്ടുകൊള്ളാം = ആസ്വദിച്ചുകൊൾവാൻ തരംവരും, എന്നുള്ള ആശാ

1 കുന്റോടൊക്കും കുളുർമുല എന്നു പാഠാന്തരം

രസനിഗളിതഃ = ആശാരസത്താൽ (ആഗ്രഹത്താലുള്ള സുഖം. ആഗ്രഹിക്കുന്നതുകൊണ്ടുതന്നെ ഏതാണ്ടൊരു സുഖം ഉണ്ടാകുന്നുണ്ട്. അതിനാൽ എന്നു ഭാവം) നിഗളിതനായിട്ടു (ബന്ധിക്കപ്പെട്ടവനായിട്ട് ആ ആശാരസം പ്രാണനെത്തടുത്തുനിർത്തുന്നതിനാൽ എന്നു താൽപര്യം) പ്രാണശേഷം = ജീവശേഷത്തെ (മുമ്പു കാണിച്ച ഉപദ്രവങ്ങളാൽ പോയതു കഴിച്ചു ശിഷ്ടമുള്ള ജീവനെ എന്നർത്ഥം) വഹാമി = ഞാൻ വഹിക്കുന്നു.

94

കണ്ടോമെല്ലോ തളിയി1ലിരുവംകൂത്തു നാമന്റൊരിക്കാൽ
2തൈവംകെട്ടാളൊരുതപതിയാർ നങ്ങയാരെന്നെ [നോക്കി
അന്യാസംഗാൽകിമപി കലുഷാ പ്രാകൃതം3കൊണ്ടവാ [ദീൽ
പിന്നെക്കണ്ടീലണയവിവശം വീർത്തുമങ്ങിൻറനിന്നെ.

ഇതു മുതൽ മൂന്നു പദ്യങ്ങളാൽ അടയാളവാക്യങ്ങൾ പറയുന്നു, നാം = നമ്മൾ രണ്ടുപേരുംകൂടി, അന്ന് = പണ്ട്, ഒരിക്കാൽ = ഒരിക്കൽ, തളിയിൽ = തളിയിൽക്ഷേത്രത്തിൽ വെച്ച് (ഉത്തരസന്ദേശം 31-ാം ശ്ലോകം നോക്കുക) ഇരുവംകൂത്ത് = കൂടിയാട്ടം ഒന്നിലധികം നടന്മാർ ചേർന്നിട്ടുള്ള കൂത്ത് എന്ന് അവയവാർത്ഥം. ശബ്ദം കൂടിയാട്ടത്തിൽ രൂഢം) കണ്ടോമെല്ലോ = കണ്ടുവല്ലോ. അന്ന് എന്നു ചേക്കണം. അന്നു തൈവം കെട്ടാളൊരു തപതിയാർ = ഭാഗ്യംകെട്ട ആളായിരിക്കുന്ന തപതിയായ (താൻ ഭാഗ്യംകെട്ടവളെന്നു കരുതിക്കൊണ്ടിരിക്കുന്ന നിലയിലുള്ള തപതിയുടെ വേഷംധരിച്ചവളായ എന്നർത്ഥം. "തപതീസംവരണം" എന്ന നാടകത്തിലെ മൂന്നാം അങ്കമാണ് അന്നത്തെ കൂടിയാട്ടത്തിൽ അഭിനയിച്ചിരുന്നതെന്നു

---

1 ......ലിരുവോം എന്നു പാഠാന്തരം
2 തൈവം കൊട്ടാൾ എന്ന പാഠം സാധുവില്ല
3 കൊണ്ടുപാടീ-പാഠാന്തരം

ഇതിനാൽ സിദ്ധിക്കുന്നു.) നങ്ങയാർ (കൂടിയാട്ടത്തിൽ സ്ത്രീവേഷം കെട്ടുന്നതു നമ്പിയാന്മാരുടെ വർഗ്ഗത്തിലെ സ്ത്രീയായ നങ്ങയാരാണെന്നു താൽപര്യം) എന്നോടനാക്കി = നോക്കിക്കൊണ്ട്, അന്യാസംഗാൽ = അന്യനിലുള്ള ആസക്തിനിമിത്തം, കലുഷാ = വ്യാകുലയായിട്ട്, പ്രാകൃതംകൊണ്ട് = പ്രാകൃതഭാഷയിൽ, കിമപി = ചിലതു്, അവാദീൽ = പറഞ്ഞു. (തപതിയുടെ വേഷംധരിച്ച നങ്ങയാർ, സംവരണനന്തരനിലുണ്ടായ അനുരാഗത്താൽ പറഞ്ഞ വാക്കിനെ അന്യസ്ത്രീയെ ഉദ്ദേശിച്ചായിരിക്കുമെന്നു തെററിദ്ധരിച്ച തപതിയുടെ നിലയിൽ പറയേണ്ട "മമ്മഹ അഹോദെ അവിവേ ഓ" ഇത്യാദി പ്രാകൃതവാക്യത്തെ രംഗത്തിൽവെച്ച പറഞ്ഞതു യദൃച്ഛയാ എന്നെ നോക്കിക്കൊണ്ടായിരുന്നു എന്നു സാരം) വിവശം = പരവശതയോടെ, വീൎത്തു = ദീർഘശ്വാസം വിട്ടുംകൊണ്ട്, മങ്ങുന്ന = വ്യസനിക്കുന്ന, നിന്നെ പിന്നെ അന്തികേ=എൻെറ അരികിൽ, കണ്ടീല= കണ്ടില്ല. ആ നങ്ങയാർ വാസ്തവത്തിൽ നിന്നോടുകൂടിയിരിക്കുന്ന എന്നെ ഉദ്ദേശിച്ചു പറയുന്നതാണെന്നു ഭ്രമിച്ചു നീ പിണങ്ങി എൻെറ അരികത്തു നിന്നു മാറിയിരുന്നു നെടുവീർപ്പിട്ടുംകൊണ്ടു സങ്കടപ്പെട്ടു പോയി എന്നു സാരം. മററാരും അറിഞ്ഞിട്ടില്ലാത്ത ആ സംഗതി ഓക്കുന്നുണ്ടോ എന്നു് അടയാളവാക്യം.

95

പന്തൽത്തെന്നന്തണലിലൊരുനാൾകാററുമേററങ്ങു [1തോന്മേ-
ലന്തിപ്രായേ നിശി വിവശരായ് നാമുറങ്ങിൻറനേരം
പന്തൊത്തീടും 2തടമുലയിലമ്മാന്തലിർത്തൊത്തു [വീണി-
ട്ടെന്തച്ഛാ വന്നഴലലളികുലാപാംഗി പാമ്പെൻറുചൊല്ലി.

1 തോണ്മേൻ–പാഠഭേദം

2 തവ–എന്നു പാഠാന്തരം

ഒരുനാൾ, നിശി = രാത്രിയിൽ, അന്തിപ്രായെ = ഏകദേശം സന്ധ്യാകാലത്തു് (സന്ധ്യകഴിഞ്ഞ ഉടൻതന്നെ എന്നസാരം) പന്തൽത്തേനൻ തണലിൽ = പന്തൽത്തേനൻ എന്ന പേരായ മാവിൻെറ ചുവട്ടിൽ, തോന്മേൽ=ഇലകളിന്മേൽ (ഇലകൾ നിറഞ്ഞ ചെറിയ ചില്ലകൾ പൊട്ടിച്ചു കൂട്ടിയതിന്നു തോലെന്നു പറയാറുള്ളതു ഓർത്തു കൊൾക. മാവിൻതളിർമെത്തമേൽ എന്നു താല്പര്യം). നാം = നമ്മൾ രണ്ടുപേരും, വിവശരായ് = തളൎന്നവരായി (ക്രീഡയാൽ എന്നുഭാവം) കാറവം ഏറവ് അങ്ങ് ഉറങ്ങുന്ന നേരത്തു്, പന്തൊത്തീട്ടു=പന്തിനോടു തുല്യമായ, തടമുലയിൽ = ഉയൎന്ന മുലയിൽ, ആ മാന്തളിർത്തൊത്തു് = മാവിൻെറ തളിർത്തൊത്തു് (കുലയായിട്ടുള്ള തളിർ), വീണിട്ടു് = വീണതുനിമിത്തം, ഹേ അളികുലാപാംഗി = വണ്ടിൻ കുലത്തോടു തുല്യമായ കടക്കണ്ണുള്ളവളേ! (സുന്ദരി!) പാമ്പു എന്നു ചൊല്ലി, വീണതു പാമ്പാണെന്നു ഭ്രമിച്ചു പാമ്പു്, പാമ്പു് എന്നു പറഞ്ഞുംകൊണ്ടു എന്നൎത്ഥം. വന്ന = ഉണ്ടായ, അഴൽ = പരിഭ്രമം (വ്യാകുലത), എന്തച്ചാ=പറവാൻ കഴിയാത്തതായിരുന്നു എന്നൎത്ഥം, എന്തച്ചാ എന്നതു് ഹന്ത, അയ്യോ മുതലായതുപോലെ ആധിക്യം, കാഠിന്യം, ആശ്ചൎയ്യം മുതലായതിന്നെ ദ്യോതിപ്പിക്കുന്ന നിപാതമാണു്.

96

ആടിക്കാലേ നിശി ചെറിയതാംതോഴിയെന്റെന്നെ മത്വാ
നൈതൽപ്പൂവിൻദളമൃദുതരൈരങ്കുരരിക്കും നഖാഗ്രൈഃ
പാശ്ചേ മന്ദം മമ വിലിഖിതേ ലീലയാ പീഡിതം തേ
മുന്നംമ്മുന്നം മുകളിതമിളങ്കൊങ്കനിഃസ്സങ്കമെന്നാൽ.

ആടിക്കാലേ=വൎഷകാലത്തു്, നിശി=രാത്രിയിൽ (ഒരു ദിവസം രാത്രിയിൽ ഇരുട്ടത്തു് എന്നുതാല്പൎയ്യം), എന്നെ, ചെറിയതാം തോഴി എന്നു് മത്വാ = ചെറിയതു് എന്ന പേരായ തോഴിയാണെന്നു നിൎദ്ധാരിച്ചു്, നൈതൽപൂവിൻദളമൃദുതരൈഃ=നൈതൽപ്പൂവിൻെറ ഇതൾപോലെ അതിമൃദുക്കളായ, അങ്കുരരിക്കും നഖാഗ്രൈഃ = മുളച്ചു

വരുന്ന നഖാഗ്രങ്ങൾകൊണ്ടു്, ലീലയാ മമ പാർശ്വേ മന്ദം വിലിഖിതേ = ലീലയായി എന്റെ പാർശ്വം (വാരിപ്പുറം പതുക്കെ വിലിഖിതമായപ്പോൾ വരയ്ക്കപ്പെട്ടപ്പോൾ) കളിയായി എന്റെ വാരിപ്പുറത്തു പതുക്കെ വരച്ചപ്പോൾ എന്നർത്ഥം) എന്നാൽ, തേ = നിന്നെ, മുന്നം മുന്നം മുകുളിതം = ആദ്യം ആദ്യമായി മുകുളാകൃതിയെ പ്രാപിച്ചുവരുന്നതായ (ഉരുണ്ടുയർന്നു വലുതായി വരുന്ന എന്നർത്ഥം), ഇളങ്കൊങ്ക, നിശ്ശങ്കം = ശങ്കകൂടാതെ, പീഡിതം = പീഡിതമായി, ഞാൻ ഇളങ്കൊങ്കയിന്മേൽ കടന്നുപിടിച്ചു എന്നർത്ഥം.

97

തേററത്തിന്നായ് നവരമടയാളങ്ങൾ ഞാൻ ചൊന്ന [വെല്ലാ-
മേററം കൈക്കൊണ്ടയി കുശലിനം നീ കുറിക്കൊൾവു- [തെന്നേ
കോറേറൻവെല്ലുമ്മൊഴി വിരവിൽ ഞാനങ്ങു വന്നീടു [വോളം
തോററും വെന്റും പുലരമലരമ്പൻവേണ്ടിന്റവണ്ണം.

അയി = ഹേ! തോററത്തിന്നായ് = വിശ്വാസത്തിന്നുവേണ്ടി, നവരം = ശരിയായ വിധത്തിൽ, ഞാൻ അടയാളങ്ങൾ ചൊന്ന വെല്ലാം = ചൊല്ലിയവ എല്ലാം, ഏററം = നന്നായി, കയ്യ്ക്കൊണ്ടു് = സ്വീകരിച്ചു് (വിശ്വസിച്ചു എന്നർത്ഥം) നീ എന്നെ കുശലിനം = കുശലിയായി (കുശലിയാണെന്നു് = ജീവനോടെതന്നെ ഇരിക്കുന്നവ നാണെന്നു്) കുറിക്കൊൾവുതു് = കരുതിക്കൊണ്ടാലും. ഹേ കോറേറൻ വെല്ലുംമൊഴി = കോൽത്തേനിനെ വെല്ലുന്ന മൊഴിയോടുകൂടിയവളേ! ഞാൻ, അങ്ങു് = അവിടെ, വിരവിൽ = കഴിയുന്ന വേഗത്തിൽ, വന്നീടുന്നതുവരെ, മലരമ്പന്നു് = കാമദേവനിൽ നിന്നു്, തോററും വെന്നും = ഇടയ്ക്കിടയ്ക്കു തോററും ഇടയ്ക്കിടയ്ക്കു ജയിച്ചും, വേണ്ടുംവണ്ണം, പുലര = പുലർന്നാലും, ദിവസങ്ങൾ കഴിച്ചുകൂട്ടിയാലും എന്നർത്ഥം. കാമദേവനോടു തോററും ജയിച്ചും പൊരുതിനിൽക്കണം എന്നു

സാരം. എപ്പോഴും ധൈര്യംവിട്ടു പരവശയായിത്തീരരുതു് എന്നു ഹൃദയം.

98

മിന്നിക്കാർക്കൊണ്ടിടിയലറിനിന്റംബരേ തിങ്ങിയെങ്ങും
മന്നിൽ പെയ്യും ജലദപടലം കോലുമാടീനിശാസു
പിന്നെത്തന്വീതിലകരചനേ നമ്മിലേ കണ്ടുകൊണ്ടാ—
ലെന്നച്ചോ! പോൽച്ചില പരിചിനെക്കണ്ടുകൊള്ളിൻറ
[ുണ്ടു്.

ഹേ തന്വീതിലകരചനേ = തന്വികൾക്കു (സുന്ദരികൾ) തിലകരചനയായിരിക്കുന്നവളേ ! (ഉത്തമാലങ്കാരമായവളേ! എന്നർത്ഥം) പിന്നെ നമ്മിലേ=നമ്മൾ തമ്മിൽ കണ്ടുകൊണ്ടാൽ, മിന്നിയും കാറുകൊണ്ടും ഇടി അലറിയും അംബരേ നിന്നു് = ആകാശത്തിൽ നിന്നു്, എങ്ങും തിങ്ങി, മന്നിൽ = ഭൂമിയിൽ, പെയ്യും = വർഷിക്കുന്ന, ജലദപടലം=മേഘക്കൂട്ടം, കോലുന്ന=ഉള്ള, ആടീ നിശാസു= വർഷക്കാലത്തെ രാത്രികളിൽ, എന്നച്ചോ = അയ്യയ്യ (അതിസന്തോഷദ്യോതകമായ നിപാതം), ചില പരിചിനെ = ചില മാതിരികളെ (ക്രീഡകളുടെ എന്നു ഭാവം), കണ്ടുകൊള്ളുന്നുണ്ടു് = കണ്ടുകൊള്ളുന്നുണ്ടു്. തീർച്ചയായും കണ്ടുകൊള്ളാതിരിക്കില്ല എന്നർത്ഥം. ഇപ്പോഴത്തേതിനുപകരം അപ്പോൾ തീർത്തുകൊള്ളാം എന്നു താൽപര്യം, പോൽ എന്നതു വാക്യാലങ്കാരം.

99

ആടിക്കാർമൽകുഴലികൾശിഖാമൗലിമുണ്ടെക്കൽമേവും
പേടക്കോലക്കുയിൽമൊഴിതെളിഞ്ഞോൻറകേളുണ്ണുനീലീ
പേടിക്കേണ്ടാ വിരഹചപലം പ്രേമമെന്നോർമ്മലേ നീ
കൂടക്കൂടെങ്ങഴകിലഴിവില്ലാഞ്ഞു കൻറിക്കമെല്ലോ.

ഹേ ആടിക്കാർ മൽക്കുഴലികൾ ശിഖാമൗലി = വർഷകാലത്തെ മേഘത്തോടു മല്ലിടുന്ന തലമുടിയുള്ളവരിൽ ശിഖകളായവർക്കു (പ്രധാനകൾ) മൗലിയായിരിക്കുന്നവളേ! പ്രധാനയായവളെ!

മുണ്ടയ്ക്കൽ മേവുന്ന പേടകോലകൂയിൽമൊഴി = ഭംഗിയുള്ള പെൺകുയിലിൻെറ മൊഴിപോലെയുള്ളമൊഴിയുള്ളവളെ!ഉണ്ണുനീലീ! തെളിഞ്ഞു് ഒന്നു് = ഒരു കാൎയ്യം, കേൾ = കേട്ടാലും, ഹേ ഓമലേ=പ്രിയതമേ! പ്രേമം വിരഹചപലം = വിരഹത്താൽ ചപലം (ഇളക്കം തട്ടുന്നതു്, അസ്ഥിരമെന്നർത്ഥം) ആണു് എന്നു് പേടിക്കേണ്ടാ, കൂടക്കൂട = ഇടയ്ക്കിടയ്ക്കു്, അഴിവില്ലാഞ്ഞു് = അഴിവു വരാത്തതിനാൽ, അഴകിൽ = നല്ലവണ്ണം, അന്നു്, കുന്നിക്കുമല്ലോ = വൎദ്ധിച്ചു വരുന്നതാണു് എന്നു പറയേണ്ടതില്ലല്ലോ, അല്ലെങ്കിൽ, അഴിവില്ലാഞ്ഞു്, കൂടക്കൂടെ കൂടിവരുംതോറും അഴകിൽ കുന്നിക്കുമല്ലോ എന്നിങ്ങനെ യോജന.

100

എൻറീവണ്ണം മമ സഹചരീമമ്പിലെൻവാക്കുകൊണ്ടും
നന്റും നല്ലാർമനസിജ സഖേ മിക്ക നിൻവാക്കുകൊണ്ടും
എൻറല്ലാവോളവുമളികുലാപാംഗിതന്നമ്പു നമ്മിൽ
കുൻറംവണ്ണം കുളുർമയിലുണർത്തീടു കല്യാണകീർത്തേ.

ഹേ കല്യാണകീർത്തേ! (സന്ദേശഹരനോടു സംബോധന), എൻറീവണ്ണം = എന്നിപ്രകാരം, മമ സഹചരീം = എൻെറ പ്രിയതമയോടു്, അമ്പിൽ = ദയയോടെ, എൻെറ വാക്കുകൊണ്ടും=വാക്കായിട്ടും, ഹേ നൻറം, നല്ലാർമനസിജ = നല്ലാൎക്കു (കാമിനികൾക്കു്) മനസിജനായവനെ! സഖേ! മിക്ക – പുഷ്ടിയുള്ള, നിൻവാക്കുകൊണ്ടും = നിൻെറ വാക്കായിട്ടും, എന്നല്ല = എന്നുതന്നെയല്ല, അളികുലാപാംഗിതന്നമ്പു് = വണ്ടിൻകുലംപോലെയുള്ള കടക്കണ്ണുള്ളവളുടെ (സുന്ദരിയായ പ്രിയതമയുടെ) സ്നേഹം, നമ്മിൽ = എന്നിൽ, കുൻറംവണ്ണം=വൎദ്ധിക്കുന്നവിധം, കുളുർമയിൽ, ആവോളവും = കഴിയുന്നിടത്തോളവും, ഉണർത്തീടുക = പറഞ്ഞാലും.

101

കാരുണ്യംകൊണ്ടഴകിൽമദനാപത്തു തീർത്തങ്ങൾവാഞ്ഛാ
മിത്ഥം പൂരിച്ചിരവർ കരുതും മിക്ക ഭൃകല്പകം നീ

പണ്ടേപ്പോലേ വിരഹസുചിരം നമ്മിലേ ചെമ്മു [*വെന്നി-
ട്ടുണ്ടാകേണ്ടും വിരവൊടു പുനർദ്ദർശനാനന്ദലക്ഷ്മീഃ.

കാരുണ്യംകൊണ്ടു് = കരുണയോടുകൂടി, അഴകിൽ = വേണ്ട വിധം, മദനാപത്തു് = മദനനാൽ വന്ന ആപത്തു്, തീർത്തു് എങ്ങൾ വാഞ്ഛിതം = എൻെറ ആഗ്രഹത്തെ, ഇത്ഥം = ഇപ്രകാരം, പൂരിച്ചു് = നിറവേററി, ഇരവർ കരുതും മിക്ക ഭൂകല്പകം നീ = യാചകന്മാർ കരുതുന്ന ഭൂകല്പവൃക്ഷമായ (ഭൂമിയിലെ കല്പവൃക്ഷമായ, ഭൂമിയിലുള്ള വലിയ കല്പവൃക്ഷമെന്നു യാചകന്മാർ കരുതുന്നവനായ എന്നു താല്പര്യം) നീ പണ്ടേപ്പോലെ = മുമ്പിലത്തെപ്പോലെ, സുചിരം = വളരെക്കാലം, വിഹര = വിഹരിച്ചാലും, (സൈ്വരമായിരുന്നുകൊണ്ടാലും) നമ്മിലേ = നമ്മൾ തമ്മിൽ, ചെമ്മേ എന്നിട്ടു്=കൂട്ടുകെട്ടു് (സ്നേഹം) എന്ന കാരണത്താൽ പുനർദർശനാനന്ദലക്ഷ്മീഃ = പുനർദർശനമാകുന്ന (ഇനിയും തമ്മിൽ കാണുകയാകുന്ന) ആനന്ദത്തിൻെറ അഭിവൃദ്ധി, അല്ലെങ്കിൽ പുനർദ്ദർശനംകൊണ്ടുള്ള ആനന്ദസമ്പത്തു്, ഉണ്ടാകേണ്ടും = ഉണ്ടാകേണം; ഉണ്ടാകാൻ ഞാൻ പ്രാർത്ഥിക്കുന്നു എന്നർത്ഥം.

ഉത്തരസന്ദേശം കഴിഞ്ഞു

മുണ്ടെക്കൽ ഉണ്ണുനീലീസന്ദേശം സമാപ്തം

* വന്നിട്ടു്—പാഠാന്തരം (ചെമ്മു വന്നിട്ടു എന്നു പിരിക്കാം)

B. V. PRINTING WORKS, TRIVANDRUM—1. 1955.

# കുറിപ്പ്

ഇത് ഒരു വ്യാഖ്യാനമല്ലാ. പണ്ഡിതവരേണ്യനും എൻെറ വന്ദ്യഗുരുഭൂതനുമായ ആറൂർ ശ്രീ. കൃഷ്ണപ്പിഷാരടിയുടെ വ്യാഖ്യാനത്തിൻെറ ഒരു ലഘു വിശദീകരണം മാത്രമാണ്. ഉണ്ണുനീലീസന്ദേശത്തിൻെറ പ്രസിദ്ധീകരണം നടന്നിട്ട് ഏകദേശം മൂന്നു വ്യാഴവട്ടമായിരിക്കുന്നു. ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥനായിരുന്ന മി. രാമൻമേനോൻെറ പ്രേരണയനുസരിച്ച് ശ്രീ. പിഷാരടി പണ്ഡിതലോകസമ്മിതമായ രീതിയിൽ തൻെറ കൃത്യത്തെ നിർവ്വഹിക്കുകയും എതൽപര്യന്തം ഈ പുസ്തകം ഭാഷാഭിമാനികളുടെ നിർല്ലോഭമായ പ്രശംസയ്ക്കു പാത്രീഭവിക്കയും ചെയ്തു. പ്രസാധനം കൈ ഏല്ക്കുന്ന കാലത്ത് അദ്ദേഹത്തിനു രസികരഞ്ജിനീപാഠം മാത്രമേ കാണുവാൻ സാധിച്ചിരുന്നുള്ളുവെങ്കിലും ശുദ്ധപാഠത്തിൻെറ അഭാവത്തിലും അദ്ദേഹം ലേശംപോലും കുഴങ്ങിപ്പോകാതെ വന്നത്, ഒരു വ്യാഖ്യാതാവിനു അവശ്യം ഉണ്ടായിരിക്കേണ്ട ബഹുമുഖമായ പാണ്ഡിത്യവും, ഭാവനാസമ്പത്തും, സർവ്വോപരി രസാസ്വാദനനിപുണമായ കവിഹൃദയവും ഉണ്ടായിരുന്നതുകൊണ്ടുമാത്രമാണ്. ചില സ്ഥലങ്ങളിൽ ചില്ലറ പിശകുകൾ വന്നുപോയിട്ടുണ്ടെങ്കിൽ അതു കേവലം സ്വാഭാവികവുമാകുന്നു.

ഇപ്പോൾ വേറെയും ചില മാതൃകകൾ കണ്ടുകിട്ടിയിരിക്കുന്നു. എന്നാൽ അവയും അപപാഠങ്ങളിൽനിന്നു നിർമ്മുക്തമല്ലെന്നും നേരമറിച്ച്, പരിശോധകന്മാരുടെ മനോധർമ്മപ്രസരത്താൽ കലുഷിതമാണെന്നും പറയേണ്ടിവന്നതിൽ മനസ്താപമുണ്ട്. പിന്നീടുണ്ടായ വ്യാഖ്യാനങ്ങളിൽ ഒന്നെങ്കിലും മി. പിഷാരടി ചെയ്ത രീതിയിൽ ഏതെങ്കിലും ഒരു മാതൃകയെ അവലംബിച്ചും, പാഠഭേദങ്ങളെ അതാതു ശ്ലോകങ്ങളുടെ ചുവട്ടിൽ ചേർത്തും, ആ പാഠഭേദങ്ങളെപ്പററി വ്യാഖ്യാനത്തിൽ ചർച്ചചെയ്തും രചിക്കപ്പെട്ടിരുന്നെങ്കിൽ പാഠകന്മാർക്ക് എത്രയോ ഉപകാരപ്രദമാകുമായിരുന്നു. എന്നാൽ അങ്ങനെ

അല്ല കാണുന്നതു്. മിക്ക വ്യാഖ്യാനങ്ങളും ശ്രീ. പിഷാരടിയേ പ്രായേണ ഉപജീവിക്കുന്നതിനോടുകൂടിത്തന്നേ പാഠങ്ങളേ യഥേച്ഛം കൂട്ടിക്കലത്തിയിരിക്കയും ചെയ്യുന്നു. ഇതു വായനക്കാരെ കുഴപ്പത്തിൽ ചാടിക്കാനാണ് അധികം ഉപകരിക്കുന്നതു്. അതും ഒരു വിധം സഹിക്കാം. ചില വ്യാഖ്യാതാക്കന്മാർ നേർവഴിവിട്ടു് ഉപജീവ്യനായ ശ്രീ. പിഷാരടിയെ കളിയാക്കാൻ ശ്രമിച്ചതു് ഒട്ടും ക്ഷന്തവ്യമല്ല. ആ പണ്ഡിതാഗ്രണിയോടൊപ്പം വളരാൻ ഇവരിൽ ഓരോരുത്തരും ഇനി എത്ര ജന്മങ്ങൾ എടുക്കേണ്ടിവരുമെന്നുള്ള കാര്യം അവർ ഓക്കുന്നില്ല.

ഈ ടിക അന്യൂനമെന്നു എനിക്കു് അഭിമാനമില്ല. മററെല്ലാവരേയുംപോലെ എനിക്കും തെററുപററാവുന്നതാണു്. എന്നാൽ ആ തെററുകളേ പർവ്വതീകരിക്കാൻ ശ്രമിക്കാതെ സദയം ചൂണ്ടിക്കാണിക്കുന്നവരോടു ഞാൻ കൃതജ്ഞനായിരിക്കും. എന്നാൽ ഏതെങ്കിലും വിധത്തിൽ എൻെറ ഈ ഉദ്യമം വായനക്കാൎക്കു പ്രയോജനപ്പെടുന്നു എന്നു വന്നാൽ എനിക്കു അനല്പമായ ചാരിതാൎത്ഥ്യത്തിനു വകയുണ്ടുതാനും.

എന്നു്,

തിരുവനന്തപുരം,
18-10-55.

ആർ. നാരായണപ്പണിക്കർ.

# ടിപ്പണി

2. കോലിനേൻ—(കോലുതൽ—ഇടംകൊള്ളപ്പണ്ണൽ-എന്നു തമിഴിൽ) അതിനാൽ വിസ്തരിച്ച ചമച്ച എന്നർത്ഥം) ഇവിടെ വത്തമാനകാലമായി പ്രയോഗം.

3. ആക്കം-ലക്ഷ്മി, ഐശ്വര്യം.

4. പൂണാരം പേചുതൻ എന്നു തമിഴിൽ പ്രയോഗം ഉള്ളതിനാൽ പൂണാരത്തിനു ഇവിടെ മഹിമ എന്നു അത്ഥം.

5. വെല്ലിക്കുന്നിനഭീഷ്ടം-എന്ന പാഠത്തേക്കാൾ ഈ പാഠമാണു് നല്ലതു്-വിതരതി എന്നും പാഠമുണ്ടു്.

## പൂവ്ഭാഗം

1. മിക്ക—'മികുന്ത, ഉയർന്ത' എന്നു തമിഴിൽ—ശ്രേഷ്ഠമായ. മണിവാ-മണി (അഴകു്)—വായ്=ചുണ്ടു്. തമിഴിൽ വായ് എന്ന ശബ്ദത്തിനു് ഉതടി (ചുണ്ടു്) എന്ന അത്ഥമുണ്ടു്. കൊണ്ടാടിച്ചുണ്ടു്-എന്നു പാഠാന്തരം. പുസ്തകപാഠമാണു് നന്നു്.

വണ്ടർകോലക്കുഴലികൾ = വണ്ടിന്റെ ആർ (ശോഭ, കാന്തി, നിറം) ഉള്ള കോലക്കുഴലുകളോടുകൂടിയവർ കോലം = അഴകു്.

2. ദക്ഷാ = സാമർത്ഥ്യമുള്ളവൾ-ചതിയിൽ ദക്ഷയല്ല.

4. ചെറുകി വിളാറി എന്നു പാഠഭേദം കാണുന്നു. ഇതു പ്രമാദമാണു്. ചെറുകുക എന്നതിനു കോപിക്കുക-കൊല്ലുക-എന്നൊക്കെയാണു് അർത്ഥം.

5. ആഗതൌ സൂര്യചന്ദ്രൌ എന്നു പാഠാന്തരം. ആ സമയത്തു സൂര്യചന്ദ്രന്മാർ രണ്ടും ദൃഷ്ടി ഗോചരമായിരുന്നു എന്നും അതിനാൽ കറുത്തപക്ഷമായിരുന്നു എന്നും സ്പഷ്ടം. ശുക്ലപക്ഷത്തിൽ വെളുപ്പാൻ കാലത്തു ചന്ദ്രനെ കാണുകയില്ലല്ലോ.

7. ചാലത്താണ്ടു ............ നാലൊൻറുപോരു—അഞ്ചാം പക്കമാണു് സന്ദേശം അയക്കുന്നതു്. അന്നു് സൂര്യൻ ചന്ദ്രനിൽനിന്നു്

ഏകദേശം (180 - 12 × 5 = 120) ഡിഗ്രി കിഴക്കുമാറി നില്ക്കും. ചന്ദ്രന്റെ നില ഖ മദ്ധ്യത്തിൽനിന്നും 30° കടലിലോട്ടു താണിരിക്കും. അന്തരത്തിന്റെ നാലിലൊന്ന്–ഃപാരാ—എന്നതിനു പോരേ എന്നു പാഠഭേദം. ‘കാലത്തെസ്ഥം’ എന്നിടത്ത്—കാലത്തെ നീ തുയിലെവക്കയിൽപ്പെട്ട എന്ന പാഠാന്തരം കാണുന്നുണ്ട്. അതു കുറേക്കൂടി സ്വീകാര്യമായി തോന്നുന്നു. ഏവക എന്നതിനു നിവക എന്ന് അർത്ഥം കാണുന്നില്ല.

ഈ ശ്ലോകത്തിലും ചന്ദ്രനെപ്പററി പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതിനാൽ, അതു കേവലം കാവ്യശൈലി അനുസരിച്ചുള്ള വർണ്ണനയാണെന്നു വിചാരിക്കാൻ പ്രയാസമായിരിക്കുന്നു.

9. കിംശുകേ കിംശുകാളീ— കിംശുകത്തിൽ–മുരിക്കിൽ–കിളികൾ–മുരിക്കിൻ പൂവിനും ശുകമുഖത്തിനും തമ്മിലുള്ള സാദൃശ്യം പ്രസിദ്ധം–എന്നാൽ മുരിക്കുകളിൽ കണ്ണുകൾക്കു ദുസ്സഹങ്ങളായ മുരിക്കിൻ പൂക്കൾ എന്നും അർത്ഥം എടുക്കാം.

10. തേകിത്തേകി–എന്ന പാഠത്തെക്കാൾ ഈ പാഠമാണ് നന്ന്.

തൂർന്ന എന്ന പദം ‘തൂർത്തൽ’ എന്ന തമിഴ് ധാതുവിന്റെ പേരെച്ചമാകുന്നു. നിറവുതൽ, പരവുതൽ എന്നിങ്ങനെയാണ് അർത്ഥവും. മരങ്ങൾ നിറന്ന് (ഇടതൂർന്ന്) വളരുന്ന എന്നാണിവിടെ അർത്ഥം.

11. സ്വാസ്ഥ്യാദേവശാദിഷു എന്ന പാഠം കുറെക്കൂടെ സ്വീകാര്യമായി തോന്നുന്നു.

12. കൊണ്ടാടാവോ എന്ന പാഠമാണ് കുറേക്കൂടേ യോജിച്ചത്. കൊണ്ടാടത്തക്ക എന്നർത്ഥം. തണ്ടി–(തണ്ടുതൽ–വിരുപ്പം കൊള്ളുതൽ)–മോഹിച്ച്, ആഗ്രഹിച്ച്. ചണ്ടാർ എന്നതിനു ശത്രുക്കൾ എന്ന് എങ്ങനെ അർത്ഥം വന്നുവെന്നു മനസ്സിലാകുന്നില്ല. ചൊണ്ട് (നിന്ദ) എന്ന വാക്കിൽ നിന്നായിരിക്കുമോ? മുന്നം എന്നതിനേക്കാൾ മുന്നിൽ എന്ന പാഠമാണ് കൂടുതൽ യോജിക്കുന്നതു്—മുന്നിൽ എന്നർത്ഥം.

13. നീർത്താൻ — ആനന്ദാശ്രു പൊഴിച്ചു. ചേർപ്പൊത്തു പോലെ പിശകാണെന്നു തോന്നുന്നു. ചെമ്പോത്തുപോലെ എന്ന പാഠാന്തരം സ്വീകാര്യം. പദ്യത്തിന്റെ ചുവട്ടിൽ കൊടുത്തിരിക്കുന്ന 'ചെപ്പത്തു' പിശകാണ്. ചെമ്പോത്തു എന്നു തിരുത്തി വായിക്കണം—ക്രുഴ്ത്താൻ-എന്നതിന് ഇളകി, എന്നോ ക്രുത്താടി എന്നോ തമിഴിൽ അർത്ഥം കാണുന്നില്ല. സന്ദേഹിച്ചു എന്നർത്ഥം. പാഠം തെറ്റായിരിക്കണം ക്രുത്താൻ-ജ്വര ബാധിതനായി.

14. ഞാൻ താൻ എന്നതിനേക്കാൾ ആന്താൻ എന്ന പാഠമാണ് സ്വീകാര്യം. അതുപോലെ എത്തിനാൻ—എന്നതിനേക്കാൾ ഏത്തിനാൻ എന്ന പാഠം കൊള്ളാം. 'ഏത്തൽ' സ്തുതിക്കൽ, വാഴ്ത്തൽ.

15. മുഴ്വർ മണിയേ-എന്നിടത്ത് മുഴവർ മണിയേ, പവഴമണിയേ ഇത്യാദി പല പാഠങ്ങളും കാണുന്നു. മുഴ്വൽ എന്നതിനു നിരന്തരമായ സ്നേഹം എന്നർത്ഥമുള്ളതിനാൽ-ഉത്തമസ്നേഹിത് എന്നു അർത്ഥം എടുക്കാം. മുഴവർ പിശകാണെന്നു തോന്നുന്നു. മുഴവ്—മുരശ്. മഴവർ വീരന്മാർ എന്ന പാഠം ഉത്തമം. പവഴമണി എന്നപാഠം അനാവശ്യം.

വീകിച്ച് എന്നതിനു പലരും പല വിധത്തിൽ അർത്ഥം കൊടുത്തിരിക്കുന്നു. 'വീതൽ' എന്നതിന് വിരുമ്പുതൽ എന്നാണ് അർത്ഥം. തണ്ടിയൻറൻവപുല്കും എന്ന അർത്ഥം തന്നെ ഉവിടെയും. ആഗ്രഹത്തോടേ, മോഹത്തോടെ വന്നു പുല്കും.

16. കണ്ണിൽക്കൂടാത-കണ്ടുകൂടാത്ത എന്ന് അർത്ഥം എടുത്താൽ ശത്രുക്കളെ കാണാവുന്നവരും കണ്ടുകൂടാത്തവരും എന്നിങ്ങനെ രണ്ടായി വേർതിരിക്കാമെന്നു വരും. പുനരുക്തിദോഷം.

17. മാറ്—മറക്കൽ-എതിര്-സാമ്യം എന്ന അർത്ഥമില്ല.

പതിനെട്ടു ഭാഷാവിശേഷങ്ങൾ. തമിഴ് നിഘണ്ടുവിൽ പതിനെൺപാടൈകളേ (ഭാഷ) അംഗം, അരുണം, കലിംഗം, കാംബോജം, കൊങ്കണം, കോസലം, കൌശികം, ജാവകം, സിംഹളം, സിന്ധു, ചീനം, ജോനകം, ദ്രവിഡം, തുളുവം, ബർബ്ബരം,

മാഗധം, മഹാരാഷ്ട്രം, വംഗം എന്നിങ്ങനെ എടുത്തു പറഞ്ഞിരിക്കുന്നു.

വേറല്ല— നിനക്കു ഒപ്പം ആരുമില്ല. (വേറാതൽ-തനിയാതൽ-ചിറപ്പുടൈയതാതൽ' തമിഴ് നിഘണ്ടു).

18 രാജ്യാനാം—നാട്ടുകളുടെ; രാജവാഴ്ചയുള്ള നാട്ടുകളുടെ പെരുമാൾ-ചിറന്തോൻ (തമിഴ്) തപമസിപെരുമാൾ-എന്നു പാഠാന്താം കാനുന്നു. ശ്രീയം-അച്ചടിപ്പിശകാണ്. ശ്രിയം എന്നു വായിക്കുക. ശ്രുയമെന്ന പാഠം സാധുവാണെന്നു തോന്നുന്നില്ല.

19. വാദ്യോൽക്കരമനുതരിക്കിൻറ വാദ്യാമൃതം എന്നതിനേക്കാൾ വാദ്യോ............ക്കിൻറ ഗാനാമൃതം എന്ന പാഠം കൂടുതൽ സ്വീകാര്യമായ്ത്തോന്നുന്നു. വന്നൊളിയിൽ എന്നും പാഠമുണ്ട്. രണ്ടു പാഠങ്ങളും പ്രകൃതത്തിൽ യോജിക്കുന്നു.

20 മുട്ടെ-മുട്ടൽ എന്ന ധാതുവിൻെറ വിനയച്ചരൂപം. അതിനു തമിഴിൽ നിറൈവുതൽ എന്നർത്ഥം. അതിനാൽ ഇവിടെ നിറയേ, തൃപ്തിയാവോളം എന്നിങ്ങനെ അർത്ഥം പറയാം.

നൃപപാവരിന്നും എന്ന സ്ഥാനത്തു നൃപവര പരിന്നും, നരവരപരന്നും വേറെ രണ്ടു പാഠങ്ങൾ കാണുന്നു. അവ രണ്ടും ഇതിലെ പാഠത്തെക്കാൾ സ്വീകാര്യമായി തോന്നുന്നു. പറവർ, എന്ന രൂപം സാധുവല്ല. പാവകൾ എന്നുവേണം. പരിന്ന്, പരന്ന്=പരുന്ത്-തമിഴിൽ പരുന്തു എന്നു തന്നെയാണു രൂപം. എഴുപാവം എന്നിടത്തു എഴുപാട്ടം എന്നും പാഠഭേദമുണ്ട്. അടയർ എന്നതു് അടൈയലർ എന്ന തമിഴു ശബ്ദത്തിൽ നിന്നുണ്ടായതാണ്.

21. വ്യായാമം. athletic feet വ്യായാമത്താൽ സിദ്ധിച്ച മെയ്സ്വാധീനം പ്രയോഗിച്ചു കാണികൾക്കു ആമോദം ചേക്കുമാറു് ഉച്ചൈശ്രവാവിനെ അതിശയിക്കുന്ന കുതിരപ്പുറത്തു ചാടിക്കയറുമ്പോൾ-ആയാസം = മനഃക്ലേശം അവിട്ടുന്ന് കുതിരപ്പുറത്തു കയറുന്ന മാത്രയിൽതന്നെ ഓട്ടം പിടിക്കുന്ന തുലുക്കപ്പടയുടെ എണ്ണം എത്രയെന്നു, അവരുടെ ഓട്ടത്താലുണ്ടാകുന്ന പൊടിപടലം ഉയർന്ന് ദേവന്മാരേ അറിവിക്കുമെന്നർത്ഥം.

22. ചൊററിക്കുററില്ല എന്നും വെററിക്കുററില്ല എന്നും രണ്ടു പാഠങ്ങൾ കാണുന്നു. ഇവയിൽ വെററിക്കുററില്ല എന്ന പാഠമാണു സാധു. എന്നാൽ വെററിയിൽ വിജയത്തിൽ കാംക്ഷയില്ല എന്നല്ല അർത്ഥം. വെററർ എന്ന തമിഴ പദത്തിനു ദരിദ്രർ, ഏഴകൾ എന്നിങ്ങനെ അർത്ഥം കാണുന്നതിനാൽ ഏഴകളിൽ എന്നു് അർത്ഥം പറയാം. 'ചൊററക്കുററില്ല' എന്ന പാഠം സ്വീകരിക്കുന്നതായാലും ചൊററകളിൽ, (ഏഴകളിൽ) കുററില്ല എന്നു് അർത്ഥം വരും.

ഈ പദ്യത്തിനു യോജിക്കുന്ന അർത്ഥം ആരും പറഞ്ഞു കാണുന്നില്ല. ഇഷ്ടദാനത്തിൽ പ്രസിദ്ധമായുള്ളവ നാലാണ്—ഒന്നു കല്പവൃക്ഷം അതു് പക്ഷേ ദേവേന്ദ്രൻെറ മുററത്തായിപ്പോയി—സുരഭി യാണെങ്കിൽ വാരുണനിയുടെ ഹോമധേനുവാണ്. രണ്ടും ഇഷ്ടദാനോത്സുകങ്ങളാണെങ്കിലും ഭൂമിയിലുള്ളവർക്കു ദുഷ്പ്രാപമായവിധത്തിൽ അകലത്തിരിക്കുന്നു. കുബേരനാണെങ്കിൽ ഏഴകളിൽ തെല്ലുപോലും കുററില്ലാത്തവനാകുന്നു. ശിവൻ എന്തു വരദാനവും ചെയ്വാൻ മടിയില്ലാത്തവൻതന്നെ—എന്നാൽ അദ്ദേഹം നിസ്സംഗനായി വർത്തിക്കുന്ന സ്ഥിതിക്കു് നീ തന്നെയാണു് ഇരക്കുന്നവർക്കു് സുപ്രാപ്യമായ കാല്യാണമംഗലം. നീയേ വരുമിരവലക്കു് എന്നും പാഠഭേദമുണ്ടു്.

23. തൻകരുമം എന്നതിനു തനിക്കു് ആവശ്യമായ കർമ്മം എന്നു് എങ്ങനെ ഘടിക്കുമെന്നു മനസ്സിലാകുന്നില്ല. (കരുമൈ—സങ്കടം)—സങ്കടത്തെ അറിവിച്ചു എന്നായിരിക്കുമോ എന്തോ?

24. കാമുകനാം എന്നു കഴിഞ്ഞു് 'മേൽ' അച്ചടിപ്പിശകാണു്. അതു് പാർ എന്നു കഴിഞ്ഞു ചേർക്കണം.

വാർത്തപ്പെട്ടേൻ എന്നതിനും ഓരോരുത്തർ ഓരോവിധം അർത്ഥം പറയുന്നു. എന്നാൽ ആ ക്രിയ 'വാർതല്' എന്ന തമിഴ് ധാതുവിൽ നിന്നുണ്ടായതായിരിക്കുമോ? വിരഹികളിൽവച്ചു ആത്യന്തികാവസ്ഥയെ പ്രാപിച്ചവൻ എന്നു, അങ്ങനെ ആണെങ്കിൽ അർത്ഥം പറയാം. (വാർത്തം = ഉള്ളീടില്ലൈമ), എന്ന അർത്ഥവും ഇവിടെ യോജിക്കുന്നുണ്ടു്. (മനോബലമില്ലായ്മ)

25. പാരിലാത്രുഢകീത്തേ എന്നു പാഠഭേദം.

മല്ലികകുവലയട്ടശാം—മല്ലൽ, അഴക്. മല്കല് എന്ന ധാതുവിൻെറ പേരെച്ചമാണ് മല്ല. നാമരൂപം മല്ലലും. ഇനിയ—ഇഷ്ടമുള്ള (ഇൻപം, ഇനിമ-ഇവയാണ നാമരൂപങ്ങൾ).

26. മരുവീടിൻെറ നാൾ, മരുവുന്ന കാലത്തു് (ത., മരുവുതൽ—കലന്തിരുക്കൽ) കലന്നു വസിക്കുന്നകാലത്തു്.

28. ഉറങ്ങും ദശായാം എന്നിടത്തു ഉറങ്ങിൻെറനേരം എന്നു പാഠാന്തരം. അർത്ഥം ഒന്നുതന്നെ.

29. ഞാനിഹവിരഹിതോ എന്നതിടനക്കാൾ ഞാനിഹബദ്ധമതാം എന്ന പാഠമാണ് നന്നു്. ബദ്ധമതയായ ഉണ്ണുനീലിയെ വേർപിരിഞ്ഞു് എന്നത്ഥം. 'പോയാളവൾ' എന്നും പാഠാന്തരമുണ്ടു്. ഈ പുസ്തകത്തിൽ കാണുന്ന പാഠമാണ് കൂടുതൽ ശ്രവണസുഖദം.

31 ഏവം പൂവില്ലവൻ—എന്നു പാഠാന്തരം-മേവും എന്ന പാഠം സ്വീകരിക്കുന്നപക്ഷം, അതിന് പ്രത്യക്ഷീഭവിച്ച എന്നു അത്ഥം പറയാം. (മേവൽ-ഉണ്ടാതൽ, ചേർതൽ-എന്നിങ്ങനെ തമിഴിൽ അർത്ഥമുണ്ടു്) ഈ പദ്യത്തിലും വെണ്ണിലാവിനെപ്പററിയുള്ള പ്രസ്താവം കാണുന്നതിനാൽ ശുക്ലപഞ്ചമിയല്ലെന്നു സ്പഷ്ടം.

32. മുണ്ടെയ്യൽക്കങ്ങൊരു എന്നും കൊണ്ടിട്ടരും എന്നും പാഠാന്തരം കാൺക, ഊർതല്-ഏറുതൽ എന്നു് തമിഴിൽ കാണുന്നതിനാൽ ഏറിയ മനസിജശരങ്ങളാൽ ജീവിതാപന്നം എന്നു് അർത്ഥം പറയാം. ഊരും എന്നതിനെ എന്നെ എന്നതിൻെറ വിശേഷണമാക്കി എടുക്കുന്നതു സാധുവായി തോന്നുന്നില്ല. ഉണത്തിപ്പു് ഉണത്തിൻെറ എന്നും ഉണത്തി—പുണത്തിൻെറ എന്നും പദച്ഛേദം ചെയ്യാം. ഇവയിൽ രണ്ടാമത്തേതാണ് ഉത്തമം; ഉണർച്ച എന്നർത്ഥത്തിൽ ഉണത്തി എന്നു തമിഴിൽ പ്രയോഗമുണ്ടു്. പുണത്തുക-ഉണ്ടാക്കുക. (ഉണത്തി-ഊടൽ നീങ്ങുതൽ-പുണത്തൽ=ഉണ്ടാക്കൽ)

33. പോന്നിരുക്കൻറ് എന്ന പാഠം ശുദ്ധമല്ല. പോന്നിരിക്കിൻറാമൽ എന്നാണ് ശുദ്ധപാഠം. പോതൽ ധാതുവിൽനിന്നുണ്ടായ 'പോം' ശബ്ദത്തിന് 'തകുന്ത' 'ഒഴുക്കമാന' എന്നിത്യാദി അർത്ഥങ്ങൾ തമിഴിൽ കാണുന്നു. കാമാത്താനാം കാമാത്തന്മാരുടെ മൃതസഞ്ജീവനം ആന് നിനക്കു പോന്നതു, തകുന്തതു്—യോജിച്ചതു്. മൃതസഞ്ജീവനം = മൃതന്മാരെ സഞ്ജീവിപ്പിക്കൽ ഇൻറ്-ഉന്ന്-ങ്ങൾ എന്നതിന് നാം എന്നർത്ഥമില്ല. എൻറാൽ അങ്ങനെ ആയാൽ ഞാങ്ങൾ തേറിനോം—രക്ഷപ്പെട്ടു എന്നു പറയാം—ആഃവാ! ഞങ്ങൾക്കുള്ള ദുഃഖം നീങ്ങി (തേറുതൽ—ആറുതൽ, തുൻപം തീർതൽ)

34. അറിയിപ്പിച്ചു തേറീടുവാനും-എന്നു പാഠാന്തരം. തേറീടുവാൻ-തുൻപം (ദുഃഖം) തീർക്കാൻ. മതുമത-മെതുമെന എന്നു തമിഴ് രൂപം.

35. ഇതു വളരെ വാദപ്രതിവാദത്തിനു ഹേതുവാക്കിയ ഒരു പദ്യമാണ്. ഇതു കാവ്യനിർമ്മതികാലത്തെക്കുറിക്കുന്നില്ലെന്നുള്ള ഡാക്ടർ ഗോദവർമ്മയുടെ അഭിപ്രായത്തെ സ്വീകരിക്കാത്തപക്ഷം, കൃഷ്ണപക്ഷപഞ്ചമിയാണെന്നു സമ്മതിക്കാതെ തരമില്ല-അതുകൊണ്ടാണ് പണ്ഡിതവരേണ്യനായ ശ്രീ. കൃഷ്ണപ്പിഷാരടി നളിനവനിതയ്കിമ്പഃന എന്ന ശബ്ദത്തിനു തിരുവോണം എന്നു അർത്ഥം സ്വീകരിച്ചതു്. വിഷ്ണുപര്യായങ്ങളെല്ലാം തിരുവോണത്തിൻേറയും പര്യായങ്ങളാണെന്നു ജ്യോതിശ്ശാസ്ത്രപരിചയമുള്ളവർക്കൊക്കെ അറിയാവുന്ന സംഗതിയുമാണ്-അങ്ങനെ മുമ്പിലേതു് എന്ന വാക്കിന് അദ്ദേഹം അർത്ഥമുണ്ടാക്കി. പരമേശ്വരയ്യർ അഃത ശബ്ദത്തിന് അശ്വതി എന്നു അർത്ഥം കല്പിച്ചിട്ടു് മാസം മേടമല്ലെന്നും കുംഭമാണെന്നു വാദിക്കുന്നു. മാഘമാസം ആരംഭിക്കുന്നതു് പൌഷമാസാന്ത്യത്തിലുള്ള അമാവാസ്യ കഴിഞ്ഞു വരുന്ന പ്രഥമ തുടങ്ങിയാണല്ലോ. അന്നു ധനിഷ്ഠയാകാവുന്നതും അഃപ്പോൾ പഞ്ചമി അശ്വതി നക്ഷത്രത്തിൽ വരാവുന്നതും ഉദയത്തിനു മേടം രാശിയാകാവുന്നതും ആണ്. എന്നാൽ ശുക്ലപഞ്ചമി ആയതിനാൽ അന്നു വെട്ടുപ്പാടൻ കാലത്തു് നിലാവു

കാണുകയില്ലെന്നു മാത്രമല്ല–'വന്നാൻ വസന്തഃ' എന്നതു യോജിക്കാത്ത വരികയും ചെയ്യും. ശിശിരത്തുവിൻെറ ആരംഭം ആണല്ലോ അപ്പോൾ. മാഘഫാൽഗുനമാസങ്ങൾ രണ്ടുംകൂടിയതു് ആണു് ശിശിരം.

'മുമ്പിലേതു്' എന്ന വാക്കിനു അർത്ഥമുണ്ടാക്കാനാണു് ഇരുകൂട്ടരുടേയും ശ്രമം. തിരുവോണമാണു് മുമ്പിലേതു്—എന്നു പിഷാരടി. മുൻപിലേതു്—വാരവും, നാളും മുൻപിൽ പറഞ്ഞ അഞ്ചാമത്തേതു എന്നു് ശ്രീ. എൻ. ഗോപാലപിള്ളയും പറയുന്നു. ഈ അത്ഥത്തിനു് അത്രവളരെ ക്ലേശിക്കേണ്ടതായിട്ടു് ഇല്ല. അഞ്ചാം നക്ഷത്രം, അഞ്ചാം വാരം, അഞ്ചാം നാൾ എന്നിങ്ങനെ പറഞ്ഞൊപ്പിക്കുന്നതിനേക്കാൾ നാളും നന്നു്—മുമ്പിലേതു് (ഏററവും ശ്രേഷ്ഠം; അതായതു മൃഗശീഷം എന്നു വ്യാഖ്യാനിക്കുന്നതാണു് ഭേദം. നക്ഷത്രങ്ങളിൽ വച്ചു് ഞാൻ മൃഗശീർഷമാണു് എന്ന ഗീതാവാക്യവും ഉണ്ടല്ലോ. തമിഴിലും മാർകഴിക്കു് മുമ്മീൻ, മുമ്മീൻ എന്നിങ്ങനെ രണ്ടു പര്യായങ്ങൾ കാണുന്നുമുണ്ടു്. എന്നാൽ പിഷാരടി പറഞ്ഞതൊഴിച്ചുള്ള അത്ഥങ്ങളിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുന്നതിനു ബാധകമായിരിക്കുന്നതു്, വെളുപ്പാൻകാലത്തേ നിലാവും, നായികയുടെ പൂ പ്രശ്നത്തിൽ കാണുന്ന ഗ്രഹനിലയും ആണു്. ചന്ദ്രൻ അഷ്ടമത്തിൽ വരുന്നതു് മുഹൂത്തത്തിലും പ്രശ്നത്തിലും ഒരിക്കലും ശോഭനമല്ല. ഗോചരവശാലും പ്രശ്നവശാലും ജാതകവശാലും എട്ടിലെ ചന്ദ്രൻ ശുഭപ്രദനല്ലെന്നു പ്രസിദ്ധമല്ലേ? യാത്ര പുറപ്പെട്ടതു മകയിരത്തുനാൾ ആണെങ്കിൽ സന്ദേശഹരൻ നായികയുടെ ഗൃഹത്തിൽ ചെന്നുചേരുന്നതും, പൂ പ്രശ്നവും പുണർതം നക്ഷത്രത്തിൽ ആയിരിക്കണം. അപ്പോൾ പ്രശ്നകാലചന്ദ്രൻ അഷ്ടമത്തിൽ ആയിരുന്നു എന്നു നിശ്ചയം. ജ്യോതിശ്ശാസ്ത്രനിപുണയെന്നു് ഒരു വ്യാഖ്യാതാവു വാഴ്ത്തുന്ന ഉണ്ണുനീലി അഷ്ടമത്തിലെ ചന്ദ്രനെ കണ്ടിട്ടും നല്ലകാലമാണെന്നു തീർച്ചപ്പെടുത്തി എന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? മററു ഗ്രഹങ്ങളെല്ലാം അനുകൂലമായാൽ തന്നെയും അഷ്ടമത്തിൽ ചന്ദ്രൻ ഉണ്ടെങ്കിൽ, ആ മുഹൂത്തം ആരും സ്വീകരിക്കയില്ല. അതുകൊണ്ടു് പിഷാരടിയുടെ വ്യാഖ്യാനം അല്പം ക്ലിഷ്ടമാണെന്നു സമ്മതിച്ചാൽതന്നെയും അതിനെ

തള്ളിക്കളയാൻ മാറ്റും കാണുന്നില്ല. ഭൂതികാമാഖ്യയോഗം എന്താണാവോ? 'ലഗ്നാദുപചയേ ചന്ദ്രേ കേന്ദ്രസ്ഥശ്ച ബൃഹസ്പതിഃ ഭൂതികാമാഖ്യയോഗോ ƒയം യാത്രരിഷ്ട ഫലപ്രദഃ എന്ന ഒരു പ്രമാണം ഈയിടെ ദൈവജ്ഞോത്തമനായ പുലിയൂർ പുരുഷോത്തമൻനമ്പൂരി ഉദ്ധരിച്ചു കണ്ടു. ഇതു എവിടെ ഏതു ഗ്രന്ഥത്തിൽ കണ്ടതാണെന്നു കൂടി അദ്ദേഹം വ്യക്തമാക്കാത്തിടത്തോളം കാലം അതു സ്വന്തം സൃഷ്ടിയാണെന്നേ വിശ്വസിക്കാൻ തരമുള്ളു. ഈ പ്രമാണം സ്വീകരിക്കുകതന്നെ എന്നു വച്ചാൽതന്നെയും ചന്ദ്രൻ മകരത്തിൽ ആയിരുന്നാലും ഉപചയത്തിൽ ആണല്ലോ സ്ഥിതി.

36. അക്കടെ—ആ സ്ഥലം. തെലുങ്കിൽനിന്നു വന്നതാണെങ്കിലും ഈ അർത്ഥത്തിൽ പ്രയോഗം തമിഴിലും ഉണ്ടു്.

അക്കടെത്തു് എത്തൽ—അന്തം എന്നിങ്ങനെ പിരിച്ചു് ചിലർ അർത്ഥം പറഞ്ഞു കാണുന്നു. അതു കരെ കടന്ന കയ്യായിപ്പോയി എന്നുമാത്രം പറയാം. കടത്തതലവരെ എന്നു മറെറാരർത്ഥം. കുംഭരാശിയിലുള്ള ആ ദിക്കുവരെ. (കുടം—കുടം—കുംഭരാശി എന്നു തമിഴ് നിഘണ്ടു) എന്നും പറയാം. 'തല'യ്ക്കു ഇടം എന്നും അർത്ഥമുണ്ടു്.

37. നാഴിപതമേ, ഞാവചെയ്തു് എന്ന പാഠാന്തരങ്ങൾ. നാഴിപതമേ എന്ന പാഠമാണു് സമീചീനം. ചെയ്തു എന്നതിനേക്കാൾ 'പെയ്തു' എന്ന പാഠം സ്വീകാര്യമായി തോന്നുന്നു. (പെയ്തൽ, പോടുതൽ, ഇടുതൽ, എന്നു തമിഴ് നിഘണ്ടു.) ഞാവ ഇട്ടുകൊണ്ടു് എന്നർത്ഥം.

'പുരാതന' എന്ന പാഠത്തിനും ആക്ഷേപമില്ല.

38. മുലയിലചിയും, നീലക്കല്ലായ് എന്ന പാഠാന്തരങ്ങൾ. മരുവും=കലന്നിരിക്കുന്ന. ഈ പാഠത്തിനു ആക്ഷേപമില്ല. നീലക്കല്ലാൽ എന്നതു അപപാഠമായിരിക്കാം.

40. മാററിനാ എന്നിടത്തു പോററിനാ എന്ന പാഠാന്തരം. മാററി എന്നതിനു വീണ്ടെടുത്തു എന്നർത്ഥമില്ലാത്തതിനാൽ 'പോററിനാ' എന്ന പാഠം നന്നു്.

41. 'ഭോഗേ' എന്നതിന് പത്തി എന്നു ചിലർ അർത്ഥം പറയുന്നു. അനന്തന്റെ പത്തിയിൽ വിഷ്ണു ശയിക്കുന്നതായി അറിവില്ല. ആവോ ആർക്കറിയാം? ഭോഗം എന്നതിനു ഉടൽ എന്നർത്ഥമുണ്ട്. (ആപ്തേ നോക്കുക) തമിഴ് നിഘണ്ടുവിലും. 'പോകത്തിനു പാമ്പിനുടൽ' എന്ന് അർത്ഥം കൊടുത്തിട്ടുണ്ട്. 'പൂൺവായ്' എന്ന പാഠാന്തരം സ്വീകരിച്ചാൽ വലിയ ക്ലേശം കൂടാതെ അർത്ഥം പറയാം. മഹാദീപികേ എന്നതിന് ദീപികയിൽ എന്നു ചിലർ അർത്ഥം പറഞ്ഞു കാണുന്നു. ദീപികാ ആകാരാന്തം സ്ത്രീലിംഗമല്ലേ? പിന്നെങ്ങനെ 'ദീപികേ' എന്ന സപ്തമീരൂപം കിട്ടിയെന്നു മനസ്സിലാകുന്നില്ല. ആ ദുർഘടം പരിഹരിക്കാനാണ് പിഷാരടിയവർകൾ 'മണിവരമഹാദീപിക' എന്നതിനെ ബഹുവ്രീഹിയാക്കി തെളിവിൽ എന്നതിന്റെ വിശേഷണമാക്കിയിരിക്കുന്നത്. എന്നാൽ 'പൂൺവായ്' പൂണുന്ന അധരം എന്ന് അർത്ഥം പറഞ്ഞിരിക്കുന്നതു ഭംഗിയായില്ല. ദീപകേ എന്നായിരിക്കുമോ ശുദ്ധപാഠം? 'പൂൺവായ്' എന്ന പാഠവും സ്വീകാര്യമാണ്.

42. നഖരനികരൈഃ എന്ന പാഠാന്തരം.

43. വേദ വേദാന്തബീജം എന്ന പാഠമാണ് കൂടുതൽ സ്വീകാര്യം. വിശ്വം—എല്ലാം—'വേദനാലാക്കിയ' എന്ന പാഠത്തിനും ആക്ഷേപമില്ല.

44. വിനതാനന്ദനം എന്നിടത്തു നയനാനന്ദനം എന്ന പാഠാന്തരം കാണുന്നു. ആദ്യത്തെ പാഠമാണ് കൂടുതൽ നന്ന്.

46. എൻ തമ്പിരാനേ എന്നിടത്ത് അമ്മൂത്തിതന്നെ എന്ന പാഠഭേദം കാണുന്നു. കൻറിൽകൂടി—കന്നുകളോടു കലന്ത്—ആച്ചി—ഇടയസ്ത്രീ. ആ—പശു. ആയൻ—ഇടയൻ—അതിന്റെ സ്ത്രീലിംഗം ആച്ചി. പെരുകി—അപപാഠമാണ്. പരുകി എന്നു വേണം. പരുകി—കുടിച്ച്. മൻറ്—തമിഴിൽ മന്ന് എന്നേയുള്ളു.

47. കോയിൽ കൊംകെങ്ങളുള്ളിൽ എന്ന പാഠാന്തരം—അർത്ഥഭേദമില്ല.

48. നൻറം-നല് ധാതു-പെരുകിയ വർദ്ധിച്ച. ഒൻറിന്നും ഇനിയും ഒരിക്കൽക്കൂടി. ഉണ്ണുനീലിക്കുമെല്ലാം എന്ന പാഠമാണു ശുദ്ധമെന്നു തോന്നുന്നു.

49. നേരേ എന്നിടത്തു 'നിരേൻറ' എന്നു പാഠാന്തരം—(നിരേൻറ-നിന്നു് എന്നർത്ഥം) ചെമ്പൊൽക്കുന്നു്—മേരു. ചെമ്പോൻ തമിഴ് വാക്കാണു്-ശുദ്ധമായ പൊന്നു് എന്നർത്ഥം (തമിൾ പേരകാരാദി). എഴുന്നുള്ളും-തമിൾ പ്രയോഗം.

50. വാമാൽ-വലംപാട്ടു-എന്നു പാഠാന്തരങ്ങൾ. വാമാൽ ഇടത്തുഭാഗത്തുനിന്നു്. ഉപ്പൂപ്പെന്നും—ഉപ്പു്, ഉപ്പു് എന്നു ശബ്ദിച്ചു കൊണ്ടു് വലത്തുഭാഗത്തേക്കു നീങ്ങുന്ന ഉപ്പൻ ശുഭശകുനമെന്നു പ്രസിദ്ധം. ഉപ്പൂപ്പൂർ വാന്നുഴകപൊഴിയും എന്നു് പാഠാന്തരമുണ്ടു്. 'വയാനം' എന്നായിരിക്കണം ശുദ്ധപാഠം. (വയാനം, പക്ഷി-പേരകാരാദി നോക്കുക.) വയാനൻ, വയാൻ എന്നിങ്ങനേ രൂപങ്ങളുണ്ടു്. കരിങ്കുരുവി എന്നും പക്ഷി എന്നും അർത്ഥങ്ങൾ. കുയിൽ എന്നർത്ഥമുണ്ടോ എന്തോ? കറുത്ത പക്ഷി-കുയിൽ എന്നിങ്ങനെ ശ്ലേഷിച്ചു അർത്ഥമുണ്ടാക്കാം. വലമ്പാട്ടു് എന്നും പാഠമുണ്ടു്-രണ്ടും ശരി. കതിർ വേലുപ്പിള്ളയുടെ അകാരാദിയിൽ വിയാൻ എന്നും രൂപം ഉണ്ടത്രേ.

51. മൗവൽ അല്ല, മുൗവലാണു്. മൗവൽ മൗവി ഇവയ്ക്കു് കസ്തൂരി, കസ്തൂരിമാൻ ഇത്യാദി അർത്ഥങ്ങളാണു്. ഓണം പോലെ=ഓണത്തപ്പൻ എന്നപോലെ.

52. കന്നാക്കണ്ണാൾ എന്നവാക്കിനെ പുതിയ രണ്ടുവ്യാഖ്യാതാക്കന്മാരും കന്നക്കണ്ണാർ എന്നു തിരുത്തുന്നു. കണ്ണുംവരെ നീണ്ട കണ്ണുള്ളവർ എന്നു ഒരാൾ അർത്ഥവും പറയുന്നു. കന്നാംവേൽ-വേൽ പോലെ കൂർത്ത കണ്ണുള്ളവൾ എന്നാവാം. എന്നു അപരൻ. എന്നാൽ കന്നാൽ പ്രയോഗത്തെ അത്ര എളുപ്പത്തിൽ നിഷ്കാസനം ചെയ്യാമെന്നു തോന്നുന്നില്ല. ഒരു വ്യാഖ്യാതാവു 'കന്നാം' എന്നതിനു കരിംകൂവളം എന്നർത്ഥം പറഞ്ഞിരിക്കുന്നതിനു് എന്താധാരമാണോ എന്നറിഞ്ഞില്ല. (കൻറൽ=ഇരണ്ടു് കതൽ-കാതരാക്ഷീ എന്നായിരിക്കരുതോ?)

53. ഇളയളയി (ഇളയൾ—അയി)-അയി സംബോധന—ഈ പാഠം സ്വീകരിച്ചാൽ അർത്ഥം കുറേക്കൂടി സുഗമമായി. 'അളിയി' എന്നൊരു വാക്കു് തമിഴിലും മലയാളത്തിലും ഉണ്ടെന്നു തോന്നുന്നില്ല. അളിയ്ക്കു് ഇളമ, സ്നേഹം, മാധുര്യം ഇത്യാദി അർത്ഥങ്ങൾ ഉണ്ടു്. പ്രിയപ്പെട്ട ഇളയി (അനിയത്തി) എന്നു വേണമെങ്കിൽ ക്ലേശിച്ചു അർത്ഥം പറയാം എന്നേയുള്ളു. കളിക്കാ എന്നതിനേക്കാൾ—കളിക്കും എന്ന പാഠത്തിനാണു കൂടുതൽ സ്വാരസ്യം.

54. മേതിൽ (ഭൂമിയിൽ) എന്ന പാഠത്തെക്കാൾ മേതിയാണു പ്രകൃതത്തിൽ യോജിക്കുന്നതു്. മേതി—എരുമ. നിന്റേററി മാററി എന്നു പാഠാന്തരം.

ഏററിമാററി എന്നതിനു ധൈര്യപൂർവ്വം എതിർത്തു മാററി എന്നു് അർത്ഥവും പറയാം (ഏറുതൽ—തുണിതൽ)

എററിമാററി—കൊന്നുനീക്കി. (എറുതൽ- വെട്ടൽ, കൊല്ലൽ—പേരകാരാദി) രണ്ടാമത്തെ പാഠം കൂടുതൽ യോജിക്കുന്നു. ദിവിഷദാം (ദേവന്മാരുടെ ശരീരം വളർത്തുന്നതിനുള്ള ദിവ്യൗഷധമായ നിന്റെ ശരീരം മെലിഞ്ഞുപോയോ! അത്ഭുതം! സ്വശരീരത്തെ പാതിപ്പെട്ടുത്തിയും ആശ്രിതരുടെ മെയ്യുളർത്തുന്നതിൽ ജാഗരൂകയായുള്ളവളാണു ദേവി. 'മൈ' എന്നതിനു് മഷി എന്നാണർത്ഥം. ശരീരാർത്ഥത്തിൽ മെയ് എന്നുവേണം-ഉത്തരദേശീയർ ഇപ്പോൾ രണ്ടിനും മൈ എന്നു എഴുതിവരുന്നു.

56. സത്വം ആകാരവിശേഷമല്ല. ആകാരവിഷയകമായ സാദൃശ്യം സമുദ്രത്തിനും സന്ദേശഹരനും എന്താണുള്ളതു്? ആന്തരമായ ശക്തി. വടിവു്=അഴകു്, കാന്തി. (പേരകാരാദി). ഇടംപാട്ടു്=വിസ്താരം ഐശ്വര്യം (പേരകാരാദി). വടിവിടമ്പാടെന്നു ചേർത്തു ശരീരവിസ്തൃതിഎന്നും അർത്ഥമെടുക്കാം. എന്നാൽ പിരിച്ചു അർത്ഥം പറയുന്നതാണു് നന്നു്.-സമുദ്രം രത്നാകരമായിരുന്നിട്ടും ബഡവാഗ്നിയിൽ പൊരിഞ്ഞു് ആർക്കും ഒരുപകാരവും ഇല്ലാത്തവനായിരിക്കുന്നു. എന്നാൽ അങ്ങയുടെ സ്ഥിതി അതല്ല. പണം വച്ചുകൊണ്ടു് പട്ടിണികിടക്കുന്ന ലുബ്ധന്റെ പ്രതീതി.

57. തെക്കൊല്ലം എന്നു പാഠാന്തരം. ചുവട്ടിൽ*കുറിപ്പിട്ട് തൊക്കെല്ലം എന്നു ചേർത്തിരിക്കുന്നതു അച്ചടിപ്പിശകാണു. തെക്കൊല്ലം—ലിപികരപ്രമാദമാണെന്നു തോന്നുന്നില്ല. വടക്കൻകൊല്ലവും ഉണ്ടല്ലോ? വിയൻ പേരു് അധികപ്പേരു, ബിരുദം. വിയൻ ശബ്ദത്തിനു വിജയവുമായി യാതൊരു ബന്ധവുമില്ല. ('വിയൻ' വലിയ, ശ്രേഷ്ഠമായ.) നിന്റെ പേരു ആളുന്നതായ എന്ന അർത്ഥം എടുത്താൽ ഉള്ളൂർ പറയുമ്പോലെ ഉദയാദിച്ചപുരമായിരിക്കണം ഇവിടെ സൂചിക്കപ്പെടുന്നതെന്നു വരണം.

കമലവനിതയ്ക്കമ്പനേ—എന്നും പാഠഭേദമുണ്ടു്. രണ്ടിനും അർത്ഥവ്യത്യാസമില്ല.

58. 'കണ്ണിലാക്കിന്റെ' എന്നായിരിക്കണം ശുദ്ധപാഠം—നിന്മെ എന്നിടത്തു നിന്നെ എന്നും പാഠാന്തരം. ഇതവിയതു്-ഇഷ്ടമായതു് (ഇതം-ഹിതം, എന്നതിന്റെ തത്ഭവം)-ഇനിയതു എന്നും പാഠമുണ്ടു്.

59. കുഞ്ചി-"യാനെ മയിൽ മുതലായവററിൻ ഉച്ചിമയിർ" എന്നുള്ളതിനാൽ കുഞ്ചിരോമം'. വാലിലുള്ളതല്ല ഉച്ചയിലുള്ളതാണു്.

62. ചവരി പീലിത്തഴ ഈ വാക്കുകളേ മനഃപൂർവം കവി പ്രയോഗിച്ചതാണു്. മേനാവിൽ പോകുന്ന രാജാവിനെ വീശാൻ ചാമരക്കാരും മററും എവിടെ? നടക്കാവുതന്നെ ആ ന്യൂനത പരിഹരിച്ചു. 'ചമരി,=(കതൈവെത്തുമ്പു്-എന്നു തമിഴ്—ചകരി)-ഇരുവശത്തും കയർത്തൊഴിലാളികൾ ധാരാളമുണ്ടായിരുന്നു എന്നു സൂചന'-ചാമരിത്തുമ്പുകൾ-ചാമരത്തിന്റേയും-പീലിത്തഴകൾ (പനയോലകൾ) ആലവട്ടത്തിന്റെയും സ്ഥാനം വഹിച്ചു. ഇവയുടെ നിഴലോടുകൂടിയ നടക്കാവിലൂടെ. നിഴലാം എന്നതിനു് നിഴലിലൂടെ എന്നു ഒരു വിധത്തിലും അർത്ഥം പറയാവുന്നതല്ല.

63. ചുവട്ടിൽ 'റോമൻ' എന്നതിനെ റേഷൻ എന്നു തെററായി അച്ചടിച്ചിരിക്കുന്നു. ചോഴിയക്കാടൻ ചത്തു. അതിനാൽ വേണാട്ടിക്കു തിരിമം (സിന്ദൂരം) അഴിയും. വേണാട്ടിൽ തിരമം

എന്ന നാണയം ചെലവാകും എന്നുമാകാം. വേണാട്ടിക്കു വൈധവ്യാ വരും എന്നായിരിക്കുമോ? വെച്ചിയൂർ, വെച്ചൂരായിരിക്കാം. വെച്ചൂർ നിങ്ങൾ പോയിട്ടുണ്ടോ? ചാണാക്കു്—ഇന്നീ പറവതു്-നീ പറയുന്നതു് എരുമനക്കിച്ചെടി (ഒരു മരുന്നു്) യെപ്പററിയായിരിക്കാം. ചാണക്യനായ നീ പറയുന്നതു് തികം (വൈരാഗ്യം) ആണു്. എന്നുമാവാം. തികച്ചു് എന്നെടുത്താൽ പിന്നെ ചാത്തന്നൂർ എന്നു വരില്ല. ചാത്തന്നൂരിൽ അല്കുൽ ഉണ്ടോ? ചാത്തന്നൂരിൽ ദാരിദ്ര്യം എവിടെ? (അൽക്കം ദാരിദ്ര്യം വറുതി—ത. നി.) ചാണക്യ നീ പറയുന്ന വില തികം (അധികമാണു്; ചാത്തന്നൂരിൽപോയാൽ കുറവുണ്ടല്ലോ.) മാണാക്കിന്നാം ചെറുമ-ശത്രുക്കൾക്കിഷ്ടനായ ചെറുപ്പക്കാര, മണക്കാട്ടു പോകാതിരിക്കയാണു നന്നു്. (മാണാർ-ശത്രുക്കൾ.

64. അച്ചംചേലയ്ക്കു് ഇഴയിതു അഴകു്. അച്ചംചേല=നന്മയുള്ള തുണി. ഒട്ടച്ചിയാർ, മൺപാത്രവേലക്കാരി ഒരുത്തി അച്ചുതിന്നു വരേത്ര. നീ പറയുന്നതു ദുശ്ശീലമാണു്-തനിക്കു് ആട്ടിനു് (അലച്ചൽ-തമിഴ്) അളവുണ്ടോ?

എച്ചിൽചോറും വിറകുമടിയെന്നൊട്ടുപോരും-എന്നു പാഠാന്തരം. ഒല്ലാഞ്ഞതില്ല-മതിയാകയില്ല എന്നില്ല, മതിയാകും എന്നർത്ഥം (ഒല്ലുതൽ-നിറവേറുതൽ, പൊരുന്തൽ)

65. പല ഭാഷകൾ സംസാരിക്കുന്നവരുടെ ബഹളമാണു് ഇതിൽ വർണ്ണിക്കുന്നതു്.

66. പഥികർ പറയും പാഴബലങ്ങൾ എന്നു പാഠഭേദം.

68. കാളീം ദേവീം-എന്നു് ചിറക്കരദേവിയെപ്പററിയാണു പറഞ്ഞിരിക്കുന്നതു്. കൊല്ലം രാജകുടുംബവും ഈ ക്ഷേത്രവും തമ്മിലുള്ള ബന്ധം പ്രസിദ്ധമാണു്. പുഴ ഇത്തിക്കരയുമാണു്.

69. നാണിക്കിൻറോൾ-താഴ്ത്തുന്നവൾ, പിന്നിലാക്കുന്നവൾ. (നാണുതൽ=പിന്നിടുതൽ ത.-നി.)-പ്രയോജകമാക്കി നാണിപ്പിക്ക എന്നു് അർത്ഥം പറയുന്നതു ശരിയല്ല.

70. ചൊങ്ക എന്ന പാഠം ശരിയല്ല. അതിന്നു കുറം പിഴ എന്നൊക്കെയാണ് അർത്ഥം. ചോങ്കിന് മരക്കലം എന്നർത്ഥമുണ്ട്. ചോങ്കം, ചമ്പ്രാണിയും ചോണാടനും കപ്പലുകളാണത്രേ. ആയിരിക്കാം. ചോങ്കിനു കപ്പൽ എന്ന അർത്ഥം തമിഴ് നിഘണ്ടുവിലും കാണുന്നുണ്ട്. എന്നാൽ ആ പദങ്ങൾക്ക് യഥാക്രമം അകിൽ, സാമ്പ്രാണി, കൊല്ലമുളക് (അഥവാ പട്ട്) എന്നീ പ്രസിദ്ധാർത്ഥങ്ങൾകൂടി ഉള്ളതിനാൽ, അകിൽ, സാമ്പ്രാണി മുതലായ ചരക്കുകളെ കൊണ്ട് ആ നഗരി, നിന്റെ കീർത്തി എന്നപോലെ സമുദ്രങ്ങളെ തരണംചെയ്തു ദേശദേശാന്തരങ്ങളെ പ്രാപിക്കുന്നു. 'കപ്പലുകൾ സമുദ്രം നിറഞ്ഞു കിടക്കുന്നു' എന്ന വ്യാഖ്യാനം ഏതായാലും സമഞ്ജസമല്ല. അംബുദാൻ ഖേദയന്തി എന്ന പാഠം ശരിയാണെന്നും തോന്നുന്നില്ല.

71. തൊല്, (പഴയ) തൊല്ലൈ(പഴമ) ഈ പദങ്ങൾ തമിഴിലുണ്ട്. തൊല്ലം എന്നൊരുരൂപം കണ്ടിട്ടില്ല. അതിനാൽ കൊല്ലം കൊല്ലം ഭവതു എന്ന പാഠം സ്വീകാര്യം.

72. പൂണാർകൊങ്ക-പൂണാർ (പൂൺ-ആഭരണം-ആർ-ആന്ന-ആഭരണങ്ങൾ അണിഞ്ഞ) പൂൺ, പൂണാരം ഇവ രണ്ടും തമിഴിൽ ആഭരണ പര്യായങ്ങൾ ആണ്. തമ്മിൽ ഉരുമ്മുന്ന എന്നു ശ്ലേശിച്ചർത്ഥം പറയേണ്ടതില്ല.

73. വാരിപ്പൊക്കി……………നിവേദിക്കാനുള്ള അപ്പം അട തുടങ്ങിയ പദാർത്ഥങ്ങൾ മേരുക്കുന്നിന്റെ പരിച്ച് (വിധം) വാരിപ്പൊക്കിയിരിക്കുന്നു.

76. കാറക്കാർ—കവർത്തകാർ എന്നോ തിങ്ങിക്കൂടിയകുഴർ എന്നോ. രണ്ടാമത്തെ അർത്ഥമാണ് നന്ന്. (കറൈ-കൂട്ടം-തിരൾ തമിൾ. പേരകാരാദി)

77. വേലപ്പെൺ-പാൽക്കടലിൽനിന്നുണ്ടായവളായതിനാൽ ലക്ഷ്മി. വേല=സമുദ്രം. കയൽക്കണ്ണാനേ എന്നിടത്തു നിനക്കണ്ണാനെ എന്ന പാഠാന്തരം. കയൽ=കെണ്ടമീൻ.

'വേരിച്ചൊല്ലാർ മന്നസിജ' എന്നതിനെ സംബോധനയായും എടുക്കാം—ഇതിൽ കാണുന്ന പാഠമാണ് നന്ന്. രവിവർമ്മയെ വിഷ്ണുവായും ശിവനായും കാമദേവനായും രൂപണം ചെയ്തിരിക്കുന്നു. 'കയൽക്കണ്ണൻ' എന്നു പുരുഷന്മാരെയും ധാരാളം വർണ്ണിച്ചു കണ്ടിട്ടുണ്ട്.

80.—83. വലകൈ—എന്നിടത്തു് പലക എന്നു പാഠഭേദം. ചൂ=കൊത്താൻചെടി എന്നു തമിഴകാരാദി; കൊത്തമല്ലിയാണെന്നു തോന്നുന്നില്ല. ചൂവുമവും എന്നാണ്—ചാവും എന്നതു അച്ചടിപ്പിശക്; അം—അമ്മക്കീര കപ്പച്ചീര അഥവാ അമ്മിക്കല്ല്. തിരസ്ക്കീല എന്നു മാവാം 83-ൽ—കുന്തിരിക്കം തുരിക്കം എന്നുവേണം. തുരിക്കം= കസ്തൂരി. 80-ാം പദ്യത്തിലെ രണ്ടു വരികൾ കഴിഞ്ഞു്.

പട്ടും ചൊട്ടക്കയറുമകിലും കട്ടിലും കട്ടിയാവും
തട്ടംചട്ടിക്കലവുമിലയും കൊട്ടയും കെട്ടുനാരും

എന്നു രണ്ടു വരികളാണ് ഒരു ഗ്രന്ഥത്തിൽ കാണുന്നതു്.

ആടു ചാടും എന്നിത്യാദി രണ്ടു വരികൾ,

മിന്നും പൊന്നും തുവലുമവലും പാരയും പാരവാളും
പാലും തോലും വളയുമുളിയും പൂണിയും പൂണനൂലും

എന്നു കഴിഞ്ഞും ചേർക്കണം. അപ്പോൾ ഒരു പദ്യം കൂട്ടതലായി.

'തുവലുന്ന അവൽ' എന്നോ തുവലും (പൊരിയും) അവലും എന്നോ.

84. 85 കസ്തൂരി വാങ്ങിക്കൊണ്ടു് ഇരുപതു പണം താ; കത്തിവാങ്ങിക്കൊണ്ടു് ഉള്ളിയും തരൂ. പുതിയ ഈ തുരിക്കാണോ ഈ പുടവ? കയ്യിൽ മിച്ചം വല്ലതുമുണ്ടെങ്കിൽ അതുകൂടി തരൂ—എന്നാലേ അതിൻെറ വിലയാവൂ. തുരി= ഊഞ്ഞാൽ; ശങ്ക്, തൂലിക; വലിയ വല, കവടി ഇവയിൽ ഏതെങ്കിലുമാവാം—

എന്നാൽ കവടിയാണ് കൂടുതൽ യോജിക്കുന്നതു്. അതു നാണയമായു പയോഗിച്ചുപോന്നു. പത്തോകൊണ്ടു പരിച-പത്തു പരിശ ക്കാണോ വാങ്ങിയതു്? പനിനീർ വേറെ=ഇതല്ലാതെ മുന്നിലിരിക്കു ന്നതാണു നന്നു്.

തിരമം ചൊല്ലു നീ എന്നു പാഠാന്തരം-തിരമം=സിന്ദൂരം കാരിതേവ, ഒരുകുത്തു സിന്ദൂരത്തിനു് ഒരു കാശോവില, പറയു.

ചുക്കിനുണ്ടോ പരിച എന്ന പാഠാന്തരം വേണമെന്നില്ല. ചക്കു്-പട്ടു നൂൽ-(പരിച്ച്-ഈരൈക) ഈ പട്ടുനൂൽ ചുരുളിനെ വിലയ്ക്കു തരുമോ? ഓഹോ! തുവൽ+നൂൽ+ചക്കു്+അടി=തുവ നൂച്ചക്കടി=തുന്നുന്ന നൂൽച്ചുക്കിനു അടിക്കു എട്ടുക്കാശു വീതം വില. അക്കോൽ കൊണ്ടാണോ അളക്കുന്നതു്? തരകു്=ഒരളവു് (ത. നിഘ ണ്ടു) മുളകു തരകു് അക്കോൽ കൊണ്ടാണോ? അക്കടെ-അതു ദിക്കിൽ ശേഷം രണ്ടു വരികൾ മലയാളമല്ല.

കൌതുകം വിട്ടു്-എന്നിടത്തു കൌതുകംകെട്ട എന്നു പാഠാ ന്തരം എന്തിനു്? അർത്ഥവ്യത്യാസം ഒന്നും കാണുന്നില്ല.

87. ഈ പദ്യത്തിൽ കാവ്യശൈലി അനുസരിച്ചു് സന്ധ്യാ ദേവിക്കും ഉണ്ണുനീലിക്കും സാദൃശ്യകല്പന ചെയ്തിരിക്കുന്നു എന്നല്ലാതെ ആ സമയത്തു് ചന്ദ്രൻ ഉദിച്ചിരുന്നു എന്നർത്ഥമാക്കേണ്ടതില്ല അതല്ലെങ്കിൽ ആ സമയത്തും നായിക കാമക്രീഡാരസവിലുളിത യായിരുന്നു എന്നുകൂടി പറയേണ്ടിവരും. നനേപതി-എന്നു പാഠാന്തരം. പുസ്തകത്തിലെ പാഠം തന്നെ ഉത്തമം.

88. അന്തിത്തേവാരവുമയിസഖേ എന്നു പാഠാന്തരം. ഒട്ടിരാ വേ എന്നും പാഠമുണ്ടു്-അർത്ഥഭേദമില്ല. പിന്നേ എന്തിനുമാറുന്നു?

89. വയറ-വയറാട്ടം എന്ന തിരുമ്മൽ. പൊഴിയും=നീണ്ടകര പ്പൊഴിയും.

90. പൂക്കൈതയും-ഇരുവശത്തും നില്ക്കുന്ന പൂക്കൈതകളും. അന്നു നീണ്ടകര അഴിയായിരുന്നിരിക്കയില്ല. ചിന്നത്തിനു തമിഴിൽ

ശംഖം, കാഹളം എന്നൊക്കെ അർത്ഥം കാണുന്നു. ഇവിടെ ശംഖമായിരിക്കാം. കുരൽ-കണ്ഠം എന്ന് അർത്ഥമെടുക്കേണ്ടതില്ല. ധ്വനി, ഗാനം എന്നൊക്കെ അതിനു അർത്ഥമുണ്ട്. പിന്നാച്ചാത്തിന്റെ ധ്വനിയോടു കലർന്നൂരുന്ന കാഹളവും കൊമ്പും. പടയറ-പടയൊറ എന്ന പാഠാന്തരം സ്വീകരിച്ചാൽ പടയാ എന്ന് ഒരു സ്ഥലത്തെ സങ്കല്പിക്കേണ്ടതായി വരില്ല. 'പടയൊറയ്ക്കു' എന്താണു ന്യൂനത എന്നു മനസ്സിലാകുന്നില്ല. തേടിക്കൊണ്ടാൻവ്-തേടിക്കൈക്കൊണ്ടു ഒന്നു. തെടിക്കൊണ്ടുവന്ന എന്ന അർത്ഥം വരില്ല. പെെങ്ങും=ഇടതൂർന്നു വളരുന്ന. പെരുക എന്ന പാഠം മതി. പൊങ്ങും-അച്ചുടിത്തെറവ്.

92. കനമടികളാൽ-കനത്ത മടികളാൽ (തുണിക്കെട്ടുകളാൽ) എന്നും സോമപക്ഷത്തിൽ (കനം-മേഘം; മടി-ബാധ) മേഘബാധയാൽ എന്നും. 'വേവച്ചന്നിൽച്ചുളവു്' അപപാഠംതന്നെ.

93. മുക്കരിക്കിൻറതാകിൽ-മുക്കരിക്കുന്ന പക്ഷം. തമിഴിലേ മുക്കാരശബ്ദത്തിൽ നിന്നുണ്ടായതു്. മുക്കാരം=മക്കടമുഷ്ടി; മുഷ്ക്കു് മുഷ്കാരം, ഇവ ഭാഷാശബ്ദമായ മുക്കാരത്തിന്റെ സംസ്കൃതീകൃത രൂപങ്ങളാണു്. (കോട്ടി ഗോഷ്ഠി ആയതുപോലെ) മറിച്ചു വരില്ല.

94. ബാണാരേഃ തൽ ഭവനയുഗളം, ബാണാരിയുടെ (ശ്രീകൃഷ്ണന്റെ) ആ രണ്ടു ക്ഷേത്രങ്ങൾ (പുതുക്കുളങ്ങരയും കൃഷ്ണപുരവും)

95. വല്ലീബാലതരുണികൾ (വല്ലികളാകുന്ന ബാലതരുണികൾ) ബാല=കഥയില്ലാത്ത foolish (see Apte)

96. തെൻറൽ അപപാഠമാണു്. തേരൽ എന്ന പാഠം സ്വീകാര്യം. തെങ്ങിൽതങ്ങി എന്ന പാഠം സ്വീകാര്യമല്ല. മറുവരികളിലും പദങ്ങളെ ആവർത്തിച്ചിരിക്കുന്നതു നോക്കുക. ചുവട്ടിൽ തേരത്ത- എന്നതിനെ-തേരൽ എന്നു തിരുത്തി വായിക്കുക. വരിവണ്ടിണ്ട-ബഹുവ്രീഹി. വരിവണ്ടിണ്ടയാകുന്ന തെൻറൽ എന്ന വ്യാഖ്യാനം അസംബന്ധമാണു്. തെൻറൽ എന്നതു് അപപാഠം തന്നെ. തേരൽ എന്നായിരിക്കണം ശുദ്ധപാഠം. മുലത്തൊത്തിൽ എന്ന പാഠം കൊള്ളാം.

97. കാറക്കാർ മങ്കുഴലികൾ എന്നു ഇളംകുളം. അർത്ഥം പറഞ്ഞിട്ടില്ല. കാർമൺ (ഒക്കുന്ന) മൺ=ഒപ്പനെ-ഉവമ.

98. തട്ടാൻ....അമ്പലം....തട്ടാരമ്പലം. അഴലാന്ന എന്നതു അപപാഠം. അഴകാന്ന എന്നാണു ശുദ്ധപാഠം. അവിടെ എന്നു കഴിഞ്ഞ് 'തി' അച്ചടിയിൽ വിട്ടിരിക്കുന്നു. വലത്തേ നടന്നു്-വലത്തുവശത്തൂടെ നടന്നാൽ=ഇണ്ടൽതീര-ഇണ്ടൽ തീരുമാറു്. കണ്ടേതണ്ടാർമകൾ എന്നതു അപപാഠമാകുന്നു.

99. കണ്ടം-മതി-അർത്ഥമൊന്നുതന്നേ. വരമാതിന്നു് എന്നിടത്തു മലമാതിന്നു് എന്നു പാഠഭേദം. അർത്ഥവ്യത്യാസമില്ല.

100. പോർക്കൊങ്ക-തമ്മിൽ തിക്കുന്ന എന്നോ പോർ (കുംഭം കുവിയൽ) പോലെയുള്ള കൊങ്കയെന്നോ ആവാം. തമിഴകാരാദിയിൽ പോർ ശബ്ദത്തിനു് കുവിയൽ എന്നും നെരുങ്ങ്കുതൽ എന്നും അർത്ഥം കൊടുത്തിട്ടുള്ളതിനാൽ രണ്ടർത്ഥവുമാവാം. കോറേറൻ-കോൽ + തേൻ (ലീലാതിലകം സൂത്രം 63). മരക്കൊമ്പിൽ നിന്നൊട്ടുക്കുന്ന തേൻ, ചെറുതേൻ. കോൽ എന്നതിനു് ഇവിടെ തടി എന്നാണർത്ഥം. കാറേറാടാട്ടം നളിനമിഴികൾ എന്നിടത്തു കാറേറാടാട്ടം നട്ടുവു കലയ എന്നു പാഠാന്തരം. പ്രകൃതത്തിൽ ഈ പാഠം വളരെ യോജിക്കുന്നു. ചെറുതുരച്ചെന്ന കൂട്ടത്തിൽ എന്നും ചെറുകരച്ചേന്ന കൂട്ടത്തി എന്നും പാഠഭേദങ്ങൾ. രണ്ടാമത്തെ പാഠമാണു ശരിയെന്നു പ്രഥമദൃഷ്ടിയാൽ തോന്നാം. എന്നാൽ അതു ഒരു ഗ്രന്ഥത്തിലും ഉള്ളതല്ല. ഉള്ളൂരിന്റെ മനോധർമ്മവിലാസത്താലുണ്ടായതായിരിക്കണം.

101. ആട്ടം വല്ലം എന്ന പാഠാന്തരം. നൃത്തം അഭ്യസിക്കും മാതിരിയുള്ള മിഴിയെന്നും നൃത്തത്തിൽ സാമർത്ഥ്യമുള്ള മാതിരി മിഴിയും എന്നും അർത്ഥങ്ങളും പറഞ്ഞുകാണുന്നു. എന്നാൽ നൃത്തം അഭ്യസിക്കുകയാണോ എന്നു തോന്നുമാറു ചഞ്ചലമായ മിഴിയും എന്നു പറയുന്നതാണു കൂടുതൽ ഭംഗി. പുസ്തകപാഠം ശരിയാണെന്നു തോന്നുന്നില്ല. തൊറു് പിന്നൽ എന്നോ വസ്ത്രധാരണം എന്നോ അർത്ഥം പറയാം. (തൊറൽ-പിന്നൽ, ഉടുത്തൽ, ആടൈ ചാർത്തൽ-ത. അകാരാദി) വസ്ത്രധാരണം അഥവാ വേഷം എന്ന അർത്ഥം കൂടുതൽ യോജിക്കുന്നു. പുസ്തകപാഠം അന്യൂനമാണു്. തോററം ഉള്ളൂർ ഉണ്ടാക്കിയ പാഠമാണെന്നുതോന്നുന്നു. ആളാമണിക്കീഴ് പാട്ടും എന്നു വേണം.

ആളാമണിയുടെ ധ്വനിയ്ക്ക് അടങ്ങിയ പാട്ടും. ചെറുകരെത്തങ്ങി നോരുന്നിയാടീം എന്ന പാഠഭേദം. പുസ്തകപാഠമാണ് കൂടുതൽ സ്വീകാര്യം.

**102.** കാവിത്തുപ്പിൻ കോണാൽ എന്ന പാഠം സ്വീകാര്യം. കാവിത്തുപ്പ്-ചന്ദ്രകാവിപ്പുടവയാണെന്ന ഇളംകുളവും അതിനെ തുടൎന്ന് ശൂരനാടനും പറയുന്നു. ഇവിടെ ഗ്രന്ഥം പകൎത്തിയവർ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടെന്നു സ്പഷ്ടമാണ്. കാവിത്തുപ്പിൻ കോണാം പോർ മുലയിണ മറച്ചങ്ങനെ; കാവിത്തുപ്പിൻ കോന്നാൽ വൃണാർ മുലയിണ മറച്ചങ്ങനെ; കാവിത്തുപ്പിൻ കൊണ്ണാൽ പോർ മന്മുലയിണ മറച്ചങ്ങനെ-എന്നിങ്ങനെ പകർത്തിയെഴുത്തുകാരുടെ മനോധൎമ്മം അനുസരിച്ചാണു പാഠങ്ങൾ. ഒരു പാഠംകൊണ്ടും അൎത്ഥം വ്യക്തമാകുന്നില്ല. തുപ്പിനു ചേല എന്നു അൎത്ഥമേഇല്ല. 'തുക്കുക' എന്നക്രിയയ്ക്ക് ഇല്ലാത്തതായ ഒരൎത്ഥമാണ് മാറ്റൽ. അഥവാ ഉണ്ടെങ്കിൽ തന്നെയും വസ്ത്രം എന്ന അൎത്ഥം എങ്ങനെ കിട്ടും?

കാവിയുടെ (ചന്ദ്രക്കാവിച്ചേലയുടെ) തുപ്പാൽ (മാറ്റലാൽ) ചേലമാറിപ്പോവുകയാൽ അതിൻെറ കോണുകൊണ്ട് എന്നു അൎത്ഥം പറയാം എന്നുതോന്നുന്നു. (തുപ്പ്-മാറ്റൽ എന്നു പേരകാരാദി)

കാവിത്തുപ്പായിരിക്കുമോ? അപ്പോൾ പൂങ്കൊത്തുകൊണ്ട് പോർ കൊങ്ക മറച്ചിട്ട് എന്നു അൎത്ഥം വരും.

കാവിത്തുപ്പ് എന്ന പാഠം എടുക്കുന്നതായാൽ കായ്‌വിത്ത്; ചൂതാട്ടക്കരുവി അതിൻെറ അടപ്പ് (ചെപ്പ്)-ആ ചെപ്പുപോലെയുള്ള മുല എന്നു ശ്ലേശിച്ചു അൎത്ഥം പറയാം.

കവരി-തിരുപ്പനാണെന്ന കതിർ വേലുപ്പിള്ളയും പറഞ്ഞിട്ടില്ല. അഥവാ പറഞ്ഞിട്ടുണ്ടെങ്കിൽ തിരുപ്പൻ മുടിയില്ലായ്മയേ ആണല്ലോ സൂചിപ്പിക്കുന്നത്—വേണീഭാരത്തിൽ തിരുപ്പൻെറ ആവശ്യമേ ഇല്ല. കവരി-വിശറിയുടെ ആകൃതിയിലുള്ള കെട്ടാണ്—അടുത്തകാലംവരെ മലയാളസ്ത്രീകൾ മുടി കെട്ടി വന്നതു ഇങ്ങനെ

ആണ് അതിനാൽ മിസ്റ്റർ പിഷാരടി പറഞ്ഞ അർത്ഥമാണു സാധു. (കവരി=വിശറി) നാഗഫണ ധമ്മില്ലം എന്നു ഇളംകുളം പറഞ്ഞിട്ടുള്ളതും ശരി. കാണാം മുത്തുാറമരുമെന്ന പാഠാന്തരം സ്വീകാര്യം കയൽ=ഉ ചൽ=കെണ്ടമീൻ.

103. കാൺമൂപിന്നെ എന്നു പാഠാന്തരം. ഓടവന്നാടർകോനേ–ഓട+വല്+നാടർ ഓടയാകുന്ന വലിയ നാടിന്റെ കോൻ. ഓടനാടാന്തകോനേ എന്നു പാഠാന്തരം. ഇതും ഉള്ളൂരിന്റെ തിരുത്താണെന്നു തോന്നുന്നു.

104. തന്നെയും മേൽ വലിഞ്ഞു് എന്നാണ് ഉള്ളൂരിന്റെ പാഠം. വലിഞ്ഞു് എന്നതിനു അർത്ഥം എന്താണാവോ? പാണ്ഡവൻ–അർജ്ജുനൻ.

105. മുഴകിയൊഴകി എന്നതിനേക്കാൾ പുസ്തക പാഠമാണു നന്നു്. പല്ലില്ലാഞ്ഞല്ലഴക് എന്നു തന്നേയാണ് പിഷാരടിയുടെയും പാഠമെന്നു വ്യാഖ്യാനത്തിൽ നിന്നു കാണാം. അച്ചടിപ്പിശകിനേ ആധാരമാക്കി പാഠപ്പിഴകല്പിക്കുന്നതു ശരിയല്ല. കൊള്ളുൻറു താനരുണമണിവാ–കർത്താവിനെ പറഞ്ഞിട്ടില്ലെങ്കിലും ആരാണു കൊള്ളുന്നതു എന്നു സ്പഷ്ടമായതുകൊണ്ടു 'കോള്ളിൻറു പോൽ തരുണർ' എന്ന പാഠം തിരുത്തേണ്ടതായിട്ടില്ല. എന്നുമാത്രമല്ല വല്ലാഭോയാം എന്നു ഏകവചനത്തോട്ടു തരുണർ എന്ന ബ. വ. ശബ്ദം ഘടിക്കയുമില്ല. രവിവമ്മയ്ക്കു് പല്ലില്ലായിരുന്നു എന്നു ഉള്ളൂർ ഊഹിക്കുന്നു. മഹാകവിയായതുകൊണ്ട് എന്തു കല്പനയാണു പാടില്ലാത്തതു! പക്ഷെ, ഈ പദ്യം അങ്ങനെ ഒരു ഊഹത്തിനുവഴി നല്കുന്നില്ല. കേരളത്തിൽ ഒരു സ്ത്രീക്കു് അനേകം ഭർത്താക്കന്മാർ അന്നുണ്ടായിരുന്നു എന്നു വ്യാഖ്യാനിക്കാഞ്ഞതു് അത്ഭുതം. ഭർത്താക്കന്മാർ പല്ലില്ലാഞ്ഞിട്ടല്ല പ്രേമവായ്പുകൊണ്ടുമാത്രമാണ് തമ്പലത്തെ സ്വീകരിക്കുന്നതു്. അതുപോലെ ആദിത്യവമ്മയ്ക്കു് ഊണിനും മററും മററൊരാളെ ആശ്രയിക്കേണ്ടതില്ല; എങ്കിലും സ്നേഹാതിശയത്തെ ആധാരമാക്കി ഓണാട്ടു രാജാവിന്റെ അട്ടുക്കൽ നിന്നു ഭക്ഷണം കഴിക്കുന്നു. പന്തിഭോജനത്തിനു അർഹത ഓണാട്ടു രാജാവിനില്ലായിരുന്നു എന്നർത്ഥമില്ല.

**106.** ഏണാക്ഷീണാം കലമണി എന്നിടത്തു മുടിമണി എന്ന പാഠഭേദം. പുസ്തകപാഠം നന്ന്. വാഴുന്നുനീലി എന്നതിനെ ഒരു വ്യാഖ്യാതാവു് വാഴ്‌ന്നുണ്ണുനീലിം എന്ന മാററിയിരിക്കുന്നു. വാഴ്ന്ന–ഉണ്ണുനീലി എന്നായിരിക്കാം ഉദ്ദേശം. അന്നല്ല ഇന്നും ഇങ്ങനെ ഒരു പ്രയോഗം കാണില്ല.

വാഴ്–ഉണ്ണുനീലി വാഴുന്ന ഉണ്ണുനീലി. വാൾ + നാൾ–വാഴ്നാൾ=വാണ്ണാൾ–വാണാൾ. അമ്പു്–അൻപു്–സ്നേഹം.

**107.** ചിരസ്ഥായിനി—മിന്നൽ ക്ഷണപ്രഭയാണു്. മിന്നലിനേക്കാൾ ഉണ്ണുനീലിക്കു് വ്യതിരേകഭംഗിയിൽ ഉൽക്കർഷം കല്പിച്ചിരിക്കുന്നു.

കാർമുകിൽ കീഴ്സ്ഥിതിചെയ്യുന്ന മിന്നൽക്കൊടിയോ എന്നു തോന്നുമാറു് വന്നു ചേരുന്ന പൂവാർ കുഴൽ നിഴലെഴച്ചേന്ന ചാമ്പേയഗൌരി നിന്നെ കടാക്ഷങ്ങളാൽ പുല്കും എന്നു സാരം. നിഴൽ ശബ്ദത്തെ ആവത്തിച്ചിട്ടുണ്ടെങ്കിലും അർത്ഥവ്യത്യാസം ഉള്ളതുകൊണ്ടു് പൌനരുക്ത്യ ദോഷമില്ല. നിഴൽ=ഛായ; കാന്തി, ശ്രീ. പൂ + വാർ + കുഴലി, എന്നോ പൂ + ആർ + കുഴലി എന്നോ പദം പിരിക്കാം. പൂഞ്ചേല, പൂമ്പട്ടു് ഇത്യാദികളിലേപ്പോലേ പൂ=മൃദുലമായ–വാർ=ദൈർഘ്യം, ശോഭ. പൂപോലെ മൃദുലവും നീണ്ടതും (അഥവാ ശോഭയുള്ളതും) ആയ മുടിയെന്നോ. പൂ + ആർ + കുഴൽ=പൂപോലെയുള്ള കുഴൽ. ആർ–ഉപമാവാചകം. ആർ=മനോഹരം പൂപോലെ മനോഹരമായ തലമുടി–അതുമല്ലെങ്കിൽ പൂ ആന്ന തലമുടി–പൂ ചൂടിയ തലമുടി. ഈ എല്ലാ അത്ഥങ്ങളും യോജിക്കും.

എഴ എന്നതിനു ഇട എന്നു് ചിലർ: അതിനു് ആ അത്ഥമേയില്ല. എഴച്ചേന്ന=എഴുമാറച്ചേന്ന എന്ന അത്ഥം നേർവഴിക്കു പറയാമല്ലോ.

**108.** നമ്മിൽ–എന്നിടത്തു നിമ്മിൽ എന്നു പാഠാന്തരം (നിങ്ങൾ തമ്മിൽ) ഈ പാഠം കൊള്ളാം. ഒരു വ്യാഖ്യാനത്തിൽ അവനെക്കണ്ടു എന്ന നേരായ പാഠത്തെ അവനെകൊണ്ടു എന്നു മാററിയിട്ടു് ക്ലേശിച്ചു അത്ഥം പറഞ്ഞുകാണുന്നു. നല്ലേടം–തക്ക

അവസരം. എത്ര കസത്തു വേലനടത്തിയാലും അതിനു നല്ലപോലെ എന്ന അർത്ഥം കിട്ടുകയില്ല. അതുപോലെ തന്നെ വഴങ്ങുക എന്നതിനു നിർബന്ധിച്ചു പറക എന്നും അർത്ഥം ഇല്ല. ഇപ്പൊഴും പ്രയോഗമുള്ള ഒരു വാക്കാണല്ലൊ (വഴങ്ങ്കുതൽ-ചൊല്ലൽ) ഇപ്പൊഴത്തെ 'വഴങ്ങു' മായി ഈ ധാതുവിനു ബന്ധമില്ല. മിസ്റ്റർ പിഷാരടിയുടെ പാഠവും വ്യാഖ്യാനവും എത്രയോ ഭംഗിയിരിക്കുന്നു. 'ചൊല്ലിച്ചു' എന്ന പാഠാന്തരം വേണമെന്നില്ല.

**109** മൽപ്രിയാപ്രേമബദ്ധഃ എന്ന പാഠത്തിനു പ്രേമസിന്ധോ എന്നു ഒരു പാഠാന്തരം കാണുന്നു. അർത്ഥവ്യത്യാസമില്ലെങ്കിലും ആദ്യത്തേതാണു നന്ന്. ബന്ധോ എന്നു സംബോധനയായെടുക്കുന്നതു അബദ്ധം തന്നെ. അവളുടെ കടാക്ഷങ്ങൾ പുണ്യം ചെയ്താലേ ലഭിക്കൂ എന്നു അഭിവ്യക്തം.

**110.** ചാമ്പിമാഴ്കിൻറ-ചാമ്പി എന്നതിനു ആകർഷിച്ചു് എന്നു് അർത്ഥമുണ്ടു്. എന്നാൽ മാഴ്കുക എന്നതിനു ഇണക്കുക എന്നർത്ഥമില്ല.

(ചാമ്പുതൽ-ഇഴുത്തൽ-ആകർഷണം)(മാഴ്കൽ-ഇരങ്ങ്കുതൽ മയക്കുതൽ). ആകർഷിച്ചു മയക്കുന്ന നേത്രങ്ങളോടു കൂടിയവൾ. പക്ഷേ മാഴ്ക്കിൻറ എന്നായിരിക്കും പാഠം.

ചാമ്പുക എന്നതിനു് ചിലർ പറയുമ്പോലെ അടയുക എന്നർത്ഥമുണ്ടോ എന്തോ-ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. അഥവാ ഉണ്ടെങ്കിൽ തന്നെ അവളുടെ നേത്രങ്ങളിൽ ദുഃഖം സ്ഫുരിക്കാനുള്ള കാരണം കാണുന്നുമില്ല. പൂന്തേൻ വെല്ലും എന്നു പാഠാന്തരം.

**111.** പിററനാൾ ഒട്ടു് എതിരെ=ഒട്ടുപുലരുമ്പോൾ. എതിരേ എതിർതല് എന്ന ധാതുവിൻറ വിനയച്ചം-എതിരവേ. ഇപ്പോൾ അതു സ്വതന്ത്രവാക്കായിതീർന്നു. മുററ എന്നു പാഠാന്തരം. വാസ്തവത്തിൽ അർത്ഥഭേദമില്ല. (മുററ-മുൻപിൽ എന്നു ഇളംകുളം; നന്നേ എന്നു മറെറാരു വ്യാഖ്യാതാവു്) എന്തിനിത്ര ക്ലേശം? മവകരയിൽ കാറാക്കാർമൽ കുഴലികൾ നാലുപാടും ഉല്ലസിക്കുന്ന ചെന്നിത്തല

എന്ന പ്രദേശം മുഴുവനും കാണുക എന്നു പറഞ്ഞാൽ പോരേ? ഇല്ലാത്ത അർത്ഥങ്ങൾക്ക് എന്തിനു പോകുന്നു? കാർമങ്കുഴലി–പാഠാന്തരം. (കാർ + മൺ + കുഴലി = കാറൊക്കുന്ന കുഴലുകളോടു കൂടിയവൾ) മറുകരത്തു് എന്നു കവി പ്രയോഗിച്ചിരിക്കുമോ എന്തോ? മറുകരെ–തൺപിൽ എന്നായിരിക്കാം ഒരു പക്ഷേ വിവക്ഷിതം. (ഹൃദയം) കുളുർക്കുമാറു് എന്നർത്ഥം.

**112.** ചോമൻ തുണ്ടം എന്നു പാഠാന്തരം. അർത്ഥവ്യത്യാസമില്ല. ചിട, ചെട, ചട എല്ലാ രൂപങ്ങളും നടപ്പുണ്ടു്. അക്കാലത്തു ചിട എന്നരൂപമില്ലായിരുന്നു എന്നു ചിലർ പറയുന്നതു കുറെകടന്ന കയ്യാണ്. വേറെ വേറെയായി–തനിച്ചു് പ്രത്യേകമായി–വേറുതൽ എന്ന ധാതുവിൽ നിന്നുണ്ടായ വിനയച്ചം. ഇപ്പോൾ സ്വതന്ത്രമായി തീർന്നിരിക്കുന്നു. ഇരന്നും വലിഞ്ഞും=ഇരന്നും പിൻവാങ്ങിയും. വലിഞ്ഞു് ഇരന്നും എന്ന അന്വയം സാധുവല്ല. ഇരക്കും പിന്മാറും; പിന്നെയും ഇരക്കും പിന്മാറുംഎന്ന മട്ടിൽ. ക്രമൻ പാച്ചൻ എന്നതു കയിലാണെന്നു എല്ലാ വ്യാഖ്യാതാക്കന്മാരുംപറയുന്നു. അങ്ങനെ ഒരു വാക്കു മറ്റെങ്ങും കണ്ടിട്ടില്ലതാനും. ക്രമംപാച്ചൽ–മധുരവചസാ എന്നായിരിക്കുമോ. പാച്ചൽ + മധുരവചസാ–പാച്ചന്മധുരവചസാ എന്നാകും. ക്രമം–നീരുറവ, നദി. നദിഒഴുകുമ്പോൾ ഉണ്ടാകുന്ന മധുരധ്വനി ശിവനോടു കാമനോടുകൂടിയുള്ള വൈരം മതിയാക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന സ്ഥലം എന്നു് അർത്ഥം പറയാം. ഇരമത്തൂർ തന്നെ. പാഠഭേദം ആവശ്യമില്ല ഇരമീന്റെ ഊർ= കാമന്റെ ഊർ.

**113.** തുകും പൂന്തേൻ പരിമളഭരത്തിനു് ക്രുവിൽ പൂവിൻ പരിമളം എന്നൊരു വിചിത്രമായ പാഠം ഇപ്പോൾ കാണുന്നു. ക്രുവിൽ–ഭൂമിയിൽ എന്നാണോ എന്നു സംശയിക്കയും ചെയ്യുന്നു. ക്രുവലം എന്നാണെങ്കിൽ കുവലയം എന്ന അർത്ഥം പറയാമായിരുന്നു ക്രുവലം ക്രുവൽ ആയിച്ചുരുങ്ങിയതായിവരാം–ഭൂമിയിൽ എന്നു കവി വിവക്ഷിച്ചിരുന്നില്ല എന്നു നിശ്ചയം. ഈ പുസ്തകത്തിലെ പാഠത്തിനു ശരിയായ അർത്ഥം ഉള്ളപ്പോൾ സന്ദിഗ്ദ്ധാർത്ഥമായ ഒരു പാഠം എന്തിനു സ്വീകരിക്കുന്നു? നമ്പുതോൽ–ഞാവൽ മരത്തോലു്–

ഇലവു് അല്ലെങ്കിൽ നമ്പും–ഞാവൽ മരങ്ങളും–തോലും (മുളകളും). നടപ്പിൽ മേവും കാവു്–നടക്കാവു്. തട്ടാൻ പൂവ്ം എന്ന പോലുള്ള ഒരു പ്രയോഗമാണിതു്. മാവു എന്നതു് അപപാഠം തന്നെ. പഥിയുഴറി എന്നിടത്തു് കഴിയുഴറി എന്നൊരു പുതിയ പാഠം കാണുന്നു. കഴിഞ്ഞു് ഉഴറി എന്നർത്ഥവും കൊടുത്തിരിക്കുന്നു. രൂപസിദ്ധി എങ്ങനെയാണാവോ? പഥിയുഴറി എന്നതിനു ശരിയായ അർത്ഥം പറയാവുന്ന സ്ഥിതിക്കു് ഈ പുതിയ പാഠത്തിന്റെ ആവശ്യം കാണുന്നില്ല. ഉഴറുക എന്നതിനു സഞ്ചരിക്കുക എന്നു്, അർത്ഥമുണ്ടു്. (ഉഴറുതൽ=സഞ്ചരിത്തൽ–തമിഴകാരാദി) പഥി=മാർഗ്ഗമദ്ധ്യേ. നവന്തേൻ പരിമളഭരത്തോടുകൂടിയ ഞാവൽ മരത്തണലാന്ന നടക്കാവു കടന്നു് എന്നർത്ഥം പറയാം.

മേവുന്ന എന്നതിനു് ഇച്ഛ തോന്നുന്ന എന്നു അർത്ഥമുണ്ടു്. പക്ഷേ ഇവിടെ ആ അർത്ഥം എടുക്കേണ്ട ആവശ്യമില്ല.

കൂവീട്ടു് = ഒരു വിളിപ്പാടു്. തമിഴിൽ അതിനു് കോചം (ക്രോശം), കൂവുതുരം, കൂപ്പിട്ടുതുരംഎന്നു പറഞ്ഞുവരുന്നു. രണ്ടുകാതം കൂടിയതാണു് ഒരു ക്രോശം അഥവാ കൂവീട്ടു്.

**114.** കച്ചയ്യോക്ക=കച്ചക്കയറിനോടുകൂടിത്തന്നെ എന്നോ കച്ചൽ=വാഴപ്പിണ്ടി. വാഴപ്പിണ്ടിക്കുതുല്യം നിഷ്പ്രയാസമായി എന്നോ. കതിനെന്ന (തമിൽ കതുമെന) വേഗത്തിൽ. ആര–മനം മകിഴമാറു് (തമിഴ് പ്രയോഗം); മതിയാവോളം.

ഓരോ യുഗത്തിന്റെ അവസാന ഘട്ടത്തിൽ അത്യുന്നതന്മാരായ ദിഗ്ഗജേന്ദ്രന്മാരുടെ കഴുത്തുകളെ കച്ചകളോടുകൂടിത്തന്നെ അല്ലെങ്കിൽ അവയെ വാഴപ്പിണ്ടികണക്കേ മുറിച്ചു് അത്യന്തം ഭയം ജനിപ്പിക്കുമാറു് പച്ചച്ചോരക്കളി കുടുകുടെ കോരിക്കുടിച്ച ശേഷം ഉപേക്ഷിച്ച എച്ചിൽ കിണ്ണമാണു് ഈ ആകാശമണ്ഡലം. പാത്രത്തിന്റെ ആകൃതിയിലും പ്രഭാതമായതിനാൽ അരുണവർണ്ണമായി ഇരിക്കുന്നതിലും സാദൃശ്യം സ്പഷ്ടം.

116. അചംപ്പെണ്ണിനെ = അചലപ്പെണ്ണിനെ -അച്ചടിപ്പിശക്.

തൃപ്പാപ്പൂർ മൂപ്പടയ എന്നു പാഠാന്തരം. പുസ്തകത്തിലെ പാഠത്തിനു് തെറ്റില്ല. അടയും-മടവാർ എന്നിടത്തു് തമിഴ് രീതിയിൽ അനുസ്വാരം വിട്ടിരിക്കുന്നു. അടയുക=പ്രാപിക്ക. മടവാർ-ബാലത്തരുണികൾ എന്നപോലെ അതായതു് അറിവില്ലാത്ത സ്ത്രീകൾ. (മടന്തൈ=പത്താൻപതുവയസ്സായ സ്ത്രീ) വിരണ്ടു്-ജാഗ്രതയോടെ എന്ന അർത്ഥമുണ്ടെന്നു തോന്നുന്നില്ല. തമിഴിലെ (വിരൈതൽ ധാതു)= വേഗത്തിൽ.

117. വഴങ്ങേൻ=ഞാൻ അപേക്ഷിക്കുന്നു എന്നർത്ഥമില്ല-മറിച്ചാണർത്ഥം. വഴങ്ങിന്റേൻ എന്നതിന്റെ നിഷേധരൂപമാണു് വഴങ്ങേൻ-പറയുന്നില്ല എന്നർത്ഥം. [വഴങ്ങ്കൽ=ചൊല്ലുതൽ-തമിഴകാരാദി.]

118. ചിരവാ എന്നതു അച്ചടിപ്പിശക്. ചിറവായ്ക്കില്ലമാം തെന്തുരുത്തി എന്ന പാഠത്തിലെ അനുസ്വാരം കളഞ്ഞാൽ ശുദ്ധപാഠം കിട്ടും. ചിറവാ സ്വരൂപത്തിന്റെ മൂലകുടുംബമായ ആതൻതുരുത്തി. ആലൻ തുരുത്തി എന്നു പാഠാന്തരം. ഇപ്പോൾ ആ സ്ഥലത്തിനു് ആലൻതുരുത്തി എന്നുതന്നെയാണു് പേരു്. അതിനാൽ പാഠം സ്വീകാര്യം. പഴ+ആറു്=പഴവാറു് വാറു്=ഒഴുക്കം, വഴക്കം. പരമ്പരയാ നടത്തിവരാറുള്ള ചടങ്ങു്. തമിഴിലും വകാരാഗമം 'പഴവരിശി' ഇത്യാദി പദങ്ങളിൽ കാണ്മാനുണ്ടു്.

119. തദനു=അതിനുശേഷം-ഭവതോ മുമ്പിലയായി-അവിടുത്തെ മുൻപിലായി; അവിടെ വസതാം മാടമ്പീനാം-അവിടെ വസിക്കുന്ന മാടമ്പിമാരുടെ. ധന്യമാകും നിവാസം (ധന്യനിവാസസ്ഥാനം) പാർമേൽ-ഭൂമിയിൽ അവരുടെ ആണിയായ വീടുണ്ടല്ലോ. (ആണി-മുതന്മൈ-ആധാരം) അതായതു മൂലകുടുംബം ഉണ്ടല്ലോ.

119-120. നദിയ്ക്കു പ്രൌഢനാരീഭാവം ആരോപിച്ചിരിക്കുന്നു. മെത്തും മത്തഭ്രമരമുഖരാം - വർദ്ധിച്ചിരിക്കുന്ന ഭ്രമരങ്ങളെ

കൊണ്ടു് ശബ്ദായമാന. പ്രൌഢനാരിയ്ക്കും മത്തഭ്രമരമുഖരതയുണ്ടല്ലോ. (ഭ്രമരൻ=കാമുകൻ, വിടൻ അവരുടെ രതിപ്രാൎത്ഥനാദികൾകൊണ്ടു് മുഖരത) മത്ത...... ...ഢ്യാം—അംഭോരുഹങ്ങൾ പങ്കത്തിൽ നിന്നുത്ഭവിക്കുന്നവയാണല്ലോ. എന്നാൽ ഈ നദിയിൽ കാണുന്ന അംഭോരുഹങ്ങൾ പ്രമദകളായ കാമിനികൾ തെരുതെരെ എന്നും കളിക്കയാൽ അവരുടെ കൊങ്കത്തടങ്ങളിൽ പൂശിയിരിക്കുന്ന കളഭക്കൂട്ടു് അലിഞ്ഞുണ്ടായ പങ്കത്തിൽ ജനിച്ചവയാണെന്നൊരു വിശേഷമുണ്ടു്. കളഭങ്ങളുടെ (കുട്ടിയാനകളുടെ) കളിയാൽ പൊങ്ങുന്ന അംഭോരുഹങ്ങളോടുകൂടിയതു് എന്നും അൎത്ഥം വരാമെന്നു് ഒരു വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു. ചിരിക്കാതെ എന്തു നിവൃത്തി? അങ്ങനെ ആണെങ്കിൽ മുല്ലത്താത്തിന്റെ എന്ന വിശേഷണം ഘടിക്കാതെ വരുന്നു. അതു മാത്രമല്ല. ആനക്കുട്ടികളുടെ കളികഴിഞ്ഞാൽ പിന്നെ താമരപ്പൂക്കൾ എവിടെ പൊങ്ങാനാണു്? അംഭോരുഹാഢ്യാം=അംഭോരുഹങ്ങൾകൊണ്ടു് ആഢ്യാ—നിറഞ്ഞതു്. ആഢ്യ—സമ്പന്ന—ഉൽകൃഷ്ട. ഈ നദിയും ഒരു പ്രൌഢവനിതയേപ്പോലെ മുക്താകലാപത്തോടുകൂടിയതാണെന്നു് കവിസങ്കല്പം. കലാപം—സമൂഹം—നായികാപക്ഷത്തിൽ കാഞ്ചി അഥവാ അലങ്കാരം. തത്തിത്തത്തി എഴുന്ന(തത്തുക—പായുക. (കുതിക്കുക—നിറഞ്ഞൊഴുകുക, പരക്കുക, ഒളിവീശുക—എന്നിങ്ങനെ പല അൎത്ഥങ്ങളും തമിഴകാരാദിയിൽ കാണുന്നു) തത്തിത്തത്തിയെഴുന്ന ചെറുതിരകളിൽ തെറിക്കുന്ന നുരകളാകുന്ന മുക്താകലാപത്തോടുകൂടിയതാണു്. കലാപം എന്ന പാഠം ശരിയല്ല. കൊത്തുക എന്ന ക്രിയയ്ക്കു ഒരു കൎമ്മം ഉണ്ടാക്കാനായി കലാപം എന്നു പാഠം മാററുകയാണു് ഒരു വ്യാഖ്യാതാവു് ചെയ്തിരിക്കുന്നതു്. കൊത്തൽ എന്നു ധാതുവിനു ഇര എടുക്കൽ എന്നു് അൎത്ഥം ഉണ്ടു്. (പേരകാരാദി നോക്കുക.) ഇരതേടിത്തേടി നടക്കുന്ന കുരികുകൾ പെരികെച്ചേൎന്ന തീരങ്ങൾകൊണ്ടു് അഭിരാമയായതു്, എന്നൎത്ഥം. കുരികു്—അന്നിൽ, ഞാറ, അന്നം ഇവയ്ക്കു പൊതുവേയുള്ള പേരാണു്. ഇവയിൽ ഏതെങ്കിലും ആവാം. ഈ നദി മണിമലയാണെന്നു ചിലർ പറയുന്നുവെങ്കിലും പമ്പതന്നെയാണു്. വല്ലവായു് — എന്ന

പാഠത്തക്കാൾ വല്ലവാഴ് ആണ് സമീചീനം. ഈ ദിവ്യദേശത്തേ നമ്മാഴ്വാർ, തിരുമങ്കമന്നൻ മുതലായ പ്രാചീന ഭക്തന്മാർ മംഗളാശാസനം ചെയ്തിട്ടുണ്ട്. തിരുവായ് മൊഴിയിലെ 5-ം 9-ം പാടലുകൾ തിരുവല്ലവാഴ് എന്ന 'തിരുപ്പതി'യേപ്പററിയാണ്-തിരുമങ്കയാഴ്വാരുടെ പെരിയ തിരുമൊഴിയിലും, തിരുവായ്മൊഴിയിലും 'തിരുവല്ലവാഴ്' എന്നു കാണുന്നതിനാൽ-തിരുവല്ലവാഴ് എന്ന പാഠം സ്വീകരിക്കാം.

"തേനാർ ചോലൈ ചൂഴ്തിരുവല്ല വാഴായും" എന്നു തിരുവായ്മൊഴിയിലും "മൈന്തനാർ വല്ലവാഴ് ചൊല്ലുമാ വല്ലൈയായ് മരുവുനെഞ്ചേ" എന്നു പെരിയ തിരുമൊഴിയിലും കാണുന്നു.

**121.** വാഴ്ന്നമൃതകരനെ - വാണ്ണമൃതകരനെന്ന പാഠം കൊള്ളാം. വാണമൃതകരനെന്ന പാഠത്തിലും തെററില്ല. മഴ=ജലം. മഴക്കാലിൻറ=നീർകൊണ്ട. ശ്ലോകത്തിൻെറ ചുവട്ടിൽ കൊടുത്തിരിക്കുന്ന പാഠങ്ങൾ രണ്ടിലും അച്ചടിപ്പിശകു കടന്നുകൂടിയിരിക്കുന്നു. നല്ല വാഴ്കണ്ട്-എന്നും തൊത്തിൽ മെത്തിൻെറ എന്നും തിരുത്തി വായിക്കുക.

**122.** ഇളമങ്ങിക്കരച്ചേരി എന്നിടത്തു ഇളമണ്ണിക്കരച്ചേരി ഇളമൺമികുമേച്ചേരി എന്നും പാഠഭേദങ്ങൾ. ഇളമൺ, മേച്ചേരി ഇവ പത്തില്ലത്തിൽ പോററിമാരുടെ ഇല്ലങ്ങളാകയാൽ കൂടുതൽ സ്വീകാര്യമാണെന്ന് വാദിച്ചാൽ 'മടവാർ' എന്നതിനെ മറയോർ എന്നു മാററുകതന്നെവേണം. അങ്ങനെ ചിലർ പാഠം മാററുകയും ചെയ്തിട്ടുണ്ട്-എന്നാൽ ഒരു വൈഷമ്യം ഉണ്ട്. ആദിത്യവർമ്മ തിരുവനന്തപുരം വിട്ടിട്ട് ഇവിടെ എത്തും വരെ, ഇടയ്ക്കിടക്ക് ചില ആണുങ്ങളെ ചെന്നു കണ്ടിട്ടുള്ളതല്ലാതെ, ഒരാൺകുഞ്ഞുപോലും അദ്ദേഹത്തിനെ കാണ്മാൻ ചെന്നതായി കാണുന്നില്ല. പെണ്ണുങ്ങളാണെങ്കിൽ വണ്ടിക്കണക്കിനുണ്ടായിരുന്നു താനും. ചിലേടത്തു ഒരു വീട്ടിലെതന്നെ രണ്ടും മൂന്നും സ്ത്രീകൾ തുടർച്ചയായി കാണുന്നു. അവരെല്ലാം നായർ സ്ത്രീകളായിരുന്നു എന്നു മാത്രമേ ഉള്ളൂർ പറയുന്നുള്ളു.

എന്നാൽ അവർ ഉത്തമകുല സ്ത്രീകളായിരുന്നു എന്നു തച്ഛിഷ്യഗണം ഒരു പടികൂടി മുന്നോട്ടു കടന്നു പറയുന്നു. ശരിയായിരിക്കാം. ആരു കണ്ടു? ചരിത്രം നിഷ്കർഷിച്ചു പഠിച്ചവക്ക് അല്ലാതെ അറിവാൻ മാർഗ്ഗമില്ലല്ലോ? പഴയ ചില പാട്ടുകൾ വായിച്ചു നോക്കിയാൽ നായർസ്ത്രീകൾ അന്ന് ഇത്ര അഴിഞ്ഞിറങ്ങിയവർ ആയിരുന്നു എന്നു തോന്നുകില്ല. ഏതായിരുന്നാലും ഇവിടെയും മടവാർ തന്നെയാണ് താന്താൻ മുതിന്നു വന്നതെന്നു വിചാരിക്കയാണ് നന്ന്. ആ സ്ഥിതിക്ക് ഇളമൺ, മേച്ചേരി എന്നീ ഇല്ലങ്ങളേയും വലിച്ചിഴച്ചു കൊണ്ടുവന്നിട്ടാവശ്യം കാണുന്നില്ല. അതിനാൽ ഇളമങ്ങിക്കര ചേരിയോ, ഇളമണ്ണ്, ഇക്കരച്ചേരി ഈ വീട്ടുകളോ എന്തെങ്കിലും ആയിക്കൊള്ളട്ടെ. നല്ല ഒരാദർശഗ്രന്ഥം കിട്ടുകയും സത്യനിഷ്ഠയോടു കൂടി പകർത്തിയെടുക്കാൻ ആരെങ്കിലും ഉണ്ടാവുകയും ചെയ്യുന്ന കാല ത്തേ ശരിയായ പാഠം ഏതെന്നു നിശ്ചയിക്കാവൂ. 'മറയോർ' എന്ന പാഠം സ്വീകാര്യമല്ലെന്നു മാത്രം തീർത്തു പറയാം. സത്രം എന്ന വാക്കാണ് മറയോർ എന്ന പാഠത്തിന്റെ സൃഷ്ടിക്ക് ഇടവരുത്തി യതു്. സത്രത്തിനു liberality, munificence എന്നീ അർത്ഥ ങ്ങൾ ആപ്തേയും അതിശയം എന്നു തമിഴകാരാദിയും കൊടുത്തിട്ടുള്ള തിനെ ഇവിടെ ഉദ്ധരിക്കാം.

പൊതർപ്പാൻ എന്നു പുസ്തകപാഠം. പൊറുപ്പാൻ എന്നു പാഠാന്തരം. പൊതിത്തൽ എന്ന ധാതുവിൽ നിന്നു പൊതിർപ്പാൻ എന്നു രൂപം സിദ്ധിക്കും. അങ്ങനെ മി. പിഷാരടി പറഞ്ഞ അർത്ഥ ത്തിനു സാധുത്വം സിദ്ധിക്കുന്നു. ആ മടവാർ വന്നു ആഡംബരപൂർവ്വം നടത്തുന്ന സൽകാര കോലാഹലം നീട്ടിക്കൊണ്ടുപോവാൻ അരുതു് (പോകരുതു്). പൊറുപ്പാൻ എന്ന പാഠം എടുത്താൽ ആ സൽക്കാര ങ്ങൾ ദുസ്സഹങ്ങളാണെന്നു അർത്ഥകല്പന ചെയ്യാം. രണ്ടും പ്രകൃത ത്തിൽ യോജിക്കുന്നുണ്ടു്. എന്നാൽ സത്രത്തിനു ഇവിടെ യാഗം എന്ന അർത്ഥം എടുക്കുന്നതു ഭംഗിയല്ലതാനും.

**123.** അംബരേ മേൽ മുഴങ്ങ എന്ന പാഠാന്തരം. ശുദ്ധപാഠം ഇതാണെന്നു തോന്നുന്നു. ആകാശത്തിൽ മേൽക്കുമേൽ മുഴങ്ങവേ.

124. ചൂഴം എൻറ പാഠാന്തരം. ചുററം എന്ന അർത്ഥത്തിൽ ചൂഴം എന്നും ചൂഴം എന്നും പ്രയോഗിക്കാം. ചൂഴം വില്ലും എന്ന പാഠം സ്വീകരിക്കണമെന്നില്ല. വച്ചു വാണിഭം എന്ന് ഇന്നും പ്രയോഗം ഉണ്ട്. അതിനെട്ടൊ എന്ന പാഠമാണു നന്ന്. കോഴിക്കൂട്ടം എന്ന പുസ്തകപാഠത്തിനു ആക്ഷേപമില്ല. കോഴികളെ എല്ലാം വിററിട്ട് ശേഷിക്കുന്ന കൂട്ട്. കൊഴിക്കോട്ടം കുവമർ എന്നു ക്ലേശിച്ച് അർത്ഥം എടുക്കേണ്ട കാര്യം ഇല്ല—കുവമാൽ എന്നിടത്തു് കുവമർ, കുവമാർ എൻറും പാഠാന്തരങ്ങൾ സ്വീകാര്യമായി തോന്നുന്നില്ല.

125. മുത്തൂററം—മുത്ത് + ഊററം ഊററം=മികുതി, ഉൽകർഷം. വിലയേറിയ മുത്തുകൾ അണിഞ്ഞ—മമ എനിക്ക് മുത്ത ഊററിക്കളയുന്നു. മുത്തിൻെറ ഊററം കലന്ന പോർമുല പിരിഞ്ഞിരിക്കുന്നതിനാൽ എനിക്ക് മുത്തിൻെറ ഊററൽ സംഭവിക്കുന്നു. എൻെറ മുത്ത് (സന്തോഷം) വാന്നുപോകുന്നു. അല്ലെങ്കിൽ മുത്ത്—കണ്ണീർ ഊററന്നു—എനിക്ക് കണ്ണീർ ഒഴുകുമാറാകുന്നു. ഇതാണു കുറേക്കൂടി നല്ല അർത്ഥം. (മുത്തിന് കണ്ണീരെന്ന അർത്ഥമുണ്ട്—പേരകാരാതി നോക്കുക) പുഴയും—എന്നിടത്തു ചിറയും എൻറ പാഠാന്തരം.

126. മുക്കാലും—എന്നു പാഠാന്തരം. രണ്ടിനും അത്ഥഭേദമില്ല. മുക്കാൽ എന്നതിന് മൂന്നു കാൽ, (കാലം) ത്രികാലം എന്നാണു തമിഴിൽ അത്ഥം. ഇവിടെ മൂന്നുകാലത്തും എന്നത്ഥം. എന്നാൽ അധികം പേരും എന്ന അർത്ഥം ശരിയാണെന്നു തോന്നുന്നില്ലാ.

തൃക്കൊടിത്താനം—ഇതും കേരളത്തിലെ തിരുപ്പതികളിൽ ഒന്നാണു്. തിരുവായ് മൊഴി എന്ന പുരാതന തമിഴ് പ്രബന്ധത്തിൽ നമ്മാൾവാർ അതിന് മംഗളാശാസനം ചെയ്തിരിക്കുന്നു—'തിരുക്കടിത്താനം' എന്നാണു കാണുന്നതു്. തിരുവല്ലയിൽ നിന്നു ആറേഴുമയിൽ വടക്കു്. ആഴ്‌വാരുടെ കാലത്തു് തന്നെ അവിടെ ത്രിമുഖപ്രതിഷ്ഠയുണ്ടായിരുന്നു. ഒരുവരിരുവരതോർ മൂവരെനാ നിൻറുരുവു് എന്നു് തിരുവായ്മൊഴി നോക്കുക.

127. തെഴന്നേരം—തൊഴന്നേരം എന്നു തിരുത്തി വായിക്കുക. മുരാരിം എന്നു പാഠാന്തരം 'നിക്കിൻ' എന്ന പാഠാന്തരം—തൊഴുന്ന സമയത്തു ഈശാനകോണേ നില്ക്കിൻ എന്നു പറയുന്നതു അത്ര ശരിയല്ല. അതിനാൽ ഈ പാഠം തന്നെ നന്നു്. അഴല്ക്കിൻറ, അഴക്കിൻറ—ഇവയ്ക്കു് വഴക്കടിക്കുക എന്നത്ഥം. അഴയ്ക്കിൻറ എന്നാണെങ്കിൽ വിളിക്കുന്ന എന്നു അത്ഥം പറയണം. നിൻവഴക്കിൻറ എന്നതു അച്ചടിപ്പിശകാണു്. അഴക്കിൻറ എന്നു വ്യാഖ്യാതാവുതന്നെ എടുത്തു പറഞ്ഞിട്ടുണ്ടല്ലോ.

129. രാമവമ്മാഭിധാനം—എന്നിടത്തു വീര്യ്യവമ്മാഭിധാനം എന്നു പാഠാന്തരം. എന്തിനാണാവോ?

വെൻറിക്കുന്നു വെണ്ണിമല ആയിരിക്കാം. ഏതായാലും ഉല്ക്കർഷ പവ്വതമല്ല. മണികണ്ഠപുരത്തിനു നാലഞ്ചുമൈൽ അകലെ ആണു് വെണ്ണിമല.

മരുവാർ-മരുവലർ (മരുവൽ—പൊരുന്തുതൽ)—ഇണങ്ങാത്തവർ—ശത്രുക്കൾ. തിരുവഞ്ചപ്പുഴ എന്നു പാഠാന്തരം. പുസ്തകപാഠത്തിനു ആക്ഷേപമൊന്നുമില്ല.

130. കടന്നേ എന്നിടത്തു നടന്നേ എന്നു പാഠാന്തരം. 'നടപ്പന്തലൂടേ' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് കടന്നേ എന്നു പറഞ്ഞാലും നടന്നു തന്നെയാണു കടക്കേണ്ടതെന്നു വ്യക്തം—അതിനാൽ പാഠഭേദം വരുത്തേണ്ട കാൎയ്യമില്ല. കവി ഏതുവാക്കാണു പ്രയോഗിച്ചിരുന്നതെന്നു അറിവാൻ മാർഗ്ഗവുമില്ലല്ലോ. അവിധാ സംസ്കൃതത്തിൽ സഹായാപേക്ഷയെക്കുറിക്കുന്ന ഒരു വ്യാക്ഷേപകമാണു്.

131. ചൊരിച്ചെവ്വായ് എന്ന പാഠം സ്വീകാൎയ്യം-ചാലയിൽ-എന്നതിനേക്കാൾ ചോലയിൽ എന്ന പാഠം നന്നു്. ചോലയ്ക്കു് തമിഴിൽ മലക്കാവു് എന്നാർത്ഥമുള്ളതിനാൽ—മലർക്കാവിൽ ചെന്നു പൂന്തേൻ കോരിത്തൂകുന്ന പോക്കാൽ. ഇപ്പോൾ ചോലയ്ക്കുള്ള പ്രസിദ്ധാർത്ഥം എടുക്കുന്നതു ഭംഗിയല്ല. പച്ചിലക്കൂട്ടത്തിൽ നില്ക്കുന്ന പൂവിൽ തേൻ എന്നു ക്ലേശിച്ചു് അർത്ഥം പറയേണ്ടിവരും. ചരതം

സരസത്തിൻെറ തദ്ഭവമാണെന്നു ചിലർ. അതു് അബദ്ധമാണു് —എന്തെന്നാൽ അതിനു 'സത്യം' എന്നേ അർത്ഥമുള്ളു എന്നു ഏതു തമിഴ് നിഘണ്ടു നോക്കിയാലും അറിയാം. വാസ്തവത്തിൽ എന്നേ ഇവിടെ അർത്ഥമുള്ളു. ചരതം ശുദ്ധതമിഴ്‌വാക്കാണു്.

**132.** ബാണംപോലെ — ബാണംപോകുംപോലെ വേഗത്തിലും ഇടയ്ക്കെങ്ങും നില്ക്കാതെയും ചൊവ്വായും. ചന്ദ്രമൌലിയെ ഏതോ പ്രാസപ്രിയന്മാർ മാരവൈരി എന്നാക്കിയിട്ടുണ്ടു്.

**133.** മാഞ്ചുവട്ടുതോറും തണലിൽ വിളനെല്ലുകാത്തുകൊണ്ടിരിക്കുന്ന കന്യകമാരുടെ കാതോളം നീണ്ട കറുത്ത നയനങ്ങൾ കണ്ടിട്ടു മാനുകൾ ആണെന്നു തെററിദ്ധരിച്ചിട്ടെന്നപോലെ പോതപ്പെൺമാൻ നികരം അവരുടെ അടുത്തുചെന്നു നില്ക്കുന്ന സ്ഥലം. കോത – ബാലിക കന്യക–കോതനല്ലൂർ എന്ന പേരു യോജിച്ചിരിക്കുന്നു എന്നർത്ഥം—പോതപ്പെൺമാൻ എന്ന പാഠം കൊള്ളാം.

**134.** ഇടവിട്ടുണ്ടു് എന്നതിനെ ഏതോ അരസികന്മാർ ഇടമുണ്ടങ്ങുത്തു് എന്നു മാററി—തേർപോകാൻ തക്കവണ്ണം ഇടം (വിസ്താരം) ഇട്ടു് ഉണ്ടാക്കിയ പെരുവഴി–ഇടമുണ്ടങ്ങു് എന്നെടുത്താൽ അങ്ങു് എന്നു ആവൎത്തനം വരുന്നു. പെരുവഴിയുടെ വിശേഷണങ്ങൾ നോക്കുക. ഇപ്പോൾ അവിടെ ഒരു കാതത്തിലധികം പണ്ടുണ്ടായിരുന്നതിനേക്കാൾ സഞ്ചാരസൌകൎയ്യമുള്ള, സുഗമമായതും (വസന്തമായതിനാൽ) പൂത്തുനില്ക്കുന്ന തരുകുലങ്ങൾ ഇരുപുറവും ഭംഗിയായി വെച്ചു പിടിപ്പിച്ചിരിക്കുന്നതും, തേർ പോകത്തക്കവണ്ണം ഭംഗിയിലും വിസ്താരത്തിലും വാപീതീരത്തിലൂടെ പോകുന്നതും ആയ ഒരു വഴി ബിംബലീശനാൽ വിരചിതം–നിൎമ്മിക്കപ്പെട്ടിരിക്കുന്നു. (ഇടം —അകലം, ഇടംപാടു്—വീതി)

**135.** ചിന്തിപ്പോമാറു് എന്നു് ഒരു ഗ്രന്ഥപാഠമുണ്ടത്രേ. ഉണ്ടായിരിക്കാം—അതിനു് അൎത്ഥവും ഉണ്ടു്. പുസ്തകത്തിലെ പാഠം മാററത്തക്കവണ്ണം ആ പാഠത്തിനു മെച്ചമൊന്നുമില്ല. വിരുതുവിരുതത്തിൻെറ സ്ഥാനത്തു മിരുതവിരുതൈ എന്നൊരുപാഠാന്തരമുണ്ടു്.

മീരുതത്തിനു തമിഴിൽ യുദ്ധമെന്നു അർത്ഥവും കാണുന്നു—എന്നാൽ വിരുതത്തിനു് കാഹളം എന്നു് എങ്ങനെ അർത്ഥം സിദ്ധിക്കുമെന്നു അറിയുന്നില്ല. വിരുതു് എന്നതിനു വിജയം, വിജയചിഹ്നം എന്നൊ അർത്ഥമുള്ളതുകൊണ്ടു് വിരുതു വിരുതം എന്നതിനു വിജയകാഹളം എന്നു കല്പിച്ചർത്ഥംപറയാവുന്നതുമാണു്. എല്ലാംകൊണ്ടും മി. പിഷാരടി പറഞ്ഞ അർത്ഥമാണു് കൂടുതൽ യോജിക്കുന്നതു്. പക്ഷെ വിരുതൈ: എന്നു മാററിയാൽ തരക്കേടില്ലതാനും.

136. മതുര എന്ന പുതിയ പാഠത്തിനു ആക്ഷേപമില്ല. എന്നാൽ മതിര എന്നും പ്രയോഗം കാണ്മാനുണ്ടു്.

# ഉത്തരഭാഗം.

ആററിൻനേരായ് = ആററിനു സമാനം. നീട്ട്=നീളെ – ഒഴുക്കുക=ഒഴുകുക എന്നതിൻെറ പ്രയോജകം.

2. രണ്ടാം ശ്ലോകത്തിൻെറ ചുവട്ടിൽ...... മൻപോട്ട്—എന്നുള്ളതിനെ മുൻപോട്ടു് എന്നു തെററായി അച്ചടിച്ചിരിക്കുന്നു—അൻപോട്ടു് എന്നു് ചിലർ പാഠമാക്കിയതു് മുൽപ്പെട്ട എന്നതിന്നു മുമ്പിൽ ഒരു അനുസ്വാരം കാണുന്നതിനാലായിരിക്കണം. തോറം + മുൽപ്പെട്ടു് എന്നിടത്തു് തമിഴ്രീതിയിൽ അനുസ്വാരം ലോപിച്ചിരിക്കയാണു്. (നീറന്നികഴമായോനേ ഇത്യാദി പ്രയോഗങ്ങൾ കാൺക. (തിരുവായ്മൊഴി) അൻപോട്ടു് എന്നതിനെക്കാൾ മുൽപ്പെട്ടു് എന്ന പാഠംതന്നെ കൊള്ളാം.

മുൽപ്പെട്ടു് = മുൻ + പെട്ടു്=കടന്നു ചെന്നു് – വിളിക്കാതെ ചെന്നു്. ഇടമാടമ്പു് എന്ന പാഠാന്തരം നന്നു്. ആ പാഠം സ്വീകരിക്കുന്നപക്ഷം അർത്ഥം വളരെ സുഗമമായിത്തീരുന്നു. കാമൻ തൻെറ

അധികാരത്തോടു് ഇടയുന്നതിന മററാരും ഒരിക്കലും ഉണ്ടാകാതിരിക്കത്തക്കവണ്ണം, ഓരോ യുവതിയുടേയും ഗൃഹത്തിൽ കടന്നുചെന്നു് മലരമ്പുകൾ പുലരെ എയ്തു് താൻ വീരന്മാർ മേൽ വീരനാവാൻ ശ്രമിക്കുന്നു എന്നു സാരം. പുലരെ എന്നതിനെ വാട്ടം അഥവാ തളച്ച ഉണ്ടാകത്തക്കവിധത്തിൽ എന്ന അർത്ഥം എടുക്കുന്നതു കൊള്ളാം. ഈ അർത്ഥത്തിൽ ഇപ്പോഴും പ്രയോഗവുമുണ്ടു്. (പുലരുതൽ-കായ്തവ്, വാടല്-തളർതൽ-പേരകാരാതി).

ഓരോ നാരിയുടേയും വീട്ടിൽ ചെന്നു് വീരന്മാരിൽ ശരം പ്രയോഗിച്ചു എന്നു വ്യാഖ്യാനിച്ചാൽ ആ വീടുകളിലെ നാരിമാക്കു കാമുകന്മാരെ അവിടെത്തന്നെ ഉണ്ടാക്കി എന്നു വരും. അതു ശരിയല്ല. പുലർ എന്നതിനു് പുലരും വരെ എന്നർത്ഥം പറഞ്ഞാൽ കുളിക്കാനും ഉണ്ണാനും വൈകുന്നു എന്നതിന അർത്ഥമില്ലാതാകും. സമയമില്ലെന്നു പറഞ്ഞാലെ ശരിയാവൂ. അൻപോടു എന്ന പദവും പ്രകൃതത്തിന യോജിച്ചതല്ല.

അതല്ലെങ്കിൽ ഇങ്ങനെ അർത്ഥം പറയാം.

ഓരോ യുവതിയുടേയും വീട്ടിൽ നേരത്തേചെന്നു് അന്വേഷിച്ചു വച്ചിട്ടു്, തനിക്കു പ്രതിദ്വന്ദ്വര ഒരിക്കലും ഉണ്ടാകാതിരിക്കത്തക്കവണ്ണം, വീരന്മാരുടെ മേൽ, അവർ തീരെ തളരുമാറു് മലരമ്പു് എയ്തു് താൻ വീരനാവാൻ ശ്രമിച്ചുകൊണ്ടിരിക്ക നിമിത്തം മാരനു അവിടെ കുളിക്കും ഊണിനും കാലതാമസം നേരിടുന്നു.

3. വൻപല്ലു്, ചിലർ, ഇവ അച്ചടിപ്പിശകുകളാണെന്നു് വ്യാഖ്യാനത്തിൽ നിന്നു തന്നെ ഗ്രഹിക്കാം. വൻപുല്ലും, ചില എന്നിങ്ങനെയാണു പുസ്തകപാഠം. പൈമ്പുല്ലു് എന്ന പാഠാന്തരം കൊള്ളാം. പാടേ എന്നതിന വാടേ എന്നും, ചതിച്ചു് എന്നതിന്നു പതിച്ച എന്നും വേറെ പാഠാന്തരങ്ങളും കാണുന്നു. നായികയുടെ നില മാളികയിലാണെന്നും ഒരു വ്യാഖ്യാതാവു പറയുന്നു. മാടോ പാടേന്ത എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നതോ പോകട്ടെ, മാളികയ്ക്കുള്ളിൽ പൈമ്പുല്ലു് എവിടെ? നേരത്തേ പറിച്ചു വച്ചിരുന്നോ?

മി. പിഷാരടി പറഞ്ഞിരിക്കുന്ന അർത്ഥം എത്ര സരസമായിരിക്കുന്നു. എന്നിട്ടും അതിനെ വികലമായിട്ടാണ് ഈ വ്യാഖ്യാതാവു കാണുന്നത്. മാളികയുടെപൊക്കം കാണിക്കാനത്രേ ഈ വർണ്ണന. അക്കം എന്തും പറയാൻ പരിപൂർണ്ണാധികാരമുള്ള കാലമാണല്ലോ ഇത്. ഏതായിരുന്നാലും അമരുകശതകാദി ശൃംഗാരകാവ്യങ്ങൾ വായിച്ചു രസിച്ചിട്ടുള്ളവർക്ക് മി. പിഷാരടിയുടെ വ്യാഖ്യാനത്തിൽ വൈകല്യം കാണ്മാൻ സാധിക്കയില്ല. പുതിയ വ്യാഖ്യാനം അസംബന്ധമായ് തോന്നുകയും ചെയ്യും.

അകലത്തു നില്ക്കുന്ന കാമുകനെ അടുത്തു വരുത്താനാണു നായികയുടെ ശ്രമം. ഉച്ചത്തിൽ വിളിക്കാനൊക്കുമോ? ഇല്ല. ആംഗ്യഭാഷതന്നെ വേണം. ചേടിയുടെ വക്ത്രം പൊത്തിയിട്ട് നിശ്ശബ്ദം വരണമെന്നും; വളർ മതിയാൽ പൂർണ്ണചന്ദ്രനിൽ കാണുന്ന ഹരിണത്തിന്റെ നേക്ക് വൻപുല്ലോ പൈമ്പുല്ലോ കാട്ടി വാടാ എന്നു വിളിക്കുന്ന ഭാവത്തിൽ കൈകാണിച്ചു പുല്ലു നിറഞ്ഞ പാടത്തൂടേ വരണമെന്നും അയാളെ അറിയിച്ച് അടുക്കൽ വരുത്തിയിട്ട് രഹസ്യമായി പുല്കുന്ന ഇടം എന്നു അർത്ഥം. അവിടെ ഇത്തരം പല സങ്കേതസ്ഥാനങ്ങളുമുണ്ടെന്നർത്ഥം. അല്ലാതെ ചന്ദ്രമണ്ഡലത്തിലെ മാനിനെ പിടിക്കാൻ ഒരുങ്ങുന്ന കട്ടത്ത ഊളൻ പാറക്കാരികളെകൊണ്ടു നിറഞ്ഞ സ്ഥലമായിരുന്നില്ല അത്.

'വാടാമാലക്കുഴലികൾ' എന്നതു കാവ്യരസം ആസ്വദിക്കാൻ കഴിവില്ലാത്ത ആരോ ഉണ്ടാക്കിയ പാഠമാണെന്നു വിചാരിപ്പാനേ തരമുള്ളു. പ്രകൃതത്തിൽ അതു തീരെ യോജിക്കുന്നില്ല.

4. പടയിൽ എന്നിടത്തു പടിയിൽ എന്നൊരു പാഠഭേദം കാണുന്നു. അതിന്റെ ആവശ്യം കാണുന്നില്ല. പുസ്തകപാഠത്തിന് ദോഷമൊന്നുമില്ല.

5. വചസാം=വാക്കുകൾക്ക് ആര്യപ്രായെ—ഗുരു, (ദേവഗുരു) വിനു സദൃശന്മാരായ ആര്യപ്രധാനൈഃ=വണിക് പ്രമുഖന്മാരെ കൊണ്ടു് ആര്യ ശബ്ദത്തിന് വൈശ്യൻ എന്നും അർത്ഥമുണ്ടു്. ബ്രാഹ്മണരെ ഉൾപ്പെടുത്താവുന്നതല്ല.

അളികകൾ—ഒരു ക അധികം. അച്ചടിപ്പിശക്.

6. തെളിവായ് ചുംബിനോരു—എന്ന പാഠത്തിൽ പ്രസാധകൻതന്നെ മനഃപൂർവ്വം പാഠം മാററിയതാണെന്നു തോന്നുന്നു (അശ്ലീലത പരിഹരിക്കാൻ വേണ്ടി). തെളിവുറൂമ്പിനോരാമ്പൽ എന്നാണു് ശുദ്ധപാഠം. ഊമ്പുതൽ ധാതുവിനു തമിഴിൽ അശ്ലീലാർത്ഥമില്ല.

മാലക്കാലത്തു=സന്ധ്യാകാലത്തു്—(മാലൈ= അന്തിപ്പൊഴുതു്—കാലൈയിലും മാലൈയിലും ഇത്യാദി പ്രയോഗങ്ങൾ കാൺക.)

8. തെൻറൽ എന്നു പാഠാന്തരം—തോറൽ എന്നായിരുന്നെങ്കിൽ സ്വീകാര്യം. പൂങ്കാവുതോറും അളികുലം ഈടിക്കൂടി ധാരാളമായി "പൂന്തേൻ പെയ്യുമ്പോൾ ആടിക്കൊണ്ടൽ പെരുമഴയാണിതെന്നു വിചാരിച്ചു് മയിൽക്കൂട്ടം വേനൽകാലത്തുപോലും ആടാറുള്ള ദേശമിന്നിതു്. പെരുമഴ ചൊരിയുന്നതു കൊണ്ടലാണല്ലോ; ഇവിടെ അതിനോടു സാദൃശ്യമുള്ള അളികുലവും. അതിനാൽ തെന്നൽ അല്ല പെയ്യുക എന്ന ക്രിയയുടെ കർത്താവെന്നു തോന്നുന്നു. ചേന്ന എന്ന പാഠം അതിനാൽ സ്വീകരിക്കാവുന്നതല്ല. പെയ്യോരു എന്ന പാഠാന്തരം കൊള്ളാം. കോടപ്പെരുമഴ എന്ന പാഠം പിശകാണെന്നു തോന്നുന്നു. കോട എന്ന വാക്കിനു് കൊണ്ടൽ എന്നു അർത്ഥമില്ല. തുട്ടുതുടെ എന്നതിനു് ചുവന്ന ചുവന്ന എന്നേ അർത്ഥമുള്ളു.

9. വർഷകാലമാവുമ്പോൾ വെയിലില്ലല്ലോ. എന്നാൽ പൊന്മാടത്തിൻറെ നിഴലുകണ്ടു് അതു വെയിലാണെന്നും മഴവള്ളം തേന്മാവിൻറെ മധുരസമാണെന്നും ഭ്രമിച്ചു് കുയിലുകൾ പാടാറുള്ള സ്ഥലം. മധുരസമിതെൻറമ്പിനോട്ടമ്പിനിൻറു് എന്ന പാഠം സ്വീകാര്യം. താൻ മേലാവാൻ=അതിശയിപ്പാൻ. പാട്ടുമല്പഞ്ചമത്തിൽ എന്നു പാഠാന്തരം—അർത്ഥവ്യത്യാസമില്ലല്ലോ.

10. വാഴുംവണ്ണം, ചൂഴക്കാണാം നിഴൽ, ചൂഴത്താഴും നിഴൽ; വക്ത്രമാവൃത്യപോലെ ഇത്യാദി പാഠാന്തരങ്ങളുണ്ടു്. വാഴും വണ്ണം എന്ന പാഠം പൌനരുക്ത്യ ദോഷം പരിഹരിപ്പാനായി നിശ്ചയിച്ചതാണു്. പക്ഷേ അർത്ഥം പറയാൻ പിന്നെ എത്ര ക്ലേശിക്കേണ്ടതായി വന്നു. മററു പാഠഭേദങ്ങൾക്കു് ആവശ്യം ഇല്ല.

വാഴം എന്നതിന്ന രണ്ടത്ഥമുള്ളതുകൊണ്ടു് പൌനരുക്ത്യ ദോഷം നീങ്ങും. (വിഴതൽ വീഴ്തൽ തിരണ്ടുകൂടുതൽ)=കവത്തവാവു ന്നാളും വെള്ളിമാടങ്ങൾക്കു പുറവം കുമുദഹസിതം തിരളുമാറു്, കുമുദ ങ്ങളെ വികസിപ്പിക്കത്തക്കവണ്ണം മുഴുനിലാവാൻപോലെ നിഴൽ കാണാം. ആർ തമിഴിൽ ഉപമാ വാചകം കൂടിയാണു്. അപ്പോൾ അമൃതസലിലം പാത്തു് (പ്രതീക്ഷിച്ചു്) വക്ത്രരന്ധ്രം പിളത്തി ക്കൊണ്ടു് ചകോരങ്ങൾ മേവുന്നു. അങ്ങനെ അമാവാസിനാൾ പോലും ചന്ദ്രികാഭ്രമം ഉളവാക്കുമാറുള്ള വെണ്മാടങ്ങൾ ഉള്ള സ്ഥല മാണു്. മി. പിഷാരടി പറഞ്ഞ അത്ഥം അതുകൊണ്ടു് അന്യൂനവും പദ്യം പൌനരുക്ത്യദോഷരഹിതവും ആണു്.

വീഴുക എന്നതിന്ന തിരളുക, തിരണ്ടുകൂട്ടുക എന്നും പതിക്ക എന്നും പാത്തു് എന്നതിന്നു് എതിർപാർത്തു്, പ്രതീക്ഷിച്ചു് എന്നും അത്ഥങ്ങളുണ്ടെന്നു് ഏതെങ്കിലും നല്ല ഒരു തമിൾ നിഘണ്ടു നോക്കി യാലറിയാം. 'മാടിച്ചാടി' എന്ന പാഠാന്തരം. മാടിൽചാടി എന്നു വരുമ്പോൾ പഴയകാലത്തു് ലകാരലോപം വരാറുണ്ടായിരുന്നു. ലോപം വരാതെയുള്ള പാഠം ആണു് മി. പിഷാരടി സ്വീകരിച്ചതു് എന്നേയുള്ളൂ. പോക്കി എന്നതു അച്ചടിപ്പിശകെന്നു സ്പഷ്ടം. നോക്കി എന്നു തിരുത്തിവായിക്കുക.

12. മദനഗ്ലളികാ എന്ന പാഠം സ്വീകാര്യം. ഷട്കർമ്മങ്ങൾ ഇവിടെ അദ്ധ്യാപനം, അദ്ധ്യായനം, യജനം, യാജനം, ദാനം പ്രതി ഗ്രഹം ഇവയോ ഉംഛം, പ്രതിഗ്രഹം, ഭിക്ഷ, വാണിജ്യം, പശുപാ ലനം, കൃഷികർമ്മം ഇവയോ ആണെന്നു തോന്നുന്നില്ല. ഇവ അഗ്ര ജന്മാക്കൾക്കു വിധിച്ചിട്ടുള്ളവയാണല്ലോ. ക്ഷപണകന്മാരാണു ഇവിടെ വിവക്ഷിതം. അതിനാൽ ശാന്തി, വശീകരണം സ്തംഭനം വിദ്വേഷം, ഉച്ചാടനം, മാരണം ഇവയായിരിക്കാം ഇവിടെ ഉദ്ദേശിക്കപ്പെട്ടിരി ക്കുന്നതു്. നീക്കം എന്ന പദത്തിന്നു് കഴിവു് എന്നത്ഥം തമിഴ് നിഘണ്ടുക്കളിൽ കാണുന്നതിനാൽ ദിക്കു് എന്ന പാഠം വേണമെ ന്നില്ല. ഭേന്മ എന്നും അർത്ഥം കാണുന്നു. മൃതസംഞ്ജീവനം

വശമായിട്ടുള്ളവൎക്കുപോലും മദനഗുളികായന്ത്രം എന്നോളം ഇന്നു വശമില്ല. വീടരായ്മേവുന്ന=വീട്ടുകെട്ടിതാമസിക്കുന്ന-പേശ്ശും എന്ന പാഠം നന്ന്.

**13.** ഏറെ നീങ്ങീട്ടു മൂന്‌-എന്നിടത്തു ഒട്ടുമുന്നിട്ടേടുഴിച്ചു എന്നു വക്രമായ ഒരുപാഠം കാണുന്നു. അതിനു മുറിച്ചു എന്നൎത്ഥവും കൊടുത്തിരിക്കുന്നു. നീണ്ടീട്ടു മൂന്നോൻ എന്നാണ് ഇളംകുളത്തിൻെറ പാഠം. മൂന്നോൻ=ഞാൻ മുറിച്ചു. ഈ പുസ്തകത്തിലെ പാഠവും ഉളം കൊള്ളാം. നാലാം പാദത്തിൻെറ അവസാനത്തിൽ 'അഴെ ക്കിൻറ എന്നു വായിക്കണം. അഴെക്കിൻറ എന്ന പാഠാന്തരം. ഒന്നാമത്തേതിൽ പൂൎണ്ണക്രിയ; രണ്ടാമത്തേതിൽ പേരെച്ചം ഇത്രമാത്രമേയുള്ളു വ്യത്യാസം. രണ്ടാമത്തേ പാഠം സ്വീകരിക്കുന്ന പക്ഷം ആഖ്യാതമില്ലെന്നൊരു ന്യൂനതയുണ്ട്. അഴയ്ക്കുക എന്ന തമിഴ് ധാതുവിന് ക്ഷണിക്കുക, പറയുക എന്നൊക്കെയല്ലാതെ മററാൎത്ഥവുമില്ലാ. അലയ്ക്കു എന്ന അൎത്ഥമേയില്ല. ചില അടവുകൾ പറയുന്നു എന്നു സാരം. ചെവുതുടനഴക്കിൻറ എന്ന പാഠം സ്വീകാൎയ്യമായി തോന്നുന്നില്ല.

**14.** ഇഷ്ടംപോലെ പാഠങ്ങൾ എടുത്ത് മനോധൎമ്മം പോലെ ഓരോരുത്തരും വ്യാഖ്യാനിച്ചു കാണുന്നു. പാട്ടും വൃത്തത്തിനെ ഭാട്ടംചെയ്യുന്നാക്കിയതു ആരായിരുന്നാലും കൊള്ളാം. ചിരിക്കാൻ അല്പം അവസരം ഉണ്ടാക്കിത്തരുന്നുണ്ട്. അമ്മന്തർ തേവിയമ്മൻ-പ്രഭുവല്ല പ്രഭ്വീയാണ്. തെക്കൻ ദിക്കുകളിൽ ഇന്നും അമ്മൻ കോവിൽ എന്നൊക്കെ പറയാറുണ്ടല്ലോ. മാതർ വീട്ടിൽ എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നതിൽ നിന്നു 'അമ്മൻ' സ്ത്രീയാണെന്നു വ്യക്തമാകുന്നതുമാണ്.

ഒൻറാട്ടം എന്ന പാഠം സ്വീകാൎയ്യമേ അല്ല. ദുഷ്കവിയുടെ ആത്മപ്രശംസയാണിതു്. ഒൻറാട്ടം=ഒരു വട്ടം ആ ശ്ലോകം ചൊല്ലി കേൾപ്പിച്ചാൽ അമ്മന്തർ തേവിയമ്മൻ പുടവതരാതിരിക്കയില്ല.

ഛുവള്ളു് സ്പാട്ടു് എന്നു ഒരു വ്യാഖ്യാതാവു് അർത്ഥം പറയുന്നു. എന്നാൽ ഇന്നും തമിഴിൽ കാവ്യരസത്തിനു 'ചുവ' എന്നാണു് പേരു്. രസപുഷ്ടിയില്ല എന്നർത്ഥം.

15. അകുതി ശുദ്ധതമിഴ് പ്രയോഗമാണു്. അഗതി, പാവം എന്നർത്ഥം. അകതിക്കു് സ്വാധീനത്തിൽ എന്നു് അർത്ഥമുണ്ടെന്നു തോന്നുന്നില്ല. രണ്ടു പകുതി ഒന്നു തൻെറയും ഒന്നു ചിററപ്പൻെറയും, തൻെറ പകുതി തൻെറ ഭാര്യയ്ക്കു് കൊടുത്തു കഴിഞ്ഞിരുന്നു. ഇനി ഒരു പകുതിയുള്ളതു് അവളുടേ തന്നെ പേരിലാക്കാനാണു് ഇപ്പോൾ നോക്കു് (നോട്ടം) എന്നു സുഗമമായ രീതിയിൽ അർത്ഥം പറയാവുന്നതാണു്. ഇതു ഒരു കേരളബ്രാഹ്മണനേ സംബന്ധിച്ചു പറയുന്നതല്ലെന്നു ചിററപ്പൻ എന്ന പ്രയോഗംകൊണ്ടു തന്നെ മനസ്സിലാക്കാം. ഭാര്യ സ്വജാതിയിൽപെട്ടവളുമല്ല. അക്കാലത്തു മലയാള ബ്രാഹ്മണർ ആളോഹരി ഭാഗം ചെയ്യുവന്നു എന്ന അഭ്യൂഹം നിരാധാരമാണു്.

ഉഴച്ചീട്ടുമേടം എന്നതിനേക്കാൾ അഴച്ചീട്ടുമേടം എന്ന പാഠം തന്നെ സ്വീകാര്യം. ഊററിചെയ്യും ഇത്യാദി ഈ പുസ്തകപാഠത്തിൻെറ സ്ഥാനത്തു ഊററിവുണ്ണും എന്നും ഇത്ഥം തസ്യാം എന്നു രണ്ടു പാഠാന്തരങ്ങൾ കാണുന്നതിൽ ഊററിവുണ്ണും എന്ന പാഠമാണു് പ്രകൃതത്തിനു യോജിച്ചതു്. എന്നാൽ 'ഊററം' എന്ന പദത്തിനു് 'ഊറു്' എന്നാക്കാമോ എന്നൊരു പ്രബലമായ സംശയം ശേഷിക്കുന്നു. ഊററം ചൊല്ലും എന്നായിരിക്കാം പാഠം.

ഓരോപാട്ടു്=ഓരോ ഇടത്തു്. (പാട്ടു്=ഇടം തമിഴകാരാദി) കൂറാം ചൊൽവോ–എന്നതു പ്രത്യക്ഷത്തിൽതന്നെ പ്രമാദമാണെന്നു കാണാം. 'ചൊൽവോം' എന്ന ഉത്തമപുരുഷബഹുവചനരൂപമേ ചൊൽവോ എന്നാവുകയുള്ളു. ചൊൽവൂ എന്നായിരുന്നെങ്കിലും അല്പം സമാധാനമുണ്ടായിരുന്നു.

16. മുണ്ടയ്ക്കൽ ചെൻറ എന്നു പാഠാന്തരം. മണികണ്ഠനും ഉണ്ണുനീലിയും തമ്മിലുള്ള ബന്ധം എന്താണെന്നു് ഈ പദ്യം വ്യക്തമാക്കുന്നു.

17. നിറന്നുല്ലസദ്വാരിപൂരം-എന്നിടത്തു് നിറഞ്ഞുല്ലസദ്വാരിപൂരം എന്നു പാഠാന്തരം. നിറന്നു-ശോഭയുണ്ടു്, ഭംഗിയാന്നു് നിറത്തൽ എന്ന ധാതുവിൽനിന്നു് നിറന്ന എന്ന രൂപവും നിറൈതൽ ധാതുവിൽനിന്നു് നിറഞ്ഞ എന്നരൂപവും ഉണ്ടായി. നിറന്ന= നിറന്ന-അനുനാസികാതിപ്രസരം നിറൈന്ത-നിറഞ്ച, നിറഞ്ഞ. (താലവ്യദേശവും അനുനാസികാതിപ്രസരവും). പുസ്തകപാഠമാണുത്തമം.

18. നീരാടിന്റോ എന്ന പാഠത്തിൽ ലിപികാരപ്രമാദത്താൽ വന്നുചേർന്നതായിരിക്കാം രേഫാലോപം. എലാക്കണ്ടു് എന്നിടത്തു് എഴക്കണ്ടു എന്നപാഠം സ്വീകാര്യം. ആദ്യത്തേതു അപപാഠംതന്നെ. മുങ്ങീട്ടു് എഴ=എഴുന്നേല്ക്കവേ. വിങ്ങി എന്ന സ്ഥാനത്തു് വിണ്ണി എന്ന പാഠം ഒരു വ്യാഖ്യാതാവു സ്വീകരിക്കുന്നു. വിള്ളുതൽ, വിള്ളൽ എന്ന ധാതുവിൽ നിന്നു് വിണ്ണു് എന്നൊരു രൂപം സൃഷ്ടിക്കാം. അപ്പോൾ മലന്നു് എന്ന അർത്ഥം കിട്ടും. പ്രകൃതത്തിൽ യോജിക്കയും ചെയ്യും. എന്നാൽ വിങ്ങിച്ചിരിച്ചിട്ടു് എന്ന വാക്കിൽ നിന്നു തന്നെ വികസിച്ചിട്ടു് എന്ന അർത്ഥം കിട്ടുമ്പോൾ എന്തിനു ഈ പാഠം സ്വീകരിക്കുന്നു.

19. കണ്ടി=കരിഞ്ചുണ്ടി. കണ്ടിപ്പാകി, കണ്ടിപ്പായി എന്നീ രണ്ടു പാഠങ്ങളും സാധുവാണെന്നു തോന്നുന്നില്ല. കണ്ടിപ്പാചി ആയിരിക്കണം ശുദ്ധപാഠം. തമിഴിൽ പായലിനു പാചി എന്നാണു് പേർ. പായൽ പലവിധത്തിലുമുള്ളതിനാൽ കണ്ടിപ്പാചി എന്നു പ്രയോഗിച്ചതായി വരാം. 'പാകി'യ്ക്കു് പടലെന്ന അർത്ഥം ഒരു വിധത്തിലും കിട്ടുകയില്ല. പ്രകരണം അനുസരിച്ചു് പറഞ്ഞ അർത്ഥമാണതു്. പായ്=പായി ആകാം-എന്നാൽ 'പായി'ക്കു തമിഴിൽ പായൽ എന്ന അർത്ഥം തമിഴകാരാദികളിൽ കാണുമെങ്കിലും തമിഴിലെ പായൽ മെത്തവിരിപ്പാണു്. അതിനാൽ ആണു കണ്ടിപ്പാചി(ശി) ആയിരിക്കണം പാഠമെന്നു പറഞ്ഞതു്.

കണ്ടമീനല്ല=കെണ്ടമീനാണു്. ഇരണ്ടു് എന്ന പാഠത്തിനെക്കാൾ പ്രകൃതത്തിൽ യോജിക്കുന്നതു അരണ്ടു് എന്ന പാഠമാണു്. (അരളുതൽ=പിരമിത്തൽ, ഭ്രമിക്കൽ തമിഴ് പേരകാരാദി.)

തണ്ടിച്ചൊല്ലാർ എന്ന പാഠം സാധുവാണ്. 'തണ്ടിതൽ' ധാതുവിൽനിന്നുണ്ടായ തണ്ടിശബ്ദത്തെ വച്ചുകൊണ്ട് കളർമയോട്ടു മധുരമായി സംസാരിക്കുന്നവർ—മധുരമൊഴികൾ. തണ്ട് എന്നതിനു വീണ എന്നർത്ഥമുണ്ട്—പക്ഷേ തണ്ടിൻ ചൊല്ലാർ എന്നൊരു രൂപം കാണുന്നില്ല. തണ്ടിൻ ചൊല്ലാർ എന്നാക്കിയാലേ ആ പാഠം സാധുവായിത്തീരുകയുള്ളൂ. വീണയ്ക്കൊപ്പം— ഇൻ (മധുരമായ) ചൊല്ലുള്ളവർ എന്നർത്ഥം.

മണ്ടോട്ടായ് എന്നാണ് മി. പിഷാരടിയുടെ പാഠം. 'മണ്ടുതൽ നെരുങ്ങ്കൽ' ഞെരുക്കം—മണ്ട് = ഞെരുക്കം. ഒട്ടൽ—ചേർത്തൽ ഇങ്ങനെ ഞെരുങ്ങിച്ചേർന്നതായ എന്ന അർത്ഥം വരും. എന്നു മാത്രമല്ലാ; ആശയത്തിനു സ്വാരസ്യവുമുണ്ട്. മണ്ട്ടായ് എന്ന പാഠം ഏതായാലും സാധുവല്ല. മുലക്കുന്നിനെ തട്ടായ് കല്പിക്കുന്നതു ഏതായാലും ശരിയല്ല. തട്ടിനു മൺകുന്ന് എന്ന അർത്ഥം കതിർ വേലുപ്പിള്ള പറഞ്ഞിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അഥവാ പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം ഒരു അസംബന്ധം പറഞ്ഞു എന്നു മാത്രമേ വിചാരിക്കാവൂ. മണ്ടിട്ടയാക്കിയാൽ പ്രാസം ശരിയാവും—മൺകുന്ന് എന്ന് അർത്ഥവും കിട്ടും (തിട്ടെ—മലൈമേട്) തീണ്ടുതൽ എന്നതിന് 'തൊടുതൽ' എന്നെങ്കിലും അർത്ഥമുള്ളതിനാൽ ആ പാഠമാണ് മണ്ടട്ടായ് എന്നതിനേക്കാൾ യുക്തം.

**23.** മാറവ്—പക, പോരു് ഇവിടെ പോരു് മരുവല്—ഇണങ്ങിയിരിക്കുക. അതിനു വിപരീതഭാവം പൂണ്ടവർ മരുവലർ (ശത്രുക്കൾ). ക്രാലിൻറാക്ക് എന്നു പാഠാന്തരം—പ്രാസം ഒപ്പിക്കാനായി വരുത്തിയ മാറ്റമാണിതു്.

ക്രാടിൻറാക്ക്.................ഒട്ടുക്കുക എന്നതിനു കൊടുക്കുക എന്നർത്ഥം മലയാളത്തിലും തമിഴിലും സാധാരണമല്ല. പിഴ ഒടുക്കി എന്നിടത്തു് ഒടുക്കി എന്നതു് ഒരു ശൈലി മാത്രമാണ്. കീഴ്പ്പെടുത്തൽ എന്നാണർത്ഥം. തന്റെ ഉടലും ഉയിരും സ്നേഹിതന്മാർക്കു കീഴ്പ്പെടുത്തുന്ന, സ്വാധീനമാക്കുന്ന എന്നർത്ഥം. കീഴ് 'മരു'വർ എന്ന പാഠം ഏതായാലും വേണ്ട.

24. രായിരക്ഷോണിപാലം എന്നിടത്തു രായിരക്ഷോണിപാലൻ എന്നു ഒരു പാഠാന്തരം. ആദ്യത്തേതു ദ്വിതീയാവിഭക്ത്യന്തം, രണ്ടാമത്തേതു പ്രഥമയും. മൂന്നാമത്തെ പാഠം വെൺപലക്ഷോണിപാലൻ എന്നാണു്. പ്രഥമാവിഭക്ത്യന്തമായ രായിരക്ഷോണീപാലൻ ആയിരിക്കണം ശരിയെന്നു തോന്നുന്നു—ഏതു വിളക്കിനും നിഴലുണ്ടു്—ആദിത്യവർമ്മ നിഴലില്ലാത്ത ലോകപ്രദീപമാണത്രേ—രായിരക്ഷോണിപാലൻ നിഴലില്ലാത്ത ലോകപ്രദീപമായ നിന്നെ കാണുമ്പോൾ എന്താണു ചെയ്യാത്തതു്! മുകരം—മുകിഴ് അല്ലയോ എന്നു സംശയിക്കുന്നു—മുടിയും എന്നതിനു എത്തുന്ന എന്ന അർത്ഥം കിട്ടുകയില്ല.

26 വല്ലുവൻ, വല്ലവൻ—ഇവയ്ക്കു അർത്ഥഭേദമില്ലാത്തതിനാൽ പുസ്തകപാഠം അന്യൂനം തന്നെ. വല്ലുവേൻ എന്നതിനു വശമാക്കീട്ടുണ്ടു്—എന്നു് അർത്ഥം പറഞ്ഞിരിക്കുന്നു. വല്ലുതൽ ധാതുവിനു വന്മൈ ഉടൈത്താതൽ എന്നല്ലാതെ അറിക എന്നർത്ഥമില്ല. അതിനാൽ മി. പിഷാരടി കൊടുത്തിരിക്കുന്ന അർത്ഥമാണു് കുറേക്കൂടി ശരി.

27. ബിംബവീബാലചന്ദ്രൻ എന്നു പാഠാന്തരം. അലരിൽ വനിതേ എന്ന പാഠത്തെക്കാൾ പുസ്തകപാഠം നന്നു്.

30. മാതോടുടമ, പിശകും എന്നു പാഠാന്തരങ്ങൾ. താരാർമാതു് ഉടമയേ സംബന്ധിച്ചു് ഒട്ടു് പിശകിപ്പോകുന്ന എന്നർത്ഥം വരുന്ന പുസ്തകപാഠമാണു് ശരി. താരാർമാതിനോടു് ഉടമ പിശകുക എന്നതിനു് എന്തർത്ഥം? ലക്ഷ്മീദേവി ഈ വീടുകണ്ടിട്ടു ഇതു തന്റെ വീടെന്നു തെറ്റിദ്ധരിച്ചു പോകുന്ന എന്നർത്ഥം. പിചകം—ശരിയായ പാഠംതന്നെ.

31. ചെൻവം—എന്നു വായിക്കണം. ദീർഘം അച്ചടിപ്പിശകു്. ചേരുമെന്നു പാഠാന്തരം. ചെൻവം എന്നതിനു ചേരും എന്ന അർത്ഥമുള്ളതിനാൽ പാഠം മാറ്റേണ്ട ആവശ്യമില്ല. (ചെല്ലുതൽ പൊരുന്തുതൽ—പേരകാരാദി)—വേണാടർകോനേ എന്ന പാഠത്തിനു കൂടുതൽ മെച്ചമൊന്നും കാണുന്നില്ല.

**32.** ഒപ്പം എന്നതിനെ ചെപ്പിൻെറ വിശേഷണം ആക്കി ചിലർ വ്യാഖ്യാനിക്കുന്നു. ഇതു ഭംഗിയല്ല.

**33.** പടിയകം പൂമട്ടത്തു് എന്നതിനു്—പടിയകത്തു പൂമട്ടത്തിരിക്കുന്നു എന്നു് ഒരു വ്യാഖ്യാനം കാണുന്നു. പൂകം എന്ന അർത്ഥത്തിൽ പൂ എന്ന പ്രയോഗം കണ്ടിട്ടുണ്ടു്. ഈ ശ്ലോകം മുതല്ക്കുള്ള മൂന്നാലു പദ്യങ്ങളിൽനിന്നു കവിയുടെ ശില്പശാസ്ത്രപരിജ്ഞാനം തെളിയുന്നു.

**42.** ആലംകോലും മഴല മിഴിയാൾ—ആലം വിസ്താരമാണെന്നു കതിർ വേലുപ്പിള്ള പറഞ്ഞിട്ടുണ്ടത്രേ—വിസ്താരമേറിയ കണ്ണു അഴകിൻെറ ലക്ഷണമാണോ എന്തോ? ആലം=നീളം എന്നു മി. പിഷാരടിയും—കറുപ്പുനിറം എന്നു പേരകാരാദിയിൽ അതിനു അർത്ഥം കൊടുത്തിരിക്കുന്നതിനാലും പ്രകൃതത്തിൽ ആ അർത്ഥം യോജിക്കുന്നതിനാലും സ്വീകാര്യമായി തോന്നുന്നു. മഴലമിഴിയാൾ=ചഞ്ചലാക്ഷി. മഴലയ്ക്കു ഇളമ, കൊഞ്ചൽ എന്നൊക്കെയേ തമിഴിലർത്ഥമുള്ളു. ഇളമയ്ക്കു് പുതുമ, മേന്മ, മയക്കം, കാമം, മുഗ്ദ്ധത, എന്നൊക്കെ അർത്ഥമുണ്ടുതാനും. നീലം തോയും എന്ന പാഠാന്തരം. തോയ് തമിഴിലെ ഒരു ഉപമാവാചകമാണു്—നീലനിറമായ എന്നു കഷ്ടിച്ചർത്ഥമെടുക്കാമെന്നേയുള്ളു. കലന്ന എന്നർത്ഥമെടുത്താൽ കുഴലിനു വേറേ എന്തോ നിറംകൂടി ഉണ്ടെന്നു സ്ഫുരിക്കും. നൈമണം എന്ന പാഠവും അന്യൂനമല്ല. 'നെയ്യ്' എണ്ണ എന്നു് അർത്ഥം പറഞ്ഞിരുന്നെങ്കിൽ അല്പം ഭേദമായിരുന്നു. അതിനാൽ പുസ്തകപാഠംതന്നെ സ്വീകരിക്കയേ ഗതിയുള്ളു—തൈമണം—നവമണം

**44.** മാഴക്കണ്ണാൾ — മുഗ്ദ്ധാക്ഷി — മാഴയ്ക്കു് അറിവു്, മുഗ്ദ്ധത, നീളം, ഇളമ എന്നൊക്കെ അർത്ഥമുള്ള സ്ഥിതിക്കു് ഒരു കതിർ വേലുപ്പിള്ളയേ അനുസരിച്ചു് മുറിച്ച പിഞ്ചു മാങ്ങപോലുള്ള കണ്ണുള്ളവൾ എന്നു് ഒരു വ്യാഖ്യാതാവു് അർത്ഥം പറയുന്നതു ശരിയല്ല. പുതുമയല്ലേ വേണ്ടതു്. 'മുഗ്ദ്ധാക്ഷി' എന്ന അർത്ഥംതന്നെ സ്വീകാര്യമായ് തോന്നുന്നു. ഊഴത്തംകൊണ്ടു് — തെററിദ്ധരിച്ചു്,

വിചാരിച്ച്- (ഊഴ്ത്തൽ — ചിന്തിപ്പ്, നിനൈത്തൽ-തമിഴകാരാദി)—ഊഴ്ത്തലാണ് ഊഴത്തം ആയത്.

45. പലരും ഓരോ വിധത്തിൽ അർത്ഥം പറഞ്ഞുകാണുന്നു. പുസ്തകത്തിലെ വ്യാഖ്യാനത്തിനു ആക്ഷേപം ഒന്നും പാവാനില്ല.

50. കരംക്കവെല്ലം എന്ന പാഠം കൊള്ളാം.

53. മല്ലിട പിശകാണ്-മെല്ലിട എന്നുവേണം. മെല്ലിടയ്ക്കു നേരേ വിപരീതമാണ് മല്ലിട. മെല്ലിടൈയാൾ എന്നു തമിഴിൽ ധാരാളം പ്രയോഗമുണ്ട്.

54. ഇനിയമറിമാൻ എന്ന പാഠം സാധു. മറിമാൻ എന്നതുകൊണ്ടുതന്നെ മാൻകുട്ടി എന്നർത്ഥം സിദ്ധിക്കുന്നതുകൊണ്ട് ഇളയ എന്ന വിശേഷം ആവശ്യമില്ല. (മറി—ആട്ട, കുതിരൈ, മാൻ ഇവറ്റിൻകുട്ടി) ഇളയമറിമാൻ എന്നപാഠം സ്വീകരിക്കുന്നതായാൽ പേടമാൻകുട്ടി എന്നു അർത്ഥം പറയണം. മറിമാനിന് പേടമാനെന്നും അർത്ഥമുണ്ട്.

55. കരംപ്പാൻ എന്നതു തമിഴ്രൂപം-കപ്പാൻ എന്ന പാഠത്തിനു അസാധുത്വം ഇല്ല. ഉദിതനെറിയിൽ-സംസ്കൃതശബ്ദത്തെ ഭാഷാശബ്ദത്തോടു ചേർത്തു സമാസിച്ചിരിക്കുന്നു. ഉറ്റാൽ എന്നതിനു സാദൃശ്യപ്പെടുത്തിയാൽ എന്നും, ശ്രദ്ധിച്ചു നോക്കിയാൽ എന്നും അർത്ഥം ഉണ്ട്.

56. കൊണ്ടൽക്കാല കരിമുകിൽ എന്നായിരിക്കണം ശുദ്ധപാഠം. കൊണ്ടലിന് മഴക്കാലമെന്ന് അർത്ഥമില്ല. തെക്കൻകാററ് എന്നർത്ഥമുണ്ട്-ആ കാററല്ല കാലം എന്ന വരില്ല. തെക്കൻകാററ് അടിച്ചുകൊണ്ടു വരുന്ന കോലക്കരിമുകിൽ എന്നും അർത്ഥം പറയണം. കഴൽതൊഴും എന്നിടത്തു കഴൽതൊട്ടും എന്നു പാഠാന്തരം. അർത്ഥത്തിനു ഭേദമില്ല. 'കാന്തി' എന്നിടത്തു 'കാന്ത' എന്ന പാഠാന്തരം സ്വീകാര്യം.

57. കാണം-കൊരം, കരുത്ത്, കോപ്പ്-കോണം എന്ന പാഠം ഇതിനേക്കാൾ ഒരു വിധത്തിലും മെച്ചമല്ല. തിക്ക് എന്ന

അർത്ഥം യോജിക്കുന്നമില്ല. ചാപലം ചേന്നമാററം-മഴലമൊഴി. (മാററം-ചൊല്ലു് തമിഴ് പേരകാരാദി)

58. ചിക്കി = ചീകി-ഉവർത്തല്—തടവി മിനുക്കൽ. തലമുടി ചീകി മിനുക്കി വകന്നിടാത്തതിനാൽ ഉണ്ട-(തമിഴിൽ-ഉറൈണ്ട-ക്രുട്ടം) ഉറൈണ്ടപ്പാൻ--ക്രൂട്ടകെട്ടാൻ ആയി ഇടവന്നു.

കുളിയും ഊണും ഇല്ലാത്ത അവസ്ഥയിൽ ഇരിക്കുന്ന നായികയുടെ വർണ്ണനയാണിതു്--അതിനാൽ ഉണ്ടേപ്പാൻ--(ഉഴണുകഴിച്ചേപ്പാനായി) എന്നു വ്യാഖ്യാനിക്കുന്നതിനേക്കാൾ ഇവിടെ പറഞ്ഞ അർത്ഥമാണു യോജിക്കുന്നതു്.

60. ചില്ലീവല്ലി എന്നു തന്നെയാണു ശുദ്ധപാഠം. വ്യാഖ്യാതാവും അതുതന്നെ സ്വീകരിച്ചു അർത്ഥം പറഞ്ഞിരിക്കുന്നതിനാൽ വല്ലീം എന്നതു അച്ചടിപ്പിശകാണെന്നു സ്പഷ്ടം.

ഇവിടെ ഉണ്ണുനീലിയുടെ മുഖത്തെ അംബുജത്തോടും ചില്ലിക്കൊടികളെ തേൻ മുടിഞ്ഞതുമൂലം വിശന്നു തളൻറുങ്ങുന്ന വണ്ടിൻ നിരയോടും സാദൃശ്യപ്പെടുത്തി ഉൽപ്രേക്ഷിച്ചിരിക്കുന്നു. ഇണങ്ങാം- യോജിക്കാം, ദശമീചന്ദ്രൻെറ ശോഭയോടുകൂടിയതായിരിക്കാം.

61. വിലസിന എന്നതിനേക്കാൾ വിരചിത എന്ന പാഠം കൊള്ളാം--ആത്ത രേഖം എന്ന പാഠം അതിരേകാൽ എന്നതിനേക്കാൾ നന്നു്-ചുനയും ചുണയും ഒന്നുതന്നെ. തമിഴിൽ രണ്ടു രൂപങ്ങളുമുണ്ടു്. (ചുണൈ-ചുനൈ പേരകാരാദി)

അതിനാൽ മുൻ പാഠം ശരിയല്ലെന്നു ഒരു വ്യാഖ്യാതാവു പറഞ്ഞിരിക്കുന്നതാണു ശരിയല്ലാത്തതു്. ഇന്നു ചില ദിക്കുകളിൽ ചുണ എന്നു പ്രയോഗമുണ്ടു് 'കാന്തായതാന്തേ' എന്ന പാഠാന്തരം—വീരായിതം എന്ന പദത്തിനാണു് കൂടുതൽ പ്രചാരം.

63. ഇന്ദുദീക് ചന്ദ്രരേഖാം—രേഖമാത്രമായ ചന്ദ്രനെ രണ്ടുപക്ഷങ്ങളിലും കാണാം. കറുത്ത പക്ഷം കഴിഞ്ഞു് വരുന്ന പ്രഥമനാൾ അതായതു് ശുക്ല പ്രഥമദിവസം സൂര്യൻ അസ്തമിച്ചു് രണ്ടു

നാഴിക കഴിയുമ്പോൾ ചന്ദ്രൻ രേഖാമാത്രമായി പശ്ചിമദിക്കിൽ പ്രത്യക്ഷപ്പെടുന്നു. ഇവിടെ കൃഷ്ണപക്ഷാവസാനത്തിൽ അതായതു് കറുത്ത വാവിനു തൊട്ടുത്തുള്ള ചതുർദ്ദശീചന്ദ്രനാണു വിവക്ഷിതം. സൂര്യനുദിക്കുന്നതിനു രണ്ടു നാഴികയ്ക്കുമുമ്പേ ആ ചന്ദ്രക്കല പൂർവ ക്ഷിതിജത്തിൽ പ്രത്യക്ഷപ്പെടുന്നു. ചന്ദ്രന്റെ തീരെ നിഷ്പ്രഭമായ അവസ്ഥയാണതു്. ആ അവസ്ഥയിലും അതു ചന്ദ്രനാണെന്നു ആർക്കും അറിഞ്ഞുകൂടാത്തതു്. കാററപ്പാൻ—നോയ്, ദുൻപം, ഇവയുടെ പര്യായമാണു് കാററു്—മനോവേദന എന്നർത്ഥം. കുററു് എന്നുള്ള പാഠാന്തരത്തിന്റെ ആവശ്യമില്ല. ഇററിറേറാലും.........ലിലം—അവ്യയമായി പ്രയോഗിച്ചിരിക്കുന്നു.

65. നിലപ്പാത്തിൻ എന്നിടത്തു പാലന്നത്തിൽ—എന്നു പാഠാന്തരം. ചാലത്താലുററു് എന്നിടത്തു ചാലത്താപാലുടനുടൻ എന്നും പാഠഭേദം കാണുന്നു. പാത്തിനു പ്രാവു് എന്ന അർത്ഥമുണ്ടെങ്കിൽ തന്നെയും ഈ പാഠം ശരിയാണോ എന്നു സംശയം. തുഞ്ചു യലു് എന്നു തിരുത്തി വായിക്കണം. അച്ചടിത്തെററാണു്. താലുററു് എന്നതും ശരിയായ പാഠമാണെന്നു തോന്നുന്നില്ല. തുയൽ അല്ല തുവലാണു്. താലു്=താരാട്ടുപാട്ടു്. അതു പാടാനുള്ള അവസരമല്ലല്ലോ അതു്—തോലി ദോലിയുടെ തത്ഭവമാണു്.

68. ദേവീം എന്ന പാഠം സാധു. ദൈവാൽ എന്നായാലും അർത്ഥത്തിനു ഭംഗിയുണ്ടു്. ആനന്ദസംഭ്രാന്തിവേഗാൽ എന്ന പാഠവും കൊള്ളാം.

69. താണ്ണു എന്നുകഴിഞ്ഞു് 'ന്തണ്ണാ' എന്നുള്ള ഭാഗം എടുത്തുകളയണം. അച്ചടിപ്പിശകാണു്—ണ്ടുണ്ണാകുലാഭ്യം എന്നു പാഠാന്തരം.

ചുവട്ടിൽ പാഷ്പോദ്രേകാൽ എന്നതിനെ 'ബാഷ്പോദ്രേകാൽ' എന്നു തിരുത്തണം. പാഠമെന്നതിനെ പാദമെന്നും തിരുത്തി വായിക്കുക.

70. യത്സത്യം.........ഇത്യാദി ഒരു പൂർവ്വപ്രശ്നമാണു്. നായിക പുണർതംനാൾ പിറന്ന തന്റെ കാന്തനെ സ്മരിച്ചുകൊണ്ടു് 'സത്യം

പോലെ വരട്ടെ' എന്നു പ്രശ്നം നടത്തുന്നു. അപ്പോൾ കണ്ട ഗ്രഹനിലയാണിതു്–പ്രശ്നഫലം ശുഭമാണെന്നും നായിക തോഴിയോടു പറയുന്നു. അഷ്ടമ ശുക്രചന്ദ്രൌ എന്ന പാഠം സ്വീകരിച്ചാൽ അഷ്ടമത്തിൽ ചന്ദ്രനാണെന്നു വരും. പ്രശ്നത്തിലൊ മുഹൂർത്തത്തിലോ ചാരവശാലോ ചന്ദ്രൻ അഷ്ടമത്തിൽ വരുന്നതു ശുഭമല്ലാത്ത സ്ഥിതിക്കു് ശുക്രചാന്ദ്രീ എന്ന പാഠംതന്നെ സ്വീകരിക്കാതെ തരമില്ല — സൂര്യൻ അന്നു മേഷരാശി സ്ഥിതനായിരിക്കേ ബുധൻ മിഥുനരാശിയിൽ അതായതു അത്ര അകന്നു വരുമോ? എന്നു ചോദിച്ചാൽ വന്നുകൂടായ്കയില്ല. എന്നു മാത്രമേ തൽക്കാലം പറയാവൂ. അല്ലെങ്കിൽ വരാഹമിഹിരൻ ഹോരയുടെ ഏകാദശാദ്ധ്യായത്തിൽ

> ഗുരുസിതബുധലഗ്നേ
> വിയതിദിവസനാഥേ

എന്നിങ്ങനെ ഒരു ശ്ലോകം ചേക്കുമായിരുന്നോ? ബുധൻ ലഗ്നത്തിലും ആദിത്യൻ പത്തിലും വരുമ്പോൾ ആദിത്യനിൽ നിന്നുള്ള അകലമേ ബുധന്നു ഇവിടെയും ഉള്ളു. സൂര്യന്റെ ഏററവും അടുത്തിരിക്കുന്ന ബുധൻ സൂര്യനിൽനിന്നു വളരെ അകന്നുപോവുകയില്ലെന്നും രവിഗതരാശയിലോ ആ രാശിയുടെ ഇരുപുറവും ഉള്ള രാശികളിലോ ആയിരിക്കും സാധാരണ സ്ഥിതി ചെയ്യുന്നതെന്നും ഉള്ളതു വാസ്തവം ആണു്. ലീലാതിലകത്തിൽ ഈ ശ്ലോകം ഉദ്ധരിച്ചിട്ടുണ്ടു്. അതിലും ശുക്രചന്ദ്രൌ എന്നു കാണുന്നു എന്നുള്ളതിനും സമാധാനമുണ്ടു്. ഒരു അബദ്ധമായ പാഠം തന്നെ തൽ കർത്താവിന്നും കിട്ടിയെന്നു വരാമല്ലോ. 'ആശ്വസന്തീ' എന്ന രൂപം തെററാണത്രേ–ആയിരിക്കാം–എന്നാൽ ഇന്നത്തെ ചില മഹാപണ്ഡിതന്മാർക്കു തെററു പററാറില്ലെന്നുവച്ചു്, ഈ കവിയ്ക്കു തെററു പററിക്കൂടെന്നുണ്ടോ? കാളിദാസമഹാകവിയ്ക്കുപോലും തെററു പററീട്ടില്ലേ? ആശ്വസന്തീ എന്നു തിരുത്താൻ യാതൊരു മാർഗ്ഗവും കാണുന്നില്ലെന്നു വച്ചു ഖേദിക്കേണ്ടതായിട്ടില്ല. മഹാ വീരചരിതകാരനു് സുഖമാശ്വസന്തി ഗിരയഃ എന്നു പ്രയോഗിക്കാമെങ്കിൽ ഈ കവിയ്ക്കു എന്തുകൊണ്ടു പാടില്ല?

**71.** നിമിത്താന്യത്യാവേശാൽ എന്നു തിരുത്തി വായിക്കണം. അച്ചടിപ്പിശകാണിവിടെയും പററിയതു്. 'തൂമെപ്പൂവാൽ' എന്ന പാഠം സ്വീകാര്യമല്ല. തമിഴ്‌രൂപങ്ങൾ തന്നെ വേണമെങ്കിൽ വേറെ പല തിരുത്തുകളും ചെയ്യേണ്ടതായിട്ടുണ്ടു്.

പണവുമരിയും നീക്കി എന്നിടത്തു് പണ........നേത്തു എന്ന പാഠാന്തരം. നേൻ എന്നോ നേർന്തു എന്നോ ആയിരുന്നെങ്കിൽ സ്വീകരിക്കാമായിരുന്നു. നീക്കി = ഉഴിഞ്ഞു വച്ചിട്ടു്. ഈ പാഠം തന്നെയാണു് സാധു.

**72.** ഇതവിയ-എന്നിടത്തു ഇതവിനിയ എന്നു തെററായി അച്ചടിച്ചിരിക്കുന്നു. അഴകിയ എന്നൊരു പാഠഭേദവുമുണ്ടു്.

**75.** ചുവട്ടിൽ ചോപ്പാന്നീട്ടും എന്നു ചേർത്തിട്ടുള്ളതിനെ ചേപ്പാന്നീട്ടും എന്നു തിരുത്തണം.

കോപ്പാന്നീട്ടും-വലിപ്പമുള്ള അഥവാ ആഭരണങ്ങൾ അണിഞ്ഞും-രണ്ടർത്ഥവുമുണ്ടു് (കോപ്പു-പരുമൈ, അലങ്കാരം.) ഇതുകൂടാതെ 'ഇമൈപ്പഴകു്' എന്നൊരർത്ഥം കൂടി തമിഴിൽ ഉണ്ടു്-അതും ഇവിടെ യോജിക്കും. വടിവു് ഒത്ത എന്നർത്ഥം.

ചേപ്പാന്നീട്ടും എന്ന പാഠമെടുത്താൽ അഴകാന്നീട്ടും എന്നു് അർത്ഥം വരും (ചേപ്പു-ചെമ്മൈ, അഴകു)

ചേൽപൊരും-കയൽമീനൊടു കിടപിടിക്കുന്നു. ഇന്നും ഭംഗി എന്ന അർത്ഥത്തിൽ ചേൽശബ്ദം പ്രയോഗിക്കാറുള്ളതിനാൽ 'ചേൽ പൊരുന്തുന്ന കണ്ണുകളോടുകൂടിയവൾ എന്നു് അർത്ഥം പറയാവുന്നതു തന്നെ. 'വാമാക്ഷീ' എന്നർത്ഥം. അറിയിപ്പിപ്പതിവ്വണ്ണമെല്ലാം എന്നിടത്തു് അരുളിച്ചെയ്‌വതിവ്വണ്ണമെല്ലാം--എന്നു പാഠാന്തരം.

**76.** മല്ലാർ പൂമന്മുലയിണ-മല്, മല്ലം-ഇവയ്ക്കു് തമിഴിൽ വലി (ബലാല്ക്കാരം) വളമൈ, 'കൊഴുപ്പു്', പെരുകൽ, വളം (അഴകു്) ഈ അർത്ഥങ്ങൾ ഉള്ളതിനാൽ-മല്ലാന്ന എന്നിനു് (കൊഴുത്തു, ദൃഢമായ ഘനത്ത, ഇത്യാദി അർത്ഥങ്ങൾ പറയാം. പോർ ശബ്ദത്തിനു് (കുവിതൽ, നെരുങ്ങ്കുതൽ), തിങ്ങി ഞെരുങ്ങിയ എന്നും. പൂമൻ

എന്നതിന്ന് അഴക വർദ്ധിച്ച എന്നും അർത്ഥം പറയാം. (വൃ, അഴക്, വിസ്താരം), മൻ–മികുതിയെക്കുറിക്കുന്ന ഒരു പ്രത്യയം, അഴകേറിയ എന്നർത്ഥം. കൊഴുത്തു താങ്ങി മനോഹരമായിരിക്കുന്ന മുല എന്നർത്ഥം–മല്ലശബ്ദത്തിനു അഴക് എന്നും അർത്ഥമുണ്ട്. എന്നാൽ വൃമൻ എന്ന വിശേഷണംകൂടി ഉള്ളതിനാൽ ആ അർത്ഥം ഉപേക്ഷിച്ചിരിക്കുന്നു. മല്ലാക്ഷി വാമാക്ഷിതന്നെ. തമിഴ്പോലെ ഇത്ര ശബ്ദസമ്പത്തുള്ള ഭാഷ ലോകത്തിൽ അധികം കാണുകയില്ല. അതിനോടു മലയാളികൾ അകന്നകന്നു വന്നതിനോടെ പല ശബ്ദങ്ങൾക്കും അർത്ഥം സുഗ്രഹമല്ലാതെവന്നു. പരമാർത്ഥത്തിൽ തമിഴർ മലയാളവും മലയാളികൾ പ്രാചീനതമിഴും അഭ്യസിക്കുന്നതു ഇരുകൂട്ടർക്കും ഗുണപ്രദമാണ്.

അരുവയർ–(അരുവൈ + അർ) ഈ ശബ്ദത്തിനു വയവുമായി യാതൊരു ബന്ധവുമില്ല—അരിവൈ എന്നും അപൂർവ്വമായി അരുവൈ എന്നും പ്രയോഗം—ഇരുപത്തിഅഞ്ചു വയസ്സു പ്രായമുള്ളവൾ—ദേവസ്ത്രീ, സ്ത്രീ എന്നൊക്കെ ഈ പദത്തിനു അർത്ഥമുണ്ട്–അതിൻെറ ബഹുവചനമാണ് അരിവയർ, അരുവയർ.

**77.** പാരേറീടും—പാരിൽ പരന്നിരിക്കുന്ന.

**78.** മധൂര–മധുര എന്നു തിരുത്തി വായിക്കുക.

**79.** പുളകമിളകി എന്നിടത്തു് പുളകമിളമൽ എന്നു പാഠാന്തരം–ഇളമൻ എന്നാണെങ്കിൽ സ്വീകാര്യം.

**80.** മല്ലത്തേർ മേൽച്ചെറിയതു് എന്നിടത്തു മല്ലൽത്തെൻറാൽച്ചെറിയതു എന്നു പാഠാന്തരം–പുസ്തകപാഠം ശരിയാണെന്നു തോന്നുന്നില്ല. മല്ലന് കാമദേവൻ എന്നർത്ഥമില്ലല്ലോ മല്ലൽത്തെൻറാൽ എന്നോ മല്ലത്തെൻറിൽ എന്നോ ആവാം. മല്ലം,–മല്ലൽ ഇവയ്ക്കു് അഴകെന്നു് അർത്ഥമുണ്ട്—മല്ല...... ......ചെറിയതു്=മനോജ്ഞമായ ഇളം കാറവു്'—

**84.** 'കേട്ടാലമ' എന്നൊരു രൂപമുണ്ടാകാൻ ക്ലേശിക്കേണ്ടിയിരുന്നില്ല. അതിലെ വാചകം കേട്ടാൽ നീ അമയും. തമിഴിലെ

അമൈതൽ എന്ന ധാതുവിൽ നിന്നുണ്ടായ രൂപമാണിത്—അമൈതി—സമാധാനം, ആശ്വാസം—നീ സമാധാനപ്പെട്ടു എന്നർത്ഥം അമഞ്ഞു എന്ന പ്രയോഗം മലയാളത്തിലും കണ്ടിട്ടുണ്ട്.

87. ഇല്ലത്താമാറ് എന്ന പാഠാന്തരം—അർത്ഥം ഒന്നുതന്നെ. പെരികൊരൊടിവു് എന്നു മറെറാരു പാഠഭേദം. ഒഴിവിനു് കുറവു എന്നർത്ഥമുള്ളതിനാൽ ഇവിടെ കേട്ട് എന്നു ശ്ലേശിച്ചർത്ഥം പറയാം. എന്നാൽ 'പെരികൊരാടിവു' എന്നാണെങ്കിൽ അർത്ഥം സുഗമമായിത്തീരുന്നു.

88. കുളിപ്പൻ, പുകഠുവൻ, നോവൻ, ഉരുകുവൻ ഇവ വാസ്തവത്തിൽ വർത്തമാനകാലരൂപങ്ങളല്ല. കുളിപ്പേൻ, പുകഠുവേൻ, നോവേൻ ഉരുകുവേൻ ഇത്യാദികളുടെ കുറുകിയ രൂപങ്ങളാണ്. വ, പ ഇവ ഭാവിപ്രത്യയങ്ങളുമാകുന്നു.

വർത്തമാനം: പോകിന്റേൻ

ഭാവി: പോകുവേൻ

നിന്റെ വിയോഗം നിമിത്തം ഞാൻ എരിഞ്ഞു പോകും—ഇവിടെ വർത്തമാനാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. പുകഴ്‌വൻ അല്ല, പുകയ്യൻ എന്നുവേണം. പുകൈയ്യേൻ,—പുകയ്യൻ—പുകഞ്ഞുപോകുന്നു, അഴല്‌വൻ—എരിയുന്നു—കരയുന്നു എന്നല്ല. തമിഴിൽ അഴൽ അഗ്നിയാണ്. (അഴല്‌തൻ—എരിതൽ,) അഴുതൽ ആണു കരച്ചിൽ. ഇപ്പോഠ അഴലിനു് ദുഃഖം എന്ന അർത്ഥംവന്നുചേൎന്നു എന്നു മാത്രം. ചന്ദ്രികയും ചന്ദനവും ശീതളങ്ങളെങ്കിലും അവ എനിക്കു അഗ്നിസദൃശങ്ങളായിരിക്കുന്നു.

89. രണ്ടാം പാദത്തിൽ ശോഭാം എന്നു തിരുത്തി വായിക്കണം. വാണീം എന്നിടത്തു് 'വാണീ' എന്നു പാഠാന്തരം. ഈ പുസ്തകത്തിലെ പാഠത്തിനു ന്യൂനതയൊന്നുമില്ല. വീണാ എന്നു പ്രഥമാന്തമായെടുത്താൽ വീണയുടെ മധുരനിനദത്തിൽ നിന്റെ വാണി—വീചീഭാഗത്തിൽ ചില്ലീവിലാസം...... ......ഇവ കാണപ്പെടുന്നു എന്നുകൂടി ചേൎക്കണം. ഇവയെല്ലാംകൂടി ചേൎന്നു നിന്റെ മംഗലാംഗം ഒരിടത്തും കാണ്മാൻ കഴിയുന്നില്ല.

92. ചേന്ന എന്ന പാഠഭേദം—ഈ മാററം ക്രടിഭയ തീരു എന്നില്ല. തോഠംപ്പാടായ് ഞാൻ—എന്നിടത്തു് കോഠംപ്പാടാ ഞാൻ തവ—എന്നും തോപ്പോടായ് ഞാൻ എന്നും പാഠാന്തരങ്ങഠം. തോഠംപ്പാടായ് എന്നതിനു വ്യാഖ്യാതാവു അർത്ഥം കൊടുത്തിട്ടില്ല താനും. തോഠംപ്പാടിന് ഉതവി (സഹായം, തുണ) എന്നു അർത്ഥമുള്ളതിനാൽ സന്നിഗ്ദ്ധാർത്ഥകങ്ങളായ മററു പാഠങ്ങഠം നോക്കേണ്ട ആവശ്യമേ ഇല്ല.

ഐശ്വൎയ്യവാസ്സോട്ടക്രടിയ വടമതുരയിൽ ഉള്ള ചേമന്തിത്തോപ്പിലൂടേ കടന്നു വരുന്ന മന്ദമാരുതനെ തുണയാക്കികൊണ്ടു് നിൻെറ തടമുലത്തടത്തിൽ എത്തിടാം എന്നു കരുതി ഞാൻ ആ മാരുതനെ എതിരേല്പാൻ ഭാവിക്കവേ മോഹാലസ്യം വന്നുചേന്നു—ഇതാണർത്ഥമെന്നു തോന്നുന്നു. മുലത്തൊത്തിലെത്തീടാം എന്ന പാഠം നന്നു്. നാലാം പാദത്തിൽ 'ഏല്പാൻകോല്വം' എന്നു തിരുത്തി വായിക്കണം. അച്ചടിപ്പിഴയാണെന്നു വ്യാഖ്യാനഭാഗത്തിൽനിന്നു തന്നെ അറിയാം—തൊഴുതു് എന്നതു അപപാഠംതന്നെ 'തൊഴുതെതിരവെ' എന്ന പാഠം സ്വീകാൎയ്യം—എതിരവേ ഏല്പാൻ—എതിരേല്പാൻ.

93. കുൻേറാടൊൻവം എന്നു പാഠാന്തരം—കുൻെറാൻെറ—കുന്നിനോടൊത്ത—എന്നർത്ഥമുള്ളതിനാൽ പുസ്തകപാഠം സാധു തന്നെ.

94. ഈ പദ്യം കണ്ടിട്ടാണു് കവിയും നായകനും ഒന്നാണെന്നു് ഉള്ളൂർ നിശ്ചയിച്ചതു്. അല്ലെങ്കിൽ നായകനുമാത്രം അറിയാമായിരുന്ന രഹസ്യം കവി എങ്ങനെ അറിഞ്ഞു എന്നാണു് അദ്ദേഹം ചോദിക്കുന്നതു്—എത്ര ബാലിശമായ യുക്തി. അങ്ങനെ ആണെങ്കിൽ രാമായണം ചമച്ചതു ശ്രീരാമചന്ദ്രനായിരുന്നുവെന്നു വരണം. അദ്ദേഹവും ഹനുമത്സന്ദേശത്തിൽ ഒരു അടയാളവാക്യം ഉഠംക്കൊള്ളിച്ചിരുന്നല്ലോ. കവികഠംക്കു കല്പനാശക്തി എന്നൊന്നുണ്ടെന്നുള്ള കാൎയ്യം മഹാകവി മറന്നുപോയി.

94. ദൈവംകൊട്ടാൾ എന്ന പാഠം സ്വീകാര്യമായ് തോന്നുന്നില്ല—'damned' എന്നു ഇംഗ്ലീഷിൽ പറയാറുള്ളതുപോലെ ശപ്തയായ, ദുർഭഗയായ തപതിയാർ എന്നു പറഞ്ഞിരിക്കുന്നു. അവാദീൽ എന്നിടത്തു് 'പാടീ' എന്ന പാഠവും ആവശ്യമില്ല. മങ്ങിന്റ എന്നതിന്റെ സ്ഥാനത്തു 'മണ്ടീ' എന്നു വേണമോ എന്നു സംശയിക്കുന്നു. മുഖം വീർപ്പിച്ചു മാറിയിരുന്നു എന്നു പറയുന്നതാണു ഭംഗി.

95. തോന്മേൽ ആയിരിക്കണം ശുദ്ധപാഠം. തോണ്മേൽ അല്ല.

96. 'തന്നെരങ്കരിക്കും' എന്നു തിരുത്തി വായിക്കണം.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. MAD    Acc. No. 12588

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 03 AUG 2022 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA9 12588

KRI . U

കൃഷ്ണപിഷാരോടി, ആറ്റൂർ

ഉണ്ണുനീലി സന്ദേശം